# നമ്പൂതിരിസ്ത്രീ ജീവിത പ്രതിഫലനം മലയാളനോവലിൽ

ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി കണ്ണൂർ സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഇന്ത്യൻ ലാംഗ്വേജസിൽ സമർപ്പിക്കുന്ന പ്രബന്ധം.


അനഘ. ബി.കെ.



മലയാള വിഭാഗം

കണ്ണൂർ സർവ്വകലാശാല

ഡോ. പി.കെ. രാജൻ സ്മാരക കാമ്പസ്

പാലാത്തടം

നീലേശ്വരം


2013

# Namboothiri Sthree Jeevitha Prathiphalanam Malayala Novelil

**Thesis Submitted to the Kannur University**

**for the Degree of Doctor of Philosophy**

**in the School of Indian Languages**


**Anagha. B.K.**

**Department of Malayalam**
**Kannur University**
**Dr. P.K. Rajan Memorial Campus**
**Palathadom**
**Nileshwaram**


**2013**

# CERTIFICATE

This is to certify that this thesis 'നമ്പൂതിരിസ്ത്രീ ജീവിത പ്രതിഫലനം മലയാള നോവലിൽ' submitted to the Kannur University for the Degree of Doctor of Philosophy in the school of Indian Languages is the result of a bonafide research carried out by Anagha. B.K. under my supervision.

Nileshwaram **Dr. A.M. Sreedharan**

# ആമുഖം

ചരിത്രത്തെ വ്യാഖ്യാനിച്ചും വിശദീകരിച്ചുമാണ് വർത്തമാനകാലലോകത്തെ സംബന്ധിച്ച ധാരണകളും കാഴ്ചപ്പാടുകളും രൂപംകൊള്ളുന്നത്. പരിവർത്തനോന്മുഖമായ ഒരു കാലഘട്ടത്തിൽ ചരിത്രസത്യങ്ങൾ ഉൾക്കൊള്ളുന്ന കലാസൃഷ്ടികൾ ദിശാസൂചികളാകാറുണ്ട്. ഒരു കൂട്ടം മനുഷ്യരുടെ അനുഭവചരിത്രത്തിന്റെ അടയാളപ്പെടുത്തലുകളാണ് അവ. അതുകൊണ്ടുതന്നെ സാഹിത്യരൂപങ്ങളിൽ മുന്നണിയിൽ നിൽക്കുന്ന നോവലിൽ ചരിത്രത്തിന്റെ പ്രതിഫലനം നമുക്ക് കാണാം. അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലുംപെട്ടുഴലുന്ന ജനമനസ്സുകളിൽ സ്വാന്ത്ര്യത്തിന്റെയും വിപ്ലവബോധത്തിന്റെയും ഇത്തിരിവെട്ടം തെളിയിക്കാൻ ആദ്യകാലനോവലുകൾക്ക് സാധിച്ചിട്ടുണ്ട്. സവർണ്ണാവർണ്ണ സമുദായങ്ങളിലെ അതിക്രമങ്ങളും അന്ധവിശ്വാസങ്ങളും നോവലുകളുടെ വിഷയങ്ങളായിരുന്നു. മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന ജാതിവ്യവസ്ഥയുടെ അതിക്രമങ്ങൾ എപ്പോഴും ഏറ്റുവാങ്ങേണ്ടിവന്നിട്ടുള്ളവരായിരുന്നു സ്ത്രീകൾ. വിലക്കുകളുടെയും കാർക്കശ്യത്തിന്റെയും ലോകത്ത് മറ്റു സ്ത്രീകളിൽ നിന്ന് വ്യത്യസ്തരായി, നാലുകെട്ടിന്റെ അകത്തളങ്ങളിൽ അസൂര്യംപശ്യകളായി കഴിയേണ്ടിവന്ന അകത്തമ്മമാരുടെ ജീവിതം വി.ടി. യുടെയും മുത്തിരിങ്ങോടിന്റെയും ലളിതാംബിക അന്തർജ്ജനത്തിന്റെയും നോവലുകളിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. സ്വാനുഭവത്തിൽ നിന്നുരുത്തിരിഞ്ഞുവന്ന ഇവ യാഥാർത്ഥ്യത്തിന്റെ ഉൾത്തുടിപ്പുകൾ ഉൾക്കൊള്ളുന്നവയാണ്.

സവർണ്ണസമുദായത്തിലെ അരുതായ്മകളുടെ ലോകത്ത് ബാല്യകൗമാരങ്ങൾ പിന്നിട്ട എനിക്ക് വ്യത്യസ്തവും സങ്കീർണ്ണവു

മായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ അനുഭവങ്ങൾ സ്വയം വിമർശനത്തിലേ ക്കാണ് എന്നെ എത്തിച്ചത്. നമ്പൂതിരി സ്ത്രീകളുടെ ഇരുളടഞ്ഞ ആദ്യകാല ജീവിതത്തെക്കുറിച്ചറിയാനും നവോത്ഥാനചിന്തയുടെ പുതുവെളിച്ചത്തിൽ ആർജ്ജിച്ച ശക്തിയിലൂടെ സ്വത്വരൂപീകരണത്തിൽ അവർ എങ്ങനെ എത്തി ച്ചേർന്നുവെന്നും അറിയാനുള്ള ഉൽക്കടമായ ജിജ്ഞാസയാണ് “നമ്പൂതിരിസ്ത്രീ ജീവിതപ്രതിഫലനം മലയാള നോവലിൽ” (സരസ്വതീവിജയം, അപ്ഫന്റെ മകൾ, അഗ്നിസാക്ഷി, ഭ്രഷ്ട്, ആഗ്നേയം എന്നീ നോവലുകളെ മുൻനിർത്തി യുള്ള പഠനം) എന്ന പ്രബന്ധരചനയിലേക്ക് എന്നെ നയിച്ചത്. അതുകൊണ്ട് ഗവേഷണം എന്നെ സംബന്ധിച്ചിടത്തോളം സ്വത്വാന്വേഷണം കൂടിയാകുന്നു.

പ്രബന്ധ വിഷയം മനസ്സിൽ രൂപപ്പെട്ടതുമുതൽ നമ്പൂതിരി/പുഷ്പക സമുദായങ്ങളുടെ സങ്കീർണ്ണവും വൈരുദ്ധ്യാധിഷ്ഠിതവുമായ സ്ത്രീജീവിത ത്തിന്റെ ശേഷിപ്പുകളെ തേടി എനിക്ക് പോകേണ്ടിവന്നിട്ടുണ്ട്. കേരളത്തിൽ ഇതരജാതി സമൂഹങ്ങളിലെ സ്ത്രീകളും പുരുഷന്മാരും അനുഭവിക്കുന്ന ആന്തരികവും ബാഹ്യവുമായ പ്രശ്നങ്ങൾ അനുഭവിച്ചവരാണ് നമ്പൂതിരിമാർ. സാമൂഹിക രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ നിന്ന് ശക്തമായ അവഗണന ഇവരുടെ നേർക്കുണ്ടായിട്ടുണ്ട്. വിശാലമായ അർത്ഥത്തിൽ നമ്പൂതിരി ഒരു ദളിതനാണ്. എന്നാൽ ഈ ദളിതത്വത്തെ നവജാതിക്കോമരങ്ങൾ അംഗീകരിക്കുവാനോ പിന്നാക്കാവസ്ഥ പരിഹരിക്കുവാനോ ശ്രമിക്കുന്നില്ല. ബ്രാഹ്മണ മേധാവിത്വത്തിന്റെ തലത്തെകൂടി മനസ്സിൽ കണ്ടുകൊണ്ടാ യിരിക്കണം വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിച്ചത്. എന്നാൽ നമ്പൂതിരിമാരെ ഭ്രാന്തന്മാരാക്കിയ ചരിത്രമാണ് ആധുനിക കേരളം രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. സാഹിത്യം

ഭൂതകാലത്തിന്റെ ശേഷിപ്പും വർത്തമാനത്തിന്റെ പ്രതിനിധാനവും ഭാവിയുടെ നാഴികക്കല്ലുകളുമാണല്ലോ.

ഈ പ്രബന്ധത്തിന്റെ രചന പൂർത്തിയാക്കാൻ എന്നെ സഹായിച്ചിട്ടുള്ളവർ ഏറെയാണ്. നേരിട്ടും അല്ലാതെയും നിർദ്ദേശങ്ങളും കുറിപ്പുകളും നൽകി പ്രോത്സാഹിപ്പിച്ച ആ സുമനസ്സുകളെ നന്ദിയോടെ ഓർക്കുന്നു. അവരിൽ മഹാകവി അക്കിത്തം, വി.ടി. വാസുദേവൻ, ഡോ. സി.ആർ. നീലകണ്ഠൻ, ദേവകി നിലയങ്ങോട്, തനൂജ ഭട്ടതിരി, പി. വത്സല, വി.എം. ഗിരിജ, എ.വി.കെ. മൂസ്സത്, പെരികമന ഈശ്വരൻ നമ്പൂതിരി എന്നിവരെ പ്രത്യേകം സ്മരിക്കുന്നു.

ഈ അന്വേഷണ പഠനത്തിന്റെ പൂരണത്തിനായി എനിക്കാവശ്യമായ മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും നൽകിയ കണ്ണൂർ സർവ്വകലാശാല മലയാള വിഭാഗം തലവൻ ഡോ. എ.എം. ശ്രീധരനോടുള്ള കടപ്പാട് മനസ്സിൽ സൂക്ഷിക്കുന്നു. മലയാള പഠന വകുപ്പിലെ അധ്യാപകർ, സഹഗവേഷകർ, ലൈബ്രറി-ഓഫീസ് ജീവനക്കാർ, ജി.എസ്. ഇൻഫോടെക് ഡി.ടി.പി. സെന്റർ എന്നിവരുടേയും സഹായസഹകരണങ്ങൾ ഇതിന്റെ നിർമ്മിതിയിലെന്നും അവലംബമായിട്ടുണ്ട്. ഔപചാരികതയുടെ പേരിൽ അവരോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

നീലേശ്വരം **അനഘ. ബി.കെ.**

# ഉള്ളടക്കം


| | | |
|---|---|---|
| | | **പുറം** |
| | **പ്രവേശകം** | **1–5** |
| **അദ്ധ്യായം 1** | | |
| | **കാലസങ്കല്പവും പ്രപഞ്ചഗതിയും** | **6–52** |
| | **– ആഖ്യാനത്തിന്റെ അടരും പൊരുളും** | |
| 1.1 | വൈദിക കാലത്തെ കാലസങ്കല്പം | |
| 1.2 | പൗരാണികതയും ജീവിതദർശനങ്ങളും | |
| 1.3 | കാലവും സമൂഹനിർമ്മിതിയും | |
| 1.4 | കാലവും സ്ത്രീസ്വത്വസങ്കല്പവും | |
| 1.5 | കാലവും സർഗ്ഗാത്മകതയും | |
| **അദ്ധ്യായം 2** | | |
| | **നമ്പൂതിരി സ്ത്രീജീവിതം** | **53–88** |
| | **– പാരമ്പര്യവും വർത്തമാനവും** | |
| 2.1 | സാമൂഹികപശ്ചാത്തലം | |
| 2.2 | സാമൂഹിക സംസ്കാരം | |
| 2.2.1 | സ്മാർത്തവിചാരം | |
| 2.3 | നവോത്ഥാനത്തിനുപിമ്പ് | |
| 2.3.1 | അന്തർജ്ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ | |
| 2.3.2 | അന്തർജ്ജനസമാജം | |

**അദ്ധ്യായം 3**


**യാഥാർത്ഥ്യം - നിർമ്മിതി - പ്രതിരോധം - വിമോചനം** 89–161

3.1 നവോത്ഥാന കേരളവും സാഹിത്യവും

3.1.1 സാഹിത്യത്തിലെ സ്ത്രീ സാന്നിധ്യം

3.2 സാരസ്വതത്തിന്റെ പെരുമ്പറ മുഴക്കം

3.3 രണ്ടാമൂഴക്കാരുടെ വിമോചന സ്വപ്നം

3.4 അഗ്നിസാക്ഷികമായ ഉദ്ഗ്രഥനാത്മകത

3.5 ഭ്രഷ്ടിന്റെ ദ്വന്ദ്വാത്മകവീര്യം

3.6 ശരത്തിന്റെ കരുത്തും ശരവ്യരുടെ പതനവും


**അദ്ധ്യായം 4**


**സ്ത്രീസ്വത്വം - താരതമ്യവിശകലന പരിപ്രേക്ഷ്യം** 162–208

4.1 സാഹിത്യവും സമൂഹവും

4.2 കാലം പകർന്ന കരുത്തും സർഗ്ഗാത്മകതയും

4.3 കഥാപാത്രങ്ങളും ആത്മവീര്യത്തിന്റെ സങ്കീർത്തനവും

4.4 പ്രതിരോധത്തിന്റെ തോറ്റംപാട്ടുകൾ

4.5 ആത്മബോധത്തിന്റെ വസന്തവും കാമനകളുടെ പൊലിമയും

4.6 വിശ്വാസങ്ങളുടെ മറുപിറവിയും വിമോചനവും

**ഉപസംഹാരം** 209–218

**ഗ്രന്ഥസൂചി** 219–232

**അനുബന്ധം:** 233–240

മഹാകവി അക്കിത്തവുമായുള്ള അഭിമുഖം :

'ആതുരമായ മാനവികതയും മാനവികമായ ആതുരതയും'

# പ്രവേശകം

ജാതികേന്ദ്രിതമായ സാമൂഹ്യ സംവിധാനമാണ് കേരളത്തിന്റേത്. സാമൂഹ്യജീവിതത്തിന്റെ തുടക്കത്തിൽ ലോകത്തെല്ലായിടത്തും ജാതിയുടെ ഇട പെടലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും കേരളത്തിൽ സാമൂഹ്യസാംസ്കാരിക ജീവി തത്തിന്റെ അടിത്തറയായി ജാതിവ്യവസ്ഥ പരിണമിക്കുകയാണുണ്ടായത്. ജാതി വ്യവസ്ഥ സൃഷ്ടിച്ച ഉച്ചനീചഭാവം കേരളത്തെ എന്നും പിൻനയിച്ചിട്ടേയുള്ളൂ. ബ്രാഹ്മണ്യം തീർത്ത അതിർവരമ്പുകൾ മറികടക്കാനാവാതെ കേരളീയ സാമൂ ഹ്യസാംസ്കാരിക ജീവിതം മുരടിച്ചു. ബാഹ്യമായ വരമ്പുകൾ വ്യത്യസ്ത ജാതി കളെ തമ്മിൽ അകറ്റിയപ്പോൾ ജാതികൾക്കുള്ളിലെ വരമ്പുകൾ അവയ്ക്കുള്ളിൽ തന്നെ വ്യക്തിജീവിതത്തെ മുരടിപ്പിക്കുകയുണ്ടായി. നമ്പൂതിരിസമുദായത്തിലെ സ്ത്രീകളുടെ ജീവിതവും അപ്ഫന്മാരുടെ ജീവിതവും ഇത്തരുണത്തിലാണ് ശ്രദ്ധേയമായിത്തീരുന്നത്. ഇല്ലങ്ങളിൽ ബഹിഷ്കൃതരായി കഴിയാൻ വിധിക്ക പ്പെട്ട ഇവരുടെ ജീവിതം വേണ്ടവിധം നിരീക്ഷണവിധേയമാക്കപ്പെട്ടില്ല. അതി നുള്ള ശ്രമമാണ് മലയാളനോവലുകളിലെ നമ്പൂതിരി സ്ത്രീജീവിതത്തെ ആധാ രമാക്കിയുള്ള ഈ ഗവേഷണപ്രബന്ധം.

**പഠനലക്ഷ്യം**

സാമൂഹികമായും സാംസ്കാരികമായും ഉന്നത ശ്രേണിയിൽ കഴിഞ്ഞി രുന്ന നമ്പൂതിരിമാരുടെ ജീവിതം മലയാളത്തിലെ ആദ്യകാലം മുതൽക്കുള്ള സാഹിത്യകൃതികളിൽ പ്രതിഫലിച്ചിട്ടുണ്ട്. ജാതിയുടെയും അന്ധവിശ്വാസത്തി

ന്റെയും തടവറയിൽ കഴിഞ്ഞിരുന്ന സ്ത്രീഹൃദയങ്ങളുടെ തേങ്ങലുകൾ അക്കാലത്തെ ചില നോവലുകളിലൂടെ വെളിച്ചം കണ്ടിട്ടുണ്ട്. നവോത്ഥാനവും തുടർന്നുണ്ടായ സാമൂഹിക ചലനങ്ങളും നമ്പൂതിരി സ്ത്രീ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. മറക്കുട പൊട്ടിച്ച് നവോത്ഥാനത്തിന്റെ പുതുവഴിയിലൂടെ സഞ്ചരിക്കാൻ അന്തർജ്ജനങ്ങൾ നടത്തിയ സമരങ്ങളും അതിലൂടെ അവർ നേടിയെടുത്ത സ്വാതന്ത്ര്യവും ചരിത്രത്തിന്റെ ഭാഗമാണ്. മലയാളനോവൽ സാഹിത്യത്തിൽ നമ്പൂതിരി സ്ത്രീജീവിതം എങ്ങനെ പ്രതിഫലിക്കുന്നു എന്ന അന്വേഷണമാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

**പഠനപ്രസക്തി**

ഒരുകാലത്ത് സമൂഹത്തിൽ ഉന്നതനിലയിൽ കഴിഞ്ഞിരുന്ന നമ്പൂതിരിമാരുടെ അകത്തളങ്ങളിൽ വികാരങ്ങളെല്ലാം കടിച്ചമർത്തികഴിഞ്ഞിരുന്നവരായിരുന്നു അന്തർജ്ജനങ്ങൾ. അവർ ജാതിയുടെ കെട്ടുപാടുകൾ പൊട്ടിച്ച് ഒരു സാധാരണസ്ത്രീയായതെങ്ങനെ എന്നന്വേഷിക്കുന്നതിനും കൂടാതെ പുരുഷകേന്ദ്രിതമായ സമൂഹത്തിന്റെ പിണിയാൾ എന്ന അവസ്ഥയിൽ നിന്നും മനുഷ്യത്വം കൈവരിച്ചതെങ്ങനെ എന്നും അന്വേഷിക്കുന്നതിന് ചരിത്രപരമായ സാംഗത്യമുണ്ട്. കേരളീയ നവോത്ഥാനം നമ്പൂതിരി സ്ത്രീ ജീവിതത്തെ എങ്ങനെ പരിണമിപ്പിച്ചു എന്നു കണ്ടെത്താൻ കഴിയും എന്നതാണ് പഠനത്തിന്റെ പ്രസക്തി.

**പഠനരീതി**

ചരിത്രപരവും നാടോടിവിജ്ഞാനീയാസ്പദവുമായ അന്വേഷണരീതിയാണ് പ്രബന്ധത്തിൽ അവലംബിച്ചിട്ടുള്ളത്. ചരിത്രവും നാടോടിവിജ്ഞാനീയവും, സാഹിത്യവും നാടോടിവിജ്ഞാനീയവും, സാഹിത്യവും

ചരിത്രവും - ഇവ തമ്മിലുള്ള അതിർവരമ്പുകൾ നേർത്ത്നേർത്ത് ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവയെ കോർത്തിണക്കാനുള്ള ശ്രമം ഗവേഷണ മേഖലയിൽ ഉയിർകൊള്ളേണ്ടതുണ്ട്. ആത്യന്തികമായും ഇവയെല്ലാം സംസ്കാരത്തിന്റെ പ്രതിനിധാനങ്ങളുമാണ്. ആയതിനാൽ വൈജ്ഞാനിക പദ്ധതികളെ സമന്വയിച്ചുകൊണ്ടുള്ള രീതിശാസ്ത്രം ഈ ഗവേഷണപ്രബന്ധത്തിൽ ആദ്യന്തം പ്രസക്തമാക്കാൻ ശ്രമിച്ചിട്ടുണ്ട്.

## പൂർവ്വപഠനങ്ങൾ

ഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധീകരിച്ച 'കേരളചരിത്രം' പി.കെ. ഗോപാലകൃഷ്ണന്റെ കേരളത്തിന്റെ സാംസ്കാരികചരിത്രം, ഇ.എം.എസിന്റെ കേരളം മലയാളികളുടെ മാതൃഭൂമി, ശ്രീധരമേനോന്റെ കേരളചരിത്രം, കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം (രണ്ടാംവാല്യം) ഐ.വി. ബാബുവിന്റെ കേരളീയ നവോത്ഥാനവും നമ്പൂതിരി മാരും, ആശ. വിയുടെ Namboothiries of Kerala - A study, രമാദേവി കെ.എ സ്സിന്റെ Social change among the Namboothiries of Kerala, കേശവൻ വെളു ത്താട്ടിന്റെ Aryan Brahmin Settlement of Ancient Kerala എന്നീ കൃതികളി ലെല്ലാം നമ്പൂതിരിമാരുടെ ആഗമനത്തെക്കുറിച്ചും കേരളത്തിലെ സാമൂഹ്യ സാമ്പത്തിക ഘടനയിൽ അവരുണ്ടാക്കിയ മാറ്റത്തെക്കുറിച്ചും നവോത്ഥാനപ്ര വർത്തനങ്ങളെക്കുറിച്ചും ഗഹനമായ പഠനങ്ങൾ നടന്നിട്ടുണ്ട്. സാന്ദർഭികമാ യുള്ള പരാമർശങ്ങളല്ലാതെ നമ്പൂതിരിസ്ത്രീജീവിതത്തെക്കുറിച്ചുള്ള വിശിഷ്യാ സാഹിത്യത്തിൽ അവരുടെ ജീവിതം എങ്ങനെ പ്രതിഫലിക്കുന്നു എന്നുള്ള കണ്ടെത്തലുകൾ ഉണ്ടായിട്ടില്ല.

**പഠനപരിമിതി**

ആഗോളവത്ക്കരണകാലത്ത് ജാതിസമൂഹങ്ങളും വിശ്വാസങ്ങളും അപ്രസക്തമായിട്ടുണ്ടെങ്കിലും അവയെല്ലാം അന്ധവിശ്വാസങ്ങളാണെന്നുപറഞ്ഞ് തള്ളിക്കളയാനാകില്ല. പൈതൃകവും പാരമ്പര്യവിശ്വാസവുമെല്ലാം വർത്തമാനകാലത്തിന്റെ ചിന്തക്ക് പ്രേരകമായി മാറേണ്ടതുണ്ട്. കൃത്യമായ അവബോധമുള്ള ആവേദകരും കൃതികളും ലഭ്യമല്ല എന്നത് പല സന്ദർഭങ്ങളിലും ഗവേഷണത്തിന്റെ പരിമിതിയായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അതിനെ മറികടക്കാൻ നടത്തിയ ശ്രമങ്ങൾ, അറിവനുഭവങ്ങൾ പകരാൻ ശേഷിയുള്ള സാംസ്കാരിക പ്രവർത്തകരിലേക്കാണ് എന്നെ നയിച്ചത്. മഹാകവി അക്കിത്തം, വി.ടി. വാസുദേവൻ, ഡോ. സി.ആർ. നീലകണ്ഠൻ, ദേവകി നിലയങ്ങോട്, തനൂജഭട്ടതിരി, പി. വത്സല, വി.എം. ഗിരിജ എന്നിവരോരോരുത്തരും പകർന്നുനൽകിയ അറിവുകൾ പഠനഗ്രന്ഥങ്ങളേക്കാൾ മികവുറ്റവയാണ്. ഈ തലമുറയും ഇല്ലാതായാൽ സംസ്കാരത്തിന്റെ സന്തുലതകളും അസ്തമിതപ്രായമാകില്ലേ എന്ന സംശയം ഈ പ്രബന്ധരചനാമുഹൂർത്തങ്ങളിൽ  ബലവത്തായിട്ടുണ്ട്.

**പ്രബന്ധശരീരം**

'നമ്പൂതിരിസ്ത്രീജീവിത പ്രതിഫലനം മലയാള നോവലിൽ' എന്ന ശീർഷകത്തിലുള്ള ഗവേഷണപ്രബന്ധത്തെ നാല് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. കാലവും ജീവിതവും തമ്മിലുള്ള അദ്വൈതാത്മകബന്ധത്തെ പുരസ്കരിച്ചുകൊണ്ട് ഭാരതം മുന്നോട്ടുവച്ച കാലസങ്കല്പത്തെ നിർദ്ധാരണം ചെയ്യുകയാണ് ഒന്നാം അദ്ധ്യായത്തിൽ. കാലത്തിന്റെ ഗതിവിഗതികൾക്കു

മുന്നിൽ ആശ്ചര്യഭരിതനായിരുന്ന മനുഷ്യൻ കാലവുമായി സമരസപ്പെട്ട് ജീവിതത്തെ ജീവിതവ്യമാക്കിത്തീർത്ത കഥയാണ് എല്ലാ ആഖ്യാനങ്ങളുടേയും അന്തർധാര. ഈ അന്തർധാരയെ സൂക്ഷ്മമായിട്ടല്ലെങ്കിലും പഠനവിധേയമാക്കുന്ന നോവലുകൾക്കൊരു പശ്ചാത്തലമെന്ന നിലയിൽ അപഗ്രഥിക്കുവാൻ ഒന്നാം അദ്ധ്യായത്തിൽ ശ്രമിച്ചിട്ടുണ്ട്. വേദേതിഹാസങ്ങളിലും പുരാണങ്ങളിലും കാലതത്വപരാമർശകമായ സന്ദർഭങ്ങളെല്ലാം വിചാരണ ചെയ്യപ്പെടേണ്ടുന്നതിന്റെ അനിവാര്യത ഈ പ്രബന്ധത്തിന്റെ തുടർന്നുവരുന്ന അദ്ധ്യായങ്ങൾ ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. കാലം മനുഷ്യജീവിതത്തിൽ ഇടപെടുന്നതിന്റെ രീതിഭേദങ്ങളെന്ന നിലയിൽഈ പ്രബന്ധത്തിൽ സമഗ്രമായി ചർച്ചചെയ്യുന്ന നോവലുകൾക്ക് പ്രസക്തിയുണ്ട്. ഭാരതീയമായ കാലദേശാസ്പദ വിചാരങ്ങളുടെ അടിത്തറയിൽ പടുത്തുയർത്തിയതാണ് ഈ നോവലുകളെല്ലാമെന്നു പറയുന്നതിൽ യുക്തിയുണ്ട്. ഈ യുക്തിയുടെ വിമർശനമാണ് രണ്ടും മൂന്നും അദ്ധ്യായങ്ങളെ കാലികമാക്കുന്നത്. നാലാമദ്ധ്യായത്തിൽ നടത്തുന്ന താരതമ്യവിശകലനം ഒന്നാമദ്ധ്യായത്തിലെ കാലസങ്കല്പചിന്തയെ പ്രബലമാക്കുന്നു. കാലത്തെ മാറ്റിനിർത്തിക്കൊണ്ട് സാഹിത്യസംബന്ധിയായ ഒരന്വേഷണവും സമഗ്രമാവില്ലെന്ന് അദ്ധ്യായങ്ങളുടെ ഈ നൈരന്തര്യം ബലപ്പെടുത്തുന്നു. അംഗാംഗിപ്പൊരുത്തം അദ്ധ്യായങ്ങൾ കൈവരിക്കുമ്പോഴാണല്ലോ അന്വേഷണ ഫലം സാർത്ഥകവും കാലികവുമാകുന്നത്.

നാല് അധ്യായങ്ങളിലായി വിശദമാക്കാൻ ശ്രമിച്ച വസ്തുതകൾ ഉപസംഹാരത്തിൽ നിഗമനങ്ങളായി ചേർത്തിരിക്കുന്നു. അനുബന്ധമായി മഹാകവി അക്കിത്തവുമായി നടത്തിയ അഭിമുഖവും നൽകിയിട്ടുണ്ട്.

# DECLARATION

I hereby declare that this thesis 'നമ്പൂതിരിസ്ത്രീ ജീവിത പ്രതിഫലനം മലയാള നോവലിൽ' has not previously been formed the basis for the award of any degree, diploma, associateship, fellowship or other similiar title or recognition.

Nileshwaram **Anagha. B.K.**

## അദ്ധ്യായം 1

# കാലസങ്കല്പവും പ്രപഞ്ചഗതിയും –ആഖ്യാനത്തിന്റെ അടരും പൊരുളും

പ്രാപഞ്ചിക നിയമങ്ങളുടെ വ്യവസ്ഥാസ്പദമായ ക്രിയാ സങ്കല്പമാണ് കാലം. പ്രപഞ്ചഗതി ചിരാർജ്ജിതമായ നിയമങ്ങളേയും വ്യവസ്ഥകളേയും ആസ്പദമാക്കിയിട്ടുള്ളതാണെന്ന് നാം കരുതുന്നു. അവ്യവസ്ഥയുടേതായ, ക്രമരാഹിത്യത്തിന്റേതായ ഒരു കാലം പ്രപഞ്ചാദിയിൽ ഉണ്ടായിരുന്നുവെന്നും മനുഷ്യൻ അവന്റെ പ്രാപഞ്ചികബോധത്തെ വ്യവസ്ഥാനുകൂലവും ക്രമാനുഗതവുമാക്കി മാറ്റുകയാണുണ്ടായിട്ടുള്ളതെന്നും പറയുന്നതിൽ അപാകതയില്ല. സൂര്യനും ചന്ദ്രനും കാറ്റും മഴയും ഋതുപരിണാമങ്ങളും എല്ലാം കാലാസ്പദവും ക്രിയാസ്പദവുമാണ്. സമിചീനമായ ഗതിക്രമത്തിന്റെ ഉല്പന്നവും ഉപോല്പന്നവുമാണ് പ്രകൃതിയും അതിന്റെ അവാന്തര വിഭാഗങ്ങളുമെന്ന് കരുതുന്നതിൽ യുക്തിയുണ്ട്. പാരസ്പര്യബോധത്തിൽ നിന്ന് ആവിർഭവിക്കുന്ന ഈ യുക്തിപരതയാണ് ജീവിതസാകല്യതയെ നിർണ്ണയിക്കുന്നത്.

കാലത്തെ പുരുഷനായി ഭാരതീയർ സങ്കല്പിച്ചുപോരുന്നു. കാലപുരുഷൻ എന്ന സങ്കല്പം ഉർവ്വരതയെക്കുറിച്ചുള്ള സീമാതീതമായ ബോധത്തിൽ നിന്നുജനിച്ചതാണ്. ഭൂമി സ്ത്രീയാണെങ്കിൽ അവളിലെ ഉർവ്വരതയെ ചൈതന്യപൂർണ്ണവും കാലാതീതവുമാക്കി മാറ്റുന്നത് കാലപുരുഷനിലൂന്നിയുള്ള കാല്പനികവും ജീവിതസ്പർശിയുമായ ചിന്തകളിൽ നിന്നാണ്. പറഞ്ഞുവരുന്നത് ജീവിതത്തിന്റേയും പ്രപഞ്ചത്തിന്റേയും പൗഷ്ക്കല്യത്തെ നിർണ്ണയിക്കുന്നത് കാലമാണെന്നു തന്നെയാണ്. കാലാസ്പദവും ക്രിയാസ്പദവുമായ ഈ വിചാരം മനുഷ്യനിൽ നൈസർഗ്ഗികമാണ്. സഹജവിചാരങ്ങളിൽ നിന്നേ ഉർവ്വരതയുടെ സാക്ഷാത്കാരമുണ്ടാവുകയുള്ളൂ. ആണെന്നും പെണ്ണെന്നുമുള്ള ചരാചര പ്രപഞ്ചത്തിലെ സംവിധാനക്രമങ്ങളുടെ ഉപപത്തി അന്വേഷിക്കേണ്ടതും

മറ്റൊരിടത്തല്ല. പ്രപഞ്ചം പ്രഹർഷേണയുള്ള ചലനത്തിന് ആസ്പദമായി ത്തീരുന്നത് സ്ത്രീപുരുഷ സമ്യക് യോഗങ്ങളിലൂടെയാണ്. ഈ യോഗത്തെ ക്കുറിച്ചും അതിന് കാലാകാലങ്ങളിലുണ്ടായ പരിണാമങ്ങളെക്കുറിച്ചും മനുഷ്യൻ എന്നും ജിജ്ഞാസുവായിരുന്നു. ഈ ജിജ്ഞാസയുടെ പക്വഫലങ്ങളായിവേണം ആദിസാഹിത്യമാതൃകകളെന്നു വിശേഷിപ്പിക്കാവുന്ന വേദങ്ങൾ തൊട്ട് നാളിതുവരെയുള്ള സൃഷ്ടികളെ കാണാൻ. എല്ലാ കാലത്തും ഋഷിതുല്യമായ ദർശനവിശേഷങ്ങളോടുകൂടിയ പ്രപഞ്ച നിരീക്ഷകരേയും എഴുത്തുകാരേയും സ്ത്രീപുരുഷ സമ്യക്യോഗം അത്ഭുതപ്പെടുത്തുകയും ചിന്തിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടായിരിക്കണം എന്നും എവിടെയും ഉണ്ടായിട്ടുള്ള ജീവിതചിന്തകൾ സ്ത്രീപുരുഷബന്ധത്തിൽ ചെന്നവസാനിക്കുന്നത്. മലയാള നോവൽ സാഹിത്യത്തിലെ നാഴികക്കല്ലുകളെന്നുവിശേഷിപ്പിക്കാവുന്ന കൃതികളിൽ കാണുന്ന സ്ത്രീസ്വത്വപരിണാമത്തെ നിർണ്ണയിക്കുകയും പുനർനിർണ്ണയിക്കുകയും ചെയ്യാൻ സാധിക്കണമെങ്കിൽ ഭാരതീയവും അല്ലാത്തതുമായ കാലസങ്കല്പത്തെയും അതിലൂന്നിയ ക്രിയാസ്പദ വിചാരങ്ങളെയും ഒട്ടൊന്ന് വിശകലനം ചെയ്യേണ്ടതുണ്ട്.

'അനശ്വരവും സർവ്വോത്കൃഷ്ടവുമായിട്ടുള്ളതാണ് ബ്രഹ്മം. ബ്രഹ്മത്തിന്റെ ജീവസ്വരൂപത്തിലുള്ള ഭാവമാണ് അദ്ധ്യാത്മം. സർവ്വഭൂത ങ്ങളുടെയും ആവിർഭാവത്തിനും അഭിവൃദ്ധിക്കും കാരണമായുള്ള യജ്ഞമാണ് കർമ്മം എന്ന് 'ഗീത' വ്യക്തമാക്കുന്നു.[1]

"ജരാമരണ മോക്ഷായ
മാമാശ്രിത്യയതന്തിയേ
തേ ബ്രഹ്മത ദ്വിദു:കൃത്സ്ന
മദ്ധ്യാത്മം കർമ്മചാഖിലം"

*(ഭഗവത്ഗീത 7.29)*

മുകളിൽ സ്ഥാപിക്കാൻ ശ്രമിച്ച കാലവും കർമ്മവും ബ്രഹ്മവും അദ്ധ്യാത്മവും തമ്മിലുള്ള പാരസ്പര്യത്തെ ഈ ഗീതാശ്ലോകം രൂഢമാക്കുന്നുണ്ട്. കാലാസ്പദമായ കർമ്മ ശബ്ദത്തിന് പ്രവൃത്തി എന്നാണർത്ഥം. പ്രവൃത്തിയുടെ ഫലം ചലനമാണ്; മാറ്റമാണ്. ഈ പ്രപഞ്ചത്തിൽ യാതൊന്നും യാദൃശ്ചികതയുടെ ഫലമല്ല. വ്യക്തവും അവ്യക്തവുമായ ഏതൊക്കെയോ പ്രവർത്തനങ്ങളുടെ ഫലമായി കാലചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. കാലക്രമത്തിലുള്ള ഈ പരിവർത്തനത്തെ ആസ്പദമാക്കിയുള്ളതാണ് ഭാരതീയന്റെ മന്വന്തര സങ്കല്പം. കാലചക്രത്തിന്റെ തിരിച്ചിൽ ഓരോ മന്വന്തരത്തേയും പുതുതായുണ്ടാക്കുമ്പോൾ സമഷ്ടി പ്രപഞ്ചത്തിന്റെ മനസ്സും,– അതായത് ഓരോ മനുവും – ഓരോ പുതു ജന്മമെടുക്കുന്നു. ഓരോ പുതുജന്മവും പൂർവ്വാധികം ഗുണത്തിനായി രിക്കുംതാനും. പിന്നിൽ പിന്നിൽ ആവിർഭവിക്കുന്ന ഓരോ മനുവിനും നേരെ മുമ്പുണ്ടായിക്കഴിഞ്ഞ മനുവിനുള്ളതിനെക്കാൾ ആത്മീയ സംസ്കാരം വർദ്ധിച്ചിരിക്കുമെന്നർത്ഥം. അങ്ങനെ ഒടുവിൽ ഒരുകാലത്ത് സമഷ്ടി പ്രപഞ്ചത്തിന്റെ മനസ്സ് പരമാത്മാവിൽ ലയം കൊള്ളുമെന്ന് ഭാരതീയർ കരുതിപ്പോരുന്നു.[2]

കർമ്മം ചെയ്യുന്നതിന് മനുഷ്യന് പ്രേരണ നൽകുന്നതെന്തോ അതാണ് ധർമ്മം. ഇഹത്തിലും പരത്തിലും ഒരുപോലെ ക്ഷേമവും മോക്ഷവും നൽകുന്നതാണ് ധർമ്മം. ധർമ്മ സംസ്കാരൈക്യമാണ് മനുഷ്യനെ ചരാചരാത്മക പ്രപഞ്ചത്തിൽ വ്യതിരിക്തനാക്കി മാറ്റുന്നത്. സർവ്വജീവജാ ലങ്ങൾക്കും അതതിന്റെ ധർമ്മമുള്ളതുപോലെ മനുഷ്യനുമുണ്ട് ധർമ്മം. വ്യക്തി, കുടുംബം, സമുദായം, ദേശം എന്നിങ്ങനെ ധർമ്മവൃത്തികളെ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒട്ടനവധി ഘടകങ്ങളുണ്ട്. ഇവയെ ആസ്പദ മാക്കിയുള്ള ധർമ്മ സംസ്കാരങ്ങൾ എല്ലാ കാലത്തും ചർച്ചചെയ്യപ്പെട്ടതും ജഗത്

നിയന്ത്രണ സാരമുൾക്കൊള്ളുന്നതുമായിരുന്നു. സത്യം, ദാനം, ദയ, ധൈര്യം, ക്ഷമ, ശുദ്ധി, ഭക്തി, ഐക്യം തുടങ്ങിയവ സനാതന ധർമ്മ ഗുണങ്ങളെന്ന് വിളിപ്പെട്ടവയാണ്. ഈ സനാതന ധർമ്മങ്ങളിലൂന്നിക്കൊണ്ടുള്ള ജീവിതം പ്രപഞ്ചഗതിയെ എന്നും നിയന്ത്രിച്ചുപോരുന്നു. ഇവയുടെ ഉയർച്ച താഴ്ച്ചകൾ ചരിത്രത്തിൽ ശോഭായമായമെന്നും ഇരുളടഞ്ഞതെന്നും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ഭാരതീയന്റേതെന്നു കൊണ്ടാടപ്പെടുന്ന കാലസങ്കല്പം സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്ന ക്രമത്തിലാണല്ലോ. ഈ യുഗസങ്കല്പം മേൽപറഞ്ഞ സനാതന ധർമ്മങ്ങളുടെ ആചരണത്തിൽ ഊന്നിക്കൊണ്ടുള്ളതാണ്. വ്യാസൻ കാലത്തെ വെളുത്ത കാളയോടുപമിക്കുന്നത് ശ്രദ്ധേയമാണ്. സത്യയുഗത്തിൽ ധർമ്മമാകുന്ന കാള നാലുകാലിലും ത്രേതായുഗത്തിൽ മൂന്നുകാലിലും ദ്വാപരയുഗത്തിൽ ആറുകാലിലും കലിയുഗത്തിൽ ഒറ്റക്കാലിലും വർത്തിക്കുമെന്നു സാരം.[3] ഈ സങ്കല്പത്തിന്റെ സ്വീകാര്യതയൊ അസ്വീകാര്യതയൊ അല്ല ഇവിടെ പ്രശ്നം. ഉൽകൃഷ്ടമായ ജീവിതം കാലാകാലങ്ങളിൽ എങ്ങനെയായിരിക്കണം, പാവനമായ ആശയങ്ങളിൽ നിന്ന് വ്യതിചലിക്കുമ്പോൾ സംഭവിക്കുന്ന മൂല്യഭ്രംശം എത്രത്തോളമുണ്ട് എന്നിത്യാദി വസ്തുകതകളൊക്കെ ഗ്രഹിക്കുന്നതിനും ജീവിതപോഷണ വ്യഗ്രതയോടുകൂടി ജീവിക്കാൻ നമ്മെ പ്രാപ്തവും സമർത്ഥവുമാക്കുന്നു ഇത്തരം സദ്വചസ്സുകൾ. മേൽപറഞ്ഞ ധർമ്മാനുഷ്ഠാന സങ്കല്പങ്ങളിൽ പ്രധാനമാണ് സ്ത്രീപുരുഷന്മാർക്ക് വ്യക്തിപരമായും ചേർന്നും അനുഷ്ഠിക്കാനുള്ളത്. യോജിക്കുക, ഒന്നായിത്തീരുക, ഐക്യപ്പെടുക എന്നിത്യാദി അർത്ഥങ്ങളുള്ള യോഗശബ്ദത്തിന്റെ പ്രസക്തി ഇവിടെയാണ്. ചിത്തവൃത്തി നിരോധനമാണ് യോഗമെന്ന് യോഗശാസ്ത്രവും പറയുന്നുണ്ട്.[4] ജീവാത്മാവും സമഷ്ടിസ്വരൂപനായ പരമാത്മാവും തമ്മിൽ യോജിക്കുന്നത്

തന്നെ യോഗം. യോഗമാർഗ്ഗത്തിൽ പഠിക്കുന്നവനെ സാധകൻ എന്ന് വിശേഷി പ്പിക്കുന്നു. സാധകന്റെ സ്ഥിതിഗതികൾക്കനുസരിച്ച യോഗമാർഗ്ഗങ്ങളാണ് കർമ്മ യോഗം, ഭക്തിയോഗം, ജ്ഞാനയോഗം, രാജയോഗം എന്നിവ. ഈ നാലുയോ ഗങ്ങളും ഒരർത്ഥത്തിൽ വ്യക്തിയുടെ അമൃതത്വത്തിനാസ്പദമാണ്. അഭ്യാസവും വൈരാഗ്യവുമാണ് ഇതിനാസ്പദം. എന്നാൽ സ്ത്രീപുരുഷ ഐക്യം ഭൗതിക ജീവിതാസ്പദവും മോക്ഷദായകവുമാണ്. ചതുരാശ്രമങ്ങളിൽ ഗാർഹസ്ഥ്യത്തിന് ഭാരതീയർ മുൻതൂക്കം നൽകുന്നുണ്ടല്ലോ. ബ്രഹ്മചര്യംപോലെ ഒഴിവാക്കാൻ സാധിക്കാത്തതാണ് ഗാർഹസ്ഥ്യവും. ഗൃഹസ്ഥാശ്രമിക്കു മാത്രമേ വാനപ്രസ്ഥ ധർമ്മം ആചരിക്കുവാൻ കെല്പുണ്ടാവുകയുള്ളൂ എന്നതത്രേ ഭാരതീയ ചിന്ത യുടെ കാതൽ. ഈ ജീവിതസാരത്തെ സ്ഥാപിക്കുന്നതിനുവേണ്ടിയാണ് കാളി ദാസൻ കുമാരസംഭവത്തിലൂടെ ശ്രമിച്ചതെന്നും കുട്ടികൃഷ്ണമാരാർ രേഖപ്പെടു ത്തിയിട്ടുണ്ട്.[5] സ്ത്രീയും പുരുഷനും ചേർന്ന് അനുഷ്ഠിക്കുന്ന ധർമ്മ പരമ്പരക ളാണ് യഥാർത്ഥത്തിൽ ജീവിതത്തെ രൂപപ്പെടുത്തുന്നത്. ഈ തിരിച്ചറിവ് നഷ്ട പ്പെടുമ്പോൾ ഇവർ രണ്ടും വിഭിന്ന കർതൃത്വങ്ങളായി മാറുന്നു. ഏകകർതൃക മായ ലോകം സാക്ഷാത്കരിക്കേണ്ട പ്രാപഞ്ചിക സംവിധാനത്തിന് സ്ത്രീപു രുഷ ഐക്യം പ്രധാനമാണ്. ഈ തിരിച്ചറിവും ഭാരതീയ ചിന്തയിൽ അന്തർനി ഹിതമാണ്.

## 1.1 വൈദിക കാലത്തെ കാലസങ്കല്പം

നിശ്ചലകാലത്തിൽ നിന്ന് ചലനാത്മക കാലത്തിലേക്കുള്ള പരിണാമമാണ് മനുഷ്യസംസ്കാരത്തിന്റെ അടിത്തറ. ഈ അനുസ്യൂത

പ്രക്രിയയെ വ്യവച്ഛേദിച്ചറിയുവാൻ ഭൂതകാലത്തിന്റെ അടരുകൾ ചികഞ്ഞെടുത്തു പരിശോധിക്കേണ്ടതുണ്ട്. കാര്യകാരണങ്ങൾ നിറഞ്ഞ സങ്കീർണ്ണസംഭവ പരമ്പരകളുടെ ആകെത്തുകയാണ് പ്രപഞ്ചം. ചിന്തയുദിച്ച കാലംമുതൽ കാലത്തിന്റെ സങ്കീർണ്ണ സ്വഭാവത്തെ പഠിക്കാൻ മനുഷ്യർ ശ്രമിച്ചിരുന്നു. അന്നത്തെ കാലദർശനത്തിന് താർക്കികസ്വഭാവമില്ലായിരുന്നു. ആന്തരിക പ്രത്യക്ഷത്തിന്റെ സാക്ഷ്യങ്ങളായിരുന്ന ഈ കണ്ടെത്തലുകൾ ആദ്ധ്യാത്മി കതയിൽ അധിഷ്ഠിതമാണ്. നമ്മുടെ എല്ലാ പ്രധാന ദർശനങ്ങളുമെന്നപോലെ കാലദർശനവും, തത്ത്വവിചാരശാസ്ത്രവും, മതപരമായ അനുഭൂതികളും കൂടിക്കലർന്ന ഒരു വിശ്വവീക്ഷണത്തിന്റെ ഭാഗമാണ്.[6] വേദകാല ഘട്ടത്തോടെയാണ് കാലകല്പനകളുടെ സമഗ്രാന്വേഷണം ആരംഭിക്കുന്നത്.

കാലസങ്കല്പത്തിന്റെ ആദ്യപരാമർശം ഋഗ്വേദത്തിലാണ് കാണുന്നത്. അതീന്ദ്രിയമായ കാലസങ്കല്പമാണ് ഋഗ്വേദം മുന്നോട്ടു വയ്ക്കുന്നത്. കാലം എന്ന ഒരു ചക്രമുള്ള തേരിനെ ഏഴുകുതിരകൾ വലിക്കുന്നു. അഞ്ച് ആരക്കാലുകളാകുന്ന ഋതുക്കളോടുകൂടിയ (ഹേമന്ത ശിശിരങ്ങൾക്ക് ഏകത്വം കല്പിച്ചുകൊണ്ട്) ഈ ചക്രത്തെ ഭുവനങ്ങളെല്ലാം ആശ്രയിക്കുന്നു. അതിന്റെ കരുത്തേറിയ അച്ചുത്തണ്ട് ഒടിയുന്നില്ല. പഴക്കം പറ്റാത്ത ഈ ചക്രം എപ്പോഴും തിരിഞ്ഞുകൊണ്ടേയിരിക്കും.[7] ഒരിക്കലും നിലയ്ക്കാത്ത കാലത്തിന്റെ ചാക്രികതയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

അഥർവ്വവേദം കാലത്തെ ആയിരം കണ്ണുള്ള കുതിരയായി നിരീക്ഷിക്കുന്നു. നിത്യയുവത്വമുള്ള ഈ കുതിരയുടെ ചക്രങ്ങളാണ് ലോകങ്ങൾ. കാലത്തിന്റെ പ്രേരണകൊണ്ടാണ് സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും. കാലത്തിൽ തന്നെയാണ് എല്ലാവിധ സൃഷ്ടികളുടെയും

ആഗ്രഹം കുടികൊള്ളുന്നതെന്ന നിരീക്ഷണംകൂടി അഥർവ്വവേദം മുന്നോട്ടു വയ്ക്കുന്നുണ്ട്.[8]

'കാല: സ്വഭാവോനിയതിർയദൃച്ഛാ
ഭൂതാനിയോനി:പുരുഷ ഇതി ചിന്ത്യാ
സംയോഗ ഏഷാംനത്വാത്മഭാവാ
ദാത്മപ്യനീശ:സുഖദു:ഖ ഹേതോ'

*(ശ്വേതാശ്വതരോപനിഷത്ത്, ശ്ലോകം 2, പുറം 141)*

കർമ്മാനുസാരണമായി തന്നെ ജീവികൾ ഭിന്നങ്ങളായ യോനികളിൽ ഭിന്നസ്വഭാവത്തോടുകൂടി യുക്തരായി ജനിക്കുന്നു. ചിലപ്പോൾ വിധി കാരണമാകാം. പഞ്ചമഹാഭൂതങ്ങളും കാരണമാകാം. ചേതനയ്ക്കധീന മാകുന്നതുകൊണ്ട് കാലം മുതൽ പഞ്ചമഹാഭൂതങ്ങൾ വരെയുള്ള ജഡപദാർത്ഥങ്ങളൊന്നും തന്നെ ജഗത്തിന്റെ കാരണമാകുന്നില്ല. യാതൊരു ജഡവസ്തുവിന്റെ സംയോഗത്തിൽ നിന്നും പുതുതായി ഒരു വസ്തു ഉണ്ടാകുന്നുവോ അത് അതിന്റെ സഞ്ചാലകചേതനയായ ആത്മാവിന്റെ തന്നെ അധീനതയിലുള്ളതും അനുഭവിക്കാനുള്ളതുമാകുന്നു. പുരുഷൻ അഥവാ ജീവാത്മാവ് പ്രാരാബ്ധങ്ങൾക്കധീനമാണ്. അതുകൊണ്ടുതന്നെ അതിനും സ്വതന്ത്രമായി ഒന്നും ചെയ്യുവാൻ കഴിയില്ല.[9] അതിനാൽ കാരണതത്ത്വം മറ്റെന്തോ ആണെന്ന് ശ്വേതാശ്വതരോപനിഷത്തിൽ കാലസങ്കല്പ ത്തെക്കുറിച്ചുള്ള ചർച്ചയിൽ പറയുന്നുണ്ട്.

'പഞ്ചപാദം പിതരം ദ്വാദശാകൃതിം ദിവ,
ആഹു:പരേ അർദ്ധേപുരീഷിണം
അഥേ മേ അന്യ ഉപരേ വിചക്ഷണം
സപ്തചക്രേഷഡര ആഹുരർപ്പിതമിതി'

*(പ്രശ്നോപനിഷത്ത്, ശ്ലോകം 11, പുറം 178)*

പരബ്രഹ്മ പരമേശ്വരന്റെ ദൃഷ്ടിഗോചരരൂപമായ ഈ സൂര്യന് അഞ്ചുപാദങ്ങളുണ്ട്. അതായത് ആറ് ഋതുക്കളിൽ നിന്നും ഹേമന്തവും ശിശിരവും. ഈ രണ്ട് ഋതുക്കളെ ഒന്നാക്കിയിട്ട് പഞ്ചഋതുക്കളെ അവർ സൂര്യന്റെ അഞ്ചുചരണങ്ങളായി വിവക്ഷിക്കുന്നു. പന്ത്രണ്ടുമാസങ്ങളെ ഇതിന്റെ പന്ത്രണ്ടാകൃതികളായും, സ്വർഗ്ഗലോകം പോലും ഇതിന്റെ പ്രകാശം കൊണ്ട് ശോഭിക്കുന്നു. ഈ ലോകത്തിൽ വർഷിക്കപ്പെടുന്ന ജലത്തിന്റെ ഉൽപ്പത്തി ഇതിൽനിന്നുതന്നെയാണ്. അതിനാൽ അഖിലത്തിനും ജലരൂപജീവൻ പ്രദാനം ചെയ്യുന്നതുകൊണ്ട് കാലം എല്ലാവരുടേയും പിതാവാകുന്നു.[10]

വിഷ്ണുപുരാണത്തിൽ കൃത്യമായ കണക്കുകൾ കാലത്തിനു നൽകിയിട്ടുണ്ട്. "പതിനഞ്ചുനിമിഷങ്ങൾ ഒരു കാഷ്ഠ, മുപ്പതു കാഷ്ഠകൾ ഒരു കല, മുപ്പതു കലകൾ കൂടിയത് ഒരു മുഹൂർത്തം, മുപ്പതുമുഹൂർത്തങ്ങൾ മനുഷ്യരുടെ ഒരു ദിവസം, മുപ്പതു ദിവസങ്ങൾ കൂടിയത് രണ്ട് പക്ഷങ്ങളായിപ്പകുത്ത ഒരു മാസം. ആറുമാസങ്ങൾ ഒരു അയനം. ദക്ഷിണ മെന്നും ഉത്തരമെന്നും പേരുള്ള രണ്ടയനങ്ങൾ ഒരു വർഷം. ദക്ഷിണായനം ദേവന്മാരുടെ രാത്രിയും ഉത്തരായനം പകലുമാണെന്ന് പറയപ്പെടുന്നു. പന്തീരായിരം ദിവ്യവർഷങ്ങൾ ദേവന്മാരുടെ വർഷങ്ങൾ കൂടിയത് കൃത, ത്രേത, ദ്വാപര, കലി എന്നു പേരായ നാലുയുഗങ്ങളോടുകൂടിയ ഒരു ചതുര്യുഗമാകുന്നു. ഈ രീതിയിൽ കൃത്യമായ കണക്കുകൾ വിഷ്ണുപുരാണത്തിൽ കാലത്തിനു നൽകിയിട്ടുണ്ട്."[11]

അന്യനിരപേക്ഷമായി സ്വയം പ്രകാശമാനമായ വസ്തു മറ്റൊന്നിൽ നിന്നുദ്ഭവിക്കുന്നതല്ല, അത് നിത്യമാണ്. ആത്മാവില്ലായിരുന്നു വെങ്കിൽ കാലം എവിടെ? കാലം ആത്മാവിലാണ്. ആത്മാവ് സ്വശക്തികളെ മനസ്സിലേക്ക് പ്രതിഫലിപ്പിച്ച്, മനസ്സ് വിചാരദശയിൽ പ്രവേശിക്കുമ്പോഴാണ് കാലമുണ്ടാകുന്നത്. കാലം ആത്മാവിലാണെന്നിരിക്കെ ആത്മാവ്

കാലാധീനമാകുന്നതെങ്ങനെ? അതിനു ജനനമോ മരണമോ ഇല്ല. എന്നാൽ അത് വിവിധാവസ്ഥകളിലൂടെ കടന്നുപോകുന്നു; താണ നിലകളിൽ നിന്ന് ഉയർന്ന നിലകളിലേക്ക് പതുക്കെ പതുക്കെ സ്വയം പ്രകാശിക്കുന്നു. മനസ്സിൽകൂടി ദേഹത്തിൽ വ്യാപരിച്ച് സ്വമാഹാത്മ്യത്തെ വെളിപ്പെടുത്തുകയും ദേഹത്തിലൂടെ ബാഹ്യപ്രപഞ്ചത്തെ ഗ്രഹിക്കുകയും ചെയ്യുന്നു. ഒരു ശരീരം ധരിച്ച് അതുപയോഗിച്ച് ഉപയോഗശൂന്യമാകുമ്പോൾ ത്യജിച്ച്, മറ്റൊന്നു കൈകൊള്ളുന്നതുപോലെയാണെന്ന് ഭഗവദ്ഗീതയിൽ ആത്മാവിന്റെ ഈ അവസ്ഥയെ വ്യക്തമാക്കുന്നുണ്ട്.[12]

'വാസാംസി ജീർണ്ണാനിയഥാവിഹായ
നവാനി ഗൃഹ്ണാതി നര്യോപരാണി
തഥാ ശരീരാണി വിഹായ ജീർണ്ണാ-
ന്യന്യാനിസംയാതി നവാനി ദേഹീ'

*(ഭഗവദ്ഗീത - 2.22)*

ഇതുകൂടാതെ ലോകത്തെ സംഹരിക്കുന്ന വർദ്ധിച്ച ശക്തിയോടുകൂടിയ കാലമാണ് ഞാനെന്നും ഭഗവാൻ പറയുന്നുണ്ട്. സൃഷ്ടിസംഹാരങ്ങൾക്കുത്തരവാദി കാലമാണ്. ജനിക്കുന്നവർ കാലക്രമത്തിൽ മരിച്ചേ മതിയാവൂ. കാലനല്ല (യമനല്ല) കാലമാണ് ജീവികൾക്ക് മരണം വരുത്തുന്നത്. നിത്യമായ ആ കാലം തന്നെയാണ് ഈശ്വരൻ. താൻ കൊല്ലുന്നു എന്ന മനുഷ്യന്റെ ധാരണ ബാലിശമാണ്. ആരുകൊന്നാലുമില്ലെങ്കിലും ജീവികൾ മരിക്കും. ഈ ആശയമാണ് താഴെകൊടുത്ത വരികളിൽകൂടി വ്യക്തമാക്കപ്പെടുന്നത്.

"കാലോസ്മി ലോകക്ഷയകൃത് പ്രവൃദ്ധോ
ലോകാൻ സമാഹർത്തുമിഹ പ്രവൃത്തേ

ഋതേപി ത്വാംന ഭവിഷ്യന്തി സർവേ

യേവസ്ഥിതാഃ പ്രത്യനീകേഷുയോധാഃ"

*(ഭഗവദ്ഗീത ശ്ലോകം 32:261)*

ഭാരതസംസ്കാരത്തിന്റെ ആധാരസ്രോതസ്സുകളായ വേദോപ നിഷത്തുകളിലും പൗരാണികകൃതികളിലും കാലത്തെ കൂടുതൽ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും കാലസ്വഭാവത്തിന്റെ നിഗൂഢതയിലേക്കിറങ്ങിച്ചെല്ലാൻ ഇവയ്ക്കൊന്നും സാധിച്ചിട്ടില്ല. ഭാഷയെയും ഭാവനയെയും മുൻനിർത്തി ബിംബങ്ങളുടെ ആവിഷ്ക്കാരത്തിന്റെ പിൻബലത്തോടെ കാലത്തിന്റെ രഹസ്യം കണ്ടെത്താൻ ശ്രമിക്കുന്ന വേദങ്ങളും മറ്റും കാലസ്വഭാവത്തിന്റെ നേരിയബോധം മാത്രമേ നമുക്ക് നൽകുന്നുള്ളൂ.

കാലം ഒരു പ്രത്യേക സാന്നിധ്യമാണ് എന്നൊരു കാഴ്ചപ്പാട് പിൽക്കാലത്തുള്ള അന്വേഷണങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. കാലത്തെ ഈശ്വരനായി സങ്കല്പിക്കാൻ വിമുഖത കാട്ടിയവരായിരുന്നു മീമാംസകർ. ബുദ്ധമതചിന്തയിലും ക്ഷണികവാദത്തിന്റെ ഭാഗമായിട്ടാണ് കാലസങ്കല്പം വരുന്നത്. പ്രതിക്ഷണം നശിച്ചുകൊണ്ടും മറ്റൊന്നായി ജനിച്ചുകൊണ്ടും നിരന്തരമായി ആവർത്തിച്ചുവരുന്ന ക്ഷണികതകളുടെ പരമ്പരയാണ് കാലം. എല്ലാത്തിനും ക്ഷണികമായ അസ്തിത്വം മാത്രമാണുള്ളത്. രണ്ടാമത്തെ ക്ഷണം വരുമ്പോൾ ഒന്നാമത്തെ ക്ഷണത്തിൽ അസ്തിത്വമുണ്ടായിരുന്ന വസ്തു ഇല്ലാതാകുന്നു എന്ന നിർവ്വചനത്തിലേക്കാണ് ബുദ്ധമതം എത്തിച്ചേരുന്നത്.[13] അനുഭവത്തെ ആസ്പദമാക്കി കാലത്തെ ഘടികാരം സൂചിപ്പിക്കുന്ന സാമാന്യകാലം (Clock time) എന്നും വ്യക്തിക്ക് അനുഭൂതമാകുന്ന കാലം (Perceptual time) എന്നും വിഭജിക്കുന്നു.[14] യഥാർത്ഥമെന്ന് കരുതുന്ന കാലത്തിൽ (ചരിത്രകാലം) ഭാവനാംശം കലർത്തിയാണ് എഴുത്തുകാർ കൃതികളിൽ ആവിഷ്ക്കരിക്കുന്നത്. യഥാർത്ഥ ലോകവും ആവിഷ്കൃത ലോകവും

ഭാവനാപരമായ അതിർത്തിരേഖ നിലനിർത്തുന്നുണ്ട്. അനുഭവസംഘാതമായി സ്ഥലകാലങ്ങളെ കാണുന്ന റഷ്യൻ ചിന്തകനായ മിഖായിൽ ബക്തിൻ (1895–1975) ഇതിന് ക്രോണോടോപ്പ് (Chronotop) എന്ന പേരുപയോഗിക്കുന്നു. യഥാർത്ഥലോകത്തിനും പ്രതിനിധാനം ചെയ്യപ്പെട്ട ലോകത്തിനും (കലയിലെ ലോകം) ഇടയ്ക്കുള്ള പാലമാണ് കാലസ്ഥലമാനം (Chronotop).[15] കാലത്തെപ്പറ്റി പരാമർശിക്കാത്ത ദാർശനികരില്ല. മതവും ശാസ്ത്രവും ഒന്നും അതിൽ നിന്നും മാറിനിന്നിട്ടില്ല. കാലപഠനത്തിൽ പല തലങ്ങളും പരിഗണിക്കേണ്ടതുണ്ട്. കാലം അമൂർത്തമായ ഒരു ഭൗതികയാഥാർത്ഥ്യമാണ്. ബൈബിളിലെ കാലദർശനം നോക്കുക:– "എല്ലാത്തിനും ഒരു കാലമുണ്ട്. ആകാശത്തിന് കീഴിലുള്ള സകല കാര്യത്തിനും ഒരു സമയമുണ്ട്. ജനിപ്പാൻ ഒരു കാലം മരിപ്പാൻ ഒരു കാലം. നടുവാൻ ഒരു കാലം. നട്ടത് പറിപ്പാൻ ഒരു കാലം. കരയാൻ ഒരു കാലം. ചിരിപ്പാൻ ഒരു കാലം. ആലിംഗനം ചെയ്യാൻ ഒരു കാലം. ആലിംഗനം ചെയ്യാതിരിക്കാൻ ഒരു കാലം."[16]

മഹാഭാരതത്തിൽ "സർവ്വമിദം കാലകൃതം" എന്നു ഭീഷ്മാചാര്യർ ധർമ്മപുത്രരോട് പറയുന്നു. ശ്രീശുകൻ പിതാവായ വ്യാസനോട് ചോദിച്ച ചോദ്യത്തിനു – "ഭൂതഗ്രാമസ്യകർത്താരം കാലജ്ഞാനേന നിഷ്ഠിതം – വക്തുമർഹതി" നൽകിയ ഉത്തരത്തിലും – "കാഷ്ഠാനിമേഷം ദശപഞ്ചചൈവ – സംഖ്യവിഭോദക്ഷിണമുത്തരം" കാലദർശനത്തിന്റെ ദലങ്ങൾ വിരിയുന്നുണ്ട്.[17] കാലത്തെയും കർമ്മത്തെയും ഖുറാൻ ബന്ധിപ്പിക്കുന്നു. "അല്ലാഹു രാത്രിയെ പകലിലേക്ക് കടത്തുകയും പകലിനെ രാത്രിയിലേക്ക് കടത്തുകയും സൂര്യനെയും ചന്ദ്രനെയും (നിയമത്തിന്) കീഴ്പ്പെടുത്തി നിറുത്തിയിരിക്കുകയും ചെയ്യുന്നത് നീ കണ്ടില്ലേ? ഓരോന്നും നിർദ്ദിഷ്ടമായ ഒരു അവധിയിലേക്ക് ചരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു ബോധവാ

നാണെന്ന് നീ കണ്ടില്ലേ?”[18] ഇങ്ങനെ ഖുറാനിൽ കാലത്തെ ഈശ്വരനായാണ് കണക്കാക്കുന്നത്.

ഇവയിൽനിന്നൊക്കെ ഭിന്നമാണ് ശാസ്ത്രത്തിന്റെ കാലദർശനം. അതിന് സൂര്യനും ഭൂമിയും വേഗവുമായിട്ടാണ് ബന്ധം. ഘടികാരകാലവും കലണ്ടർകാലവും ഋതുകാലവും യുഗകാലവും അതിൽപ്പെടുന്നു. മതങ്ങൾ സാധാരണക്കാരുടെ ഭാഷയിലാണ് സംസാരിക്കുന്നത്. സാഹിത്യത്തിന്റെ കാലസങ്കല്പം ദാർശനികമാണ്. ഏറെയും അതുമതദർശനത്തെ മാനിക്കുന്നു.[19]

## 1.2 പൗരാണികതയും ജീവിതദർശനങ്ങളും

പ്രകൃതിശക്തികൾക്ക് മനുഷ്യത്വം ആരോപിച്ചുകൊണ്ട് നവദമ്പതികളാക്കി ആരാധിക്കുന്ന ശീലം ഋഗ്വേദകാലഘട്ടത്തിലെ പ്രത്യേകതയാണ്. അക്കാലത്ത് ബഹുദൈവമതവും (Polytheism) അല്പദൈവമതവും (Henotheism) നിലനിന്നിരുന്നു. ഓരോ ഈശ്വരനും സ്തുതിയുടെ ലക്ഷ്യം അനുസരിച്ച് പ്രധാനിയോ അപ്രധാനിയോ ആയിത്തീരുന്നു. ഒരു സന്ദർഭത്തിൽ മനുഷ്യഹൃദയത്തെ ആകർഷിച്ച് ഭക്തിപരവശരാക്കിയ ദേവനെ ആ സന്ദർഭത്തിൽ ഏറ്റവും ഉയർന്ന ദേവനായിത്തന്നെ കീർത്തിച്ചു. ഇതാണ് ഹീനോതീയിസം എന്നറിയപ്പെട്ടത്. കർമ്മം ഒരു നിയമമായി വിശ്വസിക്കാൻ തുടങ്ങിയത് യാഗകാലത്തായിരുന്നു. പ്രപഞ്ചം തന്നെയും ഒരു നിയമത്തിനനുസൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിയമമാണ് ഋതം. വേദകാലത്ത് മനുഷ്യനെ ആത്മാവിന്റെ സർഗ്ഗാത്മകശേഷിയുടെ ഫലമായാണ് ചിത്രീകരിച്ചിരിക്കുന്നത്. കാമം, ക്രതു, തപസ്സ് എന്നീ ഘട്ടങ്ങളിലൂടെ സർഗ്ഗാത്മകമായി സഞ്ചരിച്ച് ആത്മാവ് മനുഷ്യനായി പരിണമിക്കുന്നു.[20] കർമ്മത്തിനു പ്രവൃത്തിയെന്നുമാത്രമായിരുന്നു അക്കാലത്ത് അർത്ഥം. വിധിവിശ്വാസപരമായ വ്യാപകാർത്ഥം

അതിന് പിന്നീടുണ്ടായതാണ്. മനുഷ്യന് അവന്റെ വിധിയെ നിർണ്ണയിക്കാനാവുമെന്നവർ വിശ്വസിച്ചിരുന്നു. ജഡപദാർത്ഥങ്ങൾക്കുപോലും ജീവനുണ്ടെന്നു കരുതിയിരുന്ന വേദകാല മനുഷ്യന് പദാർത്ഥവും ആത്മാവും തമ്മിലുള്ള വേർതിരിവ് സാധ്യമായിരുന്നില്ല. അക്കാലത്ത് വ്യത്യസ്തജാതികളോ ആശ്രമങ്ങളോ ബ്രാഹ്മണജീവിതക്രമങ്ങളോ ഉണ്ടായിരുന്നില്ല. മനുഷ്യന്റെ ഉള്ളിൽത്തന്നെയുള്ള ആത്മാവിന്റെ സൃഷ്ടിയാണ് പ്രപഞ്ചവും ദൈവങ്ങൾപോലും എന്ന വസ്തുത വേദകാലമനുഷ്യർ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയിൽ നിന്നൊക്കെ രൂപീകരിച്ചെടുക്കാവുന്ന മനുഷ്യസങ്കല്പം ഒരുതരത്തിലും കേന്ദ്രീകരണ സ്വഭാവം പ്രദർശിപ്പിക്കുന്നതായിരുന്നില്ല.

വേദങ്ങൾ കർമ്മമാർഗ്ഗത്തിനു പ്രാധാന്യം കൊടുത്തപ്പോൾ ഉപനിഷത്തുക്കൾ ജ്ഞാനമാർഗ്ഗത്തിലാണ് ഊന്നൽ നൽകിയത്. പരമസത്യത്തിലേക്ക് അഥവാ മോക്ഷത്തിലേക്കുള്ള മാർഗ്ഗം നിർദ്ദേശിക്കുന്ന ഉപനിഷത്തുക്കൾ കർമ്മത്തിന്റെ ആവശ്യകതയ്ക്ക് പ്രാധാന്യം നൽകുന്നില്ല. വേദങ്ങളിൽ ഇല്ലാതിരുന്ന ശരീരം, ആത്മാവ് എന്നീ വിഭജനം ഉപനിഷത്കാലമായപ്പോഴേക്കും വളരെ പ്രകടമായിത്തുടങ്ങി. നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചത്തിൽ മാറ്റമില്ലാതെ സ്ഥിതിചെയ്യുന്ന ഒരു തത്വമുണ്ടെന്നും അതാണ് മനുഷ്യനിൽ കുടികൊള്ളുന്ന പരമാത്മാവ് എന്നുമുള്ള ചിന്തകൾ ഉപനിഷത്തുക്കൾ മുന്നോട്ടുവെക്കുന്നുണ്ട്. സൃഷ്ടിപ്രക്രിയ ഉപനിഷത്തുക്കളെ സംബന്ധിച്ചിടത്തോളം ഒരു ചാക്രിക ചലനമാണ്. ഗുണം ജ്ഞാനവും, ജ്ഞാനം ഗുണവുമായിത്തീരുന്ന അവസ്ഥ, അറിയുക എന്നത് അതായിത്തീരുക എന്ന അവസ്ഥയാണ്. വേദാനന്തരകാലത്ത് വൈദികവും അവൈദികവുമായ രണ്ടുതരം ദർശനങ്ങളാണ് ഉടലെടുക്കുന്നത്. വേദത്തെ സ്വീകരിച്ചവ ആസ്തികവും നിഷേധിച്ചവ നാസ്തികവും. ആദ്യത്തേതിൽ ഷഡ്ദർശനങ്ങൾ ഉൾപ്പെടുമ്പോൾ രണ്ടാമ

ത്തേതിൽ ചാർവ്വാക, ബുദ്ധ, ജൈനമതങ്ങളാണുള്ളത്. ദൃഷ്ടിഗോചരമായ വസ്തുജ്ഞാനം മാത്രമാണ് ചാർവ്വാകന്മാർക്ക് സ്വീകാര്യം. ദൃഷ്ടിക്കു വിഷയീ ഭവിക്കാത്ത ഈശ്വരൻ, ആത്മാവ്, സ്വർഗ്ഗം, ജനനത്തിനുമുമ്പും മരണശേഷവു മുള്ള ജീവിതം എന്നിവയൊന്നും തന്നെ ചാർവ്വാകന്മാർ അംഗീകരിക്കുന്നില്ല. ദു:ഖത്തെ പരമാവധികുറച്ച് കഴിയുന്നത്ര സുഖം അനുഭവിക്കുക എന്ന ആശയം ഉയർത്തിക്കൊണ്ടുവന്നതുകൊണ്ട് ചാർവ്വാകരെ ഉല്ലാസാനുഭോഗവാദികൾ (Hedonists) എന്നുവിളിക്കുന്നു.[21] ജീവനും മനസ്സുമൊക്കെ ഭൗതിക കണങ്ങളുടെ കൂടിച്ചേരലിൽ നിന്നുണ്ടായതാണെന്ന് അവർ വാദിക്കുന്നു. ഈ ഘടനയുടെ സവിശേഷതയിൽ നിന്നാണ് ജീവന്റെ ഉത്ഭവം. മനുഷ്യൻ തന്റെ സാഹചര്യ ങ്ങളെ അവന് അനുകൂലമാക്കിത്തീർക്കണം എന്ന വാദമാണ് അവർ മുന്നോട്ടു വയ്ക്കുന്നത്. ഇത്തരത്തിൽ പരിചിന്തിക്കുമ്പോൾ ഋഗ്വേദം മുതൽക്കുതന്നെ മനു ഷ്യനെ ഒരു 'സഞ്ചാരി' (മാർഗ്ഗയായിൻ) എന്ന രീതിയിലാണ് ഇന്ത്യൻ ദർശനം അവതരിപ്പിക്കുന്നത്. ബാഹ്യയാഥാർത്ഥ്യത്തിൽ നിന്നും ആന്തരികമേഖലയിലേ ക്കാണ് ഈ സഞ്ചാരിയുടെ സഞ്ചാരം. അതുകൊണ്ടാണ് ഭാരതീയദർശനം ആന്ത രികോന്മുഖമെന്നു വിശേഷിപ്പിക്കപ്പെട്ടത്.

## 1.3 കാലവും സമൂഹനിർമ്മിതിയും

പ്രപഞ്ചത്തിൽ മനുഷ്യോല്പത്തിയെക്കുറിച്ചുള്ള ആദ്യ സൂചന കൾ കാണുന്നത് മത്സ്യപുരാണത്തിലും ബൈബിൾ ഉല്പത്തി പുസ്തകത്തി ലുമാണ്. ആദ്യകാലങ്ങളിൽ മനുഷ്യൻ പ്രകൃതിയിൽ നിന്ന് ഭിന്നനായല്ല മറിച്ച് ജീവിതത്തോടൊപ്പം തന്നെ പ്രകൃതിയെ അറിയാനും പഠിക്കാനും ശ്രമി

ച്ചവനായിരുന്നു. സൂര്യനും ചന്ദ്രനും കൊടുങ്കാറ്റും വെള്ളപ്പൊക്കവും കാട്ടുതീയുമെല്ലാം ആദിമ മനുഷ്യരിൽ സൃഷ്ടിച്ചത് അമ്പരപ്പും അത്ഭുതവുമാണ്. സാമൂഹിക പുരോഗതിയുടെ ഈ പ്രേരക ശക്തികൾ മാത്രമല്ല, പ്രകൃതി നിയമങ്ങളധികവും അവർക്ക് അജ്ഞാതമായിരുന്നു. ആദിമ മനുഷ്യർ ഭൂമിയിലെ ഇതര ജന്തുവർഗ്ഗങ്ങളെപ്പോലെ കാടുകളിൽ കൂട്ടംകൂട്ടമായി വസിച്ചിരുന്ന, (യൂഥജീവിതം) ഒരു കാലഘട്ടമുണ്ടായിരുന്നു. അക്കാലത്ത് മനുഷ്യൻ പ്രകൃതിക്കധീനനായി ജീവിച്ചു. ചിന്തയുടെയും ബുദ്ധിയുടെയും വൈകാരികതയുടെയുമെല്ലാം തലങ്ങൾ പ്രകൃതി പ്രതിഭാസങ്ങളിലുണ്ടെന്നും തിരിച്ചറിഞ്ഞപ്പോൾ തന്റെ കഴിവുകളുടെ പരിമിതി നികത്താൻ ഈ ഗുണവിശേഷങ്ങൾക്ക് കഴിയുമെന്നുമുള്ള കണ്ടെത്തലുകൾ അവനിൽ ആത്മവിശ്വാസം ഉണ്ടാക്കി. പ്രകൃതിക്കുമേൽ തന്റെ അധികാരം പ്രയോഗിക്കാനുള്ള കരുത്ത് മനുഷ്യൻ ക്രമേണ സ്വായത്തമാക്കി. മോർഗൻ അദ്ദേഹത്തിന്റെ 'പ്രാചീന സമുദായം' എന്ന ഗ്രന്ഥത്തിൽ പ്രാകൃത കമ്മ്യൂണിസത്തിലെ പ്രാചീന ശിലായുഗത്തെ, 'കാടന്മാരുടെ കാലം' (Age of Savogery) എന്നു തരംതിരിക്കുന്നുണ്ട്. അക്ഷരമാല കണ്ടുപിടിക്കുന്നതോടെ മാത്രമേ മനുഷ്യർ യഥാർത്ഥമായ പരിഷ്കൃതയുഗത്തിലേക്ക് പ്രവേശിക്കുന്നുള്ളൂവെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.[22] കാലം മാറുകയും അറിവ് വികസിക്കുകയും ചെയ്തപ്പോൾ പ്രകൃതിയോടുള്ള കാഴ്ചപ്പാടിലും മാറ്റമുണ്ടായി. പഴമയിൽ നിന്നു പുതുമയിലേക്കുള്ള അനുസ്യൂതമായ ജീവിതപരിണാമ പ്രക്രിയയാണ് പുതിയ ജീവിത രീതികളും സാമ്പത്തിക ക്രമങ്ങളും നിർമ്മിക്കുന്നത്. ഭൂതത്തിൽ നിന്ന് ഭാവിയിലേക്കുള്ള യാത്രയിൽ അതതുചരിത്രഘട്ടങ്ങളിൽ മനുഷ്യർക്കു വഴികാട്ടുന്ന പ്രകാശധാരയാണ് സംസ്കാരം. ഓരോ സമൂഹത്തിന്റെയും അടിത്തട്ടിൽ വർത്തിക്കുന്ന അനുഷ്ഠാന വിശ്വാസങ്ങൾ സമ്മേളിക്കുമ്പോൾ തനതായ ഒരു സംസ്കാരം രൂപം കൊള്ളുന്നു. സമൂഹത്തിനു സുപ്രധാനമായ

രണ്ട് ഘടകങ്ങളുണ്ട്; വ്യക്തികളുടെ സംഘാതവും അവരുടെ ക്രിയാ-പ്രതിക്രിയകളുടേതായ സംവിധാനവും. നിശ്ചിതമായൊരു സാംസ്കാരിക സാഹചര്യത്തിൽ ക്രിയാപ്രതിക്രിയാബന്ധമുള്ള നിരവധി ചെറുസംഘങ്ങളുടെ സമവായമാണ് സമൂഹം. സഹജീവികളുമായുള്ള സഹകരണത്തിലൂടെ വ്യക്തിയുടെ പ്രത്യേകാഗ്രഹങ്ങളും താല്പര്യങ്ങളും നിറവേറ്റുന്നതിനാധാരമായി നിലനിൽക്കുന്നതാണ് സമൂഹം. ആ നിലയ്ക്ക് സമൂഹത്തെ നാം തിരിച്ചറിയുന്നത് വ്യക്തിബന്ധങ്ങളിലൂടെയാണ്.[23]

## 1.4 കാലവും സ്ത്രീസ്വത്വസങ്കല്പവും

സ്ത്രീപുരുഷ സംഘാതമായ സമൂഹത്തിന്റെ മുഖം സ്ത്രീയെ സംബന്ധിച്ചിടത്തോളം പുരുഷന്റെ മുഖമാണ്. സ്ത്രീകൾ ചരിത്രത്തിൽ നിന്ന് പുറന്തള്ളപ്പെടാനുള്ള കാരണം പുരുഷന്റെയോ ചില ചരിത്രകാരന്മാരുടെയോ ഉപജാപഫലമല്ലെന്നും പുരുഷകേന്ദ്രിതമായ ചരിത്രരചനാ രീതിയാണെന്നും ഗെർദലെർനർ നിരീക്ഷിക്കുന്നുണ്ട്.[24] നാഗരികതയുടെയും ചരിത്രത്തിന്റെയും ആവിർഭാവത്തിനുമുമ്പ് ഇന്നത്തേതിനെക്കാൾ മെച്ചപ്പെട്ട പദവിയും സ്വാതന്ത്ര്യവുമെല്ലാം സ്ത്രീകൾക്കുണ്ടായിരുന്നുവെന്നല്ലാതെ, അവർ പുരുഷന്മാർക്കുമേൽ ആധിപത്യം പുലർത്തിയിരുന്ന ഒരു വ്യവസ്ഥയോ കാലഘട്ടമോ മനുഷ്യചരിത്രത്തിലില്ല. ചരിത്രാതീതകാലത്തെ മാതൃദായകക്രമത്തെ (Matrilineality), സ്ത്രീകൾക്ക് ആധിപത്യമുള്ള വ്യവസ്ഥ (Matriarchy) യായി ധരിക്കുകയായിരുന്നു മിക്ക ചരിത്രകാരന്മാരും. മനുഷ്യരുടെ ജൈവപരമായ സവിശേഷതകളും ധർമ്മങ്ങളും സാമൂഹിക ക്രമീകരണങ്ങൾക്ക് വിധേയമാണ്. എല്ലാ സമൂഹങ്ങളിലുമുള്ള ഇത്തരം ക്രമീകരണങ്ങളെ ഗെയ്ൽ ദൂബിൻ 'സെക്സ് ജെൻഡർ

വ്യവസ്ഥ' എന്നുവിളിക്കുന്നു.[25] ജൈവപരമായ വ്യത്യാസത്തെ (Biological Sex difference) സാമൂഹികമായ വ്യത്യാസമായി പരിവർത്തിപ്പിക്കുന്നത് ഈ വ്യവ സ്ഥയാണ്. ജന്തുജാതികൾക്കിടയിലെന്നപോലെ മനുഷ്യജീവികളും ആണോ പെണ്ണോ ആയി ജനിക്കുന്നു. ജൈവപരമായ വ്യത്യാസം ഇതുമാത്രമാണ്. ഈ ജൻഡറുകൾ പരസ്പരം തുല്യരാകാവുന്നതേയുള്ളൂവെങ്കിലും ചരിത്രപരമായ കാരണങ്ങളാൽ മനുഷ്യർക്കിടയിൽ ആണിനാണ് മേൽക്കോയ്മ. മനുഷ്യരുടെ ലിഖിതചരിത്രമാകെയും പുരുഷാധിപത്യത്തിന്റെ ചരിത്രം കൂടിയായതുകൊണ്ട് പാട്രിയാർക്കിയും ചരിത്രവും 'ഇരട്ട'കളാണെന്ന ഒരു കണ്ടെത്തൽ ജൂലിയറ്റ് മിച്ചൽ നടത്തുന്നുണ്ട്.[26]

സ്ത്രീജീവിതത്തിനുകൈവന്നിട്ടുള്ള പുരോഗതിയെക്കുറിച്ച് പഠി ക്കുന്നതിന് മാനവരാശിയുടെ ചരിത്രാതീതകാലം മുതൽക്കുള്ള ജീവിതം അവ ലോകനം ചെയ്യേണ്ടിയിരിക്കുന്നു. വേണ്ടത്ര വ്യക്തമായ ചരിത്രരേഖകളില്ലാത്ത കാലമാണ് ചരിത്രാതീതകാലം. കാടന്മാരുടെ കാലത്തുതന്നെ 'അമ്മയും മകളും' അടങ്ങുന്ന കുടുംബം രൂപപ്പെട്ടുവെങ്കിലും മൃഗത്തിന്റെ ജീവിതരീതികളിൽ നിന്ന് വലിയ മാറ്റമൊന്നും ഉണ്ടായിരുന്നില്ല. കുറേക്കാലത്തിനുശേഷം യൂഥവിവാഹം (Totem marriage) അഥവാ ഗോത്ര വിവാഹം എന്ന ചടങ്ങുണ്ടായി. ഒരു യൂഥത്തി ലുള്ള എല്ലാ സ്ത്രീകൾക്കും മറ്റൊരു യൂഥത്തിലെ എല്ലാ പുരുഷന്മാരുമായും ലൈംഗികബന്ധത്തിൽ ഏർപ്പെടാമെങ്കിലും സ്വന്തം യൂഥത്തിൽ ഇത് നിഷിദ്ധ മായിരുന്നു. പിൽക്കാലത്ത് രക്തബന്ധമുള്ളവർ തമ്മിൽ വിവാഹം പാടില്ല എന്നു വന്നത് അതുകൊണ്ടായിരിക്കണം. കുഞ്ഞിന്റെ പിതൃത്വം നിശ്ചയിക്കാൻ ഈ രീതിയിലുള്ള വിവാഹത്തിൽ പറ്റുമായിരുന്നില്ല. അമ്മ വഴിക്കുള്ള അവകാശക്രമം സമൂഹത്തിൽ മാതൃമേധാവിത്വത്തെ ദൃഢതരമാക്കി.

ആയാസമേറിയ നായാട്ടിലേർപ്പെട്ടിരുന്ന പുരുഷൻ മേൽക്കുമേൽ ശക്തനും ബലിഷ്ഠനുമായിക്കൊണ്ടിരുന്നപ്പോൾ, ഒരിക്കൽ തുല്യനിലയിൽ കായികശക്തിയുണ്ടായിരുന്ന സ്ത്രീയാകട്ടെ, ഗുഹയിലെ ഇളംചൂടിൽ വ്യായാമരഹിതമായ ലഘുജോലികളിൽ ഏർപ്പെടുകമൂലം ദുർബലയും സുഖലോലുപയുമായി. അതോടെ സ്ത്രീയുടെ സംരക്ഷണവും പുരുഷന് ഏറ്റെടുക്കേണ്ടിവന്നു. ആഹാരം സമ്പാദിക്കുകയും കായിക ശക്തികൊണ്ട് സ്ത്രീയെ സംരക്ഷിക്കുകയും ചെയ്ത പുരുഷൻ സഹകാരി എന്നതിലുപരി പിൽക്കാലത്ത് യജമാനനായി മാറി.

മാതൃശബ്ദം നിർമ്മാണത്തെയും പിതൃശബ്ദം പാലനത്തെയും കുറിക്കുന്ന പദങ്ങളായി. അതുവരെ അലസജീവിതം നയിച്ചുപോന്ന പുരുഷൻ ക്രമേണ അധികാരം കയ്യാളുകയും വീടും വസ്തുവകകളും സ്വന്തം നിയന്ത്രണത്തിലാക്കുകയും ചെയ്തതാണ് മാതൃമേധാവിത്തത്തിൽ നിന്ന് പിതൃമേധാവിത്തത്തിലേക്കുള്ള ചുവടുമാറ്റത്തിന് വഴി തെളിയിച്ചത്. വിൽ ഡ്യൂറന്റ് വിവരിക്കുന്നു - സാവധാനം പുരുഷൻ തന്റെ ഇംഗിതം നേടിയെടുത്തു. പിതൃത്വം സമൂഹത്തിൽ അംഗീകരിക്കപ്പെട്ടു. സ്വത്തുക്കൾ പിതാക്കന്മാർ വഴി കുട്ടികൾക്കു കൊടുക്കുന്ന പതിവുണ്ടായി. മാതൃമേധാവിത്തം പിതൃമേധാവിത്തത്തിനു വഴങ്ങിക്കൊടുത്തു. അങ്ങനെ, ഗോത്രത്തിലെ ഏറ്റവും പ്രായം ചെന്ന പുരുഷൻ ഗോത്രത്തലവനായി; സാമ്പത്തികവും നിയമപരവും രാഷ്ട്രീയവും മതപരവുമായ എല്ലാ അധികാരങ്ങളും കൈയ്യടക്കിക്കൊണ്ടുള്ള പിതൃമേധാവിത്തവ്യവസ്ഥ സമൂഹത്തിൽ ഉടലെടുക്കുകയും ചെയ്തു. അതുവരെ സ്ത്രീരൂപങ്ങളായി സങ്കല്പിക്കപ്പെട്ടിരുന്ന ദൈവങ്ങൾപോലും, താടിമീശ വെച്ച മഹാഗോത്രപിതാക്കന്മാരായി. അങ്ങനെ സ്ത്രീ സാമൂഹികാടിമത്തത്തിലേക്ക് വീഴുകയും ചെയ്തു.[27]

വേദകാലത്ത് സ്ത്രീകൾക്ക് അർഹമായ സ്വാതന്ത്ര്യവും സമൂഹത്തിൽ ഉന്നതസ്ഥാനവും ലഭിച്ചിരുന്നു. അവർ ഭർത്താക്കന്മാരോടൊപ്പം യാഗകർമ്മങ്ങളിൽ പങ്കെടുക്കുകയും സൂക്തങ്ങൾ രചിക്കുകയും ചെയ്തിരുന്നു. വിവാഹം സർവ്വസാധാരണമായി. ബഹുഭർതൃത്വം ചുരുക്കമായിട്ടെങ്കിലും നിലനിന്നിരുന്നു. മൈത്രേയി, ഗാർഗി, ലോപാമുദ്ര തുടങ്ങിയ വാസനാ സമ്പന്നകളായ നിരവധി കവയിത്രികളും വിദുഷികളും ഈ കാലഘട്ടത്തിന്റെ വരദാനങ്ങളായിരുന്നു. സ്ത്രീകൾക്ക് ഉപനയനാദികൾ ഉണ്ടായിരുന്നുവെന്നും അവർ യജ്ഞോപവീതം ധരിച്ചിരുന്നുവെന്നും യമസ്മൃതിയിൽ സൂചിപ്പിക്കുന്നുണ്ട്.[28]

'പുരാകല്പേതു നാരീണാം മൌഞ്ജീബന്ധനമിഷ്യതേ,
അധ്യാപനംതു വേദാനാം സാവിത്രീ വചനം തഥാ'

*(യമസ്മൃതി)*

പിൽക്കാല വൈദിക യുഗത്തിലും സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിൽ പിതാവിന്റെ അധികാരങ്ങൾ ക്രമേണ വർദ്ധിച്ചുവന്നു. തത്ത്വചിന്താ ചർച്ചകളിലും മറ്റും സ്ത്രീസൈദ്ധാന്തികരും പങ്കെടുത്തിരുന്നെങ്കിലും പൊതുവെ സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്ന സ്ഥാനം ക്ഷയിക്കുകയാണുണ്ടായത്. വസ്തുക്കൾ സ്വന്തമായി ആർജ്ജിക്കുവാൻ അവകാശമില്ലാതിരുന്ന സ്ത്രീകൾ പിതാവ്, ഭർത്താവ്, പുത്രൻ എന്നിവരെ കൂടുതലായി ആശ്രയിച്ചുപോന്നു. ഇതിഹാസകാലമായപ്പോൾ രാജകന്യകമാർക്ക് ഇഷ്ടമുള്ള വരനെ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം കൈവന്നു. സ്വയംവരം എന്ന പേരിൽ ഇത് അറിയപ്പെട്ടു. ഇതിഹാസകാലത്തിനുശേഷമാണ് ഭാരതസംസ്കാരത്തിന്റെ ഈടുവെയ്പെന്നു വിശേഷിപ്പിക്കാവുന്ന ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ എന്നിവ രചിക്കപ്പെട്ടത്. സമത്വവും സാമൂഹ്യനീതിയും സ്ത്രീക്ക്

നിഷേധിച്ച ബ്രാഹ്മണീയ സ്മൃതി സംഹിതയുടെ തടവറയിലാണ് സ്ത്രീ സമൂഹത്തിന് പരിരക്ഷ ഉറപ്പാക്കിയത്. മനുസ്മൃതി അന്നത്തെ സാമൂഹ്യവ്യവസ്ഥയുടെ അനിഷേധ്യമായ പ്രാമാണിക രേഖയായിരുന്നു. സ്ത്രീയുടെ ബാല്യയൗവ്വന വാർദ്ധക്യദശകളെ സാമൂഹ്യവിലങ്ങുകളാൽ ബന്ധിച്ച് സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്നും അവൾ വീട്ടിന്നൊരലങ്കാരം മാത്രമാണെന്നും വിധിച്ചു. മനുവിന്റെ ഈ നിർബന്ധബുദ്ധിയ്ക്ക് അന്ന് വലിയ സാമൂഹ്യാംഗീകാരം ലഭിച്ചു. മനു സ്ത്രീ സ്വഭാവത്തെ ഇപ്രകാരം നിർവ്വചിക്കുന്നു.[29]

"സ്വഭാവ ഏഷ നാരീണാം

നരാണാമിഹദൂഷണം

അതോർഥാന്ന പ്രമാദ്യന്തി

പ്രമദാസു വിപശ്ചിത:"

*(മനുസ്മൃതി, ശ്ലോകം 213)*

സ്ത്രീ സ്വഭാവം മനുഷ്യർക്ക് ശൃംഗാരചേഷ്ടകളാൽ ദോഷത്തെ ചെയ്യും. അതിനാൽ വിവേകികൾ സ്ത്രീകളിൽ പ്രമാദിക്കുന്നില്ല. ജിതേന്ദ്രിയനായിരുന്നാലും മൂഢനായിരുന്നാലും അവനെ സ്ത്രീകൾ സഹവാസത്താൽ കാമക്രോധാദികൾക്കു സ്വാധീനനാക്കുന്നു.

സ്ത്രീയെ അസ്വതന്ത്രയാക്കിയതിനുശേഷം അവളെ പൂജിക്കണമെന്നൊരു ചിന്തയും മനു പറഞ്ഞുവച്ചിട്ടുണ്ട്. 'യത്രനാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാ' സ്ത്രീ ജീവിതത്തെ പൂർണ്ണമായും പുരുഷാധീനത്തിലാ

ക്കിയ സ്മൃതി പുരുഷദായ ക്രമത്തിലെ പതിവ്രത, വേശ്യ, ജാരൻ തുടങ്ങിയ അവസ്ഥകളെ പെണ്ണിന്റെ ജീവിതസഭ്യകളുമായി കണ്ണിചേർക്കാനും മറന്നില്ല.[30]

സ്ത്രീ സ്വാതന്ത്ര്യമെന്നത് 'കുലാംഗനയ്ക്ക് യോഗ്യം' എന്നാണ് സ്മൃതിസൂക്തത്തിൽ വിവക്ഷിച്ചിരിക്കുന്നത്. എന്താണ് സ്ത്രീ എന്നതിനുപകരം അവളെന്തായിരിക്കണമെന്നതിന് കൃത്യമായ രൂപമാതൃകകൾ ജന്മിത്ത ദൈവി കാധികാരവ്യവസ്ഥ കാഴ്ചവയ്ക്കുന്നുണ്ട്. സ്ത്രീകളിൽത്തന്നെ ധനാഢ്യകളും സവർണ്ണകളുമായ പെൺവർഗ്ഗത്തിന് പുറംലോകം നിഷിദ്ധമായിത്തീരുന്നു. ഒരു നോട്ടം കൊണ്ടോ നേരിയ സ്പർശം കൊണ്ടോ കളങ്കപ്പെടാവുന്ന ഒരു വസ്തു വെന്ന നിലയിൽ സമൂഹത്തിൽ നിന്നും അവളെ ഒളിപ്പിച്ചു വെയ്ക്കാനോ ഒതുക്കി നിർത്താനോ പറ്റിയ ഉപാധിയായി 'ഘോഷ'യ്ക്ക് മതപരിവേഷം നൽകിയ പ്പോൾ സ്ത്രീയുടെ സ്വാതന്ത്ര്യത്തിനും സാമൂഹ്യജീവിതത്തിനും അത്യുഗ്രമായ വിലക്ക് ഏർപ്പെടുത്തപ്പെട്ടു. ഒരു തുണ്ടു ശീലക്കഷ്ണത്തിനുള്ളിൽ അവൾ സുര ക്ഷിതയാണെന്നും വിശ്വസിപ്പിച്ചു. എന്നാൽ അവളുടെ സുരക്ഷിതത്വത്തിനും കളങ്കത്തിനും ഹേതുക്കളാകുന്നവരെ കണ്ടില്ലെന്നുനടിക്കാനുള്ള നിഗൂഢശ്രമവും ഇതിന്റെ ഭാഗമായി വന്നുചേർന്നു. അതേസമയം വർണ്ണാശ്രമ വ്യവസ്ഥയുടെ വികടസംസ്കാരത്തിന്റെ ഇരകളാണെങ്കിലും കീഴാള സ്ത്രീകൾക്ക് വിസ്തൃത മായ പുറംലോകം പ്രാപ്യമായിരുന്നു.

## 1.5 കാലവും സർഗ്ഗാത്മകതയും

"കാലത്തെ പിടിച്ചുനിർത്തി പ്രദക്ഷിണം വെയ്പ്പിക്കുന്ന ഒരനുഭ വമാണ് കല" യെന്ന് ഡോ. കെ. ഭാസ്ക്കരൻ നായർ പ്രസ്താവിച്ചിട്ടുണ്ട്.[31] ഇവിടെ രണ്ടുതരത്തിലുള്ള ക്രിയകളുണ്ട്. എഴുത്തുകാരനെ സംബന്ധിക്കുന്നതും അനുവാചകനെ സംബന്ധിക്കുന്നതും. കാലത്തെ പിടിച്ചുനിർത്തുക എന്നാൽ

കാലത്തിന്റെ മേൽ എഴുത്തുകാരൻ നേടുന്ന വിജയം എന്നർത്ഥം. കാലത്തെ തന്റെ വരുതിയിലാക്കാനുള്ള ശ്രമം ആദിമമാണ്. അസാധ്യമാണെന്നറിഞ്ഞിട്ടും ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുന്നു. പൂരുവിൽ നിന്ന് യൗവ്വനം കടം വാങ്ങിയ യയാതിയുടെ ജീവിതകഥ ഈ വെമ്പലിന്റെ സൗന്ദര്യാത്മക ആവിഷ്ക്കാരമാണ്. ജീവിതത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്ന് സമാനതകളില്ലാത്ത മാനവികവും സാംസ്കാരികവുമായ ബന്ധങ്ങളെ നിരൂപണം ചെയ്യുന്ന എഴുത്തുകാരൻ കാലത്തെ അതിന്റെ ഘടനയിലൂന്നി പരാമർശിക്കുവാനുള്ളവഴി കാലത്തെ നിശ്ചലമാക്കുക എന്നതാണ്. എഴുത്തുകാരനാൽ നിശ്ചലമാക്കപ്പെടുന്ന കാലം വായനക്കാരനിൽ പരിക്രമണം ചെയ്യുകയും ത്രികാലങ്ങളെ സംബന്ധിക്കുന്ന ബോധം ഒരേ സമയം ഉൽഭൂതമാവുകയും ചെയ്യുന്നു. ഈ ബോധം അങ്കുരിപ്പിക്കാൻ സാധിക്കുന്നു എന്നിടത്താണ് എഴുത്തുകാരന്റെ വിജയവും. ഘടനാവാദികൾ പറയുന്നതുപോലെ ഏതൊരു ഘടനയെക്കുറിച്ചുള്ള ഏതുവിധേനയുള്ള അന്വേഷണവും പ്രസക്തമാകുന്നത് അതിന് പ്രായോഗികമായ അടിത്തറ ഉണ്ടാകുമ്പോഴാണ്. എഴുത്തുകാരൻ സൃഷ്ടിക്കുന്ന നിശ്ചലകാലം വായനക്കാരന്റെ പ്രായോഗികകാലമായി പരിണമിക്കുന്നു. ഭാഷയുടെ പ്രയോഗവിജ്ഞാനത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന പുതിയ ജീവിതപരിസരത്തിൽ ഭാഷയിലൂടെ അന്വർത്ഥമാകുന്ന സാഹിത്യകലയ്ക്ക് ഏറെ പ്രസക്തിയുണ്ട്. ഈ പ്രസക്തിയാണ് അടുത്ത അദ്ധ്യായങ്ങളിൽ വിവരിക്കുന്ന ജീവിതാവസ്ഥകളെ സാർവ്വകാലികമാക്കി മാറ്റുന്നത്. കഥാസന്ദർഭങ്ങളും കഥാപാത്രങ്ങളും വായനക്കാരനിൽ ഉണ്ടാക്കുന്ന കാലാനുഭവത്തിലൂടെ മാത്രമേ സാഹിത്യകൃതിക്ക് സാഹിത്യചരിത്രത്തിലുള്ള സ്ഥാനം അങ്കനം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

എഴുത്തുകാരൻ ആവിഷ്ക്കരിക്കുന്നത് ഭൗതിക കാലത്തിൽ നിന്നുകൊണ്ടാണെങ്കിലും ദേശത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും പ്രതിപാദിക്കേണ്ടിവരുമ്പോൾ അത് ആന്തരിക കാലത്തിന്റെ ഉല്പന്നമായി മാറുന്നു. ഭൗതികകാലത്തിൽ നിന്ന് ആന്തരിക കാലത്തിലേക്കുള്ള ഈ പരിണാമ പ്രക്രിയയാണ് കലയുടെ കലാത്മത്തെ നിർണ്ണയിക്കുന്നത്. സാർവ്വത്രികത അവകാശപ്പെടുന്ന ഒന്നല്ല ഇത്. ജീവിതത്തേയും ജീവിതസന്ദർഭങ്ങളേയും കരതലാമലകംപോലെ കാണുവാനുള്ള പ്രതിഭയും നൈപുണ്യവും അഭ്യാസവും എഴുത്തുകാരൻ വശമാക്കേണ്ടതുണ്ട്. അതായത് ബാഹ്യാവസ്ഥയിൽ നിന്നും ജീവിതാംശങ്ങൾ സ്വാംശീകരിക്കുന്ന ഒരെഴുത്തുകാരൻ തന്റേയും മറ്റുള്ളവരുടേയും മനോവ്യാപാരങ്ങളിലാണ് ഊന്നുന്നത്. അതുകൊണ്ട് സ്ഥലകാലങ്ങളെപ്പോലെ എഴുത്തിൽ എഴുത്തുകാരന്റെ അനുഭവവും പ്രസക്തമാണ്. അനുഭവങ്ങൾക്ക് മനുഷ്യമനസ്സിനെ മറ്റൊരവസ്ഥയിലേക്ക് നയിക്കുവാനുള്ള കെല്പുണ്ടായിരിക്കണം.

നാളിതുവരെയുള്ള കലാവിഷ്ക്കാര രീതികളെല്ലാം തന്നെ ഈയൊരു വിചാരത്തിലൂന്നിക്കൊണ്ടാണ് രൂപീകൃതമാവുകയും നിലനിൽക്കുകയും ജീവിതത്തിലിടപെടുകയും ചെയ്തിട്ടുള്ളത്. ഈ പ്രബന്ധത്തിൽ പഠിക്കാനുദ്ദേശിക്കുന്ന അഞ്ചുനോവലുകളും പ്രസ്തുത യാഥാർത്ഥ്യം വിളിച്ചറിയിക്കുന്നുണ്ട്. കഥാപാത്രങ്ങളുടേയും അവർ ജീവിച്ച കാലത്തിന്റേയും അടരുകളിലൂടെ സഞ്ചരിക്കുമ്പോൾ കണ്ടെത്താൻ സാധിക്കുന്ന സാന്ദ്രമായ അനുഭവങ്ങളുടെ സുവിശേഷമാകുന്നു, അതുകൊണ്ട് ഈ കൃതികളെല്ലാം. വർത്തമാനകാലത്തിൽ നിന്നും ഭൂതകാലത്തിന്റെ പടവുകളിലിറങ്ങി 'ലാബിറിന്തിൽ' അകപ്പെട്ട അന്വേഷകനെപ്പോലെ അയാൾ ജീവിതതത്ത്വങ്ങളുടെ നിഷ്ക്കരുണവും നിഷ്കൃഷ്ടവുമായ അന്വേഷണത്തിനുമുതിരുന്നു. അപ്പോൾ മാത്രമേ കൃതി ജീവിതവിമർശനസന്നദ്ധമാവുകയുള്ളൂ. ഈ സന്നദ്ധതയാണ് വ്യത്യസ്ത കാലഘട്ട

ങ്ങളിലെഴുതപ്പെട്ടതെങ്കിലും ഒരു ചരടിൽ കോർത്ത പൂക്കളെന്നപോലെ സർവ്വാകർഷണീയമായ അഞ്ചുകൃതികളും പഠനീയമായി മാറുന്നത്.

തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ഭൗതികസംസ്കാരവും ആത്മീയസംസ്കാരവും സമന്വയിക്കുന്നിടത്താണ് ജീവിതം യാഥാർത്ഥ്യമായിത്തീരുന്നത്. ആത്മീയസംസ്കാരത്തെക്കുറിച്ച് വാചാലരാവുകയും കാലത്തെ വർത്തമാനത്തിൽ പിടിച്ചുകെട്ടി ഭൗതികതയെ ആഘോഷിക്കുകയും ചെയ്ത കേരളത്തിന്റെ ജാതി സംസ്കാരപാരമ്പര്യത്തെയാണ് ഇവിടെ പഠനവിധേയമാക്കുന്ന നോവലുകൾ വിചാരണ ചെയ്യുന്നത്. സാഹിത്യം സർഗ്ഗാത്മകവിചാരം എന്നതിലുപരി കാലത്തിന്റെ തിരുത്തൽ ശക്തിയായി മാറുന്നത് ഇങ്ങനെയാണ്. ആത്മീയത എന്ന പരികല്പനയിൽ അന്തർനിഹിതമായ മാനവികത ചോർത്തിക്കളയുമ്പോഴാണ് മനുഷ്യജീവിതം ഭൗതികമായി അധ:പതിക്കുന്നത്. ഈ അധ:പതനത്തിന് കൂട്ടുനിന്ന പുരുഷമേധാവിത്വത്തെ സ്മാർത്തവിചാരണ ചെയ്യുകയാണ് ഈ നോവലുകളെല്ലാം. ജീവിതനാണയത്തിന്റെ ഇരുപുറങ്ങളായ സ്ത്രീയും പുരുഷനും സഹവർത്തിത്വത്തോടെ ഏകധാരയായി പ്രവർത്തിക്കുമ്പോഴാണ് ജീവിതത്തിൽ കാലപരിണാമമുണ്ടാകുന്നത്, ഋതുഭേദങ്ങളുണ്ടാകുന്നത്. ഋതുഭേദങ്ങൾ കാലത്തിന്റെ സാക്ഷ്യങ്ങളാകുന്നതുപോലെ ജീവിതത്തിന്റെ നേർപ്പകർപ്പുകളുമാണ്. നേരിനെ ഇല്ലാതാക്കി വർത്തമാനകാലത്തിൽ അഭിരമിക്കുമ്പോൾ ജീവിതം നിശ്ചല തടാകത്തിലെ ജീർണ്ണതയെ സ്വയംവരിക്കുകയാണ് ചെയ്യുന്നത്. ആ ജലാശയം വറ്റിവരണ്ട് ഊഷരമായിത്തീരുന്നത് കാലത്തിന്റെ മറ്റൊരു ഇടപെടൽ കൊണ്ടാണ്. അതായത് പ്രകൃതിയിലെന്നതുപോലെ ജീവിതത്തിലും കാലം ശക്തമായി ഇടപെടുന്നുണ്ടെന്ന് ചുരുക്കം.

സ്ത്രീയെ ആന്തരികമായും ബാഹ്യമായും രൂപപ്പെടാൻ അനുവദിക്കാത്തവിധം വ്യാവഹാരിക മണ്ഡലത്തെ തന്റേതാക്കി മാറ്റാൻ

പുരുഷന് സാധിച്ചു. ഇത് യഥാർത്ഥത്തിൽ ലൈംഗികസ്വത്വത്തിനുമേലുള്ള കടന്നുകയറ്റമാണ്. ഭാരതത്തിൽ വേരോട്ടമുണ്ടാക്കിയെടുത്ത വർണ്ണാശ്രമ ധർമ്മങ്ങളുടെ സാരവും മറ്റൊന്നല്ല. ഈ വർണ്ണവ്യവസ്ഥയിൽ സ്ത്രീ പരാമർശിക്കപ്പെടുന്നേയില്ല. അവൾ ഗൃഹിണിയായി പ്രാന്തവത്ക്കരിക്കപ്പെടുകയാണുണ്ടായിട്ടുള്ളത്. ഈ പ്രാന്തവത്ക്കരണത്തിന്റെ തരഭേദങ്ങളത്രേ മലയാളസാഹിത്യത്തിൽ പലരൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങൾ.

അസൂര്യംപശ്യകളായി നാലുകെട്ടിനുള്ളിൽ ശുദ്ധവായുപോലും നിഷേധിക്കപ്പെട്ട് നിരാലംബവും നിരാശ്രയവുമായിരുന്ന നമ്പൂതിരി സ്ത്രീ ജീവിതം മുൻസൂചിപ്പിച്ച തടാകത്തിനു സമാനമായിരുന്ന ഒരു കാലഘട്ടത്തിൽ ചാലുകൾ കീറി പുതുജലാശയമാക്കി മാറ്റിയ കാലത്തിന്റെയും ജീവിതത്തിന്റെയും സംരക്ഷകരായിരുന്നു മേൽപറഞ്ഞ കൃതികളുടെ കർത്താക്കൾ. "നശ്വരത്വത്തിന്റെ കുടുക്കിൽപെട്ടുകിടക്കുന്ന മനുഷ്യൻ ഇങ്ങനെയാണ് മോചനം നേടുന്നത്. കലയും ശാസ്ത്രവും യോഗവിദ്യയുമെല്ലാം ഇതിനുവേണ്ടിയുള്ള ഉപായങ്ങളാകുന്നു. ഇവയുടെ ലക്ഷ്യം ഒന്നുതന്നെ. ആകയാൽ ഒന്നിനൊന്ന് മെച്ചമാണെന്നുപറഞ്ഞുകൂട. അഭിരുചിയനുസരിച്ച് ഓരോ മനുഷ്യനും ഓരോ മാർഗ്ഗം സ്വീകരിക്കുന്നു"[32] എന്ന പരാമർശം ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. ജീവിതത്തെ സ്നേഹിക്കുക, പൊരുൾ തേടുക, അനഭിലഷണീയമായ വസ്തുതകൾക്കെതിരെ പോരാടുക, ഒരേ സമയം വിമോചനത്തിന്റെ വക്താവും വിമോചിതനുമായിത്തീരുക എന്നിത്യാദി ധർമ്മങ്ങളാണ് ഇവിടെ സാർത്ഥകമായിത്തീരുന്നത്.

കാലപരിണാമത്തെക്കുറിച്ചും മനുഷ്യജീവിതാഭിരുചികളെക്കുറിച്ചും കലാത്മകമായി വിവരിക്കുന്നേടത്ത് സരസ്വതീ വിജയത്തിന്റെ കർത്താവ്

ഇങ്ങനെ പറയുന്നുണ്ട്. "മനുഷ്യന്റെ തോന്നലിന് ഇത്രമാത്രമെ കൃത്യതയുള്ളൂ. ഇതുകൊണ്ടാണ് കാലം മാറുംതോറും നടപ്പുമാറുന്നത്. അവരവരുടെ ഇടയിൽ ഉള്ള നടപ്പ് എത്രദീർഘകാലം നിലനിന്നുപോന്നതായാലും അത് കാലത്തിനും ന്യായത്തിനും പരിഷ്കൃതബുദ്ധിക്കും ഒക്കാത്തതാണെന്നു കാണുമ്പോൾ ഉടനെ മാറ്റേണ്ടതാണ്."[33]

കാലത്തെ നിശ്ചലമാക്കുന്ന സാമൂഹ്യ-വ്യവസ്ഥയെ പരോക്ഷ മായി ചോദ്യം ചെയ്യുകയാണ് എഴുത്തുകാരൻ ഇവിടെ. പരിഷ്കൃതിയുടെ വിശാ ലമായ അർത്ഥം ചലനം എന്നാകുന്നു. എല്ലാ മാറ്റങ്ങൾക്കും കാരണം ചലനമാ ണ്. ലങ്കയുടെ ഭാവിയിലെ വിനാശത്തെ മുൻനിർത്തി ശ്രികണ്ഠൻ നായർ 'ലങ്കാ ലക്ഷ്മി' എന്ന നാടകത്തിൽ ഹനുമാന്റെ ലങ്കാപ്രവേശനഘട്ടത്തിൽ "ചലനവു മായി അവൻ വന്നു" (ലങ്കാലക്ഷ്മി) എന്നുപറയുന്നുണ്ട്. ആസുരതയിൽ നിന്ന് മാനവികതയിലേക്കുള്ള പരിണാമത്തെക്കൂടി ഈ പരാമർശനം ദ്യോതിപ്പിക്കു ന്നുണ്ട്. ലങ്കയിൽ കാലം നിശ്ചലമായിരുന്നു. ആ നിശ്ചലകാലത്തെ അതിന്റെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളിൽ നിന്ന് വിമോചിപ്പിച്ച ചിഹ്നമാണ് ഹനു മാൻ. ഹനുമാൻ സർവ്വവിദ്യാപാരംഗതനാണ്. മന്വന്തരങ്ങളെ പ്രതിനിധീകരിച്ച് വർത്തമാനകാലത്തും വിമോചനത്തിന്റെ അടയാളമായി തുടരുന്നു. ഒരർത്ഥ ത്തിൽ ഈ വിമോചനാത്മകവീര്യമാണ് ഈ പ്രബന്ധത്തിൽ വിശദപഠനത്തി നെടുത്ത നോവലുകളിലെ പ്രധാന കഥാപാത്രങ്ങളിലൂടെ അതതിന്റെ കർത്താ ക്കൾ അവതരിപ്പിക്കുന്നത്. അതിനായി സരസ്വതീവിജയത്തിന്റെ കർത്താവ് നട ത്തുന്ന ആഹ്വാനം കാലത്തെ സങ്കോചിപ്പിക്കുന്ന അവരവരിലൂടെയുള്ള നട പ്പിൽ നിന്ന് സമൂഹത്തിലൂടെയുള്ള നടപ്പ് സാധ്യമാക്കണം എന്നാണ്. ആഗോ ളീകരണത്തിന്റെ പുതിയകാലഘട്ടത്തിൽ മേൽക്കൊടുത്ത ഉദ്ധരണിയുടെ പ്രാധാന്യം ഒന്നുകൂടി വർദ്ധിപ്പിക്കുന്നു. അവനവനിസം എന്നത് ഇന്ന് ഒരാല

ങ്കാരിക പ്രയോഗമായി എഴുത്തിലും പ്രസംഗത്തിലും കടന്നുവരുന്നുണ്ട്. അതൊരു ജീവിതയാഥാർത്ഥ്യ പ്രതിപാദനത്തിനുള്ള സാങ്കേതിക പദമായി വേരുറച്ചിട്ടുണ്ട്. ഉപഭോഗപരതയുടെ നിശ്ചലകാലത്തിൽ ഒരു തലമുറയെ കെട്ടിയിടുന്ന സാംസ്കാരികാനുഭവത്തെ വിശദീകരിക്കാൻ ഈ പ്രയോഗത്തിന് സാധിക്കുന്നുണ്ട്. പരിഷ്കൃതബുദ്ധിയ്ക്ക് ഒക്കാത്തതാണെന്നു മനസ്സിലാക്കി നാമതിനെ തിരുത്തേണ്ടതുണ്ടെന്ന് മനസ്സിലാക്കുന്നിടത്താണ് സരസ്വതീവിജയത്തിലെ കാലപരാമർശം അതിന്റെ സാർവ്വകാലികമായ വിമോചക ദൗത്യം പൂർത്തീകരിക്കുന്നത്. കൃതി കാലത്തെ അതിജീവിക്കുന്നതും ഈ പ്രകരണത്തിൽ തന്നെ.

ആഗ്നേയത്തിലെ പരാമർശം കാണുക:- "താളുകൾ മറിച്ചിട്ട കാലഗ്രന്ഥം എന്റെ മുമ്പിൽ തുറന്നുകിടക്കുന്നു. താളുകൾ കാണെക്കാണെ മറിയുന്നു. മറിഞ്ഞുകൊണ്ടേയിരിക്കുന്നു. അവയ്ക്കിടയിലെ ഒരു ചതഞ്ഞ പ്രാണിയായി, വിളക്കുപാറ്റയായി ഞാനവശേഷിക്കുന്നു.[34] കാലത്തിന്റെ മറിച്ചിലിൽ ചതഞ്ഞുപോകാതിരിക്കുന്നേടത്താണ് ജീവിതവിജയം. അതിന് ജീവിതത്തെ സനിഷ്ക്കർഷം സ്വപ്രത്യയസ്ഥൈര്യത്തോടെ വിശകലനം ചെയ്യേണ്ടതുണ്ട്. വിവേകവും വിവേചനശീലവുമാണ് ഈ സ്ഥൈര്യത്തിന് അടിസ്ഥാനം. ഉപഭോഗപരതയുടെ അഗ്നിനാളം മായാമോഹിതമായ അവസ്ഥയിലേക്ക് ആനയിക്കുന്നതിനായി നമുക്കുചുറ്റുമുണ്ട്. പ്രഭാപ്രസരങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ അടിത്തറ എന്തെന്ന് ഗ്രഹിക്കുന്നിടത്താണ് നാം വിവേകിയായി മാറുന്നത്. ദീപനാളമാകുന്ന മോഹവലയത്തിൽപെട്ട് ചിറകുകൾ നഷ്ടമായ ജടായുവിനെപ്പോലെ പിടയുന്നതാകരുത് മനുഷ്യജന്മമെന്ന തിരിച്ചറിവ് നമ്മുടെ ഓരോ പ്രഭാതത്തേയും ഉത്തേജിതമാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം മനുഷ്യന് അവന്റെ ഭൂലോകസാന്നിധ്യത്തെ, അസ്തിത്വത്തെ വിളംബരം ചെയ്യാൻ സാധിക്കു

കയില്ല. ഒരർത്ഥത്തിൽ ഈ തിരിച്ചറിവ് കൈവന്നതുകൊണ്ടാണ് ദേവവീബഹനും പാപ്തിക്കുട്ടിയും അനശ്വരരായിത്തീരുന്നത്.

കാലം പരിണാമത്തിനൊരുങ്ങുമ്പോൾ കാര്യകാരണങ്ങൾ ഒന്നിക്കുന്നു. അവതാര കർമ്മനിർവ്വഹണത്തിന് ലോകം സ്വയമേവ രൂപം പകരുന്നു. വിഷ്ണു രാമനായാൽ അനന്തൻ ലക്ഷ്മണനാകും, ശ്രീകൃഷ്ണനൊരു ബലരാമൻ വഴിയൊരുക്കും. കംസൻ കൃഷ്ണന്റെ കാലത്തെ ഉയിർക്കൊള്ളും.'[35] കാലത്തെ സംബന്ധിച്ച ഭാരതീയ ചിന്തയുടെ സാകല്യതയെ അതിന്റെ പൂർണ്ണാർത്ഥത്തിൽ മാടമ്പുകുഞ്ഞുക്കുട്ടൻ സ്വാംശീകരിക്കുന്നതായി കരുതേണ്ടിയിരിക്കുന്നു. സൃഷ്ടി, സ്ഥിതി, സംഹാരാത്മകമായ കാലത്തിന്റെ ദിഗ്വിജയത്തെയാണ് മാടമ്പ് ഇവിടെ ആവർത്തന വിരസതയില്ലാതെ ക്രോഡീകരിക്കുന്നത്. കാലം പലരൂപത്തിൽ പ്രത്യക്ഷപ്പെടാം. പഞ്ചഭൂതങ്ങളുടെ രൂപത്തിലും അവയുടെ ബലത്തിൽ നിലനിൽക്കുന്ന ജീവകണങ്ങളുടെ രൂപത്തിലും. അരൂപവും അവ്യാഖ്യേയവുമായ മറ്റ് പലതിന്റെ രൂപത്തിലും പ്രത്യക്ഷപ്പെടാം. ഈ പ്രത്യക്ഷീകരണത്തെയും അതിന്റെ അവസ്ഥാന്തരങ്ങളുടെ ഭേദപ്രഭേദങ്ങളെയും ഉൾക്കൊള്ളുന്നിടത്താണ് നൈമിഷികവും നശ്വരവുമായ ജീവിതത്തെ കാലാതീതവും അനശ്വരവുമാക്കി മാറ്റുവാൻ സാധിക്കുന്നത്. ദേവീബഹനും പാപ്തിക്കുട്ടിയും കാലമുള്ളിടത്തോളം കാലത്തിൽ തുടരും. ആ നൈരന്തര്യത്തിന്റെ സാക്ഷിയായി തൽക്കർത്താക്കളും മലയാള സാഹിത്യത്തെ ധന്യമാക്കിക്കൊണ്ടേയിരിക്കും. ഈ ധന്യതയെക്കുറിച്ചുള്ള തിരിച്ചറിവാണ് ഈ പ്രബന്ധത്തിലെ വിശകലന പാഠങ്ങളെ സാർത്ഥകമാക്കുന്നതെന്നു കരുതുന്നതിൽ യുക്തിയുണ്ട്.

'അപ്ഫന്റെ മകളി'ലെ മറ്റൊരു പരാമർശത്തിന്റെ യുക്തികൂടി പരിശോധിക്കാം. "ഈ പ്രപഞ്ചത്തിന്റെ സുസ്ഥിതിക്ക് അത്യന്താപേക്ഷിതമായി

വരുന്ന ചില വിശുദ്ധ സന്ദർഭങ്ങളിൽ കാൽച്ചങ്ങലക്കെട്ട് താനേയഴിയും. കനത്ത കാരാഗൃഹകവാടവും ഗോപുരവാതിലും താനേ തുറക്കപ്പെടും. ജാഗരൂകമായ കാവൽക്കാർ താനേ ഉറങ്ങിപ്പോകും.[36]" തോട് പൊട്ടിച്ച് സ്വയം പുറത്തുവരാനുള്ള കാലത്തിന്റെ അപ്രതിരോധ്യമായ ശേഷിയാണ് ഈ വാക്യങ്ങളുടെ വ്യംഗ്യം. ജലവും വായുവും അതിന്റെ സർവ്വതിനേയും ഭേദിക്കുവാനുള്ള കരുത്ത് പ്രത്യക്ഷമാക്കുന്നതിന് നമ്മുടെ അനുഭവം സാക്ഷിയാണ്. അദൃശ്യമെന്ന് കരുതുന്ന കാലം പല രൂപഭാവങ്ങളിൽ ഈ ശക്തി പ്രകൃതിയ്ക്ക് അനുഭവവേദ്യമാക്കുന്നു. അപ്ഫന്റെ മകളിൽ നിന്ന് മുകളിലുദ്ധരിച്ച വരികളിൽ അവതാരത്തിന്റെ സൂചനകളുണ്ട്. ധർമ്മത്തിന് ഗ്ലാനി സംഭവിക്കുമ്പോൾ ഞാൻ ഉത്ഥാനം ചെയ്യുമെന്ന് പറഞ്ഞ ഗീതാവാക്യത്തെ അനുസ്മരിപ്പിക്കുന്നുണ്ടിത്. കന്മഷപൂർണ്ണമായ ഒരു കാലത്തെ ഉദ്ധരിച്ച് നിഷ്കന്മഷവും ജീവിതോപയോഗിയുമാക്കി മാറ്റേണ്ടതുണ്ട്. അതിന് കാലത്തിനൊപ്പം നടക്കുന്ന സർഗ്ഗാത്മകതയ്ക്ക് സാധിക്കുകയില്ല. കാലത്തിൽ നിന്ന് പുറകോട്ടും മുന്നോട്ടുംവരെ വിവരിക്കുന്ന അപൂർവ്വയാനം എഴുത്തുകാരൻ വശമാക്കണം. ഈ അപൂർവ്വത ഇവിടെ പഠനവിധേയമാക്കിയിട്ടുള്ള കൃതികൾക്കുണ്ട്. കൃതികളുടെ കർത്താക്കൾക്കുണ്ട്. സരസ്വതീവിജയത്തിൽ നിന്നുമാത്രമായി ഏതാനും സന്ദർഭങ്ങൾ താഴെ ഉദ്ധരിക്കാം.

അ. നീ പറഞ്ഞതു ശരിതന്നെ. കാലപ്പകർച്ചതന്നെ. വേദശാസ്ത്രങ്ങളിൽ വിധിച്ചവണ്ണം തേവാരം മുതലായവ ചെയ്തു. നാട്ടുനടപ്പുപ്രകാരം തീണ്ടൽ മുതലായ കാര്യങ്ങളിൽ അശേഷം പിഴവരാതെ നടന്നുപോരുന്ന എന്റെ കണ്ണിന് പുണ്യമുണ്ടായില്ലല്ലോ. (പുറം 31)

ആ. രാജാവ് ഈ മ്ലേച്ഛനാകകൊണ്ടാണ് നമുക്കൊക്കെ വിഷമം. അവന് ബ്രാഹ്മണനെന്നോ ചണ്ഡാലനെന്നോ വ്യത്യാസമില്ല. കുറ്റം ചെയ്ത

വൻ ഏതു ജാതിക്കാരനായാലും ശിക്ഷ ഒരുപോലെത്തന്നെയാണ്. പണ്ട ത്തെക്കാലം എത്രനല്ല കാലമായിരുന്നു!. (പുറം 43)

ഇ. കാലവും അവസ്ഥയും മാറി. ഏതു ജാതിയ്ക്കും പഠിക്കാം. പഠിക്കുന്ന വർ പല ദിക്കിലുമുണ്ട്. (പുറം 88)

വർത്തമാനകാലത്തിൽ പരിതപിച്ച് ഭൂതത്തിലേക്കും ഭാവിയിലേ ക്കുമുള്ള അനായാസ ഗതിയെ അടയാളപ്പെടുത്തുന്ന ഈ സർഗ്ഗാത്മക മനസ്സ് മറ്റ് നോവലുകളേയും കരുത്തുറ്റതാക്കി മാറ്റുന്നുണ്ട്. കാലം കണ്ടത് തടുക്കാൻ ആർക്കാവും?[37] എന്ന് ഭ്രഷ്ടിന്റെ ആദ്യഭാഗത്ത് മാടമ്പ് ഇതേ വസ്തുത ചോദ്യ രൂപത്തിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ജഡമാകുന്ന ജീവിതത്തെ പിൻതള്ളി തലയ്ക്കുമീതെ കുതിക്കുന്ന കാലത്തെ എത്തിപ്പിടിക്കുവാൻ മാടമ്പ് ഭ്രഷ്ടിലൂടെ ആഹ്വാനം ചെയ്യുന്നുണ്ട്. വക്താവിലേക്ക് മടങ്ങുന്ന വാക്ക് വാക്കല്ലെന്നും മാറ്റൊലി സൃഷ്ടിക്കുന്നതിനുമാത്രമേ അവയ്ക്ക് സാധിക്കുകയുള്ളൂവെന്നും പറ യാം. പഠനവിധേയമാക്കുന്ന അഞ്ച് നോവലുകളുടേയും ആഖ്യാനപരിസരം മാറ്റൊലിയുടേതല്ല. മറിച്ച് പുനരുജ്ജീവനത്തിന്റേതാണ്. ഇരുളടഞ്ഞ സാമൂഹ്യ വ്യവസ്ഥിതിക്ക് കാരണമായ ഘടകങ്ങളെ സാമൂഹിക ഭദ്രതയ്ക്ക് നന്മയുടെ കിരണങ്ങൾ പകർന്നുനൽകുകയാണിവർ ചെയ്തിട്ടുള്ളത്. വാക്ക് പലരിൽ പല തായി ജീവിക്കുന്നതാണ്. ലോകം ഭിന്നരുചിയുടേതാണ്. ഈ ബോധം അഞ്ച് എഴുത്തുകാർക്കും ഉണ്ടായിരുന്നു. എഴുത്തുകാരന്റെ പ്രതിഭ ഉദ്ഭാവനം ചെയ്ത ലോകക്രമം വായനക്കാരന്റെ മനോമുകുരത്തിൽ പ്രതീതമാക്കി കാലത്തേയും ജീവിതത്തേയും പരിവർത്തനവിധേയമാക്കി എന്നിടത്താണ് ഇവരുടെ വിജയം. മനുഷ്യരുടെ ആത്മരൂപീകരണം ഉപരിഘടനയെ സംബന്ധിക്കുന്നതാണെങ്കിലും സാമ്പത്തികാടിത്തറയിൽ നിർണ്ണയിക്കപ്പെടുന്നതാണെന്ന് ഇവരെല്ലാം വിശ്വസി

ക്കുന്നു. അങ്ങനെ സംസ്കാരത്തിന്റെ സാമ്പത്തികാടിസ്ഥാനം തേടുക എന്ന എക്കാലത്തേയും എഴുത്തിന്റേയും എഴുത്തുകാരന്റേയും ധർമ്മം ഈ കൃതികൾ നിറവേറ്റുന്നു. ഭാഷകൊണ്ട് ഭാവിയെ എങ്ങനെ പടുത്തുയർത്താം എന്ന ഉത്കൃഷ്ടമായ വിചാരത്തിന്റെ മൂർത്ത ചിഹ്നങ്ങളായി ഈ അഞ്ചുകൃതികളും മലയാളി വായനക്കാരനെ ജീവിതത്തിന്റെ ചടുലതകളിലേക്ക് നയിച്ചുകൊണ്ടേയിരിക്കും.

മനുഷ്യന്റെ അനുഭവങ്ങളുടെ മൗലിക ഘടകമാണ് കാലം[38] കാലബോധവും സ്ഥലബോധവും പരസ്പര പൂരകങ്ങളാണ്. പ്രാദേശികചുറ്റുപാടുകളാണ് ഈ ബോധത്തെ ബലപ്പെടുത്തുന്നത്. ഓരോ വർഷവും പരിണാമവ്യഗ്രതയോടെ പ്രത്യക്ഷമാകുന്ന കാലഭേദങ്ങൾ കാലപ്രവാഹത്തെക്കുറിച്ച് ശക്തമായ ബോധം അനുവാചകനിൽ ഉണ്ടാക്കുന്നു. ദേശാന്തരങ്ങളിൽ സഞ്ചരിച്ച് തീർത്ഥങ്ങളാടിയ ദേവീബഹന്റെ ജീവിതം കാലപരിണാമത്തിന്റെ പ്രഭേദങ്ങളെയല്ലാതെ മറ്റെന്താണ് വിളിച്ചറിയിക്കുന്നത്. കാലം മനുഷ്യജീവിതത്തിൽ നിന്നും വ്യത്യസ്തമായ ഒരു ശക്തിയാണെന്നുകരുതുന്നതിൽ യുക്തിയുണ്ടെന്നുതോന്നുന്നില്ല. കാലപരിണാമവും മനുഷ്യജീവിതവും ഏതോ അദൃശ്യമായ ചരടുകളാൽ ബന്ധിതമാണ്. കാലത്തെക്കുറിച്ചുള്ള പൊതുബോധനത്തിന്നപ്പുറത്തേക്ക് വായനക്കാരന് സംക്രമിപ്പിക്കുവാനുള്ള കഴിവാണ് ഏതൊരു എഴുത്തുകാരന്റെയും മഹിമയ്ക്ക് നിദാനം. അഗ്നിസാക്ഷിയിലെ ഒരു ഉദാഹരണം കൊണ്ടിത് സ്ഥാപിക്കാം.

“ആനപ്പന്തലിന്റെ നടുവിൽ ഒരു നിലവിളക്കു കത്തിച്ചുവെച്ചിരിക്കുന്നു. ചുറ്റുപാടും ഗ്രാമീണരായ കുറെ കുട്ടികളും വൃദ്ധന്മാരും. നിലവിളക്കിന്നുമുമ്പിൽ ചമ്രം പടിഞ്ഞിരുന്ന് ഉണ്ണ്യേട്ടൻ ഭാഗവതം വായിക്കുന്നു. അദ്ദേഹം വളരെ മെലിഞ്ഞിട്ടുണ്ട്. കുടുമ നരച്ചിട്ടുണ്ട്. കണ്ണുകൾ കുഴിഞ്ഞിരുന്നു. പക്ഷേ

അത്ഭുതകരമാംവിധം, പ്രസന്നനും തേജസ്വിയുമായിരിക്കുന്നു. തന്റെ ഉണ്ണ്യേട്ടൻ ബ്രഹ്മത്തിൽ ലയിച്ചു ബ്രഹ്മത്തിൽത്തന്നെ ജീവിക്കുന്ന യോഗിയെപ്പോലെ! ശ്രീ. ശുകബ്രഹ്മർഷിയുടെ വചനധാര അദ്ദേഹത്തിന്റെ സ്നിഗ്ദ്ധവും മനോഹരവുമായ സ്വരത്തിൽ പ്രതിധ്വനിച്ചു:

"അഹോ ഭാഗ്യമഹോ ഭാഗ്യം, നന്ദഗോപവ്രജൗകസാം
യന്മിത്രം പരമാനന്ദം പൂർണ്ണബ്രഹ്മസനാതനം"

"അമ്പാടിയിലെ ജനങ്ങളുടെ ഭാഗ്യം ആശ്ചര്യം തന്നെ. അവരുടെ മിത്രമായിരിക്കുന്നതു - പൂർണ്ണ ബ്രഹ്മം - ഭഗവാൻതന്നെ ആണല്ലോ."

ചിരന്തനമായ ഭക്ത്യുന്മാദത്തിന്റെ ലഹരിയേറ്റ് ഉണ്ണ്യേട്ടന്റെ തൊണ്ട വിറച്ചിരുന്നു. കണ്ണുകൾ നിറഞ്ഞ് ഒഴുകി. കേൾവിക്കാരും കണ്ണുതുടച്ചിരുന്നു. സാക്ഷാൽ ചെങ്ങനാട്ടപ്പൻപോലും ഹർഷാശ്രു പൊഴിച്ചുകേട്ടിരിക്കയാണെന്നുതോന്നും. നോക്കിനോക്കിനില്ക്കവേ തന്റെ കണ്ണും കരളും നിറഞ്ഞുപോവുന്നു. ഗദ്ഗദം അടക്കി വിളിച്ചു: "ഉണ്ണ്യേട്ടാ!"

അദ്ദേഹം തലതിരിച്ചു നോക്കി. ഒറ്റനോട്ടത്തിൽ ആളെ പിടികിട്ടിയില്ല എന്നുതോന്നുന്നു. പ്രായത്തിന്റെയും കാലത്തിന്റെയും എത്ര വലിയ ഒഴുക്കാണ് തങ്ങൾക്കിടയിലൂടെ കടന്നുപോയിട്ടുള്ളത്. പതിനാറ് വയസ്സിൽ പിരിഞ്ഞുപോയ കൊച്ചനുജത്തി അറുപത്തിയഞ്ചിൽ മടങ്ങിവന്നു തന്റെ മകന്റെ മകളുടെ കൈയും പിടിച്ചുകൊണ്ട്, 'ഉണ്ണ്യേട്ടാ' എന്നുവിളിച്ചാൽ ഓർക്കാൻ പ്രയാസമുണ്ട്. ഇല്ലേ, ഉണ്ണ്യേട്ടാ?

ഓ.... ആ കണ്ണുകൾ അതാ വികസിക്കുന്നു. ചുണ്ടുകൾ വിരിയുന്നു, കവിൾത്തടം തുടിക്കുന്നു. ലോകത്തു സന്തോഷം എന്നുപറയാവുന്നത് എന്താണെങ്കിൽ അതിന്റെ പരമാവധിയോടെ ഉണ്ണ്യേട്ടൻ പിടഞ്ഞെണീറ്റു തന്റെ

അരികിൽ വന്നു: "അല്ലാ, തങ്കമാണോ ഇത്! തങ്കം വന്നുവോ? എന്റെ കൊച്ചനുജത്തി! തങ്കം എന്നെ മറന്നില്ല!" അദ്ദേഹം തന്നെ ഗാഢമായി ആശ്ലേഷിച്ചു മൂർദ്ധാവിൽ മുകർന്നുനിന്നു. കാലം അതിന്റെ അച്ചുതണ്ടിൽനിന്ന് അമ്പതുവർഷത്തേയ്ക്ക് പിന്നോട്ടു മാറിപ്പോയി.[39]

കാലബോധത്തിന്റെ അടിത്തറയിൽ നിന്നാണ് കലയും സാഹിത്യവും ഉണ്ടാകുന്നതെന്ന കൃത്യമായ കാലാവബോധവും സർഗ്ഗാത്മകവീര്യവും ലളിതാംബിക അന്തർജ്ജനത്തിനുണ്ടായിരുന്നു. ഈ ചിന്താ സമന്വയമാണ് അന്തർജ്ജനത്തിന്റെ കലാദർശനത്തെ അന്തർദർശ്ശനമാക്കി മാറ്റുന്നത്. കാലത്തെ നിമിഷങ്ങളുടെ അളവായിട്ടല്ല മറിച്ച് അനുഭവമായിട്ടാണ് അഗ്നിസാക്ഷിയുടെ കർത്താവ് കണ്ടത്. ഇത് തികച്ചും പുതുമയേറിയതും കാലാതിവർത്തിയുമായ ദർശനമായി പരിഗണിക്കേണ്ടിയിരിക്കുന്നു.

ഭാഷയുടെ ശരീരം സ്ഥലവും ആത്മാവ് കാലവുമാണെന്ന് കാലത്തെക്കുറിച്ച് പഠിക്കാൻ ശ്രമിച്ചവർ പറയുന്നു. കനകശേഖരയില്ലത്ത് കുബേരൻ നമ്പൂതിരിയുടെ കഥപറയുന്ന പോത്തേരികുഞ്ഞമ്പു കാലത്തേയും സ്ഥലത്തേയും സംബന്ധിച്ചുള്ള ഈ വിചാരത്തെയാണ് സ്ഥാപിക്കുന്നത്. ജീവൻ ചലനമാണെന്നുള്ളത് പ്രഖ്യാതമായുള്ള ഒരു നിരീക്ഷണമാണ്. കാലവും ജീവനും ചലനാത്മകമാകുന്നതുപോലെ ഇവയുടെ സംപൃക്തതയിൽ നിന്ന് ജന്മംകൊള്ളുന്ന സാഹിത്യവും ചലനമാണ്. ചലനത്തിൽ നിന്ന് ശബ്ദം ജനിക്കുന്നു. ചലനത്തിലൂടെ മുന്നോട്ടുള്ള പ്രയാണം സാധ്യമാക്കുന്നു. പിറകോട്ടുള്ള ഗതി കാലത്തിനു സാധ്യമല്ലാത്തതുപോലെ കാലത്തെ കൈകാര്യം ചെയ്യുന്ന സാഹിത്യവും ഭാവിയെ സംബന്ധിച്ച ഉത്കൃഷ്ടവിചാരങ്ങളുടെ ആദ്യത്തേതും അവസാനത്തേതുമായ അടയാളമാകുന്നു. കാലത്തിൽ ഋതുക്കൾ

ആവർത്തിക്കപ്പെടുമ്പോൾ പ്രകൃതി ചർവ്വണയുടെ സാംഗത്യത്തിലാണ് അടിവരയിടുന്നത്. കലയും സാഹിത്യവും അനുഭവൈകവേദ്യമാകുന്നത് ചർവ്വണത്തിലൂടെയാണ്. അഗ്നിസാക്ഷിയും സരസ്വതീ വിജയവും ആഗ്നേയവും അഫ്ഫന്റെ മകളും ഭ്രഷ്ടും ചർവ്വണയിലൂടെ കാലാതിവർത്തിയായി മാറിയ കൃതികളാണ്. ഇവയെക്കുറിച്ചുള്ള പഠനം കാലികമാകുന്നതും മറ്റൊന്നുംകൊണ്ടല്ല.

"ഭവിഷ്യത് ഫലത്തെപ്പറ്റി യാതൊരാലോചനയും കൂടാതെ മനുഷ്യന്മാർ ചെയ്യുന്ന പാപങ്ങളിൽ ഇന്നിന്ന കാലത്തുചെയ്ത ഇന്നിന്നതിനു ദൈവം കൊടുക്കുന്ന ശിക്ഷ ഇന്നിന്നതാണെന്നു കൃത്യമായി പറവാൻ മനുഷ്യന്നു സാധിക്കുമായിരുന്നെങ്കിൽ തങ്ങൾ അനുഭവിക്കുന്ന സങ്കടം തങ്ങൾ ചെയ്ത കുറ്റത്തിന്നുതന്നെയോ, തന്നെയാണെങ്കിൽ, തങ്ങളുടെ ഏതേതു ക്രിയയാണ് കുറ്റം, അതിൽ ഏതേതിന്നാണ് വർത്തമാനകാലത്ത് അനുഭവിക്കുന്ന സങ്കടം ശിക്ഷയായിരിക്കുന്നത് എന്നും മറ്റും ക്ഷണേന അറിയാമായിരുന്നു. അങ്ങനെയുള്ള അറിവ് സാധാരണയായി മനുഷ്യന്നു കൊടുക്കുന്നത് ആവശ്യമാണെന്നു ദൈവം വിചാരിച്ചിട്ടില്ലെന്നു തോന്നുന്നു. ഏതുവിധ പാപവും ദൈവത്തിന്റെ നിയമങ്ങൾക്കുവിരുദ്ധമാണെന്നും പാപങ്ങളുടെ ലഘുഗുരുത്വം ആലോചിക്കാതെ സകല പാപകൃത്യങ്ങളെയും ഒഴിവാക്കേണ്ടതാണെന്നും ഉള്ള വിചാരം മനുഷ്യന്ന് ഉണ്ടാക്കാൻ ഇതു നല്ല സൂത്രം തന്നെയാണ്. എന്നുമാത്രമല്ല, മേലാൽ വരുന്ന കാര്യം മുൻകൂട്ടി അറിവാൻ മനുഷ്യർ വളരെക്കാലം മുമ്പെ തുടങ്ങി അനേകയത്നങ്ങൾ ചെയ്കയും ആശ്ചര്യയോഗ്യമായ ജ്യോതിശ്ശാസ്ത്രം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ആ ശാസ്ത്രവും അന്യൂനമായിട്ടുള്ളതല്ലാത്ത സ്ഥിതിയിൽമാത്രം ഇരിക്കുന്നതു മനുഷ്യന്റെ സുഖത്തിനും ഐശ്വര്യവർദ്ധനവിന്നും അത്യാവശ്യമായിട്ടുള്ളതുമാണെന്നു ഞാൻ വിചാരിക്കുന്നു.

വരാൻപോകുന്ന കാര്യത്തെപ്പറ്റിയുള്ള അനിശ്ചയം എത്ര സുഖപ്രദമാണ്! ലൗകിക വിഷയത്തിൽ ഏറ്റവും സന്തോഷകരമായ വിവാഹസമയത്ത് ആ വിവാഹകക്ഷികൾ രണ്ടാൾക്കുമോ രണ്ടിൽ ഒരാൾക്കോ ആ വിവാഹസംബന്ധമായി മേലാൽവരുന്ന സകലകാര്യങ്ങളും സ്ഥലം, കാലം, മാതിരി, വലിപ്പം ഇതുകളുടെ വ്യക്തതയോടുകൂടി ഒരു പടത്തിൽ വരച്ചുകാണുമ്പോലെ ഒരു കണ്ണിൽ കാണാൻ കഴിയുമെങ്കിൽ അത് എത്ര സങ്കടമായിട്ടുള്ളതും അനുഭവയോഗ്യമായിട്ടുള്ള എത്ര ഐഹികസുഖം അനുഭവിക്കാനിടവരാതെ എത്രപേർ എന്നെന്നും മഹാകഷ്ടത്തിൽ ഇരിക്കാൻ എടവരുന്നതുമാണ്! ചുരുങ്ങിയ നിശ്ചയശക്തി തന്നെ എത്ര സങ്കടത്തിൽ മനുഷ്യനെ വലിച്ചിടുന്നു? തൂക്കിക്കൊല്ലുവാൻ വിധിക്കപ്പെട്ട ഒരു തടവുകാരന്റെ സ്ഥിതി എന്താണ്? വരാൻ പോകുന്ന ആപത്തിനെ തടുക്കാൻ ശക്തി മനുഷ്യനുണ്ടെങ്കിൽ ആ വിവരം മുൻകൂട്ടി അറിഞ്ഞാൽ നല്ലതുതന്നെ. ആ ശക്തിയില്ലാത്ത അവസ്ഥയ്ക്ക് ആപത്തിന്റെ വിവരം മുൻകൂട്ടി അറിയാതെ ഇരിക്കുന്നതല്ലേ നല്ലത്? അതുകൊണ്ട് ഭവിഷ്യത്കാര്യത്തെപ്പറ്റിയുള്ള അറിവ് ഇല്ലാതെ ഇരിക്കുന്നതുതന്നെയാണ് മനുഷ്യന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്കുനല്ലത്.[40]

കഥയുടെ അസ്തിത്വത്തിന് കാരണമായ കാലസങ്കല്പത്തിൽ നോവൽ നെയ്തെടുക്കാൻ ശ്രമിച്ചതാണ് ഈ ഉദ്ധരണിയെ പ്രസക്തമാക്കുന്നത്. മനുഷ്യൻ സദാ മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. അതുതന്നെയാണ് കാലവും സൂചിപ്പിക്കുന്നത്. മാറ്റത്തിന്റെ പ്രേരണയല്ല കാലധർമ്മം. മാറ്റം തന്നെയാണ് കാലം. നമ്പൂതിരി സ്ത്രീ ജീവിതത്തിന്റെ ഇരുൾനിറഞ്ഞ അകത്തളങ്ങളിലിരുന്ന് മനുഷ്യാവസ്ഥയെ കാലവുമായി ബന്ധപ്പെടുത്തി രേഖപ്പെടുത്തുവാനുള്ള പോത്തേരികുഞ്ഞമ്പുവിന്റെ ആഖ്യാനചാതുരി മലയാളത്തിൽ

വേണ്ടവിധം അപഗ്രഥിതമായിട്ടില്ല. നമ്മുടെ നിരൂപകർ എന്തുകൊണ്ടോ കാല പരിണാമത്തിനും ജീവിതപരിണാമത്തിനും കാരണക്കാരായ ഒറ്റപ്പെട്ട എഴുത്തു കാരേയും കൃതികളേയും അവഗണിക്കുന്നതിൽ വിനോദിച്ചവരായിരുന്നു. മനു ഷ്യന്റെ അവസ്ഥയുമായി എന്തൊക്കെ ബന്ധപ്പെട്ടിരിക്കുന്നുവോ അതെല്ലാം കാലവുമായി അഭേദ്യബന്ധം പുലർത്തുന്നുവെന്ന ലളിതമായ സത്യം അന്യമാ യതാവണം ഇതിനുകാരണം.

ആഖ്യാനത്തിന്റെ കാലികത കാലത്തിന്റെ ആഖ്യാനത്തിലും കാല സംബന്ധിയായ ആഖ്യാനത്തിലുമാണ് പ്രത്യക്ഷമാകുന്നത്. ജീവിതാനുഭവങ്ങൾ കാലവുമായി ഇഴപിണഞ്ഞ് കിടക്കുന്നതെങ്ങനെയെന്ന് ഇതിലേക്കായി മനസ്സി ലാക്കേണ്ടതുണ്ട്. ജീവിതാനുഭവങ്ങളുടെ ശൃംഖലയായ ആഖ്യാനത്തിന്റെ സ്വഭാവം കാലികമായ ശൃംഖലാ നിർമ്മിതിയിലൂടെ ആവിഷ്ക്കരിക്കപ്പെടുമ്പോൾ കാലമെന്ന സങ്കല്പത്തിനും അനുവാചകന്റെ മനസ്സിൽ മാറ്റമുണ്ടാകും. ആഖ്യാ നപഠനങ്ങളുടെ വെളിച്ചത്തിൽ കാലത്തിന്റെ കഥകളേയും കാലസംബന്ധിയായ കഥകളേയും പഠനവിധേയമാക്കാൻ കഴിയും. ഇത്തരുണത്തിലുള്ള അപഗ്രഥന ത്തിന് മലയാളത്തിൽ എക്കാലത്തും മുന്നോട്ടുവയ്ക്കാവുന്ന കൃതിയാണ് ഭ്രഷ്ട്. ഈ നോവൽ പൂർണ്ണമായും മേൽപറഞ്ഞ യാഥാർത്ഥ്യത്തെ സ്ഥാപിക്കുന്നുണ്ട്. ഓരോ അദ്ധ്യായങ്ങളിലേയും കഥാസന്ദർഭങ്ങൾ ഇതിലേക്ക് ഉപോദ്ബലകമായി ചൂണ്ടിക്കാട്ടാം.

"രമണിക്കുട്ടിത്തമ്പുരാന് നാളിതുവരെ ഭർത്താവിനോടുണ്ടായി രുന്ന വികാരമെന്തോ അതല്ല ഇപ്പോൾ. ജന്മജന്മാന്തരങ്ങളുടെ മൂടുപടമഴിഞ്ഞു വീണു. അവിടെ ഉണ്ണിക്കൃഷ്ണന്റെ ചോരിവാ തുറന്നുകണ്ട അത്ഭുതങ്ങൾ, ഏതോ ഒരു വിദൂരപൂർവ്വജന്മത്തിൽ അഗ്നിയുടെ ചുറ്റും വലംവയ്ക്കുന്നു. കൈക്കുടന്ന

യിലെ വെളുത്ത മലര് ഹോമാഗ്നിയിൽ പൊരിയുന്നു. വൈശ്വാനരൻ ഉടലെടുത്താശീർവദിക്കുന്നു.

എപ്പഴാ ഇതൊക്കെ ശര്യായി അങ്ങട് വരാറാവാച്ചാൽ വരാം. എനിക്കിഷ്ടാണ്. എനിക്കാരേം നോവിക്കണംന്നില്യ. പക്ഷേ.... പക്ഷേ.... ശ്ശി പെൺകിടാങ്ങളുടെ കണ്ണീരു നാലുകെട്ടുകളെ ഈറനാക്കീട്ടുണ്ട്. അവടെ, അവടെ എത്ര ശര്യാ, കുട്ട്യോയ്ക്കൻ പറഞ്ഞു. അവടാണ് നമ്മുടെ യാഗശാല. ബലി കാത്തു സ്തൂപം ഉയർന്നുകഴിഞ്ഞു. ഹോമാഗ്നി തെളിഞ്ഞുകത്തുന്നു... എനി... എനി... ഞാൻ പോട്ടെ.

പതുക്കെ തുടുത്ത മുഖം ഒന്നുകൂടി തുടച്ചു തുടുപ്പിച്ച് കുഞ്ഞനിയൻ തളത്തിൽനിന്നിറങ്ങി. തിരിഞ്ഞു നോക്കാതെ തേവാരക്കെട്ടിൽ ചെന്നു. നിത്യവെള്ള അഴിച്ചിട്ടു. തന്റെ ഒരു മുണ്ടുള്ളത് എടുത്തുചുറ്റി. മുഷിഞ്ഞിരിക്കുന്നു. സാരമില്ല... തല നിവർത്തിപ്പിടിച്ചു നടന്നു.

രമണിക്കുട്ടിത്തമ്പുരാൻ എത്രനേരം തളത്തിലെ ചുമരുംചാരി നിന്നു. ആവോ, അറിഞ്ഞില്ല. എന്തെങ്കിലും വിചാരിച്ചിരുന്നുവോ? അതുമറിയില്ല. കരഞ്ഞില്ല. തീർച്ച. കരയാൻ ശൂന്യമായ മനസ്സിനുകഴിഞ്ഞില്ല.

ഉച്ചയ്ക്കുണ്ട് നിത്യവൃത്തിയിൽ മുഴുകിയ മകളെ കണ്ടപ്പോൾ ചിന്നമ്മുത്തമ്പുരാന്റെ പരിഭ്രമം തീർന്നു. ഇനി സാരമില്ല...

ഒരുണ്ണിനമ്പൂരീടെ ധാർഷ്ട്യം... ഇതൊക്കെ പറ്റിച്ചതു വടക്കുന്ന് വന്ന രണ്ട് നമ്പൂതിരിക്കുട്ടികളാണ്. തമ്പുരാന്റെ അണപ്പല്ലുഞെരിഞ്ഞു.

തങ്ങളുടെ വിചാരങ്ങൾ പരത്താൻ കുട്ട്യോയ്ക്കനും ഉണക്കം ബാധിച്ച ആ ഉണ്ണിനമ്പൂരിയും തീർത്ഥയാത്ര തുടർന്നു.

നാലുകെട്ടുകളിൽനിന്നകന്ന് ഇല്ലപ്പറമ്പിലെ പൊന്തയും കാടും പേടിച്ച് ഓടിയൊളിച്ച മനുഷ്യത്വം തിരിഞ്ഞുനോക്കി. കനത്ത കട്ടിളപ്പടികടന്ന് സൂര്യപ്രകാശം ഒരിറ്റ് അകത്തുകടന്നതറിഞ്ഞ് അസൂര്യം പശ്യകളായ അന്തർജ്ജനങ്ങൾ ഓടിയൊളിച്ചു. പ്രകാശം കടന്ന പഴുതടയ്ക്കാൻ വൈദികത്വം കിഴിച്ചു തറ്റുടുത്ത നമ്പൂരിമാർ പ്രാഞ്ചിക്കിതച്ചു പണിപ്പെട്ടു. അന്യോന്യം ഭർത്സിച്ചു. സ്വരക്കത്തിൽനിന്നൂറിയ അഗ്നിസ്ഫുലിംഗങ്ങളെ പാളവിശറിയെടുത്തു മറച്ചുപിടിച്ചു. പക്ഷെ, സൂര്യൻ പിന്നെയും ഉദിച്ചു."[41]

ഇതിവൃത്തവുമായി ബന്ധപ്പെട്ട സുപ്രധാന ഘടകമായ കഥാപാത്രാവിഷ്ക്കാരങ്ങളിലൂടെയാണ് മാടമ്പ് കുഞ്ഞിക്കുട്ടൻ കാലത്തിന്റേയും കാലസംബന്ധിയുമായ ആഖ്യാനം ഇവിടെ സാധിച്ചിരിക്കുന്നത്. കഥാപാത്രത്തെ ഇതിവൃത്തത്തിൽ നിന്നും വേർതിരിക്കുക വിഷമമാണ് 'ഭ്രഷ്ടി'ൽ. ആഖ്യാനങ്ങളിൽ ഇതിവൃത്തം ഒരു പ്രത്യേക സമൂഹത്തിന്റെ ജീവിതവുമായി ബന്ധപ്പെടുമ്പോഴാണ് അത് സാർവ്വകാലികമായി മാറുന്നത്. ജനസമൂഹത്തിൽ നിന്ന് രൂപപ്പെട്ടുവരുന്ന വികാരവിചാരങ്ങൾ അതിന്റെ ഏറ്റവും ചെറിയ കണികയായ വ്യക്തിയുടെ പ്രായോഗികജീവിതവുമായി ബന്ധപ്പെടുന്നതായിരിക്കണം. അവരിൽ നിന്ന് ആഖ്യാനങ്ങൾക്കായി സ്വീകരിക്കുന്ന കഥാപാത്രത്തിൽ വ്യക്തിയുടെ സ്വഭാവത്തിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന പ്രത്യേകതകളുണ്ടായിരിക്കണം.

താഴത്തു മൂസ്സിനു മകളുടെ ശാഠ്യത്തിനൊരു പരിഹാരം കാണണം. തിരണ്ടിരിക്കുന്ന പെൺകിടാങ്ങള് പഠിക്കരുത്. പുറത്തുകടക്കരുത്. അന്യപുരുഷരെ, ഗുരുവായാലും കാണരുത്. അപ്പോൾ ഇതുതന്നെ ധാരാളമായി. കഷ്ടിച്ച് മലയാളക്ഷരം, കുറച്ചു ഗണിതം അസാരം സംസ്കൃതം അതിലധികം അന്തർജ്ജനങ്ങൾക്ക് സ്വപ്നം കാണാനേ വയ്യ. എന്നിട്ട് താഴത്തെ മൂസ്സിന്റെ മകൾക്കു പഠിക്കണം.

ശാഠ്യം അല്ലാതെന്താ പറയാ?

''മൂസ്സൊരു കാര്യം ചെയ്യൂ. ഇബടെ ഗ്രന്ഥങ്ങളുണ്ട്. അത്ര ശാഠ്യാച്ചാ കൊണ്ടോവാ. നോക്കീട്ടു തന്നാമതി. മനസ്സിരുത്തണം. വല്ല സംശോണ്ടെങ്കില് ഓലേല് എഴുതിത്തരാം. നന്നെ ഞെരുക്കംണ്ട്. പക്ഷേ, വിദ്യ അർത്ഥിച്ച് ആരുവന്നാലും ചണ്ഡാലനായാലും മടക്കരുത്. മടക്ക്യാൽ ഇതിലും വല്ല്യേ പാപം ല്യ..... താഴത്തു മൂസ് ധരിച്ച്ണ്ടോ?" നമ്മളൊക്കെ ഓനിച്ച ആളുടെ ചാത്തം ഊട്ടും. എന്താ? അച്ഛനെപ്പോലെ ആണെന്നാ. ആദ്യം ശരീരം നൽകിയ പിതാവ്. പിന്നെ ആത്മജ്ഞാനമേകിയ ഗുരു. ആത്മീയപിതൃത്വം അദ്ദേഹത്തിന്. ധരിച്ച്ണ്ടോ? അപ്പൊ വിദ്യോണ്ട് ഉദ്ദേശിക്കണത് അങ്ങേ അറ്റം മോക്ഷാണ്. അതിനൊരു ജീവ്യേ അർഹനാക്കണേക്കാൾ വല്ല്യേ കർമ്മം ണ്ടോ?"[42] കഥാപാത്രം എപ്പോഴും സമൂഹത്തിൽ നിന്ന് കണ്ടെത്തുന്ന ഒരു വ്യക്തിത്വമായിരിക്കില്ല. പല വ്യക്തിത്വങ്ങളിലുള്ള ഗുണങ്ങളേയും ദോഷങ്ങളേയും സ്വഭാവത്തേയും പ്രത്യേകതകളേയും ഒന്നിലേക്കാവാഹിച്ച് സൃഷ്ടിക്കുന്ന സംയുക്തമായ ഉത്പന്നമായിരിക്കും അത്. കഥാപാത്രങ്ങളെ സമൂഹത്തിന്റെ ഭൂരിപക്ഷവും ഇഷ്ടപ്പെടുന്നതിന്റെയും സ്വീകരിക്കുന്നതിന്റേയും പിറകിലുള്ള തത്വം അതാണ്. പ്രതിജനഭിന്നരായ മനുഷ്യരിൽ എല്ലാ യോഗ്യതയും തികഞ്ഞ ഒരു വ്യക്തിയെ കണ്ടെത്തുക എളുപ്പമല്ല. അങ്ങനെയായിത്തീരാനുള്ള ആഗ്രഹവുമായിട്ടാണ് മിക്ക മനുഷ്യരും ഒരു പക്ഷെ ജീവിക്കുക. മനസ്സിൽ താലോലിക്കുന്ന യോഗ്യതകളെ ഒരു കഥാപാത്രത്തിൽ കണ്ടെത്തുവാൻ കഴിയുമ്പോൾ ആ കഥാപാത്രത്തിലൂടെ സാധാരണ മനുഷ്യമനസ്സ് വികാരവിരേചനത്തിന് വിധേയമാകുന്നു. ഇത്തരം ഒരു കഥാപാത്രത്തിലൂടെ മാത്രമേ ആഖ്യാതാവ് ആവിഷ്ക്കരിക്കാനുദ്ദേശിച്ച കലാത്മകമായ ദർശനം സഹൃദയരെ സ്വാധീനിക്കുകയുള്ളൂ. ഭ്രഷ്ടിന് ഈ സ്വാധീനം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

ശ്രദ്ധേയമായ ആഖ്യാനകൃതികളെല്ലാം വായനക്കാരൻ പരിചയപ്പെടുന്നതും അംഗീകരിക്കുന്നതും അവ പ്രത്യക്ഷവത്ക്കരിക്കുന്ന ഭാഷ എന്ന മാധ്യമത്തിന്റെ സവിശേഷതകൊണ്ടാണ്. അനുവാചകരെ ആകർഷിക്കുന്നതിലും ഭാഷയ്ക്ക് മുൻകൈ ഉണ്ട്. ഭാഷയുടെ ശബ്ദതലത്തിലും രൂപതലത്തിലും വാക്യഘടനാ തലത്തിലും എല്ലാം ഓരോ ആഖ്യാതാവും സ്വന്തമായ സവിശേഷതകൾ പുലർത്തുന്നു.

“ദീനംപിടിച്ചു ചത്തുകെട്ടു. വിറപ്പനിയും, വിഷപ്പനിയും എല്ലാരേം കൊണ്ടുപോയി. ഞങ്ങൾ ബാക്കിയായി.”

“മേലില്ലത്തോ?”

“ഒരുണ്ണിയുണ്ട്. അവന്നു വേളികഴിക്കണം. അവന്റമ്മ മരിച്ചു. കഴിഞ്ഞകൊല്ലം. പെറാതെ മരിച്ചു.”

“ആരാ അവിടുള്ളത്?”

“പരമേശ്വരൻ നമ്പൂതിരി. ഉള്ളതും ഇല്ലാത്തതും ഒക്കും.”

“അതെന്താ അങ്ങനെ?”

“വസ്തു ചൊല്ലി നിന്റെ ഏട്ടനുമായി കലഹിച്ചു. അദ്ദേഹത്തിന്റെ അമ്മയുടെ പാട്. തള്ളയില്ലാത്ത നാരായണനെ വളർത്തിയെടുക്കണം. വയലിലെ പണിക്കാർക്കു വച്ചുവിളമ്പണം.”

എല്ലാവരും ഒരേ തീരത്ത് അടിഞ്ഞിരിക്കുന്നു. വിധിയുടെ കരങ്ങളുടെ ശക്തി.

“ഏട്ടൻ വരാറായില്ലേ?”

“അത്താഴപ്പൂജയുടെ കൊട്ടുകേൾക്കുണു. ഇന്നെന്തോ വൈകിയതാ.” അങ്ങനെ–

സൂര്യനസ്തമിച്ച, പൂക്കൾ വാടിയ, കൂമ്പുകൾ സ്തംഭിച്ച ഒരു സായന്ത നത്തിൽ എത്തിച്ചേർന്നു. പുതിയ മണ്ണിൽ. എന്തിന്?

ഏടത്തിക്ക് ഒന്നും ചോദിക്കാനുണ്ടായിരുന്നില്ല.

പറയാതെ അറിയാം.

ഏടത്തിയുടെ വേരുകളെ ഉണക്കിയ ഈ മണ്ണിലേക്ക്, ചെടികൾ വളരാത്ത, തളിർക്കാത്ത, പൂക്കാത്ത, നാലുകെട്ടിന്റെ നിഴലിലേക്ക് മരണത്തിന്റെ തണുപ്പേന്തുന്ന കരിങ്കൽക്കെട്ടിന്റെ അഭയത്തിലേക്ക് രണ്ടുനിഴലുകൾ കൂടി.

എനിക്ക്, ഞങ്ങൾക്ക്, അഭയം തരൂ.

നനവാർന്ന മിഴികൾ അഭയമരുളി

ഞാനിവിടെ എന്തുജോലിയും ചെയ്യാം.

നാഴി മണ്ണ്. നാഴി മണ്ണുണ്ടാക്കാനുള്ള കരുത്ത് എനിക്ക് തരൂ. രണ്ട് പാദ ങ്ങളൂന്നാനുള്ള ഇടം.-

"അടുക്കളയിൽ കാപ്പി എടുത്തുവച്ചിരിക്കുന്നു."

"വരുന്നു."

ചെന്നു. പിന്നീടുവന്ന അഞ്ചുവർഷങ്ങളുടെ ജീവിതത്തെ അടച്ചുപൂട്ടിയ അടുക്കള.

തണുത്തുറഞ്ഞ ചുവരുകൾ. ജീർണ്ണിച്ച നിലം. ചോലവെള്ളം മരിച്ചുവീഴുന്ന കരിങ്കൽക്കൊട്ടത്തളം. കൊച്ചുവിളക്കിലെ കരിഞ്ഞ ആവണ ക്കെണ്ണയുടെ ഗന്ധം.[43]

ജനിച്ചുവളരുന്ന ചുറ്റുപാടിന്റേയും പ്രാദേശികഭാഷാഭേദങ്ങളു ടേയും സാമുദായിക ഭാഷാസംസർഗ്ഗരീതികളുടേയും സ്വാധീനം 'ആഗ്നേയ' ത്തിലെ മുകളിലുദ്ധരിച്ച സംഭാഷണശകലത്തിൽ പ്രകടമാണ്. ആഖ്യാനസാ

ഹിത്യങ്ങളിലെ കലാപരമായ സവിശേഷതകളെക്കുറിച്ച് ഗവേഷണം നടത്തുമ്പോൾ ഭാഷ പ്രസക്തമാകുന്നത് ഈ സാഹചര്യത്തിലാണ്. ഭാഷയ്ക്ക് ആഖ്യാനകൃതികളുടെ ആന്തരികവും ബാഹ്യവുമായ ഘടനയോട് ഏറെ ബന്ധമുണ്ടെന്ന് ഇത് സ്ഥാപിക്കുന്നു. ആഖ്യാതാവിന്റെ മാനസിക ഘടനയോടാണ് ഈ ഭാഷാരീതിക്ക് ഏറെ ബന്ധം. ആഖ്യാനകൃതിയിലെ ഭാഷ വ്യക്തിനിഷ്ഠമായിരിക്കണം എന്നുപറയുന്നത് ഇതുകൊണ്ടാണ്. ഈ വ്യക്തിനിഷ്ഠതയെയാണ് ശൈലി എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. ആഖ്യാനത്തെ സംബന്ധിച്ചിടത്തോളം ശൈലി മഹത്തരമാകുന്നത് സ്ഥലകാലങ്ങൾക്കനുസൃതമായ ഭാവമാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിവുള്ളതാവുമ്പോഴാണ്. വാക്കുകൾക്ക് പുതുമയാർന്ന ബന്ധങ്ങൾ കല്പിക്കപ്പെടുമ്പോൾ അവ പുതിയ അനുഭവങ്ങളെ സംവേദനം ചെയ്യാൻ ശക്തങ്ങളായിത്തീരുന്നു. ഈ ശക്തിയാണ് ആഗ്നേയത്തെ പുതിയ ജീവിതപരിസരത്തിലും പ്രസക്തമാക്കുന്നത്.

അനുഭവങ്ങളെ ശക്തമായ ഭാഷയിൽ ആവിഷ്ക്കരിക്കുമ്പോഴാണ് ബിംബങ്ങൾ പ്രസക്തമാകുന്നത്. സ്വന്തമനുഭവത്തിന് ശക്തവും സത്യസന്ധവുമായ ഭാഷതേടുന്ന എല്ലാ ആഖ്യാതാക്കളും ബിംബകല്പനയിലെത്തിച്ചേരുന്നു. തീവ്രമായ വൈകാരികതയെ ആവിഷ്ക്കരിക്കേണ്ടിവരുമ്പോൾ ആഖ്യാതാക്കൾ ഭാഷയെ ഉടച്ച് അതിനുള്ളിലെ വിവിധ അർത്ഥതലങ്ങൾ കണ്ടെത്തുന്നു.

അങ്ങിനെ, പലപല വികാരങ്ങളാൽ കലങ്ങിപ്പതഞ്ഞു തിരതല്ലുന്നതായ ഇട്ടിച്ചിരിയുടെ അപ്പോഴത്തെ ജീവിതം, കലങ്ങിപ്പതഞ്ഞു തിരതല്ലുന്ന ആ നദീപ്രവാഹത്തിനു വിലങ്ങനെ സത്വരം പ്രവഹിച്ചു. നൈരാശ്യദുർവഹമായ ചിന്താഭാരത്താൽ എപ്പോഴാണ് ഹൃദയം പൊട്ടിപ്പിളരുക എന്നു ശങ്കിക്കേണ്ട നിലയിൽ, മധു തന്റെ പാർപ്പിടത്തിൽ ഇരിക്കുകയാണ്. അന്നത്തെ ദിവസം സുലോചന അങ്ങോട്ടുചെല്ലുകയുണ്ടായില്ല. അവൾ മറ്റേതു ദിവസവും വന്നി

ല്ലെങ്കിലും, അന്നു വന്നു തനിക്കാശ്വാസം വരുത്താതിരിക്കില്ലെന്നു വിശ്വസിക്കുന്ന മധു ഓരോ നിമിഷത്തിലും അവളെ പ്രതീക്ഷിച്ചിരിക്കുകയാണ്. ഒരു കിളി പറന്നാൽ, കാറ്റത്ത് ഒരു പൂവിളകിയാൽ, അത് സുലോചനയുടെ വരവാണെന്നു ധരിച്ചുകൊണ്ടിരുന്ന അയാൾ, സുലോചനയും ഇട്ടിച്ചിരിയും വന്നെത്തിയതു വളരെ വേഗത്തിൽ മനസ്സിലാക്കി; ആളറിയാതെതന്നെ മനസ്സിലാക്കി.

ഒരാൾക്കും – ഗ്രന്ഥകാരനുപോലും ഒന്നുംപറയാൻ വയ്യാതാവുന്ന ആ അസാധാരണ സന്ദർഭം വന്നു. ആ മൂന്നുപേർക്കും മുന്നൂറു വികാരങ്ങൾ; അവരുടെ മുഖങ്ങളിൽ വികാരങ്ങളും അനക്കങ്ങളും ക്ഷണംതോറും മാറി മാറിയിരിക്കുന്നു.

ഒടുവിൽ സുലോചന 'ഇതിന്റെയെല്ലാം സ്മാരകമായി അവിടുന്ന് ഇതു സൂക്ഷിക്കണം' എന്നുപറഞ്ഞു വിരലിൽക്കിടക്കുന്ന മോതിരം ഊരി മധുവിന്റെ വിരലിന്മേലും, 'അവിടുന്ന് ഇതു സൂക്ഷിണം' എന്നുപറഞ്ഞു, കഴുത്തിൽക്കിടന്ന സുവർണ്ണമാല്യം അഴിച്ച് ഇട്ടിച്ചിരിയുടെ കഴുത്തിലും അണിയിച്ചു; അതുകഴിഞ്ഞു, 'ഞാൻ ഇപ്പോൾത്തന്നെ മഠത്തിലേക്കുപോകുന്നു' എന്നു യാത്ര പറഞ്ഞ് അവൾ പടിയിറങ്ങുകയും ചെയ്തു.[44]

സങ്കീർണ്ണമായ ചിന്തയൊ അന്തർമുഖഭാവങ്ങളോ ഒതുക്കിവെക്കാനുള്ളതല്ല. അതിന് ഒരു ബഹിർസ്ഫുരണം അനിവാര്യമാണ്. താൻ ഭാഗഭാക്കാകുന്ന ഒരു ലോകക്രമത്തിൽ ക്രിയകൾ ആഖ്യാനത്തിന്റെ ഭാഗമാകുന്നത് ഇത്തരുണത്തിലാണ്. സംഭവങ്ങൾ ആഴത്തിൽ വേരോടിയ മാനസിക പ്രചോദനത്തിന്റെ ആത്യന്തിക ഫലമെന്നോണം ആവിഷ്ക്കരിക്കപ്പെടുകയും, മനുഷ്യപരിണാമത്തിന്റെ പശ്ചാത്തലത്തിൽ തുടർചിന്തകൾക്ക് പ്രേരകമാവുകയും ചെയ്യണം. സാഹിത്യകൃതികളുടെ എക്കാലത്തേയും ഈ ദൗത്യനിർവ്വഹണമാണ്

തുടർന്നുള്ള അദ്ധ്യായങ്ങളിൽ വിശദപഠനത്തിന് വിധേയമാക്കുന്ന നോവലുകൾ നിർവ്വഹിക്കുന്നത്.

## കുറിപ്പുകൾ

1. ഭഗവദ്ഗീത - 7:29, പുറം - 91
2. നാലപ്പാട്ട് നാരായണമേനോൻ, ആർഷജ്ഞാനം, പുറം - 257
3. മഹാഭാരതം - വനപർവ്വം
4. കെ. പരമേശ്വരൻ പിള്ള, ഹിന്ദു ധർമ്മ പരിചയം - പുറം - 78
5. കുട്ടികൃഷ്ണമാരാർ, രാജാങ്കണം (കുമാരസംഭവം - 8-ാം സർഗ്ഗം ലേഖനം)
6. കെ.പി. അപ്പൻ, സമയപ്രവാഹവും സാഹിത്യകലയും, പുറം - 12
7. ഒ.എം.സി. നമ്പൂതിരിപ്പാട്, ഋഗ്വേദ വിവർത്തനം, സൂക്തം - 104, പുറം - 13
8. അതേ പുസ്തകം - സൂക്തം - 120, പുറം - 22
9. ഡോ. എൻ.പി. ഉണ്ണി, ഉപനിഷത് പ്രപഞ്ചം, ശ്വേതാശ്വതരോപനിഷത്, ശ്ലോകം - 2, പുറം - 141
10. അതേ പുസ്തകം - പ്രശ്നോപനിഷത്, ശ്ലോകം - 11, പുറം - 178
11. വെട്ടം മാണി, പുരാണിക് എൻസൈക്ലോപീഡിയ - വിഷ്ണുപുരാണം - 1-ാം അംശം, 3-ാം അദ്ധ്യായം.
12. വിവേകാനന്ദ സാഹിത്യ സർവ്വസ്വം - 2-ാം ഭാഗം - ജ്ഞാനയോഗം, പുറം - 267

13. കെ.പി. അപ്പൻ, സമയപ്രവാഹവും സാഹിത്യകലയും, പുറം - 22

14. എം. അച്യുതൻ, നോവൽ പ്രശ്നങ്ങളും പഠനങ്ങളും, പുറം - 33

15. നെല്ലിക്കൽ മുരളീധരൻ, ഭാവിയെ പ്രവചിച്ച മിഖായിൽ ബക്തിൻ, പുറം - 62

16. ബൈബിൾ പഴയ നിയമം, സഭാപ്രസംഗം, അധ്യായം - 13

17. മഹാഭാരതം, ശാന്തിപർവ്വം, ശ്ലോകം - 231, പുറം - 914

18. പരിശുദ്ധ ഖുറാൻ, സൂറ 31:29

19. ഭഗവദ്ഗീത, ശ്ലോകം - 32

20. കെ. പരമേശ്വരൻ പിള്ള, ഹിന്ദു ധർമ്മപരിചയം, പുറം - 28

21. നാലപ്പാട്ട് നാരായണമേനോൻ, ആർഷജ്ഞാനം, പുറം - 30

22. പറവൂർ ബി. ലതികാനായർ, ഭാരത സ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ, - പുറം - 21

23. ഡോ. ജി. ഹേമലതാദേവി, ലക്ഷ്മണരേഖ മുറിച്ചുകടക്കുമ്പോൾ, പുറം - 24

24. Gerda Lerner, The creation of patriarchy, page - 28

25. മലയാള പഠനസംഘം, സംസ്കാര പഠനം, ചരിത്രസിദ്ധാന്തം പ്രയോഗം, പുറം 420

26. അതേ പുസ്തകം , പുറം 410

27. പറവൂർ ബി. ലതികാനായർ, ഭാരത സ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ, - പുറം - 28

28. വി.കെ. നാരായണ ഭട്ടതിരി, വേദാർത്ഥ വിചാരം, പുറം - 41

29. മനുസ്മൃതി - ഭാവപ്രകാശം വ്യാഖ്യാനം, എം.കെ. ഗോവിന്ദപിള്ള, ശ്ലോകം - 213

30. ഡോ. ജി. ഹേമലതാദേവി, ലക്ഷ്മണരേഖ മുറിച്ചുകടക്കുമ്പോൾ, പുറം - 27

31. ഡോ. കെ. ഭാസ്ക്കരൻ നായർ, കലയും കാലവും, പുറം - 19

32. അതേ പുസ്തകം, പുറം - 26

33. പോത്തേരി കുഞ്ഞമ്പു, സരസ്വതീവിജയം (നോവൽ), പുറം - 53

34. പി. വത്സല, ആഗ്നേയം (നോവൽ), പുറം - 43

35. മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്, അപ്ഫന്റെ മകൾ (നോവൽ), പുറം - 78

36. മാടമ്പുകുഞ്ഞുകുട്ടൻ, ഭ്രഷ്ട് (നോവൽ), പുറം - 97

37. അതേ പുസ്തകം, പുറം - 30

38. ഡി. രാധാകൃഷ്ണൻ, ആഖ്യാനവിജ്ഞാനം, പുറം - 53

39. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി (നോവൽ), പുറം - 83

40. പോത്തേരി കുഞ്ഞമ്പു, സരസ്വതീവിജയം (നോവൽ), പുറം - 85

41. മാടമ്പുകുഞ്ഞുകുട്ടൻ, ഭ്രഷ്ട് (നോവൽ), പുറം - 71

42. അതേ പുസ്തകം, പുറം - 55

43. പി. വത്സല, ആഗ്നേയം (നോവൽ), പുറം - 47

44. മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്, അപ്ഫന്റെ മകൾ (നോവൽ), പുറം - 79

അദ്ധ്യായം 2

# നമ്പൂതിരി സ്ത്രീജിവിതം
# - പാരമ്പര്യവും വർത്തമാനവും

## 2.1 സാമൂഹിക പശ്ചാത്തലം

ചരിത്രാതീത കാലംതൊട്ടുതന്നെ വംശസംരക്ഷണത്തിൽ സ്ത്രീപുരുഷന്മാർക്ക് തുല്യപങ്കാണ് കല്പിച്ചിരിക്കുന്നത്. കുടുംബസംരക്ഷണം കുട്ടികളെ വളർത്തൽ മുതലായവ നിർവ്വഹിച്ചിരുന്നത് സ്ത്രീകളായിരുന്നു. അവളുടെ വിശ്രമം, സുരക്ഷ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് വേട്ടയാടൽ ഭക്ഷണപദാർത്ഥങ്ങൾ ശേഖരിക്കൽ തുടങ്ങിയ ജോലികൾ പുരുഷൻ നിർവ്വഹിച്ചുപോന്നു. കാലക്രമേണ സ്ത്രീകൾ വീട്ടിൽ തളച്ചിടപ്പെടുകയും പുരുഷമേധാവിത്വം ഉടലെടുക്കുകയും ചെയ്തു.

വൈദികസാഹിത്യത്തിൽ സ്ത്രീപുരുഷ അസമത്വത്തെക്കുറിച്ച് പറയുന്നില്ല. ലോകത്തുള്ള മനോഹരമായ എല്ലാത്തിന്റേയും ശക്തിയുടേയും പ്രഭാവത്തിന്റെയും വിദ്യയുടെയും ദേവതയായി സ്ത്രീയെയാണ് അവർ വാഴ്ത്തിയിരുന്നത്. ഉപനിഷദ്കാലമായപ്പോഴേക്കും തത്വചിന്താപരവും ദാർശനികവുമായ ഉപരിമണ്ഡലങ്ങളിലെല്ലാം പുരുഷനൊപ്പം സ്ത്രീയും പങ്കാളിയായിരുന്നു. ഇതിഹാസകാലത്തുനിന്ന് ചരിത്രയുഗത്തിലേക്കിറങ്ങിവരുമ്പോൾ കാര്യങ്ങൾ ക്രമേണ വ്യത്യാസപ്പെട്ടുവന്നു. ഭാസകാളിദാസഭവഭൂതികാവ്യങ്ങളിൽ പ്രതിഫലിക്കുന്ന സാമുദായികനിലയും സ്ത്രീകളുടെ പദവി അന്ന് ഏറ്റവും ഉയർന്നിരുന്നതായി കാണിക്കുന്നു.[1] കാലം കഴിയുന്തോറും രാജ്യങ്ങൾ തമ്മിലുള്ള കലഹങ്ങളുടെയും വൈദേശികാക്രമണങ്ങളുടെയും ആഭ്യന്തരവിപ്ലവങ്ങളുടെയും ഫലമായുണ്ടാകുന്ന അടിയന്തിരാവസ്ഥകൾ സ്ത്രീകൾക്ക് അബലത്വം കല്പിച്ചുകൊടുത്തു. മനുസ്മൃതിയുടെ വ്യാഖ്യാനം, ആചാരങ്ങളുടെ കർക്കശത, പരമ്പരയായി

വന്നുകൂടിയ അബലാത്വമനോഭാവം എന്നിവ സ്ത്രീയുടെ സ്ഥാനനിർണ്ണയത്തിൽ പ്രധാനപങ്കുവഹിച്ചു. അടുക്കളയിൽ അടയ്ക്കപ്പെട്ടിരുന്ന സ്ത്രീയ്ക്ക് പൊതു ജീവിതത്തിൽ പ്രവേശനമില്ലായിരുന്നു. സമൂഹത്തിൽ അധ:സ്ഥിതർക്കു നൽകി യിരുന്ന സ്ഥാനം മാത്രമേ അവർക്കും നൽകിയിരുന്നുള്ളൂ. സ്വകാര്യതയിൽ ഒതുക്കപ്പെടുന്ന സ്ത്രീയ്ക്ക് പൊതുനിരത്തും സഞ്ചാരസ്വാതന്ത്ര്യവും മാത്രമല്ല വിദ്യാഭ്യാസവും നിഷേധിക്കപ്പെട്ടു. സമൂഹത്തിൽ നിലനിന്നിരുന്ന മൂല്യസങ്ക ല്പങ്ങളെല്ലാം ലിംഗപരമായ വിവേചനത്തെ സാധൂകരിക്കുന്നതായിരുന്നു.

പാശ്ചാത്യസംസ്കാരവുമായുണ്ടായ വേഴ്ച ഇന്ത്യൻ സ്ത്രീത്വ ത്തിനുണ്ടാക്കിയ മാറ്റം ഒ. മാലി ഇങ്ങനെ വിലയിരുത്തുന്നു:- പാശ്ചാത്യസം സ്കാരം ഇന്ത്യൻ സംസ്കാരത്തിലുണ്ടാക്കിയ പ്രതികരണം അടിസ്ഥാനപര മായ മാറ്റമുണ്ടാക്കിയത് പുരുഷന്മാരെക്കാൾ സ്ത്രീകളിലാണ്. പുരുഷന്മാരിൽ പാശ്ചാത്യബന്ധം ഒരു പുതിയ ലോകബോധവും ഭൗതികസാഹചര്യങ്ങളും സന്മാർഗ്ഗ നിലവാരവും രാഷ്ട്രീയസാധ്യതയുമാണ് സൃഷ്ടിച്ചതെങ്കിൽ സ്ത്രീക ളിൽ പതുക്കെയാണെങ്കിലും തങ്ങളെക്കുറിച്ചുള്ള ശക്തമായ ഒരു അവബോധമായി അത് മാറി. പുരുഷന്മാർ തങ്ങൾ ഒരു പുതിയ ഇന്ത്യയിലെ പൗരന്മാരെന്ന നിലയിൽ പുന:ചിന്ത നടത്തിയെങ്കിൽ, സ്ത്രീകൾ മനുഷ്യരെന്ന നിലയിൽ തങ്ങളെ പുനർമൂല്യനിർണ്ണയം നടത്തുകയായിരുന്നു.[2] സ്ത്രീസമൂഹം പൊതുവിലും അധ:സ്ഥിതവിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ വിശേഷിച്ചും നേരി ടുന്ന പുരുഷമേധാവിത്വപരമായ നിലപാടുകൾക്കെതിരെ കേരളത്തിലെ സ്ത്രീകളും സംഘടിതരൂപത്തിൽ കലാപങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കാൻ നടത്തിയ സമരവും പുലയസ്ത്രീകൾ നട ത്തിയ കല്ലുമാല സമരവും ഈ കലാപങ്ങൾക്ക് ഉദാഹരണങ്ങളാണ്. ജാതിഘ

ടനയിൽ കീഴ്ജാതികൾ കൂടുതൽ ചൂഷണം ചെയ്യപ്പെട്ടപ്പോൾ ഉയർന്ന ജാതിക്കാർ, വിശേഷിച്ചും നമ്പൂതിരിമാർ, കൂടുതൽ കൂടുതൽ പ്രവർത്തനരഹിതരും ഇത്തിൾക്കണ്ണികളും ചിന്തകരുമായി മാറി. ജാതിസമ്പ്രദായത്തിന്റെ ഘടനയിൽ തങ്ങളുടെ മേൽക്കോയ്മ ഉറപ്പിക്കാനാവുന്ന സ്ഥാപനങ്ങളിലൂടെ സാമൂഹിക വൈരുദ്ധ്യങ്ങളെ മൂടുകയും നിശ്ചിത ചട്ടക്കൂടിനനുസരിച്ച് സാമൂഹിക സ്വഭാവത്തെ അനുസരിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രവർത്തനക്ഷമത ജാതിവ്യവസ്ഥകളിൽ സൃഷ്ടിക്കാൻ നമ്പൂതിരിമാർക്ക് കഴിഞ്ഞു.[3] തങ്ങളുടെ സമുദായത്തിലെ സ്ത്രീകൾ സ്വഭാവപരമായി അബലകളും അതുകൊണ്ടുതന്നെ എളുപ്പം ലൈംഗികാപചയങ്ങൾക്ക് ഇരയായേക്കാവുന്നവരാണെന്നും മുൻകൂട്ടി കണ്ടറിഞ്ഞ നമ്പൂതിരിമാർ അതിനുവേണ്ട മുന്നൊരുക്കങ്ങൾ ധർമ്മശാസ്ത്രങ്ങളുടെ പിൻബലത്തോടെ നിർമ്മിച്ചെടുത്തു.

## 2.2 സാമൂഹിക സംസ്കാരം

നമ്പൂതിരിമാരുടെ ജീവിതാവർത്തനക്രിയകൾ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന ഒരു പഠിതാവിന് അവർക്കിടയിൽ നിലനിന്ന സാമൂഹികവും വൈയക്തികവുമായ അസമത്വങ്ങളെ നിരീക്ഷണവിധേയമാക്കാൻ സാധിക്കും. ഇല്ലങ്ങളുടെ ഇരുളടഞ്ഞ ഇടങ്ങളിലേക്ക് പിൻതള്ളപ്പെടുന്ന സ്ത്രീ ജീവിതത്തിന്റെ ഭയാനകവും ഭീതിദവുമായ തലങ്ങൾ കൃത്യമായി അപഗ്രഥിക്കപ്പെടുമ്പോഴേ നമ്പൂതിരി സമൂഹത്തിൽ നിലനിന്നിരുന്ന അസന്തുലിതാവസ്ഥയുടെ ആഴം ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. അതിലേക്കായി നമ്പൂതിരി സ്ത്രീകളുടെ സാമൂഹിക സംസ്കാരത്തിന്റെ ഭാഗമായ ജീവിതാവർത്തനക്രിയകളെ നിർദ്ധാരണം ചെയ്യുകയാണ് തുടർന്നുള്ള ഭാഗങ്ങളിൽ ചെയ്യുന്നത്.

ജാതീയമായ മേന്മകൾ അവകാശപ്പെടുമ്പോഴും പ്രാന്തവത്കൃത ജനതയുടെ അവസ്ഥയാണ് നമ്പൂതിരി സ്ത്രീകൾക്ക് കേരളത്തിൽ ഉണ്ടായിരുന്നത്. ഈ സാഹചര്യത്തെക്കുറിച്ച് വി.ടി. ഭട്ടതിരിപ്പാട് ഇങ്ങനെ രേഖപ്പെടുത്തുന്നു; – നിങ്ങൾ ഒരു നമ്പൂതിരിസ്ത്രീയുടെ ജീവിതം എഴുതുവാനാണ് ഇഷ്ടപ്പെടുന്നതെങ്കിൽ അതിങ്ങനെ വിസ്തരിക്കേണ്ടിവന്നേക്കാം. ശ്രീദേവി എന്ന പേരിന് ഭംഗി കൂടിപ്പോയെന്ന ആക്ഷേപം കാരണം ഇട്ടിച്ചിരിയെന്നു വിളിച്ചുപോന്നു. പതിനാലിൽ അബദ്ധത്തിൽ ആ പെൺകിടാവ് തിരണ്ടു. ആ അപകടം പറ്റിച്ചതിന്റെ ശിക്ഷയെന്ന മട്ടിൽ പത്തുകൊല്ലം അന്ത:പുരത്തിൽ അസൂര്യംപശ്യയായി, അവിവാഹിതയായി ആ കുട്ടിക്കാവിന് കഴിച്ചുകൂട്ടേണ്ടിവന്നു. അവസാനം മറ്റുഗതി ഇല്ലായ്കയാൽ പിതാവ് കയ്യിലണഞ്ഞ വൃദ്ധബ്രാഹ്മണന് ഇശ്ശ്യാമത്തെ വേളിക്ക് തുലച്ചുവിട്ടു. സാപത്ന്യത്തിന്റെയും വൃദ്ധഭർതൃത്വത്തിന്റെയും കനലിൽ അവളുടെ മധുരാഭിലാഷങ്ങൾ കൂമ്പടഞ്ഞു മുരടിച്ചു. അഞ്ചാറ് മച്ചിപൈകൾ കടന്നാക്രമിച്ചതിനാൽ അവളുടെ ഭർതൃത്വം ഒരു നാൾ കടപുഴകി നിലംപൊത്തി. തികഞ്ഞ താരുണ്യത്തിൽ അവൾ ഒരു വിധവയായി. മച്ചിലെ കല്ലുവിളക്കുപോലെ ഏതാനും സംവത്സരകാലം മുനിഞ്ഞുകത്തിയശേഷം എണ്ണ വറ്റി പടുതിരികെട്ട് അണഞ്ഞു.[4] നമ്പൂതിരിയുടെ പ്രത്യേകമായ കുടുംബഘടനയാണ് അവരുടെ സ്ത്രീകളെ അബലകളാക്കി മാറ്റിയത്.

ഒരു കുടുംബത്തിൽ പ്രസവം നടക്കുമ്പോൾ കുട്ടി ആണോ പെണ്ണോ എന്നു നോക്കുന്നതുതന്നെ തികച്ചും വിവേചനപരമായിട്ടാണ്. ആൺകുട്ടി പിറന്നാൽ അതിന്റെ സന്തോഷം പെണ്ണായാൽ മ്ലാനത ഇതായിരുന്നു കുടുംബാന്തരീക്ഷം. ഈ വ്യത്യാസം അവരുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലുമുണ്ടെന്ന് അന്തർജ്ജനങ്ങളുടെ ജീവിതത്തെ നിരീക്ഷിച്ചുകൊണ്ട് ഇ.

എം.എസ്. നമ്പൂതിരിപ്പാട് അഭിപ്രായപ്പെട്ടിട്ടുണ്ട്.[5] രണ്ടാംകിട പൗരത്വമേ കുടുംബത്തിൽ തനിക്കുള്ളൂ എന്ന ബോധത്തിലാണ് പെൺകുട്ടി വളർന്നുവരുന്നത്. പെൺകുട്ടികൾക്ക് നൽകിവന്നിരുന്ന ആദ്യകാലവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഓർമ്മകളെ ദേവകിനിലയങ്ങോട് ഇങ്ങനെ വിവരിക്കുന്നു – 'ആദ്യം ഈ മണലില് എഴുതിക്കല് മാത്രമേയുള്ളൂ. അത്രമാത്രമേ നമ്പൂതിരിക്കുട്ട്യോൾക്ക് പഠിപ്പുള്ളൂ. വയസ്സായ ഒരു ബ്രാഹ്മണ സ്ത്രീ വന്നിട്ട് നാലാം വയസ്സില് എഴുത്തിനിരുത്തി. മണല് വിരിച്ച്, ഞങ്ങളെ മടീലിരുത്തിവെരലുപിടിച്ച് ഇങ്ങനെ പറയിപ്പിക്കും. അ, ആ, ഇ, ഈ എന്നൊക്കെ. കുറേദിവസം എഴുതിക്കുമ്പോ അക്ഷരങ്ങളൊക്കെ ഒറയ്ക്കും. പുരാണം വായിക്യാ അതിന് അക്ഷരങ്ങള് മാത്രല്ലേ വേണ്ടൂ. അങ്ങനെയുള്ള വിദ്യാഭ്യാസം.'[6] തങ്ങൾ കുടുംബത്തിലും സമുദായത്തിലും രണ്ടാംസ്ഥാനക്കാരാണെന്ന് നിരന്തരമായി ഓർമ്മിപ്പിക്കുന്ന സമ്പ്രദായങ്ങൾ വളരെ ചെറുപ്പം മുതലേ അന്തർജ്ജനങ്ങൾ പാലിച്ചുപോന്നിരുന്നു. ഋതുമതിയായാൽ ഇല്ലത്തിനുപുറത്തുപോകാൻ അവർക്ക് അനുവാദമുണ്ടായിരുന്നില്ല.

പുരുഷന്മാരെ പരിചരിക്കുക, അവരുടെ ദീർഘായുസ്സിനുവേണ്ടി പെരുംതൃക്കോവിലപ്പനെ പൂജിക്കുക, ചരടുപിടിച്ച് ജപിക്കുക എന്നതിൽ കവിഞ്ഞ ഒരു സ്ത്രീധർമ്മം ഇല്ല എന്നുതന്നെ ഉറച്ചുവിശ്വസിക്കുന്ന രീതിയിലായിരുന്നു അന്തർജ്ജനങ്ങളുടെ സാമൂഹ്യശിക്ഷണം. അവർക്ക് അനുവദനീയമായിരുന്ന പൊതുഇടങ്ങളായി അനുവദിച്ചിരുന്നത് കുളവും അമ്പലവും മാത്രമായിരുന്നു. സ്ത്രീകളുടെ ചലനാത്മകതയെ ഈ രണ്ട് ഇടങ്ങളിലായി പരിമിതപ്പെടുത്തിയിരുന്നു.[7] അന്തർജ്ജനങ്ങൾ വീട്ടിനകത്തുമാത്രം കഴിയേണ്ടവരായിരുന്നു. പനയോലകൊണ്ടു നിർമ്മിച്ച 'മറക്കുട'കൊണ്ട് ശരീരം മറച്ചും മുമ്പിൽ ഒച്ചയാട്ടുന്ന

തുണക്കാരിപെണ്ണുങ്ങളുടെ അകമ്പടിയോടെയുമല്ലാതെ അവർക്ക് തൊട്ടടുത്ത ക്ഷേത്രത്തിൽ തൊഴാൻപോലും അധികാരമുണ്ടായിരുന്നില്ല. വിശപ്പുമാറ്റാനുള്ള ഭക്ഷണം കിട്ടാതെ, നഗ്നത മറയ്ക്കാൻവേണ്ട വസ്ത്രങ്ങളില്ലാതെ, നരകിച്ചവരായിരുന്നു ഈ സമുദായത്തിലെ സ്ത്രീകൾ. കൈത്തണ്ടയിൽ കണംകൈമുതൽ കൈമുട്ടുവരെ നീലനിറത്തിൽ ദുർഗന്ധമുള്ള ക്ലാവ് സ്ഥിരമായി വരുത്തുന്ന വീതിയുള്ള ഏഴെട്ട് ഓട്ടുവള, കാതിൽ മരക്കൊരട്, ചിറ്റ് എന്നീ ആഭരണങ്ങൾ, അരയ്ക്ക് ചുറ്റും 'ഒക്കുചൊറി' എന്നതരം എക്സിമ വരുത്തുന്ന 'പാപ്പവച്ച ഉടുപ്പ്.' അരയ്ക്കുമേൽ പൂർണ്ണ നഗ്നത. ഇതായിരുന്നു അന്തർജ്ജനങ്ങളുടെ വസ്ത്രധാരണരീതി.

നമ്പൂതിരി വിവാഹം ഒരു വൈദിക ക്രിയയാണ്. ജാതകമൊത്താൽ നല്ല ദിവസം നോക്കി വരൻ വധൂഗൃഹത്തിലേക്ക് പുറപ്പെടുന്നു. അതിനുമുമ്പുള്ള സദ്യ അയിനി ഊണ് എന്ന പേരിലറിയപ്പെടുന്നു. പുറപ്പെടുമ്പോഴും സ്വീകരിക്കുമ്പോഴും വിളക്കും അകമ്പടിയും. വധൂപിതാവിന്റെ ഔപചാരികമായ വിവാഹാഭ്യർത്ഥന. ശേഷം ദർഭമോതിര ധാരണം. തുടർന്ന് ഗണപതിഹോമവും ദക്ഷിണയും. ഈ ദക്ഷിണ ആശ്രമാദിച്ഛേദനപ്രായശ്ചിത്തം. വധു വസ്ത്രം കൊണ്ടുമൂടി നടുമുറ്റത്തിരിക്കുന്നു. വധൂപിതാവും മറ്റു നാലുപേരും വധുവിനെ പുണ്യാഹം തളിക്കുന്നു. ഇല്ലത്തെ പരദേവതയുടെ മുന്നിൽവെച്ച് താലിപൂജ. വിഘ്നശാന്തിക്ക് ഗണപതിഹോമം. സ്ത്രീയുടെ ഇല്ലത്തെ ഹോമകുണ്ഡത്തിലെ അഗ്നികൊണ്ടു ഹോമം. ഇങ്ങനെ ജ്വലിപ്പിക്കുന്ന അഗ്നിയെ ഔപാസനാഗ്നി എന്നുവിളിക്കുന്നു. ദമ്പതിമാർ ജീവിതകാലം മുഴുവൻ ഈ അഗ്നികെടാതെ സൂക്ഷിക്കുന്നു. അവരിൽ ഒരാൾ മരിച്ചാൽ ശവസംസ്കാരം ഈ ഔപാസനാഗ്നികൊണ്ടാണ് നടത്തുക.[8]

'മാറ്റം' എന്ന കുപ്രസിദ്ധമായ ഒരു വിവാഹസമ്പ്രദായം അന്നു നിലനിന്നിരുന്നു. ഒരുസ്ഥലത്തെ യുവാവ് തന്റെ സഹോദരിയെ മറ്റൊരു യുവാവിന് വിവാഹം ചെയ്തുകൊടുക്കുകയും അയാളുടെ സഹോദരിയെ തന്റെ വധുവായി സ്വീകരിക്കുകയും ചെയ്യുന്നതിനെയാണ് സാധാരണരീതിയിൽ 'മാറ്റം' എന്നുപറഞ്ഞിരുന്നത്. ഈ രീതി നേരെ തലകീഴായാണ് നമ്പൂതിരിസമുദായം നടപ്പിലാക്കിയത്. വൃദ്ധപിതാക്കന്മാർ തങ്ങളുടെ പെൺസന്താനങ്ങളെ പരസ്പരം വേളികഴിച്ചുകൊണ്ടായിരുന്നു മാറ്റം നടത്തിയിരുന്നത്. അറുപതും എഴുപതും വയസ്സായ വൃദ്ധന്റെ നാലാമത്തെയോ അഞ്ചാമത്തെയോ വേളിയായിരിക്കുമത്. അയാളുടെ മരണത്തെ തുടർന്ന് വൈധവ്യത്തിന്റെ പടുകുഴി. വിധവാവിവാഹം നിഷിദ്ധമായിരുന്നു. പുരുഷന്മാരാകട്ടെ രണ്ടോ മൂന്നോ ഭാര്യമാർ നിലവിലിരിക്കെ അന്യ സമുദായങ്ങളിലെ സ്ത്രീകളുമായി സംബന്ധത്തിലേർപ്പെടാൻ യാതൊരു മടിയും കാണിച്ചിരുന്നില്ല. അഞ്ചും എട്ടും വയസ്സായ ബാലികമാരെ വിവാഹം ചെയ്തുകൊടുക്കുന്ന സമ്പ്രദായവും അന്നുണ്ടായിരുന്നു.

എല്ലാ മംഗളകർമ്മങ്ങളിലും നമ്പൂതിരി സ്ത്രീയെ അമംഗളകാരിയാക്കുന്നതാണ് വൈധവ്യം. അങ്ങനെ വിവാഹിതരാകാത്ത നിത്യകന്യകമാരും വിവാഹിതകളായ സുമംഗലിമാരും വിവാഹശേഷം വൈധവ്യം മാത്രം ലഭിച്ചവരുമെല്ലാം സ്ത്രീയുടെ ഒരേ വൈവശ്യത്തിന്റെ പല മുഖങ്ങൾ മാത്രമായി. എല്ലാവർക്കും വീതിച്ചുകിട്ടിയത് ശരണമറ്റ ജീവിതത്തിന്റെ ഓരോ പങ്കായിരുന്നു.

### 2.2.1 സ്മാർത്തവിചാരം

സമുദായത്തിൽ നിന്ന് കന്യകകളെയും സ്ത്രീകളെയും ഭ്രഷ്ട് കല്പിച്ച് പുറംതള്ളുന്ന കേരളനമ്പൂതിരിമാർക്കിടയിൽ മാത്രം ഉണ്ടായിരുന്ന ഒരു അനാചാരമായിരുന്നു സ്മാർത്തവിചാരം. അന്തർജ്ജനങ്ങളുടെ പൊതുവായ രക്ഷയ്ക്കും അസന്മാർഗ്ഗിക പ്രവണതകളെ തടയാനും അത്തരം കേസുകളെ കൈകാര്യം ചെയ്യാനും സ്മാർത്തന്മാർ എന്നുപറയുന്ന ഒരു വിഭാഗം നമ്പൂതിരി വിദഗ്ദ്ധന്മാരെ സൃഷ്ടിച്ച്, കേസുകൾ സ്മൃതിനിയമങ്ങൾ അനുസരിച്ച് വിചാരണചെയ്ത് തീരുമാനമെടുക്കുന്ന വ്യവസ്ഥാപിത നടപടി ക്രമത്തെയാണ് സ്മാർത്ത വിചാരം എന്നുപറയുന്നത്.

അന്തർജ്ജനത്തിനോ കന്യകയ്ക്കോ അടുക്കളദോഷമുണ്ടെന്ന് സംശയം തോന്നിയാൽ, വിചാരണ ചെയ്ത് ദോഷമുണ്ടെന്ന് തെളിഞ്ഞാൽ ഭ്രഷ്ട് കല്പിക്കുകയും സമുദായത്തിൽ നിന്ന് പുറംതള്ളി പടികടത്തി പിണ്ഡം വയ്ക്കുകയും ചെയ്യുന്ന ഒരാചാരമാണിത്. അതിന് കാലവിചാരമെന്നും സ്മാർത്തവിചാരം എന്നും പറഞ്ഞിരുന്നു. നാടുവാഴിയുടെയോ രാജാവിന്റെയോ അറിവോടും ഒത്താശയോടും കൂടി നടക്കുന്ന വിചാരണയാണിത്. കാലവിചാരണത്തിൽപ്പെട്ട കുട്ടികളെയും സ്ത്രീകളെയും ചാക്യാർ തുടങ്ങിയ അന്തരാളജാതിയിൽ ചേർത്തുവച്ചിരുന്നു.[9] അടുക്കളദോഷത്തിനിരയായ അന്തർജ്ജനത്തെ ആ നിമിഷം മുതൽ സാധനമെന്നാണ് വിളിക്കുക. വിചാരത്തിന് രാജകല്പന കിട്ടിക്കഴിഞ്ഞാൽ സാധനത്തിന്റെ തറവാട്ടുകാരെ സ്വജനങ്ങൾ എല്ലാ ഇടപാടുകളിൽനിന്നും അകറ്റിനിർത്തുകയാണ് പതിവ്. ഏതെങ്കിലും വിധത്തിൽ നമ്പൂതിരിസ്ത്രീ പിഴച്ചതായി സംശയിച്ചാൽ അവളെ സ്മാർത്തവിചാരത്തിന് വിധേയമാക്കുകയും കുറ്റം തെളിഞ്ഞതായി തോന്നിയാൽ പെരുവഴിയിലേക്ക് പുറത്താക്കി

വാതിൽകൊട്ടിയടക്കുകയും ചെയ്യുന്നു. ഇതാണ് സ്മാർത്തവിചാരത്തെക്കുറിച്ച് വില്ല്യം ലോഗൻ നൽകുന്ന വിവരണം.[10] സമുദായത്തിൽ നിന്ന് പുറത്താക്കപ്പെടുന്ന സ്ത്രീകളോട് അവരുടെ കുടുംബാംഗങ്ങൾക്കുള്ള എല്ലാ ബന്ധങ്ങളും വിധിപ്രകാരമുള്ള ചടങ്ങുകൾക്ക്ശേഷം ഇല്ലാതാകുന്നു.

സ്വന്തം അന്തർജ്ജനങ്ങളുടെ പിഴവുകൾ കണ്ടുപിടിക്കാനുള്ള സാമർത്ഥ്യം നമ്പൂതിരിമാർക്ക് ഉണ്ടായിരുന്നെങ്കിലും അവർക്ക് സ്വന്തം വീഴ്ചകൾ കണ്ടെത്താനായില്ല. നമ്പൂതിരിക്ക് ഹിതമായും അവിഹിതമായും ഏതു സ്ത്രീയുമായും ബന്ധപ്പെടാമായിരുന്നു. ചോദ്യംചെയ്യാൻ ആരുമുണ്ടായിരുന്നില്ല. ഇക്കാരണങ്ങൾകൊണ്ടുതന്നെ വൈശ്യന്മാർ നമ്പൂതിരിമാരിൽ നിന്ന് ബുദ്ധിപൂർവ്വമായ അകലം പാലിച്ചു. തമിഴ് ബ്രാഹ്മണരിൽ നിന്ന് നമ്പൂതിരിമാരും വിട്ടുനിന്നു. അതിനാൽ അവരുടെ സ്ത്രീകൾ നമ്പൂതിരിമാരിൽ നിന്നും രക്ഷ നേടുകയുണ്ടായി. ചാരിത്ര്യവും മറ്റെല്ലാ ധാർമ്മിക മൂല്യങ്ങളും എന്തിന്റെ അടിത്തറയിലാണ് പടുത്തുയർത്തിയിട്ടുള്ളതെന്ന് തങ്ങളുടെ സ്ത്രീസമൂഹത്തെ പഠിപ്പിക്കാൻ യാതൊരു പ്രയത്നവും നടന്നിരുന്നില്ല. സത്യത്തിൽ സ്മാർത്തവിചാരം പ്രകടമായ സദാചാരപ്രശ്നത്തിനപ്പുറം ഒരു വിധേനയും ബാഹ്യലോകവുമായി സ്ത്രീകളെ ബന്ധപ്പെടാനനുവദിക്കാത്ത പുരുഷാധിപത്യ സ്ഥാപനമായിരുന്നു.

## 2.3 നവോത്ഥാനത്തിനുപിമ്പ്

ജാതിശ്രേണിയിലെ ഏറ്റവും ഉന്നതമായ സ്ഥാനവും ജന്മിത്വത്തിന്റെ ധനശക്തിയും വിദ്യാഭ്യാസപാരമ്പര്യവുംകൊണ്ട് കേരളീയ സമൂഹഘടനയുടെ മേൽത്തട്ടിൽ നിന്നിരുന്ന നമ്പൂതിരിമാർ അവരുടെ അനാചാരങ്ങളും

പുരുഷമേധാവിത്തവും കാലത്തിനനുസരിച്ച് മാറാൻ തയ്യാറാകാതെ മുറുകെ പിടിച്ചുനിന്ന യാഥാസ്ഥിതികത്വവും സമുദായത്തെ തകർച്ചയിലേക്കെത്തിച്ചു. ഈ ദു:സ്ഥിതിയെക്കുറിച്ച് പി.കെ. ആര്യൻ നമ്പൂതിരി അഭിപ്രായപ്പെട്ടിരിക്കു ന്നത് ഇങ്ങനെയാണ് – 'ആദ്യം കായികാധ്വാനത്തെ അവഗണിച്ച നമ്പൂതിരിമാർ അനുക്രമമായി സാംസ്കാരിക മണ്ഡലത്തിലും ഒളിമങ്ങി. ഒരുകാലത്ത് അനി തര സാധാരണമാംവണ്ണം ഔത്കൃഷ്ട്യം പ്രാപിച്ചിരുന്ന സംസ്കൃതവിദ്യാഭ്യാസം പ്രചാരലുപ്തമായി. കാരണം മനുഷ്യന്റെ ക്രയശക്തിയെ സമ്പുഷ്ടമാക്കാൻ അതിനു കഴിവില്ലെന്നായി. മേധാശക്തിയെ പോഷിപ്പിക്കാനും അതുപര്യാപ്തമ ല്ലെന്നുവന്നു. നവീനവിദ്യാഭ്യാസത്തിന്റെ പ്രചരണവും പാശ്ചാത്യസംസ്കാര ത്തിന്റെ തിരനോട്ടവും നമ്പൂതിരിമാരുടെ 'ഭൂദേവത്വ'ത്തെ വെല്ലുവിളിച്ചു. അങ്ങിങ്ങ് ചില മിന്നലൊളികൾ ഒഴിച്ചാൽ സമുദായം അന്ധകാരത്തിലായി. സാമൂഹ്യമ ണ്ഡലത്തിൽ സ്വയംനിർമ്മിച്ച വൻമതിലുകൾക്കകത്ത് നിന്നിരുന്ന നമ്പൂതിരി പുറമെനടക്കുന്ന ചലനങ്ങളെ വിനാശകരമായ ഒരു പ്രതിഷേധത്തോടെ തുറി ച്ചുനോക്കി. തിരിച്ചടി അനിവാര്യമായി ആരംഭിച്ചു. സാമൂഹിക സാമ്പത്തിക ഘട നയുടെ ചട്ടക്കൂടിൽ നമ്പൂതിരിയുടെ സ്ഥാനം അങ്ങുമിങ്ങുമല്ലാതായി. പഴയ മൂല്യങ്ങൾ പുതിയവയ്ക്ക് വഴിമാറുന്നു. പരിവർത്തനത്തിന്റെ അനുസ്യൂത പ്രവാ ഹത്തിൽ അലിഞ്ഞുചേരാൻ മടിച്ച സമുദായം ഒറ്റപ്പെട്ടു. വിദ്വത്സദസ്സുകളിൽ നിന്ന് ഊട്ടുപുരകളിലേക്ക് നമ്പൂതിരി തലകുത്തിവീണു. ശേഷിച്ചുവന്ന ജന്മിത്തം ഊട്ടുപുരകളേയും കാലക്രമേണ ശുഷ്ക്കമാക്കി. ജാത്യാഭിമാനവും ഉറക്കുത്തിയ നാലുകെട്ടുകളും മാത്രം അവശേഷിച്ചു.[11]

മറ്റു ദേശങ്ങളിലെ ബ്രാഹ്മണരിൽ നിന്നും തികച്ചും വ്യത്യ സ്തമായ ആചാരാനുഷ്ഠാനങ്ങൾ അനുവർത്തിക്കുന്നവരായിരുന്നു കേരള

ത്തിലെ നമ്പൂതിരിമാർ. നായന്മാർ ഇല്ലാതെ ഒരു കാര്യവും നടക്കാത്ത നമ്പൂതിരി ഇല്ലങ്ങൾ അവരുമായി ഒരു തീണ്ടായ്പാടകലം പാലിച്ചിരുന്നു. ഇല്ലത്തെ മൂത്തനമ്പൂതിരിക്ക് മാത്രമേ സ്വജാതീയവിവാഹം അനുവദിച്ചിരുന്നുള്ളൂ. മറ്റുള്ളവർക്ക് നായർ തറവാടുകളിലും മറ്റും സംബന്ധത്തിനുള്ള അധികാരമുണ്ടായിരുന്നു. സംബന്ധത്തിലുണ്ടായ മക്കൾക്ക് പിതാവിലോ സ്വത്തിലോ അവകാശമുണ്ടായിരുന്നില്ല. അതിലേറെ ദയനീയമായിരുന്നു അന്തർജ്ജനങ്ങളുടെ സ്ഥിതി. പൊതു ഇടങ്ങളെല്ലാം അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. പൊതുകാര്യങ്ങളിൽ അഭിപ്രായം പറയുവാനോ തീരുമാനം എടുക്കുവാനോ സ്ത്രീകൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. പെൺബുദ്ധി പിൻബുദ്ധി എന്നരീതി സമൂഹത്തിൽ രൂഢമൂലമായിരുന്നു. സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിന് അവകാശമുണ്ടായിരുന്നില്ല. അന്തർജ്ജനങ്ങൾ ഗൃഹത്തിന് പുറത്തുപോകുമ്പോൾ മറക്കുടയും പുതപ്പും ധരിക്കണമായിരുന്നു. സ്വഭവനത്തിൽ അവൾക്കനുഭവിക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ കഠിനാധ്വാനവും കഷ്ടപ്പാടുകളും കുട്ടിക്കാലം മുതൽക്കേ അവരിൽ അധമതാബോധം ഉണ്ടാക്കി. സഹോദരിസഹോദരന്മാർ തമ്മിൽപോലും ശക്തമായ വൈകാരികബന്ധമുണ്ടായിരുന്നില്ല. വാർദ്ധക്യത്തിന്റെ അവശതകളിലും മരണശയ്യയിലുള്ള വേളികൾ സാധാരണമായിരുന്നു. വിധവാവിവാഹം അനുവദനീയമായിരുന്നില്ല. നമ്പൂതിരി സ്ത്രീകൾക്കിടയിൽ നിലവിലുണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഈ വസ്തുതകൾ ഗ്രഹിക്കാവുന്നതാണ്.

### 2.3.1 അന്തർജ്ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ

ആചാരങ്ങളെ അടിസ്ഥാനമാക്കിയാണ് മനുഷ്യന്റെ സമൂഹജീവിതത്തിനും കുടുംബജീവിതത്തിനും വ്യക്തിജീവിതത്തിനും അത്യന്താ

പേക്ഷിതങ്ങളായ വിഷയങ്ങളെ സ്വരൂപിച്ചെടുക്കുന്നത്. സമൂഹത്തിൽ ഉറച്ചുകഴിഞ്ഞ ആചാരങ്ങൾ വ്യക്തിയിൽ അബോധപൂർവ്വമായോ ബോധപൂർവ്വമായോ ഉള്ള വിശ്വാസങ്ങളായും ശീലങ്ങളായും ഉരുത്തിരിയുന്നു. ഇത്തരത്തിൽ രൂപീകൃതമായ വിശ്വാസങ്ങളാണ് നമ്പൂതിരി സ്ത്രീജീവിത പരിസരങ്ങളെയും ആദ്യകാലങ്ങളിൽ നിയന്ത്രി ച്ചുപോന്നിരുന്നത്. ജാതകർമ്മങ്ങൾ തുടങ്ങിയുള്ള ഷോഡശസംസ്കാരങ്ങളാലും സന്ധ്യാവന്ദനം തുടങ്ങിയ നിത്യകർമ്മാനുഷ്ഠാനങ്ങളാലും യാഗാദികർമ്മങ്ങളാലും ഷഡ്ഭാവങ്ങൾക്ക് (ജനനം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം, മരണം) പവിത്രതയും സാഫല്യവും നൽകുന്നതാണ് നമ്പൂതിരിയുടെ ജീവിതം. ഷോഡശസംസ്കാരങ്ങളെന്നാൽ, ഗർഭാധാനം മുതൽ മരണാനന്തര ക്രിയവരെയുള്ള പതിനാറുകർമ്മങ്ങളാണ്. (1) ഗർഭാധാനം (സേകം) (2) പുംസവനം (3) സീമന്തം (4) വിഷ്ണുബലി (5) ജാതകർമ്മം (6) നാമകരണം (7) നിഷ്ക്രമണം (8) അന്നപ്രാശനം (9) ചൂഡാകരണം (10) കർണ്ണവേധം (11) ഉപനയനം (12) വേദാരംഭം (13) കേശാന്തം (14) സമാവർത്തനം (15) വിവാഹം (16) ആധാനം. ഈ ഷോഡശക്രിയകൾ അഗ്നിഹോത്രമുള്ള ഉത്തമബ്രാഹ്മണർ നിർബന്ധമായും അനുഷ്ഠിക്കേണ്ടവയാണ്. അന്തർജ്ജനങ്ങളെ സംബന്ധിച്ചാണെങ്കിൽ ജാതകർമ്മം മുതൽ കർണ്ണവേധംവരെയുള്ളതാണ് പ്രധാനം.[12]

## വേളി

പെൺകുട്ടികൾക്ക് വിവാഹത്തിനുമുമ്പ് അയിനൂണ് എന്നൊരു ചടങ്ങുണ്ട്. വേളി രാവിലെയാണെങ്കിൽ തലേദിവസം ആ മുഹൂർത്തത്തിൽ തന്നെയാണ് അയിനിയൂണും. അതിനുമുമ്പായി ഒരു കുളിയുണ്ട്. വടക്കിനിയിൽ

വിവാഹിതയാകാൻ പോകുന്ന പെൺകുട്ടി ഒരു പലകയിൽ കിഴക്കോട്ട് തിരിഞ്ഞിരിക്കുന്നു. ഇണങ്ങത്തിയും (നായർസ്ത്രീ) വലതുഭാഗത്തിരിക്കുന്നു. കുട്ടിയുടെ അമ്മ വലതുഭാഗത്ത് പിന്നിലായി നിന്ന് പൂവട്ടിയിൽ എണ്ണയെടുത്ത് വാൽക്കണ്ണാടിയുടെ വാലുകൊണ്ട് (വലതുകൈകൊണ്ട്) മൂന്നുപ്രാവശ്യം ഉറ്റിക്കുന്നു. എണ്ണ തേക്കുമ്പോഴും കുളിക്കാനിറങ്ങുമ്പോഴും കുളിച്ചുവരുമ്പോഴും വായ്ക്കുരവയിടണം. അയിനിയൂണിന്റെ നേരത്ത് തെങ്ങിൻ പൂക്കുലവെച്ച് നിറച്ച പറ വെയ്ക്കണം. പതിനാറ് വിളക്ക് അല്ലെങ്കിൽ പതിനാറ് തിരിയിട്ട ഒരു വിളക്ക്. അഷ്ടമംഗല്യം, ഇടങ്ങഴി, ഗണപതിയ്ക്ക് വെയ്ക്കാൻ ഇല, കുട്ടിക്ക് ഉണ്ണാനിരിക്കാൻ അണിഞ്ഞ പലക എന്നിവയും വേണം. കുട്ടി ഉണ്ണുവാൻ ഇരിക്കുമ്പോൾ വലതുഭാഗത്തിരുന്ന് ഉണ്ണുക, മയിലാഞ്ചി ഇടീക്കുക, ആയിരം തിരി തെറുക്കുക ഇതിനെല്ലാം ഇണങ്ങത്തി കൂട്ടിരിക്കുന്നു.

ഊണു കഴിഞ്ഞാൽ അവിടെയെല്ലാം വൃത്തിയാക്കി ചാണകം തളിച്ച് ശുദ്ധമാക്കി പതിനാറു വിളക്കുകൾ കൊളുത്തി ഒരെണ്ണം പതിനാറുതിരിയിട്ടു കൊളുത്തി അണിഞ്ഞ പലകയിൽ കിഴക്കോട്ടു തിരിഞ്ഞിരുന്ന് രണ്ടോ മൂന്നോ നാക്കില കിഴക്കോട്ടാക്കി വെച്ച് ആയിരംതിരി തെറുക്കൻ ചടങ്ങ് ആരംഭിക്കുന്നു. അലക്കിയ ഇണപ്പുടവയാണ് ഇതിനുപയോഗിക്കുന്നത്. തിരിതെറുക്കാൻ തുടങ്ങു മ്പോൾതന്നെ മംഗല്യസ്ത്രീകൾ രുഗ്മിണീസ്വയംവരം, പാർവ്വതീ സ്വയംവരം, സീതാസ്വയംവരം, പാഞ്ചാലീസ്വയംവരം, ശിവസ്തുതികൾ എന്നിവ പാടുന്നു. ആയിരത്തെട്ടിൽ കുറയാതെ തിരികൾ തെറുക്കുന്നു. ഈ തിരിയുടെ ഒപ്പം തന്നെ പുതിയ വാൽക്കണ്ണാടി, കറുകമാലകൾ, തുളസിമാലകൾ, തുളസിപ്പൂവ്,

മലർവിത്ത്, പുതിയ ചട്ടി, കലം, കുടം, പാനക്കുടത്തിനുള്ള ചെപ്പുകുടം (ചെമ്പോ പിച്ചളയോ ആവാം) അതിൽ മൂന്നാഴിയെങ്കിലും ഉണക്കലരി, തെങ്ങിൻ പൂക്കുല, ഒരു നാളികേരം എന്നിവയും വെക്കുന്നു. ചെപ്പുകുടത്തിൽ മുന്നാഴി ഉണക്കലരി ഇട്ട് തെങ്ങിൻപൂക്കുല നിവർത്തിവെച്ച് അതിന്റെ മുകളിലായി നാളികേരം വെച്ച് നാളികേരത്തിന്മേൽ ഒരു തിരികൊളുത്തി അടിയാത്തി (നായർസ്ത്രീ) നടുമുറ്റത്ത് പീഠത്തിലിരിക്കുന്ന വരനെ പിന്നിൽ നിന്നുകൊണ്ട് മൂന്നു പ്രാവശ്യം കുടം പിടിച്ചുഴിയുന്നു. ഇതാണ് "പാനക്കുടം ഉഴിയൽ". ഇതു കഴിഞ്ഞാൽ പെൺ കുട്ടിയുടെ അച്ഛൻ വരനെ കാൽകഴുകിക്കുന്നു.

പുണ്യാഹ'ത്തോടെ വരനെ പീഠത്തിലിരുത്തി അടിയാത്തി മൂന്നുതവണ പാനക്കുടം ഉഴിയുന്നു. വരൻ രണ്ടു മന്ത്രകോടികളും അച്ഛന്റെ കൈയിൽ കൊടുത്ത് വരനുള്ളത് കുട്ടിയെ തൊടീച്ച് വരനുകൊടുക്കുന്നു. വരന് നാലുമുണ്ട് ചേർന്നത് തറ്റുടുക്കാനും നാലുമുണ്ട് ചേർന്നത് ഉത്തരീയവും ആണ്. വധുവിന് മന്ത്രകോടി എട്ടുമുണ്ടാണ്. നാലെണ്ണം ഉടുക്കുവാനും, നാലെണ്ണം പുതയ്ക്കുവാനും (മൂടുവാനും).

വേളിക്രിയ നടത്തുന്നത് ഓതിക്കോനാണ്. ലാജഹോമ (മലർഹോമം)ത്തോടെ ആരംഭിക്കുന്ന ചടങ്ങിൽ പെൺകുട്ടിയുടെ കൈയിൽ മലർ ഇട്ടുകൊടുക്കുന്നത് സഹോദരനാണ്. ഹോമം കഴിഞ്ഞാൽ 'കാച്ചി ആർക്കുക' എന്നൊരു ചടങ്ങുണ്ട്. വരൻ പുല്ലും ചമതയും രണ്ടു കൈയിലും കൂട്ടിപ്പിടിച്ച് താഴെനിന്നു മുകളിലേക്കും ഹോമകുണ്ഡത്തിനുമീതെയും മൂന്നുപ്രാവശ്യം ഉഴിഞ്ഞ് പുല്ലും ചമതയും കൈയിൽ പിടിക്കുന്നു. ഇതാണ് 'കാച്ചൽ'. ഈ സമയത്ത് മൂന്ന് ആർപ്പുവിളി വേണം. ഇതാണ് കാച്ചിആർക്കൽ.[13]

**വേളിശേഷം (സേകം) –** നാലാംദിവസം വൈകുന്നേരമാണ് ഈ ചടങ്ങ് നടത്താറുള്ളത്. അന്ന് വാവോ വേറെ വല്ല മുടക്കുകളോ ഉണ്ടെങ്കിൽ മുഹൂർത്തം നോക്കേണ്ടതുണ്ട്. ഊണുകഴിഞ്ഞ് സുമംഗലികളായ സ്ത്രീകൾ എല്ലാവരുംകൂടി വധുവിനെ കിടപ്പറയിലേക്ക് കൊണ്ടുപോകും. നിലവിളക്ക്, മുല്ല, കൈത മുതലായ സുഗന്ധപുഷ്പങ്ങളും ഒരു തളികയിൽ മൂന്നും കൂട്ടാനുള്ള സാധനങ്ങളും മുറിയിൽ ഉണ്ടാവണം. സുമംഗലികൾ എല്ലാവരും കൂടി മൂന്നുംകൂട്ടി കുട്ടിയെ അവിടെയാക്കി പോന്നാൽ വരൻ മുറിയിലേക്ക് ചെല്ലും.

**കുടിവെയ്പ് –** വേളി വരന്റെ ഇല്ലത്തുവച്ചാണെങ്കിൽ ക്രിയ കഴിഞ്ഞ ഉടനെ കുടിവെക്കണം. വധുവിന്റെ കൈയിൽ കുടന്നയായി ഉണക്കലരി നിറച്ച് അകമ്പടിയോടെ വരൻ മുന്നിലും വധു പിന്നിലുമായി വലതുകാൽ മുന്നിൽവെച്ച് അകത്തുകയറുന്നു. വരന്റെ അമ്മ മലർ, പൂവ്, നെല്ല്, അരി, വിളക്ക് എന്നിവ താലത്തിലെടുത്ത് ഈ ദ്രവ്യങ്ങളെല്ലാം മൂന്നു തവണയായി വധൂവരന്മാരുടെ തലയിലിട്ട് അവരെ അകത്തേക്ക് എതിരേൽക്കുന്നു. വരന്റെ അമ്മ നടുമുറ്റത്ത് അണിഞ്ഞ പലകയിൽ ഇരുന്ന് ഗണപതി, ശിവൻ, പാർവ്വതി എന്നിവർക്ക് അപ്പം നിവേദിക്കണം. നിവേദിക്കാൻ കൊണ്ടുവരുന്ന അപ്പപാത്രം ഉണ്ണികൾക്ക് തട്ടിപ്പറിക്കാം. തേവരുടെ പീഠത്തിന്മേൽ പൊന്നണിയിക്കാനുള്ള ഒരു സ്വർണ്ണപ്പണ്ടം ആദ്യംതന്നെ ചാർത്തിയിരിക്കും. നിവേദിച്ചുകഴിഞ്ഞാൽ വധുവിനെക്കൊണ്ട് കുടന്നയായി പൂവ് ചാർത്തിക്കുന്നു. അമ്മ പീഠത്തിലണിയിച്ച പൊൻപണ്ടമെടുത്ത് വധുവിന്റെ വലതുഭാഗത്തായി പിന്നിൽ കിഴക്കോട്ടു തിരിഞ്ഞ് നിന്ന് പൊന്നണിയിക്കുന്നു. സുമംഗലികൾ കുരവയിടുകയും സ്വയംവരപാട്ടുകൾ പാടി വധുവിന്റെ കൂടെ മുല്ലത്തറയ്ക്ക് പ്രദക്ഷിണം

വെക്കുകയും ചെയ്യുന്നു. അടുത്ത ബന്ധുക്കൾ പാലും പഴവും നൽകുന്നു. വധുവിന്റെ മടിയിൽ സഹോദരിയുടെ ഒരു ഉണ്ണിയെ (മരുമകനെ) ഇരുത്തി അമ്മായി രണ്ടു കൈയിലും അപ്പം കൊടുക്കുന്നു. കുടിവെപ്പിന് നടുമുറ്റത്ത് അഞ്ചുപറയോ അല്ലെങ്കിൽ മൂന്നുപറയോ നിറച്ചുവെയ്ക്കാം.

**ഗർഭകാലത്തെ ചിട്ടകൾ** - വിവാഹം കഴിഞ്ഞ് സ്ത്രീകൾ ഗർഭം ധരിച്ചാൽ തൊണ്ണൂറ് ദിവസത്തിനുള്ളിൽ ഔഷധം സേവിക്കുക എന്നൊരു ചടങ്ങുണ്ട്. പേരാലിന്റെ മൊട്ട് പാലിൽ അരച്ച് മൂന്ന് ദിവസമെങ്കിലും സേവിക്കണം. അതുകൂടാതെ വെളുത്തപക്ഷത്തിൽ നെയ്യ് (വെണ്ണ) ജപിച്ചു സേവിക്കണം. ഗർഭകാലത്ത് അമ്പലങ്ങളിൽ ഭജിക്കുന്നതും 3, 5, 7 എന്നീ മാസങ്ങളിൽ 1, 3, 5, 7, 12 എന്നീ ദിവസങ്ങളാണ് ഭജനത്തിന് ഉത്തമം.

**പുംസവനം** - ഗർഭിണികൾക്ക് മൂന്ന് മാസത്തിനുള്ളിൽത്തന്നെ (വെളുത്തപക്ഷ ത്തിലായാൽ ഉത്തമം) പുംസവനം നടത്താം. ഞായർ, ചൊവ്വ, വ്യാഴം എന്നീ ആഴ്ചകളോടുകൂടിവരുന്ന പൂയം നക്ഷത്രത്തിലാണ് പുംസവനം നടത്തേണ്ടത്. അതിൽ വ്യാഴത്തോടുകൂടിവരുന്ന പൂയമാണ് ഉത്തമം. സൽപുത്രലാ ഭത്തിനുവേണ്ടിയാണിതു നടത്തുന്നത്. ഒരു യവമണിയും രണ്ട് ഉഴുന്നും തൈരും ചേർത്ത് ഗർഭിണി ഭക്ഷിക്കുന്നതാണ് ചടങ്ങ്.

**സീമന്തം** - ഗർഭം ധരിച്ച് ഏഴാം മാസത്തിനുശേഷം നല്ല ദിവസം നോക്കി സീമന്തം നടത്താം. ഗർഭകാലത്ത് പറ്റിയില്ലെങ്കിൽ പ്രസവിച്ച് പതിനൊന്നാം ദിവസം നടത്താം. താമരയിലയിൽ കുഞ്ഞിനെ പൊതിഞ്ഞ് ഗർഭസ്ഥശിശുവായി സങ്കല്പിച്ചാണ് പതിനൊന്നാം ദിവസം സീമന്തം നടത്താറുള്ളത്. ആദ്യത്തെ ഗർഭത്തിനുമാത്രമേ സീമന്തം നടത്താറുള്ളൂ. പുംസവനം എല്ലാത്തിനും ആകാം.

**പ്രസവം, ജാതകർമ്മം –** കുട്ടി പുറത്തേക്കുവരുമ്പോൾ ചെവിക്കുറ്റി കാണുന്ന സമയത്തെയാണ് ജനനസമയമായി കണക്കാക്കുന്നത്. അതിനെ ആസ്പദ മാക്കിയാണ് ജാതകം ഗണിക്കുന്നത്. പ്രസവശേഷം കുഞ്ഞിനെ കുളിപ്പിച്ച് കിഴക്കോട്ട് തലയാക്കി അമ്മയുടെ മാറത്ത് കിടത്തുന്നു. അമ്മ രണ്ടു കൈകൊണ്ടും കുഞ്ഞിന്റെ തലതൊട്ട് അനുഗ്രഹിക്കണം. അതിനുശേഷം നാക്കിലയിൽ കിഴക്കോട്ട് തലവെച്ച് കുഞ്ഞിനെ കിടത്തി (നിലവിളക്ക് കൊളുത്തിവെയ്ക്കണം) ഇളനീർവെള്ളം ശംഖിലാക്കി ഇടതുകൈയിൽ പിടിച്ച് വലതുകയ്യിലേക്കൊഴിച്ച് മൂന്നു പ്രാവശ്യം കുഞ്ഞിന്റെ മുഖത്തുതളിക്കണം. വെള്ളം തളിച്ചുകഴിഞ്ഞാൽ കുഞ്ഞിനെ എടുത്ത് അച്ഛനെ കാണിക്കുന്നത് അടിയാത്തിപ്പെണ്ണാണ്. അടിയാത്തിക്ക് മുണ്ടുകൊടുത്ത്, കുഞ്ഞിനെക്കണ്ട് കുളിച്ചുവന്നാണ് ജാതകർമ്മം ചെയ്യേണ്ടത്. പ്രസവിച്ച് തൊണ്ണൂറ് നാഴികയ്ക്കുള്ളിൽ ജാതകർമ്മം നടത്തണം. അതിനുകഴിഞ്ഞില്ലെങ്കിൽ പതിനൊന്നാം ദിവസം നടത്താം. നവജാതശിശുവിന് കയ്പയില, പച്ചമഞ്ഞൾ, ബ്രഹ്മി എന്നിവ ചതച്ച് നീരെടുത്ത് കൽക്കണ്ടപ്പൊടി ചേർത്ത് കുറച്ചുദിവസമെങ്കിലും കൊടുക്കണം. ഇത് ശബ്ദശുദ്ധിക്കും, കൃമിദോഷത്തിനും, ബുദ്ധിവികാസത്തിനും, കഫകെട്ടിനുമെല്ലാം നല്ലതാണ്. പ്രസവിച്ചുകിടക്കുന്ന സ്ത്രീ (ശിശു ഉണ്ണിയായാലും പെണ്ണായാലും) 4, 7, 10, 15, 20, 28 എന്നീ ദിവസങ്ങളിൽ മാറ്റുടുത്ത് അടിയാത്തി തുള്ളീരും വീഴ്ത്തി കുളിക്കേണ്ടതാണ്. പെണ്ണായാൽ 40-ാം ദിവസവും മാറ്റുടുത്ത് കുളിക്കണം.[14]

ജാതകർമ്മത്തോടനുബന്ധിച്ച് കുട്ടിയുടെ പേര് നിശ്ചയിക്കും. ആൺ കുട്ടിയാണെങ്കിൽ ഹരിയുടെയോ ഹരന്റെയോ പെൺകുട്ടിയാണെങ്കിൽ ഹ്രീ അഥവാ ശ്രീ എന്നും തീരുമാനിക്കും. ഇല്ലത്ത് മുത്തച്ഛന്റെയോ

മുത്തശ്ശിയുടെയോ പേര് ആദ്യത്തെ കുഞ്ഞിനും അമ്മാത്ത് (അമ്മയുടെ ഗൃഹം) മുത്തച്ഛന്റെയോ മുത്തശ്ശിയുടെയോ പേര് രണ്ടാമത്തെ കുഞ്ഞിനും, അച്ഛന്റെയോ അമ്മയുടെയോ പേര് മൂന്നാമത്തെ കുഞ്ഞിനും ഇടണം. പേരിടുമ്പോൾ സ്വർണ്ണം കൊണ്ടുള്ള പേരുമണി ഒരു വെളുത്തചരടിൽ കോർത്ത് കെട്ടിക്കണം.

**അന്തിഉഴിയൽ** – പന്ത്രണ്ടാം ദിവസം മുതൽ അന്തി ഉഴിയൽ തുടങ്ങാം. ഒരു ചെറിയ നിലവിളക്കും ഒരു കുഞ്ഞിക്കിണ്ടിയിൽ വെള്ളവും വേണം. ഓട്, ചെമ്പ്, പിച്ചള ഇതിൽ ഏതെങ്കിലും ലോഹം കൊണ്ടുണ്ടാക്കിയ രണ്ട് ചെറിയ ഓടങ്ങൾ എടുത്ത് ഒന്നിൽ ചുവന്ന ഗുരുതിയും മറ്റേതിൽ കറുത്ത ഗുരുതിയും കലക്കണം. കുറച്ച് ഇലഞ്ഞി ഇലയും കരുതണം. മൂന്ന് പ്രാവശ്യം മുമ്മൂന്ന് ഇലഞ്ഞി ഇല എടുത്ത് തിരി കത്തിച്ച് വിളക്കിനും പിന്നീട് ശിശുവിനും ഉഴിഞ്ഞ് ചുവന്ന ഗുരുതിയിൽ ഇടുക. ഇതുപോലെ കറുത്ത ഗുരുതിയിലും വെള്ളത്തിലും ഇടണം. പിന്നീട് തിരികത്തിച്ച് ഗുരുതിയുടെ പാത്രവും വെള്ളക്കിണ്ടിയും എടുത്ത് ഉഴിയണം.

**വാതിൽപ്പുറപ്പാട്** - നാലാം മാസത്തിലാണ് വാതിൽ പുറപ്പാട് നടത്തുന്നത്.  അച്ഛൻ അലക്കിയ വസ്ത്രം തറ്റുടുത്ത് ക്രിയാഭാഗം കഴിഞ്ഞ്, അഷ്ടമംഗല്യവും വിളക്കും എടുത്ത് ഒരാൾ മുന്നിലും ശിശുവിനെ എടുത്ത് പിറകിലുമായി മംഗല്യസൂക്തം ചൊല്ലി കിഴക്കോട്ടോ പടിഞ്ഞാറോട്ടോ ഇറങ്ങുന്നു. രണ്ടുപേരും ഉത്തമവൃക്ഷത്തെ (പ്ലാവിനെയോ, തെങ്ങിനെയോ) മൂന്നു പ്രദക്ഷിണം  വയ്ക്കുന്നു.

**ചോറൂണ്** - ചോറൂണ് ആറാംമാസത്തിലാണ് പതിവ്. അഷ്ടമംഗല്യം, നിലവിളക്ക്, നെല്ലുനിറച്ച ഇടങ്ങഴി എന്നിവ നടുമുറ്റത്തുവെച്ച്, വിളക്കിനുമുമ്പിൽ

പലകവച്ച് ശിശുവിനെ കിഴക്കോട്ട് തിരിച്ചിരുത്തണം. അടിയാത്തി പൂവട്ടയിൽ എണ്ണയെടുത്ത് ശിശുവിന്റെ പിന്നിൽ നിന്ന് വാൽക്കണ്ണാടിയുടെ വാലുകൊണ്ട് മൂന്നുപ്രാവശ്യം എണ്ണ തലയിൽ ഒഴിച്ച് തേപ്പിച്ച് മൂന്നുതവണ വെള്ളം തലയിലൊഴിച്ച് കുളിപ്പിക്കണം.

ഒരു ഉരുളിയിൽ മൂന്നു നാഴിയെങ്കിലും ഉണങ്ങലരി വേവിച്ചത്, കുരുമുളക് ചേർത്ത പുളിശ്ശേരി, എരിശ്ശേരി എന്നിവയും ഓലനും, കായ, ചേന എന്നിവ വറുത്തതും ശർക്കര ഉപ്പേരി, ഇഞ്ചിത്തൈര്, ഇഞ്ചിക്കഷ്ണം, ശർക്കര, പഴംനുറുക്ക്, കദളിപ്പഴം എന്നിവയും വേണം. ചോറൂണ് ദിവസമാണ് കുഞ്ഞിനെ ആദ്യമായി ആഭരണങ്ങൾ അണിയിക്കുന്നത്. അരയിൽ കെട്ടാൻ നാലോ അഞ്ചോ ആറോ വെള്ളി ഏലസ്സുകൾ കോർത്ത ഒരു പിരിച്ച വെളുത്ത ചരട്, കഴുത്തിൽ കെട്ടാൻ സ്വർണ്ണം കൊണ്ടുള്ള വട്ടമോതിരം കോർത്തുപിരിച്ച വെള്ളച്ചരടും വേണം. കാലിൽ രണ്ട് വെള്ളിത്തള, കയ്യിലിടാൻ ഒരു സ്വർണ്ണവള. ക്രിയാഭാഗം കഴിഞ്ഞ് ചോറൂണിനു സമയമായാൽ നിലവിളക്ക് അഷ്ടമംഗല്യം, ഇടങ്ങഴിയിൽ നിറച്ച നെല്ല് എന്നിവ വച്ച് വിളക്കിനു മുന്നിലായി ഗണപതിക്ക് ഒരു നാക്കില വയ്ക്കുന്നു. പിന്നെ വലത്തും ഇടത്തും ഓരോ നാക്കില വെച്ച് നടുവിൽ ചോറൂണുകാരന് ഒരു നാക്കില വാട്ടിവെയ്ക്കണം. ഉണ്ണിയാണെങ്കിൽ നാക്കിലയുടെ അടിയിൽ വാട്ടിക്കീറിയ ഇലയും അണിഞ്ഞ പലകയും വേണം. പെൺകുട്ടികൾക്ക് ഇതുരണ്ടും വേണ്ട. അച്ഛൻ കുഞ്ഞിനെ മടിയിലിരുത്തി ഒരു വെള്ളി ഓടത്തിൽ ചോറെടുത്ത് നെയ്യ്, തേൻ, തൈര്, കദളിപ്പഴം എന്നിവ കൂട്ടിക്കുഴച്ച് മോതിരവിരൽ, നടുവിരൽ, തള്ളവിരൽ എന്നീ വിരലുകൾ കൊണ്ട് ചോറെടുത്ത് പുരോഹിതൻ ചൊല്ലിത്തരുന്ന മന്ത്രവും ചൊല്ലി കുഞ്ഞിന്റെ വായിൽ മൂന്നുപ്രാവശ്യം കൊടുക്കുന്നു. പിന്നീട് ബന്ധുജനങ്ങളും അവസാനം അമ്മയും ചോറുകൊടുക്കുന്നു.

**എഴുത്തിനിരുത്തൽ –** മൂന്നാമത്തെ പിറന്നാളിനുള്ളിൽ പറ്റിയില്ലെങ്കിൽ നാലാം പിറന്നാൾ കഴിഞ്ഞ് അഞ്ചാമത്തെ പിറന്നാളിനുള്ളിൽ എഴുത്തി നിരുത്തണം. കുട്ടിയെ കുളിപ്പിച്ച് അലക്കിയ കോണകമുടിപ്പിക്കുന്നു. കാരണവന്മാരിൽ ആരെങ്കിലുമാണ് കുഞ്ഞിനെ എഴുത്തിനിരുത്തുക. പൂജയ്ക്ക് വച്ചതിന്റെ മുമ്പിൽ എഴുത്തിനിരുത്തുന്നയാൾ പലകയിൽ കിഴക്കോട്ടു തിരിഞ്ഞിരിക്കുന്നു. ഒരു നമ്പൂതിരിക്ക് ദാനം (മുഹൂർത്തദാനം) നൽകി കുട്ടിയെ മടിയിൽ ഇരുത്തി ഒരു സ്വർണ്ണ മോതിരം പിടിച്ച് കുട്ടിയുടെ നാവിൽ 'ഹരിശ്രീ' മുതൽ 51 അക്ഷരങ്ങൾ എഴുതുന്നു. പിന്നെ മുന്നാഴി ഉണക്കലരി ഒരു ഓട്ടുരുളിയിൽ എടുത്ത് കുട്ടിയുടെ മോതിരവിരൽ കൊണ്ട് അരിയിൽ ഹരിശ്രീ എഴുതിക്കണം. എഴുതിച്ച അരി വേവിച്ച് മൂന്നുദിവസം കുട്ടിക്ക് കൊടുക്കുന്നു.

**ആദ്യം ഋതുവായാൽ –** ഒരു ഇണങ്ങത്തിയുടെ സഹായത്തോടെ പെൺകുട്ടിയെ കുളിപ്പിച്ച് ഒരു അറയിൽ കോടിയലക്കിയ ഇണവസ്ത്രം ഉടുപ്പിച്ച് കിഴക്കുപടിഞ്ഞാറായി ഒരാൾ നീളത്തിൽ അണിഞ്ഞ് നെല്ലും അരിയും വളച്ച് (നെല്ല് പുറത്തും അരി അകത്തും)അലക്കിയ ഇണവസ്ത്രം വിരിച്ച് അതിൽ കുട്ടിയെ ഇരുത്തുന്നു. നിലവിളക്ക് കൊളുത്തുന്നു. ചെമ്പുകുടത്തിൽ നെല്ലുനിറച്ച് പൂക്കുല വയ്ക്കുന്നു. മൂന്നാംദിവസം പാൽക്കഞ്ഞി നൽകുന്നു. മൂന്ന് മുല്ലയുടെ ഇലയിൽ ഇഞ്ച, മഞ്ഞൾ, നെല്ല്, അരി എന്നിവ കുറേശ്ശെ എടുത്ത് മറ്റൊരു വിളക്ക് കൊളുത്തിവെച്ച് അതിലും കുട്ടിയേയും ഉഴിഞ്ഞ് തലയ്ക്കൽ ഇടുന്നു. ഇങ്ങനെ മൂന്ന് ഇലകളിലും ഇടുന്നു. ഇതെല്ലാം മൂന്നാം ദിവസം അടിയാത്തി സ്ത്രീകളാണ് ചെയ്യേണ്ടത്. മൂന്നാം ദിവസം പകലുമാത്രമേ ഊണുകഴിക്കാൻ പാടുള്ളൂ. നെയ്യപ്പം തുടങ്ങിയ പലഹാരങ്ങൾ ഉണ്ടാക്കുന്നു. നാലാംദിവസം കുളിപ്പിക്കാൻ അടിയാത്തിയും ഇണങ്ങത്തിയും ചുറ്റുവട്ടമുള്ള എല്ലാ

മംഗല്യസ്ത്രീകളും വേണം. തുരടുവിളക്ക്, അഷ്ടമംഗല്യം, പലക, പൊട്ട്, കുറി ഇവയെല്ലാം കുളത്തിലേക്ക് കൊണ്ടുപോകുന്നു. ഈറൻ മാറാൻ കോടിയലക്കിയ ഇണമുണ്ട്, തോർത്ത് മറ്റു വസ്ത്രങ്ങൾ എന്നിവയും വേണം. കുളി കഴിഞ്ഞാൽ ദശപുഷ്പം ചൂടി അഞ്ജനം കൊണ്ട് കണ്ണെഴുതുന്നു.

**തിരുവാതിര** - ധനു മാസത്തിലെ തിരുവാതിര മംഗല്യ സ്ത്രീകൾക്ക് വളരെ പ്രധാനപ്പെട്ടതാണ്. വിവാഹം കഴിഞ്ഞ് ആദ്യത്തെ തിരുവാതിരയ്ക്ക് പുത്തൻ തിരുവാതിര എന്നുപറയുന്നു. അടുത്തുള്ള ബന്ധുക്കളും മംഗല്യസ്ത്രീകളും കൂടി ധനുമാസത്തിൽ തിരുവാതിരയുടെ ഏഴുദിവസം മുമ്പു മുതൽ അടുത്തുള്ള കുളത്തിൽ വെളുപ്പാൻ കാലത്തു തുടിച്ചു കുളിക്കുന്നു. പിന്നീട് പാട്ടുകൾ പാടി മലരുവറുക്കുന്നു. കുളിച്ചുകയറിയാൽ പച്ചമഞ്ഞൾ, ആവണക്കിൻ കുരുകൂട്ടി കല്പടവിൽ അരച്ച് കുറിയിടുന്നു. തുടിച്ചുകുളിച്ചാൽ സുഖിച്ചുമരിക്കാമെന്നും സുഖിച്ചിരിക്കാമെന്നും പറയാറുണ്ട്. തിരുവാതിര ഉറക്കമൊഴിയൽ തലേദിവസമാണെങ്കിൽ അന്നും തിരുവാതിര നാളിലും പകലെ ഉണ്ണണം. പാതിരയ്ക്ക് തിരുവാതിരയുള്ളന്നാണ് ഉറക്കമൊഴിക്കലും പാതിരപ്പൂവ് ചൂടലുമെല്ലാം. പാതിരായ്ക്ക് മുമ്പായി സുമംഗലികളായ സ്ത്രീകളും കുട്ടികളും അഷ്ടമംഗല്യം, വിളക്ക്, താലം എന്നിവയെടുത്ത് കുരവയിട്ട് പാട്ടുപാടിക്കൊണ്ട് പൂ കൊണ്ടുവരാൻ പോകുന്നു. ചാണകം കൊണ്ട് മെഴുകിയ അരിമാവു കൊണ്ടണിഞ്ഞ നടുമുറ്റത്ത് അഞ്ചുതിരിയിട്ട നിലവിളക്ക്, രണ്ടു കിണ്ടി, ചന്ദനഓടം, ചന്ദനം അണിഞ്ഞപലക എന്നിവ തയ്യാറാക്കണം. ആദ്യം പെൺകിടാങ്ങൾ (വിവാഹപ്രായമായ കുട്ടികൾ) അണിഞ്ഞ പലകയിലിരുന്ന് കണ്ണെഴുതി കുറിയിട്ട് ദശപുഷ്പങ്ങൾ ചൂടുന്നു. പിന്നെ സുമംഗലികൾ പൂചൂടുന്നു. എല്ലാവരുടേയും പൂചൂടൽ കഴിഞ്ഞാൻ മൂന്നും കൂട്ടി 'മംഗല ആതിര'

പാടി തിരുവാതിര കളിക്കുന്നു. 108 വെറ്റിലകൾ സുമംഗലിമാർ ഇതോടനുബന്ധിച്ച് കഴിക്കുന്നു. ചേന, ചേമ്പ്, മൂന്നുതരം കിഴങ്ങ്, കാച്ചിൽ, കൂർക്ക, നേന്ത്രക്കായ ഈ എട്ടുകൂട്ടങ്ങൾ ചുട്ട്, നന്നാക്കിയെടുത്ത് എള്ള്, പയറ്, മുതിര എന്നിവ നെയ്യിൽ വറുത്ത് ചുട്ടെടുത്തവയോടുകൂടി നാളികേരം ചിരവിയിടുന്നു. സാധനങ്ങൾക്കനുസരിച്ച് ശർക്കര ഉരുളിയിലിട്ട് പാവുകാച്ചുന്നു. ചുട്ടതും വറുത്തതുമായ എല്ലാം ഈ പാവിലേക്കിട്ട് നെയ്യും ചേർത്ത് ഇളക്കുന്നു. എട്ടങ്ങാടി നിവേദിക്കൽ കഴിഞ്ഞാൽ സുമംഗലികൾ എല്ലാം മൂന്നും കൂട്ടിമുറുക്കുന്നു. എട്ടങ്ങാടിയോടൊപ്പം കൂവ വിരകിയതും കഴിക്കാറുണ്ട്. പിന്നെ രണ്ടു ദിവസം നോമ്പുനോൽക്കുന്നു. ചാമ, ഗോതമ്പ്, വരി ഇതിൽ ഏതെങ്കിലും അരികൊണ്ടുള്ള ചോറ് ഉപയോഗിക്കാം. ഭർത്താവിന്റെ ആയുസ്സിനും ആരോഗ്യത്തിനുമായാണ് മംഗല്യസ്ത്രീകൾ തിരുവാതിര നോമ്പ് നോൽക്കുന്നത്.

**സ്ത്രീകളുടെ ക്ഷേത്രദർശനം** – ക്ഷേത്രദർശനത്തിനുപോകുമ്പോൾ പോലും നമ്പൂതിരി സ്ത്രീകൾ തനിച്ചുപോകാറില്ല. ഒരാൺകുട്ടിയെങ്കിലും മുന്നിൽ ഒച്ചയാട്ടിക്കൊണ്ട് നടക്കാൻ വേണം. അയിത്തക്കാരായ അന്യജാതിക്കാർക്ക് മാറിനിൽക്കാനുള്ള അറിയിപ്പാണ് ഈ ഒച്ചയാട്ടൽ. 'തൃക്കൺപാർക്കാൻ എഴുന്നള്ളീട്ടുണ്ടേ' എന്ന് അമ്പലനടയിൽ നിന്നും കുട്ടി വിളിച്ചുപറയണം. തേവാരത്തിനെത്താറുള്ള ശാന്തിക്കാരനും നമ്പൂതിരിമാരും അകത്തുണ്ടോ എന്നറിയാനാണിത്. ഉണ്ടെങ്കിൽ അവർ മാറിനിന്നതിനുശേഷം തൊഴാം. അമ്പലത്തിലെ ശ്രീകോവിലിനുമുന്നിൽ കെട്ടിതൂക്കിയിരിക്കുന്ന മണിയടിക്കാൻ സ്ത്രീകൾക്ക് അനുവാദമില്ല. ബ്രാഹ്മണ സ്ത്രീയുടെ ക്ഷേത്രദർശനത്തിന്റെ രീതിയാണിത്.[15]

**ഭക്ഷണരീതിയിലെ ആചാരം** – ഭക്ഷണം കഴിക്കലിനും ആചാരമുണ്ട്. മൂസ്സ് ഉണ്ണുന്ന ഇലയോട് തൊടുവിച്ചുകൊണ്ട് നീട്ടി ഇലവെച്ചിരിക്കും. പ്രധാനഭാര്യകൂടാതെ എത്രഭാര്യമാരുണ്ടോ അത്രയും ഇലയുണ്ടാകും. ഉള്ളം കൈയിൽ രണ്ടുമൂന്നു തുള്ളി വെള്ളമെടുത്തു ഭക്ഷണത്തിനുമുമ്പും ഭക്ഷണശേഷവും മന്ത്രപൂർവ്വം കുടിക്കുന്നതിനാണ് 'കുടിക്കുനീർ' എന്നുപറയുന്നത്. മൂത്ത പത്നി അവസാനത്തെ കുടിക്കുനീർ വീഴ്ത്തിയാൽ ഭർത്താവ് അതാസ്വദിക്കു ന്നതിനുമുമ്പായി ഉച്ഛിഷ്ടത്തിൽ നിന്ന് ചെറിയൊരു ഭാഗം മറ്റിലകളി ലേക്കുവാരിയിടും. മൂത്ത ആത്തേമ്മമാർക്ക് ഭർത്താവ് ഉണ്ട ഇലയും മറ്റുള്ളവർക്ക് കൂട്ടിതൊടുവിച്ചുവെച്ച ഇലയും ഇതാണ് ചട്ടം.

**മരണാനന്തര ക്രിയകൾ (നിഴൽ മെഴുകൽ) –** പുല്ലും മണലും വിരിച്ച് ദേഹം നിലത്തിറക്കിയാൽ തലയ്ക്കൽ നിലവിളക്ക് കൊളുത്തി പായിൽ നെല്ല് നിറച്ചുവെയ്ക്കണം. നാളികേരം ഉടച്ച് എണ്ണയൊഴിച്ച് ചെറിയ അരിക്കിഴിയിട്ട് നാലുപുറവും തിരികത്തിക്കണം. ആ സ്ഥലം ഭസ്മം കൊണ്ടോ വെണ്ണീറുകൊണ്ടോ വളയ്ക്കണം. തലയ്ക്കലായി ഒരാവണപ്പലകവെച്ച് മീതെ ഒരോട്ടു കിണ്ണത്തിൽ വെള്ളമൊഴിച്ച് മുണ്ട് നനച്ചുവെക്കുന്നു. അടിയാത്തി കിണ്ണവും മുണ്ടും എടുത്ത് കുളത്തിൽ നിന്ന് കുളിച്ചപടി, കിണ്ണത്തിൽ വെള്ളവും നനഞ്ഞ മുണ്ടും എടുത്ത് തെക്കുവശത്തുകൂടിവന്ന് വളച്ചതിന്റെ ഉള്ളിൽ തലയ്ക്കൽ നിന്ന് കീഴ്പ്പോട്ടായി മെഴുകുന്നു. ഇത് ഒന്നാം ദിവസം മുതൽ പത്താം ദിവസം വരെ മൂന്നുനേരവും ചെയ്യുന്നു. അന്തർജനങ്ങൾ ഭർത്താവ് മരിച്ചാൽ പച്ച ഓലത്തടുക്കുണ്ടാക്കി അതിൽ ഇരിക്കണം. മൂന്നുനേരം കുളിയും, മുങ്ങിയപടി വന്നിരിക്കുകയും വേണം. അരിഭക്ഷണവും ഉപ്പുകൂടാതെ റവ, ഗോതമ്പ്, പഴങ്ങൾ എന്നീ ഭക്ഷണങ്ങൾ മാത്രം കഴിക്കുന്നു. എണ്ണതേച്ചുകുളി

അമ്മയ്ക്കും മക്കൾക്കും പാടില്ല. അന്തർജനങ്ങൾ മംഗല്യത്തോടുകൂടി മരിക്കുമ്പോൾ മംഗല്യസൂത്രത്തോടു കൂടിയാണ് ദഹിപ്പിക്കാറുള്ളത്. വേളി കഴിച്ച ആൾ ആദ്യം മരിച്ചാൽ ആ ചിതയിൽ താലിയും അഴിച്ചിടാറുണ്ട്.

പെൺകുട്ടികൾക്കും സുമംഗലികൾക്കും കിഴക്കോട്ടാണ് ബലിയിടൽ. പുരുഷന്മാർക്കും വിധവകൾക്കും തെക്കോട്ടാണ്. അച്ഛന്റേയും അമ്മയുടേയും ശ്രാദ്ധം ആൺകുട്ടികളും പെൺകുട്ടികളും ഊട്ടണം. ബലി തുടങ്ങുമ്പോൾ പുരുഷന്മാർ പവിത്രം ഇടുന്നതുപോലെ സ്ത്രീകൾ ഒരു ഇലച്ചീന്ത് മോതിരവിരലിൽ ഇടുന്നു. വലതുകൈയിലെ മോതിരവിരലിൽ മോതിരം ഉണ്ടായിരിക്കണം. നമസ്കാരം കഴിഞ്ഞാൽ ഈ ഇല ബലിയിട്ട ഇലയിലിടണം. ബലിയിട്ടത് നമ്പൂതിരിമാരാണ് മുറ്റത്ത് കൊണ്ടുവയ്ക്കുക. മെഴുകിയ സ്ഥലത്ത് കിഴക്കോട്ട് നാക്കാക്കി ഇല വെക്കണം. തുടർന്ന് പുരുഷന്മാർ കൈകൊട്ടുന്നു. ഇതുകഴിഞ്ഞാൽ കിഴക്കോട്ട് തിരിഞ്ഞിരുന്ന് മൂന്നുപ്രാവശ്യം ശേഷം കൊള്ളണം. അതായത് ഇലയിൽ കവ്യം വിളമ്പി ഉപസ്തരിച്ച് മൂന്നു പ്രാവശ്യം കഴിക്കുന്നു.

ഈയൊരു സാംസ്കാരിക സാഹചര്യത്തിലാണ് പരമ്പരാഗതമായി തുടർന്നുവന്നിരുന്ന കീഴ്വഴക്കങ്ങളെ തുടച്ചുനീക്കാനും നിഷേധിക്കപ്പെട്ട അവകാശങ്ങൾ നേടിയെടുക്കാനും ദുരിതമനുഭവിച്ചിരുന്ന വിഭാഗങ്ങൾ സാമുദായികാടിസ്ഥാനത്തിൽ സംഘടിച്ചത്. അസംഘടിതായിരുന്ന ഒരു ജനവിഭാഗം ആത്മവിശ്വാസത്തോടും സ്വാശ്രയശക്തിയോടും കൂടി ഉയർത്തെഴുന്നേറ്റപ്പോൾ കേരളത്തിൽ സാംസ്കാരിക വിപ്ലവത്തിനുള്ള സാഹചര്യങ്ങൾ രൂപീകരിക്കപ്പെട്ടു.  അതിലേക്കു നയിച്ച ബാഹ്യവും

ആന്തരികവുമായ കാരണങ്ങൾ താഴെ അക്കമിട്ടു വിവരിക്കാം.

1. മൈസൂർ സുൽത്താൻമാരുടെ കടന്നുവരവ് ഉത്തരമലബാറിൽ സാമൂഹിക മാറ്റങ്ങൾ ഉണ്ടാക്കി. ഭരണപരിഷ്ക്കാരങ്ങളിലൂടെയും മതനയങ്ങളിലൂടെയും അവർ ആ പ്രദേശത്തെ തങ്ങളുടെ അധീനത യിലാക്കി.

2. വില്ല്യം ലോഗൻ, ഫ്രാൻസിസ് ബുക്കാനൻ തുടങ്ങിയ പാശ്ചാത്യ മിഷണറിമാർ ഉത്തരകേരളത്തിൽ ഉടനീളം സഞ്ചരിക്കുകയും ജാതി വ്യവസ്ഥയിൽ നിശ്ശബ്ദമായി ഇടപെടുകയും ചെയ്തു.

3. കമ്പോളവത്ക്കരണത്തിന്റെ വിത്തുപാകിയത് കച്ചവടാർത്ഥം രാജ്യത്തു വന്നുചേർന്ന അറബി, പോർച്ചുഗീസ് തുടങ്ങിയ യൂറോപ്യൻ മാരായിരുന്നു. സാഹിത്യം, സംസ്കാരം എന്നീ മേഖലകളെ ആഴത്തിൽ സ്വാധീനിക്കാൻ ഈ വൈദേശിക ബന്ധങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

4. വിദ്യാഭ്യാസരംഗത്തുവന്ന പുത്തൻ പരിഷ്ക്കരണ നയങ്ങൾ ജാതിമതഭേദമന്യേ ഉദ്യോഗസ്ഥന്മാർക്ക് കൈവന്ന മേധാവിത്വം എന്നിവ അധീശശക്തികളായിരുന്ന നമ്പൂതിരിമാരുടെ അവസ്ഥയ്ക്ക് മാറ്റം വരുത്തി.

5. സ്വത്ത് വിഭജനത്തെക്കുറിച്ച് കീഴാളൻ ബോധവാനാകാൻ തുടങ്ങിയത് ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതോടുകൂടിയാണ്. പ്രവൃത്തി വിഭജനവും കീഴാളന്റെ തിരിച്ചറിവും ഇന്ന ജാതിക്ക് ഇന്ന ജോലി എന്ന വ്യവസ്ഥയും മാറി. ഇത് ആചാരവിശ്വാസങ്ങളിൽ ക്രമേണ മാറ്റങ്ങൾക്ക് ഇടയാക്കി.

6. നാഗരിക സംസ്കാര ഫലമായി പ്രവാസികളായി മാറിയ മനുഷ്യന് ആചാര മര്യാദകൾ പാലിക്കാൻ കഴിയാതെ വന്നു. ആചാരാനുഷ്ഠാനങ്ങളുടെ ബഹുസ്വരത തകർക്കപ്പെടുകയും ഏകാത്മകതയും പ്രകടനാത്മക സ്വഭാവവും അതിന് കൈവരുകയും ചെയ്തു.

7. കാർഷിക മേഖലയിൽ വന്ന മാറ്റവും ഗ്രാമങ്ങളുടെ തകർച്ചയും ഫ്യൂഡലിസത്തിന്റെ അവശേഷിപ്പുകളെ തുടച്ചുനീക്കി. നഗരങ്ങളിലേക്ക് കുടിയേറിപാർത്ത് വ്യക്തിസ്വാതന്ത്ര്യത്തിന്റെ പുത്തൻ സംസ്കാരത്തിന്റെ ഉദ്ഘോഷകരായി മാറിയ മനുഷ്യർ ആചാരാനുഷ്ഠാനങ്ങളെ അന്ധ വിശ്വാസങ്ങളായി കരുതി. ഈ മാറ്റത്തിന്റെ കാറ്റ് നമ്പൂതിരി സമുദായത്തെയും പിടിച്ചുലയ്ക്കുകയുണ്ടായി. പുതിയ സാമ്പത്തിക മേഖലകൾ ഒരുക്കുന്ന ജീവിത പശ്ചാത്തലം പിൻതുടരാൻ നമ്പൂതിരിമാരും നിർബന്ധിതരായി. ഇതൊക്കെ സാഹിത്യത്തിലും പ്രതിഫലിച്ചിട്ടുണ്ട്.

വ്യക്തിസ്വാതന്ത്ര്യേച്ഛയും മതസ്ഥാപനങ്ങളുടെ നിയന്ത്രണവും തമ്മിലുണ്ടായിരുന്ന വടംവലിക്കുപുറമെ മേൽപറഞ്ഞ ഘടകങ്ങളും കേരളീയ നമ്പൂതിരിമാരുടെ നവോത്ഥാനശ്രമങ്ങൾ ഏറെ സ്വാധീനം ചെലുത്തി.

നമ്പൂതിമാർക്കിടയിൽ നിലനിന്ന പിതുരാധിപത്യമുള്ള മക്കത്തായ ദായക്രമത്തിന്റെയും വിവാഹസമ്പ്രദായത്തിന്റെയും അനിവാര്യമായ ഫലമായി രുന്നു അവർക്കിടയിൽ സ്ത്രീകൾ അനുഭവിച്ച ദുരിതവും അവഗണനയും. ഒരേ ഈറ്റില്ലത്തിൽ പിറന്ന്, ഒരേ നാലുകെട്ടിൽ പുലർന്ന് ജീവിതത്തിന്റെ മേച്ചിൽപ റമ്പിലേക്ക് കാലുകുത്തുമ്പോൾ സ്ത്രീ തടയപ്പെടുന്നു. കൂടപ്പിറപ്പായ പുരുഷൻ

മനുഷ്യത്വത്തിന്റെ മതിൽചാടി മുക്രകുത്തി സ്വച്ഛന്ദം വിഹരിക്കുന്നു. പക്ഷ പാതപരമായ ഈ പ്രവണത തടയപ്പെടാതിരിക്കുന്നിടത്തോളം കാലം സ്ത്രീ സ്വതന്ത്രയല്ല. ഇതിന്റെ ഫലമായി പുതിയ വ്യക്തിത്വവികാസം സാധ്യമാവുന്ന സാമൂഹികാന്തരീക്ഷം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ അന്തർജ്ജനങ്ങൾക്കിടയിൽ ഉണ്ടായി. അതിന്റെ ഏറ്റവും പ്രകടമായ ദൃഷ്ടാന്തമായിരുന്നു ഘോഷാബഹി ഷ്ക്കരണം. അപ്ഫന്മാർക്ക് സജാതീയ വിവാഹം നിഷേധിച്ചിരുന്നതുകൊണ്ടു തന്നെ നമ്പൂതിരി സമുദായത്തിലെ കന്യകമാർക്ക് വിവാഹം എന്നും സ്വപ്നം മാത്രമായിരുന്നു. അധിവേദനം വഴി വൃദ്ധബ്രാഹ്മണന്റെ പത്നിയായി, സപത്നീ ദു:ഖവും പേറി ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന അന്തർജ്ജനങ്ങൾക്ക് ഭർത്താവിന്റെ മരണശേഷം കർക്കശമായ വിധവാജീവിതം വിധിക്കപ്പെട്ടിരുന്നു. കുടുംബസ്വത്തിൽ യാതൊരു അവകാശവും സ്ത്രീകൾക്കുണ്ടായിരുന്നില്ല. കൂട്ടു കുടുംബത്തിന്റെ നിയന്ത്രണം പൂർണ്ണമായും പുരുഷന്മാർക്കുതന്നെയായിരുന്നു. ജീവിതത്തിന്റെ എല്ലാതലങ്ങളിലും സ്ത്രീകൾക്കും പുരുഷന്മാർക്കും രണ്ടുതരം ജീവിതമാണ് ഉണ്ടായിരുന്നത്. തങ്ങൾ ആചരിച്ചുപോരുന്ന ഈ ദുരാചാരങ്ങൾക്കെ തിരെ ശബ്ദമുയർത്താൻ അന്തർജ്ജനങ്ങൾ തയ്യാറാകുകയും പിന്നീട് സാമുദാ യിക വിപ്ലവത്തിനുതന്നെ ഈ സാഹചര്യങ്ങൾ കളമൊരുക്കുകയും ചെയ്തു.

ഘോഷബഹിഷ്ക്കരിച്ച് ചില അന്തർജ്ജനങ്ങൾ സമുദായമദ്ധ്യ ത്തിലേക്കിറങ്ങി. മിസ്സിസ് മനഴി ഇങ്ങനെ ഘോഷബഹിഷ്ക്കരിച്ച ആദ്യത്തെ നമ്പൂതിരി സ്ത്രീയായിരുന്നു. സഭയുടെ 1929ലെ എടക്കുനി വാർഷികത്തിലാ ണിതുണ്ടായത്. വസ്ത്രധാരണപരിഷ്ക്കരണത്തോടൊപ്പം ആഭരണപരിഷ്ക്കര ണവും നടത്തി. പിച്ചളവളയും ഓട്ടുവളയും കളഞ്ഞ് സ്വർണ്ണവളകൾ ഉപയോ ഗിക്കാൻ തുടങ്ങി. നമ്പൂതിരി സ്ത്രീകൾക്കിടയിലെ ആചാരപരിഷ്ക്കരണത്തിന്റെ

ഗുണപരമായ പ്രാധാന്യത്തെക്കുറിച്ച് ഇ.എം.എസ്. ഇപ്രകാരം എഴുതിയിട്ടുണ്ട്:- എന്നാൽ അന്ന് കൈവിരലിൽ എണ്ണാവുന്ന മാത്രം നമ്പൂതിരിസ്ത്രീകൾ നടത്തിയ ഘോഷാബഹിഷ്ക്കരണം ഞങ്ങളിൽ ചിലർ ഒരുദിവസം പ്രകടനപരമായി നടത്തിയ 'പൂണൂൽപൊട്ടിക്കലി'നെക്കാൾ ഫലപ്രദമായാണ് കലാശിച്ചത്. എന്തുകൊണ്ടെന്നാൽ അന്ന് പൂണൂൽ പൊട്ടിച്ചവർ പിന്നേയും അതിട്ടുനടന്നു. ഘോഷബഹിഷ്ക്കരിച്ചവരാകട്ടെ, അതുകഴിഞ്ഞ് മൂന്നുവ്യാഴവട്ടത്തിനുശേഷം ഇന്നാകട്ടെ, സ്വന്തം നാട്ടിലിരിക്കുമ്പോൾ പൂണൂലിടാത്ത നമ്പൂതിരി കുറവാണ്. ഘോഷയില്ലാതെ നടക്കുന്ന സ്ത്രീകൾ ധാരാളവും.[16] സ്ത്രീകളെ സംബന്ധിച്ചുണ്ടായ മറ്റൊരു വലിയമാറ്റമാണ് അപ്ഫൻമാരുടെ സജാതീയ വിവാഹതീരുമാനവും (പരിവേദനം) വിധവാവിവാഹവും. എം.ആർ. ഭട്ടതിരിപ്പാടും ഉമാഅന്തർജ്ജനവും തമ്മിലുള്ള വിധവാവിവാഹം വഴി നമ്പൂതിരി സമുദായത്തിനുള്ളിൽ ഒരു വലിയ മാറ്റമാണ് സൃഷ്ടിക്കപ്പെട്ടത്. പിന്നീട് വിവിധ മേഖലകളിലായി നമ്പൂതിരി പരിഷ്ക്കരണപ്രസ്ഥാനത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം ഏറിവന്നുവെന്നു കാണാം.

### 2.3.2 അന്തർജ്ജനസമാജം

സ്ത്രീകളുടെ പാർശ്വവത്ക്കരണവും കീഴാളമനോഭാവവും മാറ്റുന്നതിന് യോഗക്ഷേമസഭയ്ക്ക് കാര്യമായ ഒരു പങ്കുവഹിക്കാൻ സാധിച്ചില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇത്തരുണത്തിൽ എം.പി. ഭട്ടതിരിപ്പാടിന്റെ ഒരു പരാമർശം പ്രാധാന്യമർഹിക്കുന്നു. "തത്തയ്ക്ക് കൂടുതുറന്നു കൊടുക്കുന്ന ധർമ്മബുദ്ധി ഇല്ല ലോകത്തില് അത് അതിന്റെ ചിറകൊണ്ടെന്നെ തല്ലിപ്പൊളിക്ക

ണം."[17] പുരുഷന്മാരുടെ പരിശ്രമഫലമായി ചില്ലറ ചില ഗുണങ്ങളെല്ലാം അന്തർജ്ജനങ്ങൾക്കുണ്ടായെങ്കിലും വിശേഷപ്പെട്ട ഒരു മാറ്റവും അവരുടെ ജീവിതത്തിൽ സംഭവിച്ചില്ല. അന്തർജ്ജനങ്ങൾ സ്വയം സംഘടിച്ച് മാറ്റമുണ്ടാക്കിയാൽമാത്രമേ ഈ പരിതോവസ്ഥകൾക്ക് മാറ്റം വരൂ എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, സ്വയം പ്രയത്നിച്ച് സാമുദായിക ദുരാചാരങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടിയാണ് അന്തർജ്ജനസമാജം രൂപീകരിക്കപ്പെടുന്നത്. അർദ്ധപരിഷ്കാരികളും പരിഷ്കാരവിരോധികളുമായ പുരുഷന്മാരുടെ വാലിൽ തൂങ്ങി ജീവിക്കാതിരിക്കുകയാണ് ഭേദമെന്നും തങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യണമെന്നുമുള്ള തിരിച്ചറിവിലേക്കാണ് നമ്പൂതിരി സ്ത്രീകൾ എത്തിച്ചേർന്നത്.

സ്ത്രീസ്വാതന്ത്ര്യം സംബന്ധിച്ച് യോഗക്ഷേമ സഭയിൽ ഉയർന്നുവന്ന ചർച്ചകളിൽ വ്യത്യസ്തചിന്താഗതികൾ ഉയർന്നുവന്നിരുന്നു. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് എഴുതിയ ഒരു ലേഖനത്തിൽ സ്ത്രീകൾക്ക് പുതിയ സംഘടന എന്ന ആശയത്തെ അദ്ദേഹം എതിർക്കുന്നുണ്ട്. സ്ത്രീകൾക്ക് ഉത്തമമായിട്ടുള്ളത് പാരമ്പര്യമായിത്തന്നെയുള്ള വീട്ടുജോലിയാണെന്നും പുരുഷനെ സംബന്ധിച്ചിടത്തോളം ധനസമ്പാദനമാണെന്നും കാണിപ്പയ്യൂർ അഭിപ്രായപ്പെടുന്നു. അതിനാൽ സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളാണെന്നും സമർത്ഥിക്കുന്നു. 'നസ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നത് സ്ത്രീയ്ക്ക് സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതല്ലെന്നും മറിച്ച് സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളും ബഹുമാനിക്കപ്പെടേണ്ടവളുമാണെന്ന അർത്ഥമാണിതിനുള്ളതെന്നും കാണിപ്പയ്യൂർ വാദിക്കുന്നു. 'നസ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നത് ഏതോ ഒരു അധികാരപ്രമത്തൻ അസൂയാകലുഷിതമായ മന:സ്ഥിതിയോടുകൂടി, നിരങ്കുശമായവിധം ചമച്ചുവിട്ട ഒരു

പദ്യശകലം മാത്രമാണെന്നും അത് സ്ഥലം പിടിച്ചുള്ള ഗ്രന്ഥങ്ങളുടെ ദുഷ്ടങ്ങ ളായ ആ വക ഭാഗങ്ങൾ അങ്ങുകീറിക്കളയുകയേ ആവശ്യമുള്ളൂ എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.[18]

1931 ൽ അന്തർജ്ജനസമാജം രൂപംകൊണ്ടു. പിന്നീട് അതിന്റെ നേതൃത്വത്തിൽ പല തൊഴിൽ കേന്ദ്രങ്ങളും രൂപീകരിക്കപ്പെട്ടു. ഏകഭാര്യാവ്രതം, വിധവാവിവാഹം, ഋതുമതികൾക്ക് പഠിക്കാനുള്ള അവകാശം, സജാതീയ വിവാഹം തുടങ്ങിയ ആവശ്യങ്ങൾ മുൻനിർത്തിയാണ് അന്തർജ്ജനസമാജം പ്രവർത്തിച്ചിരുന്നത്. വി.ടി. ഭട്ടതിരിപ്പാട് നേതൃത്വം നൽകിയ നമ്പൂതിരിസമുദായ പരിഷ്ക്കരണപ്രസ്ഥാനങ്ങളുടെ സഹോദരീ പ്രസ്ഥാനമെന്ന് ഇതിനെ പറയാവുന്നതാണ്. അന്തർജ്ജനങ്ങൾ തൊഴിലെടുത്തു ജീവിക്കണമെന്നും തൊഴിൽനേടുകവഴി സ്വയം പ്രാപ്തിയും സ്വാതന്ത്ര്യവും കരസ്ഥമാക്കണമെന്നും ഓങ്ങല്ലൂരിൽ വെച്ച് 1944ൽ ചേർന്ന യോഗക്ഷേമ സമ്മേളനം ആഹ്വാനം ചെയ്തു. ഇതേ തുടർന്ന് പ്രവർത്തനം തുടങ്ങിയവയിൽ പ്രധാനമാണ് പാലക്കാട് ജില്ലയിലെ ലക്കിടി തിരുത്തിമ്മൽ ഇല്ലത്ത് സ്ഥാപിതമായ തൊഴിൽ കേന്ദ്രം. ഇവിടെ നിന്നാണ് സ്ത്രീ കൂട്ടായ്മ സൃഷ്ടിച്ച മലയാളത്തിലെ ആദ്യത്തെ സ്ത്രീപക്ഷ നാടകമായ ‘തൊഴിൽ കേന്ദ്രത്തിലേക്ക്’ ഉദയം കൊണ്ടത്. ഇത് പുരുഷമേധാവിത്വത്തിന്റെ നേർക്കുള്ള ആക്രമണമായിരുന്നു. ‘ബുദ്ധിശക്തി പാടില്ലാത്ത ഗൃഹദേവതകൾ’ എന്ന സങ്കല്പത്തെ ഇബ്സൻ ചോദ്യം ചെയ്തതുപോലെ ഈ നാടകവും സ്ത്രീകളുടെ ആത്മാഭിമാനത്തെ ഇല്ലാതാക്കുന്ന സാഹചര്യങ്ങളെ ചോദ്യം ചെയ്യുന്നു.

1931–ലെ ഗുരുവായൂർ യോഗക്ഷേമസഭാ സമ്മേളനത്തിന്റെ തീരുമാനമനുസരിച്ചാണ് അന്തർജ്ജനസമാജം സ്ഥാപിക്കുന്നത്. ചെറുപുഴയിൽ

അന്തർജ്ജനസമാജം നടത്തുവാൻ പാർവ്വതി നെന്മനിമംഗലത്തിന്റെ നേതൃത്വത്തിൽ ശ്രമം നടക്കുന്നതും 'കേസരി' റിപ്പോർട്ടുചെയ്തിട്ടുണ്ട്. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' അവതരിപ്പിച്ചതിന്റെ ഫലമാണ് അന്തർജ്ജനസമാജരൂപീകരണമെന്ന് പ്രേംജി എഴുതുന്നു:- നാടകം കണ്ടതോടെ അന്തർജ്ജനങ്ങളുടെ ഇടയിൽ വിജ്ഞാനത്തിന്റെ വെളിച്ചം വീശാൻ തുടങ്ങി. പല ഇല്ലങ്ങളിലും ചെറുപ്പക്കാരികൾ വേഷപരിഷ്ക്കരണം നടത്തി. കാതുമുറിച്ചു കമ്മലിടുക, ഓട്ടുവളയും പിച്ചളവളയും കളഞ്ഞു സ്വർണ്ണവളയിടുക, ഒക്കുവെച്ചുടുക്കുന്നതിനു പകരം മുണ്ടുചുറ്റുക, ബ്ലൗസിടുക തുടങ്ങി പലതും. അതോടെ അന്തർജ്ജനങ്ങളിൽ ചെറിയൊരുവിഭാഗം ഇളകി പ്രവർത്തിക്കുകയായി. അന്തർജ്ജനങ്ങൾ കൂടുന്ന അടിയന്തിരങ്ങളിൽ യോഗം കൂടാനും പ്രസംഗിക്കാനും തുടങ്ങി. ആദ്യമായി യോഗം വിളിച്ചുകൂട്ടിയത് നെന്മിനിമംഗലത്തില്ലത്തായിരുന്നു. പാർവ്വതി നെന്മിനിമംഗലമായിരുന്നു അവരുടെ നേത്രി. ആദ്യത്തെ യോഗത്തിൽ തന്നെ അവർ അന്തർജ്ജനസമാജം സ്ഥാപിച്ചു പ്രവർത്തിച്ചു തുടങ്ങി.

1930 കളിൽ സാമൂഹ്യരംഗത്തെത്തിയ നമ്പൂതിരി സ്ത്രീകളിൽ ഉയർന്ന അവബോധം ഉണ്ടായിരുന്നു. ആര്യപള്ളം, പാർവ്വതി നെന്മിനിമംഗലം, ലളിതാംബിക അന്തർജ്ജനം, ശ്രീദേവി, പ്രിയദത്ത, ഉമാദേവി, ദേവകി നരിക്കാട്ടിരി തുടങ്ങിയ നമ്പൂതിരി സ്ത്രീകളുടെ സജീവമായ ഇടപെടൽ സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനത്തിലുണ്ടായി. സമുദായത്തിനുള്ളിലെ അടിച്ചമർത്തലുകൾക്കെതിരായുള്ള സ്ത്രീകളുടെ സമരത്തിലെ ശക്തിയായി അവർ സാമ്പത്തിക സ്വാശ്രയത്വത്തേയും തൊഴിലിനേയും വിഭാവനം ചെയ്തു. എന്നാൽ ഘോഷബഹിഷ്ക്കരിച്ച് സ്വതന്ത്രരായി പുറത്തുവന്ന സ്ത്രീകളെ യാഥാസ്ഥിതിക സമുദായം വ്യഭിചാരിണികളെന്നുവിളിച്ച് ഭ്രഷ്ടരാക്കി.

തൃശ്ശൂരിലെ അന്തർജ്ജനസമാജം തൊഴിൽ കേന്ദ്രങ്ങൾ സംഘടിപ്പിക്കുകയും ഭർത്താവും വീട്ടുകാരും ഉപേക്ഷിച്ച സ്ത്രീകൾക്ക് അഭയം നൽകുകയും ചെയ്തു. ഇതുവഴി സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വമുള്ള ജീവിതമെന്ന ആശയം സാക്ഷാത്കരിക്കപ്പെട്ടു. സാമ്പത്തിക സ്വാശ്രയത്വത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി 1948ൽ 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന നാടകം സ്ത്രീകൾ തന്നെ എഴുതി അവതരിപ്പിച്ചു. സിദ്ധിപ്പൂരിലേക്കും, സിർസിയിലേക്കും നമ്പൂതിരി പെൺകുട്ടികളെ വിൽക്കുന്നതിനെ തുടർന്നുണ്ടായ പ്രതികരണങ്ങളുടെ ഫലമായാണ് ഈ നാടകം എഴുതപ്പെട്ടത്. പെൺകുട്ടികളെ വിൽക്കുന്ന അന്യായത്തെ നമ്പൂതിരി സ്ത്രീകൾ ചോദ്യംചെയ്തു. സാമൂഹ്യപരിഷ്ക്കരണാവശ്യത്തിൽ നിന്നും സ്ത്രീകൾ ഏറെ മുന്നോട്ടുപോവുകയും സ്ത്രീകളുടെ പ്രശ്നങ്ങൾ രാഷ്ട്രീയമായി കൈകാര്യം ചെയ്യുകയും സ്ത്രീകളുടെ വിമോചനം അവരുടെ പ്രവർത്തനപരിപാടികളിൽ ഉൾപ്പെടുത്തുകയും ചെയ്തു.[19]

ജാതിഘടനയിൽ ഏറ്റവും ഉയർന്ന സമുദായത്തിനുള്ളിലെ സ്ത്രീകളുടെ സമരങ്ങൾ പ്രധാനമായും സ്വന്തം സമുദായത്തിനകത്തെ പുരുഷമേധാവിത്വത്തോടായതുകൊണ്ട് സമുദായത്തിനുള്ളിൽ അവരുടെ ചെറുത്തുനിൽപും സംഘർഷങ്ങളും സങ്കീർണ്ണമാക്കി. സമുദായത്തിനുള്ളിലെ ലിംഗാധിപത്യത്തിനുനേരെ നടന്ന പ്രത്യക്ഷവും രോഷാകുലവുമായ സ്ത്രീകളുടെ നീക്കങ്ങൾ അവരെ സമുദായത്തിൽ നിന്ന് പുറത്താക്കുന്നിടത്തോളം ശക്തമായിരുന്നു സ്വന്തം സമുദായത്തിലെ സ്ത്രീകളുടെ വിമോചനത്തിനായുള്ള വഴികളെക്കുറിച്ച് ചിന്തിക്കാൻ നമ്പൂതിരി സ്ത്രീകൾ നിർബന്ധിക്കപ്പെട്ടു. ഈ ചിന്താധാരകളുടെ മുഖ്യവേദിയായി അന്തർജ്ജനസമാജം പ്രവർത്തിച്ചു. വൃദ്ധവിവാഹനിരോ

ധനം മറ്റുള്ളവരെപ്പോലെ എല്ലാ അവകാശ അധികാരങ്ങളും വിവാഹിതകളായ വിധവകൾക്കും നൽകുന്ന വകുപ്പ് ചേർത്ത് വിധവാ വിവാഹത്തിനു സമ്മതി നൽകൽ, ഭർത്താവിൽ നിന്നും ഭാഗം വാങ്ങി വിട്ടുനിൽക്കാനുള്ള അവകാശം, വിവാഹമോചന പുനർവിവാഹ സ്വാതന്ത്ര്യം, വിവാഹച്ചടങ്ങുകളുടെ ലഘൂകരണം എന്നീ അവകാശങ്ങളും അന്തർജ്ജനസമാജത്തിന്റെ മുഖ്യ അജണ്ടകളായിരുന്നു.[20]

എല്ലാ ചരിത്രപുസ്തകങ്ങളും അക്കാലത്തെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ജാതിവ്യവസ്ഥയിൽ ജാതിവ്യത്യാസങ്ങളനുസരിച്ച് കൊണ്ടുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളുടെ സങ്കീർണ്ണതയിൽ കഷ്ടപ്പെട്ട സ്ത്രീജീവിതത്തെക്കുറിച്ച് നമുക്ക് ലഭിക്കുന്ന വിവരങ്ങൾ ശുഷ്ക്കമാണ്. നമ്പൂതിരിസ്ത്രീകളുടെ അവസ്ഥയിലുണ്ടായിരുന്ന പ്രതികരണം ആര്യാപള്ളത്തിന്റെയും ലളിതാംബിക അന്തർജ്ജനത്തിന്റെയും പ്രവർത്തനങ്ങളിലൂടെയാണ് അറിയപ്പെട്ടത്. നാലുകെട്ടിന്റെ അകത്തളങ്ങളിൽ അടിച്ചമർത്തപ്പെട്ട സ്ത്രീത്വത്തെ നൂതന വിദ്യാഭ്യാസത്തിന്റെ വെളിച്ചം സ്വയം പ്രകാശനത്തിന്റെ പാതയിലേക്ക് എത്തിച്ചു. തങ്ങളുടേതായ സ്വത്വാവിഷ്ക്കരണരീതി കെട്ടിപ്പടുക്കാൻ ആദ്യകാല എഴുത്തുകാരികൾ ശ്രമിച്ചിട്ടുണ്ട്. സ്ത്രീകളുടെ ദയനീയമായ ജീവിതത്തെയും അതിനുകാരണമായി വർത്തിച്ച സമുദായ അനാചാരങ്ങളെയും തുറന്നുകാണിക്കാൻ ലളിതാംബിക അന്തർജ്ജനത്തെപ്പോലെയുള്ളവർക്ക് കഴിഞ്ഞിട്ടുണ്ട്.

## കുറിപ്പുകൾ

1. ലളിതാംബിക അന്തർജ്ജനം - സ്ത്രീ-ഭാരത സ്ത്രീകളുടെ പദവി യുഗങ്ങളിലൂടെ, പുറം - 6

2. O. Malley, LSS - Modern India and the west page No.445

3. Owen M Lynch 'The Politics of Untouchability - page - 75'

4. വി.ടി. ഭട്ടതിരിപ്പാട് കണ്ണീരും കിനാവും (ആത്മകഥ) പുറം 131

5. ഇ.എം.എസ്. നമ്പൂതിരിപ്പാട് ആത്മകഥ - പുറം 50

6. ദേവകി നിലയങ്ങോട് അന്തർജ്ജനങ്ങളുടെ അകംപുറം ലോകം - പുറം 12

7. ആനന്ദി. ടി.കെ. തൊഴിൽകേന്ദ്രത്തിലേക്ക്, തൊഴിൽ കേന്ദ്രം ഒരു സ്ത്രീ ചരിത്രവീക്ഷണം - പുറം 61

8. എസ്. കെ. വസന്തൻ കേരള സംസ്കാരചരിത്രനിഘണ്ടു - പുറം 25

9. ഡോ. എം.വി. വിഷ്ണുനമ്പൂതിരി നാടോടി വിജ്ഞാനീയം - പുറം 94-95

10. William Logan Malabar Mannual - പേജ് 28

11. പി.കെ. ആര്യൻ നമ്പൂതിരി നാലുകെട്ടിൽ നിന്ന് നാട്ടിലേക്ക് - പുറം 30-32

12. പി. ഭാസ്ക്കരനുണ്ണി, പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം - പുറം 160

13. ചെറുവക്കര പാർവ്വതി അന്തർജ്ജനം, അന്തർജ്ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ, പുറം 53

14. അതേ പുസ്തകം, പുറം 24

15. വി.ടി. ഭട്ടതിരിപ്പാട്, കർമ്മവിപാകം - പുറം 35

16. അതേ പുസ്തകം - പുറം 245

17. ഇ.എം.എസ്. നമ്പൂതിരിപ്പാട്, കേരളം: സമൂഹവും രാഷ്ട്രീയവും - പുറം 137

18. എം.പി. ഭട്ടതിരിപ്പാട് ഋതുമതി (നാടകം) പുറം 72

19. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് ലേഖനം ഉണ്ണിനമ്പൂതിരി - പുറം 347-57

20. മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്, ലേഖനം - ഉണ്ണിനമ്പൂതിരി മാസിക - പുറം 150

## അദ്ധ്യായം 3

# യാഥാർത്ഥ്യം – നിർമ്മിതി – പ്രതിരോധം – വിമോചനം

ജീവിതത്തെ ആഴത്തിലും പരപ്പിലും ആവിഷ്ക്കരിക്കുന്ന ആഖ്യാനകലയാണ് നോവൽ. പ്രതിജനഭിന്ന വിചിത്രമായ ജീവിതത്തിന്റെ സങ്കീർണ്ണഭാവങ്ങൾ ഏകീകരിച്ച് അവതരിപ്പിക്കുമ്പോൾ അത് സാഹിത്യകാരന്റെ സർഗ്ഗാത്മക വ്യക്തിത്വത്തിന്റെ അടയാളമാകുന്നു. ഈ സർഗ്ഗാത്മക വ്യക്തിത്വം സുവികസിതമാകുന്നത് കാലദേശങ്ങളുടെയും സമൂഹത്തിന്റെയും ജീവസ്പന്ദം ഏറ്റുവാങ്ങിക്കൊണ്ടാണ്. നോവൽ ഒരു റിയലിസ്റ്റിക് ഉല്പന്നമാണ് എന്ന നിരീക്ഷണത്തിന്റെ യുക്തിയും മറ്റൊന്നല്ല. സങ്കല്പങ്ങളെ യാഥാർത്ഥ്യ പ്രതീതിയോടെയും പരിചിതമായതിനെ അപരിചിതത്വത്തിന്റെ മൂടുപടമണിയിച്ചും നോവലിസ്റ്റ് അവതരിപ്പിക്കുമ്പോൾ സംസ്കാരത്തോട് ചേർന്നുനിൽക്കുന്ന മനുഷ്യനെയും മനുഷ്യനോട് ചേർന്നുനിൽക്കുന്ന സംസ്കാരത്തെയും അടുത്തറിയാനുള്ള അവസരം അനുവാചകന് സിദ്ധിക്കുന്നു. എഴുത്തുകാരന്റെ സർഗ്ഗാത്മക വ്യക്തിത്വവും വായനക്കാരന്റെ ഭാവുകത്വസവിശേഷതകളും ഒരു പ്രത്യേക തലത്തിൽ സന്ധിക്കുമ്പോൾ അനുഭവങ്ങളുടെ കൈമാറ്റം സുസാധ്യമായിത്തീരുന്നു. ഈ സുസാധ്യതയാണ് കാലത്തെയും ദേശത്തെയും വെല്ലാൻ നോവലുകളെ പ്രാപ്തമാക്കുന്നത്.

അസ്പൃശ്യരുടെ അവകാശ സംരക്ഷണ വ്യഗ്രത മുളപൊട്ടുന്നത് നവോത്ഥാനകാലഘട്ടത്തിലാണ്. സ്തംഭിച്ചുനിൽക്കുന്ന സമൂഹചേതനയെ നവോത്ഥാന ചലനങ്ങൾ സ്പർശിച്ചുണർത്തി. കൂടുതൽ മെച്ചപ്പെട്ട സാമൂഹികാവസ്ഥയിലേക്കുള്ള ചുവടുവെയ്പാണ് നവോത്ഥാനം നിർവ്വഹിക്കുന്ന ചരിത്രദൗത്യം. സാമൂഹ്യമായ സംവാദങ്ങളിൽ ഒതുങ്ങിനിന്ന സ്ത്രീയുടെ ദയനീയാവസ്ഥ സർഗ്ഗഭാവനയെ ജ്വലിപ്പിക്കുന്ന ഇന്ധനമായി മാറിയപ്പോഴാണ്

ഇന്ത്യൻ ഭാഷകളിൽ നോവൽ ഉദയം ചെയ്തത് എന്ന നിരീക്ഷണം കൂടി ഇവിടെ ചേർത്തുവായിക്കേണ്ടതുണ്ട്.[1]

ഇന്ത്യയിലെ ആദ്യനോവലായ ബാബാപതംജിയുടെ യമുനാപര്യടൻ (1857) ബ്രാഹ്മണവിധവയുടെ പുനർവിവാഹത്തിനുള്ള മാർഗ്ഗം നിർദ്ദേശിക്കുന്നു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ ബ്രാഹ്മണവിധവയ്ക്ക് പുനർവിവാഹം സാധ്യമാവുമെന്നും സ്വസമുദായ പീഡനങ്ങളിൽനിന്നും രക്ഷപ്രാപിക്കാൻ കഴിയുമെന്നുമുള്ള ആശയമാണ് ഈ നോവലിലെ ഇതിവൃത്തം. ബ്രാഹ്മണ്യത്തെ വിമർശിക്കുന്ന സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചുള്ള നോവലുകൾ പിന്നാലെ വന്നുകൊണ്ടിരുന്നു. ഹിന്ദിയിൽ പണ്ഡിറ്റ് ഗൗരീദത്തിന്റെ 'ദേവറാണി ജതാനീ കീ കഹാനി' തെലുങ്കിൽ നരഹരിഗോപാലകൃഷ്ണ ചെട്ടിയുടെ ശ്രീരംഗരാജചരിതം, ബംഗാളിയിൽ ബങ്കിം ചന്ദ്രചാറ്റർജിയുടെ 'ഇന്ദിര', ഗുൽവാഡി വെങ്കിട്ട റാവുവിന്റെ 'ഇന്ദിരാഭായി' തമിഴിലെ വേദനായകംപിള്ളയുടെ 'പ്രതാപം മുതലിയാർ ചരിതം' തുടങ്ങിയ നോവലുകളിലും സ്ത്രീ കഥാപാത്രങ്ങൾ ബ്രാഹ്മണ്യത്തിന്റെ മൂല്യങ്ങളെ കുറ്റവിചാരം ചെയ്യുന്നു. മാധവ അയ്യയുടെ 'പത്മാംബാൾ ചരിതം', രാജമയ്യരുടെ 'കമലാംബാൾ ചരിതം', ഗുൽവാഡി വെങ്കിട്ടറാവുവിന്റെ 'സീമന്തിനി'. റൊഡ്യാർ വ്യാസ റാവുവിന്റെ 'ചന്ദ്രമുഖീയ ഗാഥാവൂ', ഹേരൂർ വാസുദേവ അയ്യരുടെ 'ഇന്ദിര', വീരേശലിംഗ പന്തലുവിന്റെ 'സത്യവതീചരിതം', ചീലകമാർത്തിയുടെ 'ഹേമലത' എന്നിവ ഈ കാലഘട്ടത്തിന്റെ സംഭാവനകളാണ്.[2]

സ്ത്രീ ജീവിതത്തെ ബ്രാഹ്മണ്യത്തിന്റെ പഴകിയ നിയമങ്ങളിൽ നിന്ന് വിമോചിപ്പിച്ച് പരിഷ്കൃതമായ ഒരു സമുദായം നിർമ്മിക്കുവാൻ മാത്രമല്ല നവോത്ഥാനം പ്രയത്നിച്ചത്. അടിമത്തവും അപമാനവും അനുഭവിക്കേണ്ടിവന്ന വർത്തമാനകാലത്തിൽ നിന്ന് വ്യത്യസ്തമായ ദേശത്തിന്റെ ഭൂതകാലത്തെ

സർഗ്ഗാത്മകമായി ആവിഷ്ക്കരിക്കാനുള്ള ശ്രമം ഈ കാലഘട്ടത്തിലെ സാഹിത്യകൃതികളിൽ കാണാവുന്നതാണ്. കൊളോണിയൽ ചരിത്രകാരന്മാരെഴുതിയ ഇന്ത്യാചരിത്രങ്ങൾ ദേശാഭിമാനമുള്ള ആരിലും അപകർഷതാബോധം ജനിപ്പിക്കുന്നവയായിരുന്നു. ഇന്ത്യയ്ക്ക് ഉത്കൃഷ്ടമായ ചരിത്രം ഇല്ലെന്നുമാത്രമല്ല ചരിത്രബോധമില്ലെന്നും ബ്രിട്ടീഷ് ചരിത്രകാരന്മാർ പ്രചരിപ്പിച്ചു. കൊളോണിയൽ ചരിത്രകാരനായ ജയിംസ്മിൽ കേട്ടുകേൾവികളെ അടിസ്ഥാനമാക്കിയാണ് ഇന്ത്യാചരിത്രം എഴുതിയത്. അതുകൊണ്ടുതന്നെ ദേശത്തിന്റെ ഭൂതകാല ചരിത്രത്തെ സർഗ്ഗാത്മക ആദർശമായി അവതരിപ്പിക്കാനുള്ള ശ്രമവും ഇക്കാലത്തെ സാഹിത്യരചനകളിൽ കാണാം.

## 3.1 നവോത്ഥാന കേരളവും സാഹിത്യവും

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടം സമൂഹത്തിന്റെ ചിന്താമണ്ഡലത്തിലും ജീവിതവീക്ഷണത്തിലും പ്രകടമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. സാംസ്കാരിക ജീർണ്ണതയുടെ വിഷഭൂമിയായിക്കഴിഞ്ഞിരുന്ന നമ്പൂതിരി സമുദായം നവോത്ഥാനത്തിന്റെ പ്രഥമചലനങ്ങൾക്ക് വിധേയമായിത്തുടങ്ങുന്നതും ഈ കാലഘട്ടത്തിലാണ്. സമൂഹത്തിലെ അധീശക്തികളായിരുന്ന ഈ സമുദായം കലാസാഹിത്യരംഗങ്ങളിൽ നിറഞ്ഞുനിന്നിരുന്ന സാന്നിധ്യമായിരുന്നു. എല്ലാ ജീവിതമേഖലകളിലും അതിരുകവിഞ്ഞ സ്വാതന്ത്ര്യവും അമിതമായ സുഖഭോഗങ്ങളും ഇവർ ആസ്വദിച്ചുപോന്നു. ഭോഗലാലസമായ ജീവിതചര്യകൾ സാംസ്കാരിക അധ:പതനത്തിലേക്ക് സമൂഹത്തെ നയിച്ചു. കാലക്രമത്തിൽ ഈ സാംസ്കാരിക ജീർണ്ണതകൾക്കെതിരെ അസഹിഷ്ണുതയും രോഷവും പ്രകടിപ്പിക്കുന്ന ഒരു സൗഹൃദസദസ്സ് ഇവിടെ രൂപംകൊണ്ടു. അതിന്റെ ഉദയഭേരി നമ്മുടെ സാഹിത്യത്തിലും അനുരണനങ്ങൾ ഉയർത്തി.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ വരെയുള്ള കാലഘട്ടത്തിൽ ജാതിമത വിഭാഗീയതകൾ ക്കതീതമായി ഒറ്റക്കെട്ടായി നിൽക്കാനുള്ള രാഷ്ട്രീയാവബോധം ജനതയിൽ രൂപപ്പെടുകയും മാനുഷിക മൂല്യങ്ങൾ കലാസാഹിത്യ മാധ്യമങ്ങളിലൂടെ സ്ഥാപിക്കപ്പെടുകയും ചെയ്തു. നമ്മുടെ സാഹിത്യത്തിലും ഭാഷയിലും ആദ്യം മാറ്റമുണ്ടാകുന്നത് ഗദ്യത്തിലാണ്. 'ഇന്ദുലേഖ'യിൽ ആവിഷ്ക്കരിച്ച നവോത്ഥാനാശയങ്ങൾ പദ്യരൂപത്തിൽ വരാൻ ഏറെ നാളെടുത്തു. സ്ത്രീകൾക്ക് വിദ്യയ്ക്കും സംസ്കാരത്തിനും സൗന്ദര്യത്തിനും അധികാരത്തിനുമുള്ള പുതിയ അവബോധം സാഹിത്യകൃതികളിൽ പ്രതിഫലിക്കപ്പെട്ടു. സ്ത്രീയും അവർണ്ണനും തുല്യമായി ഗണിക്കപ്പെട്ട ഒരു കാലമായിരുന്നു അത്. നവോത്ഥാന ചിന്ത നാം ഇന്നു കരുതുന്നതിനേക്കാൾ എത്രയോ ഉയരത്തിൽ സ്ത്രീത്വത്തെ പ്രതിഷ്ഠിച്ചു. നൂറുകൊല്ലം മുമ്പ് നമ്മുടെ നാട്ടിൽ 'സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ' ഉണ്ടായിരുന്നു. വി.സി. ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപത്തിലെ സരളാദേവി ബംഗാളിലെ വനിതാവിമോചക പ്രവർത്തകയും പ്രാസംഗികരിൽ പ്രമുഖയുമായിരുന്നു. ആശാന്റെ കവിതകളിൽ സ്ത്രീ സ്വാതന്ത്ര്യവാദവും സമത്വവാദവും കാണുന്നുണ്ട്. ഇന്ദുലേഖയിൽ സ്ത്രീ–പുരുഷ ബന്ധത്തിന്റെ ഒരു പുതിയ പാഠം നമുക്ക് കാണാനാവും. 'ശാരദ'യിൽ 'ന്യൂക്ലിയർ ഫാമിലി' എന്ന സങ്കല്പം അവതരിക്കപ്പെട്ടിട്ടുണ്ട്.[3] മോക്ഷം പോലും വ്യക്തിഗതമല്ലെന്നും സമുദായപരമാണെന്നുമുള്ള തിരിച്ചറിവുണ്ടാകുന്നതും നവോത്ഥാന കാലത്തോടെയാണ്.

ലിംഗനീതിയിൽ കേന്ദ്രീകരിച്ചുള്ളവയായിരുന്നു നവോത്ഥാന കാലത്തെ മൂല്യസങ്കല്പം. ഒളപ്പമണ്ണ, പള്ളത്തുരാമൻ, ഒ.എം.സി., പ്രേംജി

തുടങ്ങിയവരുടെ ആവേശോജ്വലമായ കവിതകളും 'നിങ്ങളിങ്ങനെ തിരണ്ടിരുന്നാൽ മതിയോ, വൃദ്ധ വിവാഹം നിങ്ങൾക്കുവേണമോ?' എന്നിങ്ങനെ ചോദ്യങ്ങളുന്നയിക്കുന്ന ലഘുലേഖകളും സമൂഹത്തിന്റെ നേർക്ക് ചാട്ടുളിപോലെ വിക്ഷേപിക്കപ്പെടുന്ന ഉണ്ണിനമ്പൂതിരിയിലെ ലേഖനങ്ങളും നമ്പൂതിരിയെ മനുഷ്യനാക്കുക എന്ന കാലികവും ഉദാത്തവുമായ ലക്ഷ്യത്തെ മുൻനിർത്തിയുള്ളവയായിരുന്നു. സ്ത്രീ സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തെ മുൻനിർത്തി എഴുതപ്പെട്ട അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, മറക്കുടക്കുള്ളിലെ മഹാനരകം, ഋതുമതി തുടങ്ങിയ നാടകങ്ങളും 'കർമ്മവിപാകം' എന്ന വി.ടി.യുടെ ആത്മകഥയും മനുഷ്യജീവിതത്തിന്റെ ഇരുളടഞ്ഞ ഏടുകളായി സ്തോഭജനകമാംവിധം അവതരിപ്പിക്കുന്ന കഥകളും സാർവ്വകാലികവും സാർവ്വലൗകികവുമായ ചരിത്രരേഖകളായി ഇന്നും നിലനിൽക്കുന്നു.[4]

### 3.1.1 സാഹിത്യത്തിലെ സ്ത്രീ സാന്നിധ്യം

മലയാളഭാഷയിൽ പത്തൊമ്പതാം നൂറ്റാണ്ടോടുകൂടിയാണ് സ്ത്രീകൾ സാഹിത്യത്തിലേക്ക് കടന്നുവരുന്നത്. കിളിമാനൂർ ഉമാദേവിത്തമ്പുരാട്ടി (1787 –1830), അംബാദേവിത്തമ്പുരാട്ടി (1832–1887), കുട്ടിക്കുഞ്ഞുതങ്കച്ചി (1820–1904), റാണിലക്ഷ്മീഭായി (1848–1901), കടത്തനാട്ട് ലക്ഷ്മിത്തമ്പുരാട്ടി (1845–1909), തോട്ടക്കാട്ട് ഇക്കാവമ്മ (1864–1916) എന്നിവർ മലയാളത്തിലെ ആദ്യകാല സാഹിത്യകാരികളാണ്. തുള്ളൽകൃതികൾ, ആട്ടക്കഥകൾ, കീർത്തനങ്ങൾ, കാവ്യങ്ങൾ, നാടകങ്ങൾ എന്നിവ രചിച്ച ഇവർ പാണ്ഡിത്യവും കവിത്വശക്തിയും

കൊണ്ട് അനുഗ്രഹീതരായിരുന്നു. കവനകൗമുദി, ഭാഷാപോഷിണി, ദക്ഷിണ ദീപം മുതലായ പ്രസിദ്ധീകരണങ്ങളും ഇവരുടെ സാഹിത്യപ്രവർത്തനത്തിന് സഹായകങ്ങളായി. 1930 മുതൽ മലയാളചെറുകഥയുടെ വളർച്ചയുടെ കാലഘട്ടമാണ്. മലയാളത്തിൽ ആദ്യത്തെ സ്വതന്ത്രകഥ രചിച്ചത് എം. സരസ്വതീഭായിയാണ്.[5] മലയാള നോവൽ സാഹിത്യത്തിലെ ആദ്യഗ്രന്ഥമേത് എന്ന കാര്യം ഇപ്പോഴും തർക്കവിഷയമായി നിൽക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ആരംഭിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലെത്തി നിൽക്കുന്ന താരതമ്യേന ഹ്രസ്വചരിത്രമേ നോവലിനവകാശപ്പെടാനുള്ളൂ. എങ്കിലും സമൂഹത്തിന്റെ വൈവിധ്യമാർന്ന ചിന്താഗതികളെ സത്യസന്ധമായി പ്രതിഫലിപ്പിക്കുന്ന സാഹിത്യരൂപം എന്ന നിലയിൽ നോവലിന് പ്രഥമസ്ഥാനം നൽകാവുന്നതാണ്. നോവൽ സമൂഹത്തിന്റെ പ്രതിച്ഛായ പ്രതിഫലിപ്പിക്കുന്ന കണ്ണാടിമാത്രമല്ല സമൂഹമനസ്സിന്റെ അന്തർധാരകളെ പ്രതീകാത്മകമായി അവതരിപ്പിക്കുന്ന സാഹിത്യരൂപം കൂടിയാണ്. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും ഇടയിൽപെട്ടുഴലുന്ന ജനമനസ്സുകളിൽ സ്വാതന്ത്ര്യത്തിന്റെയും വിപ്ലവത്തിന്റെയും ഇത്തിരിവെട്ടം തെളിയിക്കാൻ ആദ്യകാല നോവലുകൾക്ക് സാധിച്ചിട്ടുണ്ട്.

നോവലിന്റെ രൂപഭാവങ്ങളോടുകൂടി പ്രത്യക്ഷപ്പെട്ട ആദ്യകൃതികളാണ് കോളിൻസ് മദാമ്മയുടെ 'ഘാതകവധം', ജോൺ ബനിയന്റെ 'പരദേശീമോക്ഷയാത്ര', ആർച്ച് ഡീക്കൻ കോശിയുടെ 'പുല്ലേലിക്കുഞ്ചു', കാതറൈൻ ഹന്നാമുല്ലെൻസിന്റെ ഫുൽമേനി ഓ കരുണ എന്നിവ. പരിഭാഷകളാണെങ്കിലും ഈ

കൃതികളാണ് മലയാളനോവൽ പ്രസ്ഥാനത്തിലേക്കുള്ള ആദ്യകാൽവെയ്പുകൾ എന്നു പറയാം. കേരളീയ പശ്ചാത്തലത്തിൽ 1877ൽ കോളിൻസ് മദാമ്മ രചിച്ച ഘാതകവധമാണ് ആദ്യ നോവലെന്നും ഫുൽമോനിയാണെന്നും വ്യത്യസ്ത അഭിപ്രായമുണ്ട്. എങ്കിലും വിവർത്തനങ്ങളായതുകൊണ്ടിവയെ ആദ്യനോവലുകളായി കണക്കാക്കിയിട്ടില്ല എന്ന് ജോർജ് ഇരുമ്പയം അഭിപ്രായപ്പെടുന്നുണ്ട്.[6]

സ്ത്രീകൾ വിദ്യാഭ്യാസം നേടുന്നത് തീർത്തും അഭിമാനക്ഷതമായിട്ടാണ് അന്നത്തെ ജനങ്ങൾ കരുതിയിരുന്നത്. ഘാതകവധത്തിലെ ഈ പരാമർശം ശ്രദ്ധേയമാണ്. - "പുസ്തകം വായിക്കുന്ന പെണ്ണുങ്ങൾ തന്നെ ഗുണമെന്ന് ഞാൻ എണ്ണിയിട്ടില്ല. അവർ നല്ല ഭാര്യമാരാകുന്നത് പ്രയാസം. എന്തിനാ ഇവളെ പള്ളിക്കൂടത്തിലയക്കാൻ പോയത്....?"[7] കഥാനായികയായ മറിയത്തിന്റെ നേർക്കുള്ള ഒരു വൃദ്ധയുടെ അഭിപ്രായപ്രകടനമാണിത്. തനിക്കിഷ്ടമല്ലാത്ത വിവാഹം വേണ്ടെന്ന് സ്വന്തം പിതാവിന്റെ മുഖത്തുനോക്കി പറയാൻ സന്നദ്ധയാകുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ സ്ത്രീവർഗ്ഗ പ്രതിനിധിയായി ഈ നോവലിലെ മറിയം പ്രത്യക്ഷപ്പെടുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അടിമത്തഅയിത്താചാരങ്ങളുടെ ഉച്ചാടനം, സാക്ഷരത, സവർണ്ണാവർണ്ണ തുല്യത, ഭരണക്രമത്തിലുണ്ടായ മാറ്റങ്ങൾ ഇവയെല്ലാം കേരളീയ സാമൂഹ്യഘടനയെ ഇളക്കിമറിച്ചു.

മണിപ്രവാള നിയോക്ലാസിക് പാരമ്പര്യത്തിൽ സ്ത്രീ, പുരുഷന്റെ കാഴ്ചയുടെ ലോകത്തിന്റെ ഒരു ദൃശ്യം മാത്രമാണ്, റൊമാന്റിസിസത്തിൽ അത് അമൂർത്തമായ ഒരാശയവും. സ്ത്രീ കൂട്ടായ്മകളിൽ അടുക്കള മുതൽ ഉള്ള

അവളുടെ സമഗ്രലോകം ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.[8] മലയാളത്തിലെ ലക്ഷണ മൊത്ത ആദ്യനോവലിൽ തന്നെ ശക്തമായ സ്ത്രീ കഥാപാത്രത്തെ ചന്തുമേ നോൻ ചിത്രീകരിച്ചിട്ടുണ്ട്. ഈ ചിത്രീകരണത്തിലൂടെ മലയാളസാഹിത്യലോ കത്ത് ഒരു നൂതനപാത വെട്ടിത്തുറക്കാൻ ചന്തുമേനോന് സാധിച്ചു.

കലാസൃഷ്ടികൾ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയ വുമായ വിമോചനത്തിനുവേണ്ടിയുള്ളതാണെന്ന കാഴ്ചപ്പാടുകളോടുകൂടി രചിക്കപ്പെട്ടവയായിരുന്നു മേൽ പ്രസ്തരിച്ചവയെല്ലാം തന്നെ. കൃതികൾ അഭിസംബോധന ചെയ്യുന്ന ജനസമൂഹവുമായി സംവാദാത്മകവും സംവേദനാത്മകവുമായ ബന്ധം സ്ഥാപിക്കണമെന്ന ഉറച്ച ബോധത്തിന്റെ ബഹിർസ്ഫുരണകളാണിവ. ക്ലാസിക്കൽ കലകളും വേദാധ്യയന പാരമ്പര്യവും സൃഷ്ടിച്ച ഒരുലോകക്രമത്തിൽ നിന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും നവനാഗരികതയുടെയും സത്ത സ്വാംശീകരിക്കാൻ ഇവ ആഹ്വാനം ചെയ്തു. 'ചിക്കാഗോ'വിൽ ചെന്ന് ഭാരതീയ സ്വത്വചിഹ്നങ്ങൾ സ്വാംശീകരിക്കുവാനും ഭാരതീയ ജനതയോട് പാശ്ചാത്യഭൗതിക സങ്കല്പങ്ങളുടെ തത്വങ്ങളുൾക്കൊണ്ട് വളരുവാനും ആഹ്വാനം ചെയ്ത വിവേകാനന്ദന്റെ സാമൂഹ്യപരിഷ്ക്കരണ ലക്ഷ്യത്തിനൊപ്പം നിൽക്കുന്നവയായിരുന്നു ഇവയുടെ അന്ത:സ്സാരം. മനുഷ്യനെന്ന നിലയിൽ സ്ത്രീയിലും പുരുഷനിലും ഉണ്ടാകുന്ന ജൈവികമായ പരിണാമങ്ങൾ അവന്റെ/അവളുടെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചയ്ക്ക് പ്രതിബന്ധമായിക്കൂടെന്ന് ഈ കൃതികൾ സ്ഥാപിക്കുന്നു. ഒരർത്ഥത്തിൽ ഒരു ജനതയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ വാച്യ ചിഹ്നങ്ങളാണ് മുകളിൽ പേരെടുത്തുപറഞ്ഞ കൃതികളെല്ലാം തന്നെ. അനുഭവത്തിന്റെ ചൂടും ചൂരും തൽകർത്താക്കളെ സമഗ്രപരിഷ്ക്കരണ

വ്യഗ്രമായ ഭാഷയുടെ ഉടമകളാക്കി മാറ്റുകയായിരുന്നു. അതുകൊണ്ട് അവ നിലയുറപ്പിച്ചിട്ടുള്ളത് ഒരു പ്രത്യേക കാലഘട്ടത്തിലല്ല മറിച്ച് പുതുവായനയ്ക്കും പുതുചിന്തയ്ക്കും പ്രവേശമുള്ള നവലോകക്രമത്തിലാണ്. നവംനവങ്ങളായ സംവേദനശീലങ്ങൾക്ക് വഴി തുറക്കുന്നതും പ്രബന്ധവിഷയത്തെ പൂരിപ്പിക്കുന്നതുമായ സരസ്വതീവിജയം, അപ്ഫന്റെ മകൾ, ഭ്രഷ്ട്, അഗ്നിസാക്ഷി, ആഗ്നേയം എന്നീ നോവലുകളെ സമഗ്രമായി അപഗ്രഥിക്കുകയാണ് ഈ അധ്യായത്തിന്റെ ലക്ഷ്യം.

## 3.2 സാരസ്വതത്തിന്റെ പെരുമ്പറ മുഴക്കം

ഏതു രചനയും കാലബദ്ധമാണ്. കാലത്തിന്റെ സൂചനകൾ ഒന്നുമില്ല എന്നു നടിക്കുന്നവയിലും പരോക്ഷമായി അതുണ്ടാവും. ആഖ്യാനപ്രധാനമായ രചനയാകുമ്പോൾ അതിൽ കാലമുദ്ര പതിയാനുള്ള സാധ്യത ഏറെയാണ്. ജീവിതമുഹൂർത്തങ്ങളെയും വ്യക്തിചിത്രങ്ങളെയും ആവിഷ്ക്കരിക്കുമ്പോൾ, സ്ഥലസൂചനയും ചരിത്രസൂചനയും നൽകുമ്പോൾ ഇതൊക്കെ കൂടിച്ചേർന്നു രൂപപ്പെടുന്ന യാഥാർത്ഥ്യത്തിന്റെ ആവിഷ്ക്കാരത്തിൽ അത് അഭിവ്യക്തമാകുന്നു.

ചില കൂട്ടായ്മകളെയും സമുദായങ്ങളെയും സംസ്കാരങ്ങളെയും പാർശ്വവൽകരിച്ചുകൊണ്ടാണ് ദേശീയതയ്ക്ക് ആരംഭംകുറിച്ചത്. സ്ത്രീകളും, മുസ്ലീങ്ങളും, ദളിതരും, ആദിവാസികളും ഇത്തരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരായിരുന്നു. ഇങ്ങനെ പുറത്താക്കപ്പെടുന്നവരുടെ ഇടങ്ങളെ എഴുത്തിലേക്ക് പകർത്തുന്ന രചനകളും പ്രാന്തവത്ക്കരിക്കപ്പെട്ടു. മലയാള

നോവൽ ചരിത്രത്തിന്റെ ആദ്യഘട്ടം തന്നെ ഈയൊരു പ്രാന്തവത്കരണത്തിന്റെ ചരിത്രമാണ്. നായർ വരേണ്യതയുടെ അകസ്ഥലങ്ങളെ പ്രമേയവത്കരിച്ച് ഇന്ദുലേഖ പ്രഖ്യാപിതമാവുകയും എന്നാൽ കീഴാളജീവിതത്തെ ചിത്രീകരിച്ച പോത്തേരികുഞ്ഞമ്പുവിന്റെ 'സരസ്വതീ വിജയം' തമസ്ക്കരിക്കപ്പെടുകയും ചെയ്തത് ഇതിനുദാഹരണമാണ്.[9]

ഉദ്ദേശ്യാധിഷ്ഠിതമായ സമീപനത്തോടെ എഴുതപ്പെട്ടതാണ് 'സരസ്വതീവിജയം'. അഗതികളായ പറയരുടെ ഇടയിൽ വിദ്യാഭ്യാസം ഉളവാക്കേണ്ടുന്നത് അത്യാവശ്യമാണെന്നും വിദ്യാഭ്യാസംകൊണ്ട് അവരുടെ സ്ഥിതി വളരെ പരിഷ്ക്കരിച്ചു വരുമെന്നും മദിരാശിയിലെ ചില വർത്തമാനപത്രങ്ങൾ ഘോഷമായെഴുതിയ ചില ലേഖനങ്ങൾ ഈ കഴിഞ്ഞ മെയ്മാസത്തിൽ വായിച്ചപ്പോൾ മദിരാശിയിലും മറ്റുമുള്ള പറയരെക്കാൾ കഷ്ടതയിൽ ഇരിക്കുന്ന മലയാളത്തിലെ പുലയരുടെ സങ്കടാവസ്ഥ ഓർത്ത് ഈ പുസ്തകം എഴുതാൻ ഇടവന്നതാണെന്നും നോവലിന്റെ മുഖവുരയിൽ പോത്തേരികുഞ്ഞമ്പു വ്യക്തമാക്കുന്നു.[10] പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളീയരുടെ ഇടയിൽ നാമ്പെടുത്ത സ്വാതന്ത്ര്യതൃഷ്ണ, വിദ്യാഭ്യാസതാല്പര്യം, സാമൂഹികബോധം തുടങ്ങിയ നവോത്ഥാന ആശയങ്ങളെയാണ് ഈ നോവൽ പ്രതിനിധാനം ചെയ്യുന്നത്.

കേരളത്തിൽ മറ്റു ജാതിക്കാരുടെ മാത്രമല്ല മറ്റു ബ്രാഹ്മണരുടെയും മീതെ വാണരുളിയത് നമ്പൂതിരിമാരാണ്. അവർ ഒരേസമയം പോപ്പിന്റെയും രാജാവിന്റെയും അധികാരങ്ങൾ പ്രയോഗിച്ചു.[11] സ്ത്രീയും ധനവുമെല്ലാം അവർക്കുള്ളതായിരുന്നു. താഴ്ന്ന ജാതിക്കാരുടെ ജന്മോദ്ദേശ്യംപോലും

ബ്രാഹ്മണരെ ആനനന്ദിപ്പിക്കുകയാണ് എന്ന് പ്രചരിപ്പിക്കപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷാധിപത്യം രൂഢമൂലമാവുകയും നവോത്ഥാനം ആഞ്ഞടിക്കുകയും ചെയ്തിട്ടും നമ്പൂതിരിസമുദായത്തിന് മാറ്റംവന്നില്ല.[12] വളരെക്കാലം ഭൂസുരന്മാരായിവാണ നമ്പൂതിരിമാർ, താഴ്ന്നജാതിക്കാരുടെ സ്പർശംകൊണ്ടുമാത്രമല്ല സാമീപ്യംകൊണ്ടും തങ്ങൾ അശുദ്ധമാകുമെന്നും അവർ കണ്ടുപിടിച്ചു. അതിനാൽ കൂടുതൽ താഴ്ന്നജാതിക്കാരെ കൂടുതൽ ദൂരേക്ക് അവർ ആട്ടിയോടിച്ചു. നായർക്ക് നമ്പൂതിരിയെ സമീപിക്കാം. പക്ഷെ സ്പർശിക്കാൻ പാടില്ല. ഈഴവൻ അയാളിൽ നിന്ന് മുപ്പത്തിയാറടിയും പുലയൻ തൊണ്ണൂറ്റിയാറ് അടിയും അകന്നു നിൽക്കണം.[13] അടിമവർഗ്ഗക്കാരായ പറയരെയും പുലയരെയും ചന്തകളിൽ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നു.[14] ഉയർന്ന ജാതിക്കാർക്കായി പണിയെടുക്കാനും അവരുടെ ചവിട്ടും കുത്തും ഏൽക്കാനും വിധിക്കപ്പെട്ടിരുന്ന അവരെ ഉയർന്നജാതിക്കാർ നടക്കുന്ന വഴിയിലൂടെ നടക്കാനോ ശബ്ദമുണ്ടാക്കാനോ പോലും അനുവദിച്ചിരുന്നില്ല. 1792ൽ അടിമക്കച്ചവടവും 1843-ൽ അടിമത്തവും നിരോധിക്കപ്പെട്ടെങ്കിലും 'സരസ്വതീവിജയ' ത്തിന്റെ കാലത്തും അടിമവർഗ്ഗക്കാരുടെ സ്ഥിതിക്കു വലിയ മാറ്റം വന്നില്ല.[15] ആധുനിക വിദ്യാഭ്യാസം മിഷണറിമാർ പ്രോത്സാഹിപ്പിച്ചതോടുകൂടി താഴ്ന്ന ജാതിക്കാരുടെ സമീപനത്തിലും മാറ്റം വന്നു. ഇവയെല്ലാമാണ് 'സരസ്വതീവിജയ'ത്തിലെ ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭവങ്ങൾ, പശ്ചാത്തലം എന്നിവയ്ക്കു ഉപോദ്ബലമായി പ്രവർത്തിച്ച ഘടകങ്ങൾ.

'സരസ്വതീവിജയം' ഒരൊറ്റ സമുദായത്തിന്റെയൊ ഒരു കുടുംബത്തിന്റെയൊ മാത്രം കഥയല്ല മറിച്ച് ലിഖിതചരിത്രത്തിന് സുപരിചിതമായിരിക്കുന്ന സാമൂഹ്യ വ്യവസ്ഥയുടെ ചിത്രീകരണമാണ്. ഈ

സാമൂഹ്യാവസ്ഥയെ ദളിത്-സ്ത്രീ പക്ഷത്തുനിന്ന് നിർവ്വചിക്കുമ്പോൾ റിയലിസത്തിൽ അടിഞ്ഞുകൂടിയ കാല്പനികാഭിലാഷമല്ല, ഒരു ചരിത്രഘട്ടത്തിന്റെ പ്രത്യയശാസ്ത്രവിചാരമാണ് നോവൽ ആവിഷ്ക്കരിക്കുന്നത്.[16] യാഥാസ്ഥിതികനും അതിസമ്പന്നനുമായ കനകശേഖരയില്ലത്ത് കുബേരൻ നമ്പൂതിരി മകളുടെ ഗൃഹത്തിൽ നിന്നും പരിവാരങ്ങളോടൊത്ത് സ്വന്തം ഗൃഹത്തിലേക്ക് യാത്രചെയ്യുമ്പോൾ ശ്രുതിമധുരമായ ഒരു ഗാനം കേൾക്കുന്നു. ഗായകനെക്കുറിച്ചന്വേഷിക്കാൻ കാര്യസ്ഥനായ രാമൻകുട്ടി നമ്പ്യാരെ നിയോഗിച്ചു. ജാതിനിയമങ്ങൾക്ക് വിരുദ്ധമായി പാട്ടുപാടിക്കൊണ്ടിരിക്കുന്ന മരത്തൻ എന്ന പുലയയുവാവിനെയാണ് കാര്യസ്ഥൻ കാണുന്നത്. നമ്പ്യാർ മരത്തനെ ചവുട്ടിബോധം കെടുത്തുന്നു. കാര്യസ്ഥന്റെ സന്ദർഭോചിതമായ പ്രവൃത്തിയിൽ പ്രീതനായ കുബേരൻ നമ്പൂതിരി 'മനുസ്മൃതി'യും 'രാമായണ'ത്തിലെ ശംബൂകവധവും ഉദ്ധരിച്ച് രണ്ടുമുണ്ടുകൾ പാരിതോഷികമായി നമ്പ്യാർക്കുനൽകുന്നു.

എന്നാൽ മരത്തനെ ചവിട്ടി ബോധംകെടുത്തി വീഴ്ത്തിയ സ്ഥാനത്ത് ഒരജ്ഞാതജഡം കാണപ്പെട്ടതോടെ, ആ പ്രദേശത്തെ മുസ്ലീങ്ങൾ അത് മരത്തന്റെ ജഡമാണെന്നുപ്രചരിപ്പിച്ച് അംശം അധികാരിക്ക് പരാതി നൽകി. കുബേരൻ നമ്പൂതിരിയുടെ ഇടപെടൽ കൊണ്ട് അയാളുടെ ബന്ധുവായ അധികാരി പരാതി തമസ്കരിച്ചതോടെ മുസ്ലീങ്ങൾ അഞ്ചരക്കണ്ടിയിലെ ജോസഫ്സായ്വ് വഴി പരാതി സബ് ഇൻസ്പെക്ടർക്കും മജ്സിട്രേറ്റിനും നൽകുന്നു. ഇതോടെ മരത്തനെ ചവിട്ടി ബോധം കെടുത്തിയ നമ്പ്യാർ പതിനഞ്ചുവർഷത്തെ കഠിനതടവിന് ശിക്ഷിക്കപ്പെടുകയും കുബേരൻ നമ്പൂതിരി

തന്റെ വിശ്വസ്ത ഭൃത്യനായ കുപ്പൻ പട്ടരോടൊപ്പം ഒളിവിലാവുകയും ചെയ്തു. കുബേരൻ നമ്പൂതിരി ഒളിവിലായതോടെ അയാളുടെ മകൾ സുഭദ്ര, കുമ്പയെന്ന വാല്യക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും നമ്പൂതിരിയോട് ശത്രുതയുള്ള ഭവശർമ്മൻ നമ്പൂതിരിയുടെ നടപടികളുടെ ഫലമായും സ്മാർത്തവിചാര ത്തിനുവിധേയമായി ഭ്രഷ്ടയാക്കപ്പെട്ടു. സുഭദ്രയേയും മക്കളേയും ബാസൽ മിഷൻകാർ കൂട്ടിക്കൊണ്ടുപോയി വിദ്യാഭ്യാസം നൽകി ഒരു വിദ്യാലയത്തിലെ ഉപാദ്ധ്യാപികയാക്കി നിയമിച്ചു. ബ്രഹ്മണേതരമായ സാഹചര്യങ്ങളിൽ പതിനഞ്ചുവർഷം ഒളിവിൽ കഴിയേണ്ടിവന്ന കുബേരൻ നമ്പൂതിരി കാശിയിൽവെച്ച് അറസ്റ്റ് ചെയ്യപ്പെട്ട് തലശ്ശേരിയിൽ യേശുദാസനെന്ന ജഡ്ജിയുടെ കോടതിയിൽ വിചാരണ നേരിടുന്നു. ആ ജഡ്ജി കൊല്ലപ്പെട്ടെന്നു കരുതുന്ന മരത്തനായിരുന്നു. വാസ്തവത്തിൽ അന്ന് ബോധം കെട്ടുവീണ മരത്തൻ ബോധം തെളിഞ്ഞപ്പോൾ നാടുവിട്ട് കോഴിക്കോട്ടെത്തുന്നു. അവിടെ ബാസൽ മിഷൻകാരുടെ സഹായത്തോടെ പഠിച്ച് ജഡ്ജിയാകുന്നു. പിന്നീട് സുഭദ്രയുടെ മകളായ സരസ്വതിയെ വിവാഹം കഴിക്കുന്നു. ചുരുക്കത്തിൽ യേശുദാസന്റെ കോടതിയിലെത്തിയ കൊലക്കേസിന്റെ വിചാരണയിൽ കുബേരൻ നമ്പൂതിരിയും രാമൻകുട്ടി നമ്പ്യാരും ജയിൽമോചിതരായി. വിദ്യാഭ്യാസത്തിലൂടെ പുലയനും നമ്പൂതിരിയും ബന്ധുക്കളാകുന്നു. 'സരസ്വതീവിജയം' എന്ന നോവലിന്റെ രത്നച്ചുരുക്കം ഇത്രമാത്രമാണെങ്കിലും ഇഴപിരിച്ച് പരിശോധിക്കുമ്പോൾ ഒരു ജനവിഭാഗത്തെ ജീവിതാന്ത്യംവരെ നികൃഷ്ടരായി നിലനിർത്തുന്ന വിധത്തിലാണ് 'ജാതിപ്രത്യയശാസ്ത്രം' പ്രവർത്തിച്ചിരുന്നതെന്നും അസംഖ്യം ആചാരങ്ങൾകൊണ്ടുള്ള വിലങ്ങുകളാൽ ബന്ധിതമാണ് മനുഷ്യബന്ധങ്ങൾ എന്നും ഇവിടെ വ്യക്തമാകുന്നു.

ചാതുർവർണ്യവും ജാതിവ്യവസ്ഥയും ഭിന്നിപ്പിച്ച ജനവിഭാഗങ്ങളിൽ കൂട്ടായ്മയും സാഹോദര്യവും ഉൽപതിഷ്ണുത്വവും സൃഷ്ടിക്കാൻ പര്യാപ്തമായ ഭാഷയുടെ നിർമ്മിതി നോവലിലുടനീളം ഉണ്ട്. ചെറുമി എന്ന കഥാപാത്രത്തിന്റെ സംഭാഷണത്തിലൂടെ വെളിപ്പെടുന്ന മാനകീകൃതഭാഷാരൂപം സാമൂഹ്യ സാംസ്കാരിക രംഗത്തുണ്ടായ പുത്തൻ ഉണർവ്വിന്റെ ദൃഷ്ടാന്തമാണ്. ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വിദ്യാഭ്യാസ പദ്ധതികളും ക്രിസ്ത്യൻ മിഷണറിമാരുടെ മതപ്രബോധനങ്ങളും സാധാരണജനതയുടെ ജീവിതത്തിൽ സാരമായ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്ന ഒരു കാലഘട്ടവുമായിരുന്നു അത്. സ്വയം മാറണമെന്നും സാമൂഹിക പരിതോവസ്ഥകളെ മാറ്റുന്നതിൽ സക്രിയമായ പങ്കുവഹിക്കണമെന്നുമുള്ള പ്രാന്തവത്കൃത ജനസമൂഹത്തിന്റെ ഇച്ഛാശക്തിയുടെ അടയാളമായി ഈ ഭാഷാസവിശേഷതകളെ നമുക്ക് വിലയിരുത്താം. അതുകൊണ്ടാണ് ബ്രിട്ടീഷുകാരുടെ വിദ്യാഭ്യാസ പരിഷ്ക്കരണങ്ങൾ പ്രത്യക്ഷമായി അവരുടെ തന്നെ നേട്ടങ്ങൾക്കു വേണ്ടിയാണെങ്കിലും പരോക്ഷമായി കേരളീയ ജനതയുടെ ഉന്നമനത്തിനുവേണ്ടിയാണെന്ന് വിലയിരുത്തപ്പെടുന്നത്. മിഷണറിമാരുടെ മതസംബന്ധമായ ഇടപെടലുകൾ ഏറെ ആശങ്കകളോടുകൂടിയാണ് കേരളീയ പൊതുസമൂഹം നോക്കികണ്ടതെങ്കിലും പരോക്ഷമായി ആധുനികവും ജാഗ്രത്തുമായ മനസ്സിന്റെ ഉടമകളാക്കി കേരളീയരെ മാറ്റാൻ അതിന് സാധിച്ചു. ഇന്ന് പ്രസക്തമായ ചിന്താപദ്ധതിയും കലാ-സാഹിത്യവിശകലന രീതിയുമായി മാറിക്കഴിഞ്ഞ ദളിത് ചിന്തയുടെ വേരുകളന്വേഷിക്കേണ്ടത് മേൽവിവരിച്ച തരത്തിലുള്ള ഭൂതകാലത്തിന്റെ ഇടങ്ങളിലാണ്.

"രാമൻകുട്ടി നമ്പ്യാർക്ക് കഷ്ടിച്ച് കൂട്ടിവായിക്കാനേ അറിഞ്ഞുകൂടൂ. ദേഹം എന്നുപറഞ്ഞാൽ തേകം എന്നേ എഴുതാൻ അറിയൂ.[17]" നോവലിസ്റ്റിന്റെ

കാലഘട്ടത്തിൽ 'തേകം' ഉൾപ്പെടെയുള്ള നിരവധി പദങ്ങൾ വാമൊഴിയിലാണ് നിലനിന്നത്. സാമൂഹ്യപരിഷ്ക്കരണത്തിലൂടെയാണ് 'തേകം' പരിവർത്തനപ്പെട്ട് 'ദേഹം' ആകുന്നത്. നോവലിലെ ഭാഷാപ്രയോഗം വ്യക്തമാക്കുന്നതാണ് നമ്പൂതിരിയും ചെറുമിയുമായുള്ള സംഭാഷണം.

നമ്പൂതിരി : "ഏടീ ചെർമ്മീ, നിണക്കു പാട്ടുപാടുന്ന ഒരു മകനുണ്ടോ?"

ചെർമ്മി : "റാൻ, ഉണ്ട്, തമ്പുരാനെ"

നമ്പൂതിരി : "അവൻ നിന്റെ ചാളയിൽ നിന്ന് പാട്ടുപാടാറുണ്ടോ?"

ചെർമ്മി : "അവൻ അവിടെ വന്നാൽ പാടാറുണ്ട്"[18]

സുഭദ്രയെ സ്മാർത്തവിചാരത്തിലേക്ക് നയിച്ച കുമ്പ എന്ന ദാസിയുടെ സംസാരവും നോവലിലെ ഭാഷയുടെ വ്യവഹാരസ്വഭാവം വ്യക്തമാക്കുന്നുണ്ട്. ''കാഷായവസ്ത്രം ഉടുത്തവരെല്ലാം സന്യാസികളല്ല. അവരിലാണധികം കള്ളൻമാരുള്ളത്. സുഭദ്രയെന്ന അകായിലോരെപ്പോലെ ഇത്രയും പുലയാടിച്ചി ആരുമില്ല. അവർ ഇത് എന്നു തുടങ്ങിയതാ - ഒന്നിച്ചുകിടക്കുന്നവരല്ലേ രാപ്പനി അറിയൂ[19]'' ദാസിയുടെ ഭാഷയിൽ മുഴങ്ങുന്നത് അവളുടെ പിന്നോക്കാവസ്ഥയേക്കാൾ നോവലിലുടനീളമുള്ളത് ബ്രാഹ്മണീയ മൂല്യങ്ങളോടുള്ള വൈരുദ്ധ്യാത്മകതയാണ്. ഇപ്രകാരം ഭാഷ സമൂഹത്തിന്റെ സംഘർഷത്തിൽ നിന്നും പ്രതിസന്ധികളിൽ നിന്നും ഉറപൊട്ടുന്നതായി മാറുന്നു.

ഇതരനോവലുകളിൽ നിന്നും വേറിട്ട സാമൂഹ്യാവസ്ഥയുടെ ചിത്രീകരണമാണ് 'സരസ്വതീവിജയ'ത്തെ ചരിത്രോന്മുഖമാക്കുന്നത്. കുബേരൻ നമ്പൂതിരിയുടെ സാമ്പത്തിക മേധാവിത്വം, ബ്രിട്ടീഷ് സർക്കാറിന്റെ അധീശത്വം, നമ്പ്യാരുൾപ്പെടുന്ന ശൂദ്രരുടെ സ്ഥിതി, മുസ്ലീങ്ങളുടെ ദളിതരോടുള്ള സഹഭാവവും ബ്രാഹ്മണവിരോധവും, നമ്പൂതിരി സ്ത്രീകൾക്കെതിരായ

ജാതീയപീഢനങ്ങൾ - എന്നിങ്ങനെ ഒരു നൂറ്റാണ്ടിനുമുമ്പുള്ള കേരളീയ കാലമാണ് നോവലിൽ നിറഞ്ഞുനിൽക്കുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യാവസ്ഥയുടെ നേർചിത്രം നോവലിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഒരു വിവരണം കാണുക. "മലയാളത്തിൽ സ്തനാച്ഛാദനം ചെയ്യുന്നത് അപമര്യാദ. അന്യപുരുഷന്മാരോട് സംസാരിക്കുന്നതും അന്യപുരുഷന്റെ കൂടെ സവാരിചെയ്യുന്നതും യൂറോപ്യൻമാരുടെ ഭാര്യമാർക്ക് അപമര്യാദയല്ല. അത് ഇന്ത്യയിൽ അപമര്യാദയാണ്."[20] സുദീർഘമായി വിവരിക്കുന്ന ഈ വൈരുദ്ധ്യത്തോടൊപ്പം കഥാപാത്രവിഷ്ക്കാരത്തിലും സംഘർഷത്തിന്റെ സൂചനയുണ്ട്. മുഖ്യകഥാ പാത്രമായ കുബേരൻ നമ്പൂതിരിക്ക് വർഷത്തിൽ ഇരുപതിനായിരം രൂപ വരുമാനമാണ് ഉള്ളത്. ഈ ഇളകാത്ത സ്വത്തിനുപുറമെ ബ്രാഹ്മണരുടെ മുൻപിൽ മ്ലേച്ഛന്മാരായും ക്രിസ്ത്യാനികളുടെ സഹജീവികളായും തോന്നുന്ന പുലയർ തുടങ്ങിയ മനുഷ്യവർഗ്ഗത്തെ തങ്ങളുടെ ഇളകുന്ന സ്വത്തായാണ് ഈ വൈദികബ്രാഹ്മണർ പരിഗണിച്ചുപോന്നത്. ബ്രാഹ്മണ മേധാവിത്വത്തിന്റെ യഥാർത്ഥമുഖമാണ് ഇവിടെ അനാവൃതമാകുന്നത്. കാര്യസ്ഥനായ രാമൻകുട്ടി നമ്പ്യാരെ ദാരൂട്ടി അഥവാ കരിക്കട്ട എന്നാണ് നമ്പൂതിരി വിളിക്കുന്നത്. ശൂദ്രർക്ക് നല്ല പേരുപാടില്ല എന്നും പ്രമാണ ഗ്രന്ഥങ്ങളിൽ പറയുന്നു.

ഇതോടൊപ്പം സ്മാർത്ത വിചാരം പോലുള്ള അനാചാരങ്ങളിലൂടെ രൂപംകൊള്ളുന്ന സ്ത്രീകളുടെ പരാധീനതകൾ സമുദായത്തിന്റെ ശൈഥില്യത്തിന് ആക്കം കൂട്ടുന്നു. ഇത്തരം തിരിച്ചറിവുകളാണ് നമ്പൂതിരിമാർക്കിടയിൽ ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ സമുദായപരിഷ്കരണത്തിന്റെ അലകളയുർത്താൻ വി.ടി. ഭട്ടതിരിപ്പാടിനെ

പ്പോലുള്ളവരെ പ്രേരിപ്പിച്ചതെന്നറിയുമ്പോഴാണ്; 'സരസ്വതീ വിജയം' കേരളത്തിന്റെ സാമുദായിക ചരിത്രത്തിന്റെ പരിച്ഛേദമാവുന്നത്.

മരത്തന്റെ കൊലപാതകത്തിനെതിരെ ശബ്ദമുയർത്തുന്നത് മുസ്ലീങ്ങളാണ്. അവരെക്കുറിച്ച് കുബേരൻ നമ്പൂതിരി പറയുന്നതിങ്ങനെയാണ് "ആരാണീ കള്ളമാപ്പിളമാർ? ഈ മൊട്ടകൾ നാട്ടിൽ വന്നു, നാട്ടിൽ നിന്നും ധർമ്മം മാഞ്ഞു."[21] ഇപ്രകാരം വ്യത്യസ്തമായ സാമുദായികാവസ്ഥകൾ മാത്രമല്ല, ബ്രിട്ടീഷ് ഭരണകൂടത്തിലൂടെയുണ്ടായ മാറ്റങ്ങളും കുബേരൻ നമ്പൂതിരിയുടെ വാക്കുകളിലൂടെ പരാമർശിക്കപ്പെടുന്നുണ്ട്. നോവലിന്റെ മൂന്നാം അദ്ധ്യായം സവിശേഷ പ്രാധാന്യമർഹിക്കുന്നത് സ്വത്തുടമസ്ഥതയുടെ മുഖ്യരൂപമായ ക്ഷേത്രസ്വത്തിനെ സംബന്ധിച്ചുള്ള വിശദാംശങ്ങളിലൂടെയാണ്. കളക്ടറും നമ്പൂതിരിയുമായുള്ള സുദീർഘ സംഭാഷണത്തിൽ നിന്നും അക്കാലത്തെ ക്ഷേത്രങ്ങളുടെ ഉടമസ്ഥത, വരുമാനം, വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങളാണ് ലഭ്യമാകുന്നത്. ഈ ചൂഷക സ്വത്തിനെ പൊതുനന്മയ്ക്കായി പ്രയോജനപ്പെടുത്തണമെന്ന കളക്ടറുടെ വാദത്തെ ശ്രുതികളും സ്മൃതികളും ഉദ്ധരിച്ച് നിഷേധിക്കുകയാണ് നമ്പൂതിരി ചെയ്യുന്നത്.

നോവലിൽ നിറഞ്ഞുനിൽക്കുന്നത് ബ്രാഹ്മണരല്ല, ബ്രാഹ്മണീയ മൂല്യമാണ്. സർവ്വതല സ്പർശിയായ ഈ മൂല്യത്തിന്റെ പ്രതിനിധിയെന്ന നിലയിലാണ് കുബേരൻ നമ്പൂതിരിയുടെ പ്രസക്തി. അദ്ദേഹത്തിന്റെ ഹീനമായ അടിച്ചമർത്തലുകൾക്കും നിർമാനുഷിക പ്രവർത്തികൾക്കും അടിത്തറയാകുന്നത് 'മനുസ്മൃതി'യിലെ കൽപ്പനകളാണ്. നോവലിലുടനീളമുള്ള 'മനുസ്മൃതി'യുടെ ഉദ്ധാരണം മുൻചൊന്ന മൂല്യത്തിന്റെ സ്ഥാപനവത്ക്കരണമാണ്. സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന ഈ മൂല്യം അടിച്ചമർത്തലിനുള്ള

ഉപാധിയായിരിക്കുമ്പോൾതന്നെ അർത്ഥരഹിതവും പൊള്ളയുമാണെന്ന് ചൂണ്ടിക്കാണിക്കുന്ന രംഗമാണ് മരത്തനെ ചവിട്ടിബോധം കെടുത്തിയതിന് നമ്പ്യാർക്ക് പാരിതോഷികം നൽകിയതിനെക്കുറിച്ച് കുബേരൻ നമ്പൂതിരിയും അയാളുടെ മകളുടെ മകളുമായുള്ള സംഭാഷണം.

"കുട്ടി ചോദിച്ചു :- വലിയപ്ഫാ, എന്തിനാണ് അവന് മുണ്ടുകൊടുത്തത്?

നമ്പൂതിരി :- അതോ മകളേ, അവനല്ലേ നോം വരുമ്പോൾ ആ പാട്ടുപാടിയ ചെർമ്മനെ ചവുട്ടികൊന്നത്.

കുട്ടി :- അയ്യോ അതെന്തിന്? അവൻ പാടിയത് നല്ല പാട്ടല്ലേ. ദാരൂട്ടിക്കിനി ചോറ് കൊടുക്കേണ്ട. അവനോട് മുണ്ടിങ്ങുമടക്കി വാങ്ങണം.

നമ്പൂതിരി :- ''നിണക്കു കാര്യം അറിഞ്ഞുകൂട. ചെർമ്മന് എഴുത്തുപഠിക്കാൻ പാടില്ല. അവൻ എഴുത്തുപഠിച്ചു പാട്ടുപാടാൻ തുടങ്ങിയാൽ നാട്ടിൽ മഴ പെയ്കയില്ല."

കുട്ടി :- ഇന്നലെ വൈകീട്ട് നല്ല മഴ പെയ്തുവല്ലോ."

(സരസ്വതീവിജയം - പുറം 34)

ചെർമ്മനോടുമാത്രമല്ല, ശൂദ്രരോടും നമ്പൂതിരിമാർ പുലർത്തിയിരുന്ന അയിത്തം വ്യക്തമാക്കുന്നതാണ് തുടർന്നുള്ള ഭാഗങ്ങൾ. ഈ ബ്രാഹ്മണീയ മൂല്യം ഹിന്ദുമതത്തിനേൽപ്പിക്കുന്ന ആഘാതവും നോവലിലുണ്ട്. സംക്രമദിവസം ക്ഷേത്രത്തിൽ വരുന്നവർക്ക് മതത്തെക്കുറിച്ച് അറിവുണ്ടാക്കാൻ വല്ല പ്രസംഗവും നടത്താറുണ്ടോ എന്ന കളക്ടറുടെ ചോദ്യത്തിന് "100 ൽ 99 ആളുകൾക്കും മതത്തിന്റെ യാതൊരു വിവരവുമില്ല" എന്നാണ് കുബേരൻ നമ്പൂതിരി ഉത്തരം നൽകുന്നത്. ബ്രാഹ്മണാധിപത്യത്തിന്റെ ഇരകളായ

സ്ത്രീകളുടെ പ്രതിനിധിയാണ് നായികയായ സുഭദ്ര. ഭ്രഷ്ടയാക്കപ്പെട്ട സുഭദ്രയുടെ അവസ്ഥ ഇപ്രകാരം വർണ്ണിക്കുന്നു.

"മുഖം താഴ്ത്തി കരഞ്ഞും കണ്ണുനീർ വീഴ്ത്തിയും ഒരു കുട്ടിയെ ഉക്കലിൽ തട്ടിയും മറ്റൊരു കുട്ടിയുടെ കൈപിടിച്ചും മൂത്തകുട്ടിയെ മുമ്പിൽ നടത്തിയും ഒരാളുടെ മുഖത്തു നോക്കാതെയും ചിറപ്പടമേലെകൂടി സുഭദ്ര പതുക്കെ പതുക്കെ നടക്കയായി. സമയം ഏകദേശം പകൽ മൂന്നുമണി കഴിഞ്ഞിരുന്നു. ആ നിമിഷംവരെ നാടുംവീടും പരിചാരകന്മാരും ഉണ്ടായിരുന്നു. ആ നിമിഷം മുതൽ അവരൊന്നുമില്ല. സാധാരണയിൽ അധികം വിശപ്പും വന്നു തുടങ്ങി. കുട്ടികൾ കരഞ്ഞുംകൊണ്ടിരുന്നു. അന്നത്തെ രാത്രി ഉറങ്ങാനുള്ള സ്ഥലം എവിടെയാണെന്നറിയില്ല. ഊണുകിട്ടുമോ? കിട്ടുമെങ്കിൽതന്നെ അത് എന്തൊരു തരമായിരിക്കും?" (സരസ്വതീവിജയം പുറം - 79) സുഭദ്രയുടെ സഹതാപാർഹമായ ഈ ചിത്രം ജാതിഭ്രാന്തിനും നമ്പൂതിരിമാരുടെ നീചവൃത്തികൾക്കുമെതിർനിൽക്കാൻ വായനക്കാരെ പ്രേരിപ്പിക്കുന്നു.

ബ്രാഹ്മണീയമൂല്യങ്ങളിൽ നിന്ന് മുക്തനായ മരത്തന് ശ്രുതിമധുരമായ പാട്ടുപാടാൻ മാത്രമല്ല പഠിച്ച് ഉന്നതസ്ഥിതിയിലെത്താനും കഴിയുന്നുണ്ട്. അതേപോലെ സുഭദ്രയ്ക്കും അവളുടെ മകൾക്കും ബ്രാഹ്മണേതര സാഹചര്യങ്ങളിൽ വ്യത്യസ്തമായൊരു ജീവിതം നയിക്കാനും ഒടുവിൽ മരത്തനെന്ന യേശുദാസനുമായി ബന്ധം ഉറപ്പിക്കാനും കഴിയുന്നുണ്ട്. നോവലിന്റെ അവസാനഭാഗത്ത് കുബേരൻ നമ്പൂതിരിയുടെ വിധിപ്രസ്താവിച്ചതിന്റെ പിറ്റേദിവസം മില്ലർ സായ്‌വ് യജ്ഞൻ നമ്പൂതിരിയെ സുഭദ്രയുടെ ബംഗ്ലാവിലേക്ക് കൂട്ടിക്കൊണ്ടുവരുന്നു. പതിനഞ്ചു വർഷങ്ങളായി ഭ്രഷ്ടായിരിക്കുന്ന സുഭദ്ര ഭർത്താവിലുള്ള വിശ്വാസം പ്രഖ്യാപിക്കുമ്പോൾ മില്ലർ

സായ്വ് അവളോട് ഭർത്താവിനൊപ്പം ഇരിക്കാൻ ആവശ്യപ്പെടുന്നു. "എന്റെ ഭർത്താവിന്റെ മുമ്പാകെ മറ്റുള്ളവർ കാൺകെ ഞാൻ ഇരുന്നു ശീലിച്ചിട്ടില്ല" എന്നതിനുമറുപടിയായി "എന്റെ മുമ്പാകെ ഇരിക്കാൻ പാടില്ലെന്നുള്ള നിന്റെ പൂർവ്വാചാരത്തെ ഇന്നുമുതൽ നീ വിട്ടുകളയൂ" എന്ന് യജ്ഞൻ നമ്പൂതിരി പ്രതികരിക്കുന്നുണ്ട്. ഇപ്രകാരം പരിചിന്തിക്കുമ്പോൾ ബ്രാഹ്മണ സമുദായം അടിമപ്പെടുത്തിയ സമൂഹത്തെ സമത്വത്തിലും സ്വാതന്ത്ര്യത്തിലും ദർശിക്കുവാനുള്ള നോവലിസ്റ്റിന്റെ അമിതമായ അഭിലാഷമാണ് കഥാപാത്ര ങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും ചുരുൾ നിവർത്തുന്നതെന്ന കണ്ടെത്തലിലാണ് നാമെത്തിച്ചേരുന്നത്.

## 3.3 രണ്ടാമൂഴക്കാരുടെ വിമോചന സ്വപ്നം

കാലബദ്ധമാണ് എഴുത്ത്. സാഹിത്യവും ചരിത്രവും കാലയാനത്തിലൂടെ അവയുടെ സാന്നിധ്യം അടയാളപ്പെടുത്തുന്നു. ഏതൊരു സർഗ്ഗാത്മക ആവിഷ്ക്കാരവും സൂക്ഷ്മമായ വിശകലനത്തിൽ കാലത്തിന്റെയും ചരിത്രത്തിന്റെയും അടയാളപ്പെടുത്തലാണ്. കാലവേഗത്തോടൊപ്പം സമൂഹത്തിലുണ്ടാകുന്ന ഈ ചലനാത്മകത സാഹിത്യത്തിൽ എപ്രകാരം പ്രതിഫലിക്കുന്നുവെന്ന അറിവിലൂടെ, സാംസ്കാരികമായ സ്വത്വം അന്വേഷിക്കുന്നതിലൂടെ, നമ്മൾ കാലത്തെ അടുത്തുനിന്നു കാണുകയും തിരിച്ചറിയുകയുമാണ് ചെയ്യുന്നത്. പിഴച്ചകാലത്തിന്റെ ധൂമവലയത്തിൽ നിന്ന് സ്വധർമ്മം വേർതിരിച്ചെടുക്കുന്ന എഴുത്തുകാരൻ വേരിലേക്കിറങ്ങിപ്പോവുകയും അവിടെ ചുവടുറപ്പിക്കുകയും ചെയ്യുന്നു. പുതിയ ഒന്നിനെ അന്വേഷിക്കുകയല്ല

സൃഷ്ടിയിലൂടെ കൂടുതൽ വിശ്വസനീയമായ ഒരു ജീവിതാനുഭവം തേടുകയാണ്, ആത്മബോധാവിഷ്കാരത്തിലൂടെ എഴുത്തുകാരൻ പുതിയ ക്രമം ഉണ്ടാക്കാനുള്ള ത്വരതയാണ് സൃഷ്ടിയുടെ മൗലിക ചോദന. നിലവിലുള്ളതിന്റെ നേരെയുള്ള അസഹിഷ്ണുത നിറഞ്ഞ അസംതൃപ്തിയിൽ നിന്നാവാം അതുണ്ടാകുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടോടെ ഭാരതത്തിലുടനീളം പ്രസാദാത്മകവും ആശയദീപ്തവുമായ ഒരു സാംസ്കാരികാന്തരീക്ഷം രൂപപ്പെടുന്നുണ്ട്. അതിന്റെ ആദ്യഅടയാളം ജാതിയിലധിഷ്ഠിതമായിരുന്നു. ജാതിഘടനയിൽ അടിയുറച്ച ജഡപ്രായമായ സമൂഹത്തെ ജീവിത വൈമുഖ്യത്തിൽ നിന്ന് തട്ടിയുണർത്തി കർമ്മോന്മുഖമായ വർത്തമാനത്തിലേക്ക് നയിക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു സാംസ്കാരികാന്തരീക്ഷത്തിന്റെ വ്യക്തിത്വം. ജാതീയതയ്ക്കെതിരായ ചെറുത്തു നില്പായും ഹിന്ദുമതനവീകരണ പ്രസ്ഥാനമായും ഇവ മാറുന്നതോടെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിനും അതിന്റെ ബഹുമുഖ സമരരീതികൾക്കും പുതിയൊരു ചലനാത്മക കൈവന്നു. സാമൂഹികരംഗത്തുണ്ടാകുന്ന മുന്നേറ്റങ്ങൾക്കൊപ്പം ഇത് സ്വത്വപ്രകാശനത്തിന് പ്രാമുഖ്യം ലഭിക്കുന്ന നൂതനജീവിതാവബോധത്തിലേക്കുള്ള പ്രവേശനമായിരുന്നു. ഈ ആധുനിക ഭാരതീയ നവോത്ഥാനത്തെ രൂപപ്പെടുത്തുന്നതോടൊപ്പം ആധുനിക വിദ്യാഭ്യാസത്തിന്റെയും ലിബറൽ മനോഭാവത്തിന്റെയും ഉല്പന്നമായ പുരോഗമനാത്മകമായ ചിന്തകൾ ഭാരതീയ നവോത്ഥാന പ്രക്രിയകളെ ചടുലവും ത്വരിതവുമാക്കി. ഈ പശ്ചാത്തലത്തിലാണ് കലാസാഹിത്യ പ്രസ്ഥാനങ്ങൾക്ക് പുതിയ ഉണർവ്വുണ്ടാകുന്നത്.

അധികാരത്തിന്റെ ബലപരീക്ഷണങ്ങളിലൂടെ അനാവൃതമാകുന്ന ആസുരതയും നിർവ്വീര്യമാക്കപ്പെടുന്ന പ്രതിരോധാത്മകതയുമാണ് എന്നും

എവിടെയും ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും സീമകളെ നിർണ്ണയിച്ചിരുന്നത്. സാഹിത്യരൂപങ്ങളിൽ ഏറ്റവും കൂടുതൽ ജനകീയത അവകാശപ്പെടാവുന്നത് നോവലിനാണ്. ഇതര സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് നോവലിന്, ജീവിത ദേശസംസ്കാരങ്ങളുടെ ബഹുസ്വരതയാർന്ന ആഖ്യാനത്തിനും ആവിഷ്ക്കാര ത്തിനുമുള്ള ക്ഷമത കൂടുതലാണ്. ചരിത്രബന്ധങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യവിഭാഗങ്ങളിൽ ഏറെ പ്രധാനപ്പെട്ടതാണ് നോവൽ എന്ന് ഫ്രെഡറിക് ജയിംസൺ നിരീക്ഷിക്കുന്നുണ്ട്. ചരിത്രം സാഹിത്യമായും സാഹിത്യം ചരിത്രമായും പരിണമിക്കുമ്പോഴാണ് അവയുടെ മനുഷ്യകഥാഗാനങ്ങളെന്ന നിലയിലുള്ള അതിർവരമ്പ് ഇല്ലാതാകുന്നത്.

പാർശ്വവത്ക്കരിക്കപ്പെട്ട നമ്പൂതിരി സ്ത്രീകളെ പരിവർത്തനത്തിലേക്ക് നയിച്ചവരിൽ പ്രമുഖനായിരുന്നു മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്. ഒരേ കാലഘട്ടത്തിൽ ഒരേ ലക്ഷ്യത്തിനുവേണ്ടി സാഹിത്യരചനയിൽ മുഴുകിയവരാണ് വി.ടി.യും എം.ആർ.ബി.യും മുന്തിരിങ്ങോടും. ഇവരിൽ കാല്പനികവും ലളിതവും മനോഹരവുമായ ശൈലി സ്വീകരിച്ചുകൊണ്ട് മുത്തിരിങ്ങോട് വേറിട്ടുനിന്നു. അദ്ദേഹത്തിന്റെ “അപ്ഫന്റെ മകൾ” എന്ന ലഘുനോവൽ 1932-ൽ പ്രസിദ്ധപ്പെടുത്തി. പൂങ്കുല, ആത്മാഹൂതി എന്നീ കഥാസമാഹാരങ്ങളും മറവി, മടി, മനോരാജ്യം എന്നിവയെ സംബന്ധിച്ചെഴുതിയ ഗദ്യകവിതാസമാഹാരമായ ‘മറുപുറ’വും പ്രധാന കൃതികളാണ്. സ്വസമുദായത്തെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കുക എന്നതായിരുന്നു മുത്തിരിങ്ങോടിന്റെ കലാസൃഷ്ടികളുടെ ലക്ഷ്യം.

സ്ത്രീജനങ്ങൾക്ക് പുറത്തിറങ്ങി നടക്കാനും കാലോചിതമായ വിദ്യാഭ്യാസം നേടുവാനും സ്വന്തം കാലിൽ നിൽക്കുവാനും വേണ്ടിയാണ് മുത്തിരിങ്ങോട് തന്റെ സാഹിത്യപ്രവർത്തനങ്ങൾ നടത്തിയിരുന്നത്. സ്ത്രീധനം, ബാല്യവിവാഹം, ബഹുഭാര്യാത്വം മുതലായ അനാചാരങ്ങളെ സൃഷ്ടികളിലൂടെ അദ്ദേഹം രൂക്ഷമായി വിമർശിച്ചു. വ്യക്തമായ സാമൂഹ്യവീക്ഷണത്തോടൊപ്പം സ്വച്ഛവും കാല്പനികവുമായ ഭാഷയുടെ ഒഴുക്കും മുത്തിരിങ്ങോടിന്റെ കൃതികളിൽ തെളിഞ്ഞുകാണാം. കേരള ചരിത്രത്തിലെ ഏറ്റവുമധികം സ്ത്രീകേന്ദ്രീകൃത പ്രവർത്തനങ്ങളും പരിവർത്തനങ്ങളും നവോത്ഥാനകാല ത്താണ് ഉണ്ടായത്. സോഷ്യലിസ്റ്റാശയങ്ങളും കമ്മ്യൂണിസ്റ്റാ ശയങ്ങളും ഈ പരിഷ്ക്കരണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകി. നമ്പൂതിരിയെയും പുലയനെയും ഒരുപോലെ മനുഷ്യനാക്കുന്നതിനും സ്ത്രീകളുടെ അവകാശങ്ങൾ നേടിക്കൊടുക്കുന്നതിനുമുള്ള തീവ്രയത്നങ്ങൾ മുന്തിരിങ്ങോടിന്റെ കാലഘട്ടത്തിനൊപ്പം ചേർത്തുവായിക്കേണ്ടതാണ്.

നമ്പൂതിരിസമുദായ ഘടനയ്ക്കകത്ത് 'അപ്ഫന്റെ മകൾ' എന്ന് ഉച്ചരിക്കുന്നത് നിന്ദ്യമായിരുന്ന കാലത്താണ് അതേ പേരിൽ സമുദായത്തിലെ ആന്തരികജീവിതത്തിന്റെ വിശദാംശങ്ങളുമായി ഒരു നോവൽ രചിക്കപ്പെടുന്നത്. ദീർഘകാലം നിലനിന്നുപോന്ന കുടുംബബന്ധങ്ങളിലെ അനാശാസ്യതകൾ ചോദ്യംചെയ്യപ്പെട്ടുതുടങ്ങുന്ന ചരിത്രസന്ദർഭമാണ് 'അപ്ഫന്റെ മകൾ'ക്ക് പശ്ചാത്തലമൊരുക്കുന്നത്. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ബലിമൃഗങ്ങളായിരുന്നു അന്തർജ്ജനങ്ങളും അപ്ഫൻമാരും. യാതനയനുഭ വിക്കുന്ന ഈ വിഭാഗത്തെ പൊതുസമൂഹത്തിന്റെ മുന്നിൽകൊണ്ടുവരാനും ആത്മവിശ്വാസം പകരാനും തന്റെ സർഗ്ഗാത്മക രചനകളിലൂടെ മുന്തിരിങ്ങോട് ശ്രമിക്കുന്നു. മലയാള നോവൽ പ്രസ്ഥാനത്തിൽ ഇന്ദുലേഖയ്ക്കുശേഷം

നിശ്ശബ്ദതയെ ഭേദിച്ച ശക്തമായ രാഷ്ട്രീയനോവലാണ് 'അപ്ഫന്റെ മകൾ' എന്ന് സുജ സൂസൻ ജോർജ് നോവലിന്റെ ആമുഖ പഠനത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.[22] നമ്പൂതിരി സമുദായപരിഷ്കരണം ലക്ഷ്യമാക്കി രചിച്ച കൃതികളിൽ 'അപ്ഫന്റെ മകൾ'ക്ക് പ്രമുഖ സ്ഥാനം നിരൂപകർ നൽകിയിട്ടുണ്ട്. അപ്ഫൻമാർക്ക് സ്വജാതീയ വിവാഹം നിഷേധിക്കപ്പെട്ടിരുന്നു. ഇതര സവർണ്ണസമുദായത്തിൽപ്പെട്ട സ്ത്രീകളുമായുള്ള 'സംബന്ധം'മാത്രമാണ് അവർക്ക് അനുവദിക്കപ്പെട്ടിരുന്നത്. സംബന്ധത്തിൽ ജനിക്കുന്ന കുട്ടികളെ സ്നേഹിക്കുവാനോ സംരക്ഷിക്കുവാനോ അവർക്ക് അവകാശമുണ്ടായിരുന്നില്ല. പിതൃലാളനകൾ അനുഭവിക്കാൻ അവസരം ലഭിക്കാത്ത നിർഭാഗ്യ ജന്മങ്ങളായിരുന്നു അപ്ഫൻമാരുടെ കുട്ടികളുടേത്. ഇത്തരം അനാഥരായ കുട്ടികളുടെ ഭാഗത്തുനിന്നുകൊണ്ട് ചിന്തിക്കുവാനും അവരുടെ നിസ്സഹായത വരച്ചുകാട്ടാനുമുള്ള ഉദ്യമമാണ് ഈ നോവൽ.

അപ്ഫൻമാർക്ക് സ്വജാതീയ വിവാഹം അനുവദിക്കുക എന്ന ആവശ്യം നോവലിന്റെ ഇതിവൃത്ത ഘടനയിൽ ഉന്നയിക്കപ്പെടുന്നു. വൃദ്ധരായ നമ്പൂതിരിമാരുടെ രണ്ടാം വേളിയോ മൂന്നാം വേളിയോ ആയിത്തീർന്ന അവസ്ഥയിൽ നിന്നും നമ്പൂതിരി യുവതികളെ രക്ഷിക്കുന്നതിനുള്ള മാർഗ്ഗം നമ്പൂതിരിയുവാക്കളുടെ സ്വജാതീയ വിവാഹം മാത്രമാണെന്നും അങ്ങനെ സ്വജാതീയ വിവാഹത്തിലൂടെ സ്ത്രീകളും പുരുഷന്മാരും അനുഭവിച്ചിരുന്ന ദുരവസ്ഥകൾ പരിഹരിക്കപ്പെടുമെന്നും നോവലിസ്റ്റ് കണ്ടെത്തുന്നു. ആത്യന്തികമായി ഒരു സാമൂഹിക പരിവർത്തനമാണ് മുത്തിരിങ്ങോട് ആഗ്രഹിച്ചിരുന്നത്.

കാലത്തിലൂടെയുള്ള ചലനം സാധ്യമാകാത്ത ജീവിതമോ കഥയോ സങ്കൽപിക്കാനാവില്ല. ഈ ചലനങ്ങളെ ക്രിയകളെന്നു പറയുന്നു. ക്രിയകളുടെ

കേന്ദ്രസ്ഥാനങ്ങൾ അഥവാ കർത്താക്കളാണ് കഥാപാത്രങ്ങൾ.[23] 'അപ്ഫന്റെ മകൾ' എന്ന സാമുദായിക നോവലിലെ കേന്ദ്രകഥാപാത്രം അപ്ഫന്റെ മകളായ വിജാതീയ സ്ത്രീയാണ്. അഷ്ടഗൃഹത്തിലാഢ്യമനകളിൽ ഒന്നാണ് എടക്കാട്ടുമന. ഈ മനയിലെ കന്യകയാണ് ഇട്ടിച്ചിരി. എടക്കാട്ടുമനയിലെ ആശ്രിതനാണ് ഓത്തില്ലാത്ത നമ്പൂതിരിയായ മധു. എടക്കാട്ട് മന അപ്ഫൻ നമ്പൂതിരിയുടെ ഏകപുത്രിയാണ് സുലോചന (വിജാതീയ). ഈ മൂന്നു കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചാണ് കഥ മുന്നോട്ടുപോകുന്നത്. വിദ്യാസമ്പന്നയും തന്റേടിയുമായ സുലോചനയും അതീവ സുന്ദരിയും സംസ്കാരസമ്പന്നയുമായ ഇട്ടിച്ചിരിയും ഒരുപോലെ മധുവിൽ അനുരക്തരാണ്. തനിക്ക് ആരോടാണ് അനുരാഗം അധികം എന്ന് മധുവിന്റെയുള്ളിലും കഥയുടെ അന്ത്യംവരെ ഒരു പ്രഹേളികയായി നിലനിൽക്കുന്നു. മനുഷ്യമനസ്സിന്റെ സങ്കീർണ്ണതയിലേക്കുള്ള നോവലിസ്റ്റിന്റെ ഇത്തരം ഉൾക്കാഴ്ചകൾ നോവലിൽ ഉടനീളം പ്രകാശിക്കുന്നുണ്ട്. പുരുഷസ്വത്വം സ്ത്രീ പാഠങ്ങളെ ചിത്രീകരിക്കുമ്പോഴുണ്ടാകുന്ന ആശങ്കകളും സങ്കുചിതത്വവും അവ്യക്തതയും സ്ത്രീകഥാപാത്രങ്ങളുടെ മനോഗതങ്ങളിലൂടെ കടന്നു പോകുമ്പോൾ മുത്തിരിങ്ങോടിനെ അലട്ടിയിരുന്നു.

എടക്കാട്ടുമനയെ കേന്ദ്രീകരിച്ചാണ് നോവൽ ആരംഭിക്കുന്നത്. മനയുടെ ഇപ്പോഴത്തെ തറവാട്ടുകാരണവർ അപ്ഫൻ നമ്പൂതിരിപ്പാടാണ്. അപ്ഫൻ നമ്പൂതിരിപ്പാടിന്റെ അന്തരിച്ച ജ്യേഷ്ഠന്റെ മക്കളാണ് കുട്ടൻ നമ്പൂതിരിപ്പാട്, അനുജൻ നമ്പൂതിരിപ്പാട്, കുഞ്ഞനുജൻ, കുഞ്ചു, ഇട്ടിച്ചിരി മുതലായവർ. വളരെക്കാലമായി എടക്കാട്ടുമനയെ ആശ്രയിച്ചുകഴിയുന്ന ഒരു അനഭിജാതകുടുംബമാണ് മധുരപ്പിള്ളി. കലവറ സൂക്ഷിപ്പാണ് അവരുടെ ജോലി. മധുരപ്പിള്ളിയിലാണ് കഥാനായകനായ മധുവിന്റെ ജനനം. ഇപ്പോഴത്തെ

കലവറക്കാരൻ മധുരപ്പിള്ളി അപ്ഫന്റെ ജ്യേഷ്ഠപുത്രനാണ് മധുസൂദനൻ എന്ന മധു. പ്രധാന കഥാപാത്രമായ സുലോചന, എടക്കാട്ടുമനയിലെ കാരണവരായ അപ്ഫൻ നമ്പൂതിരിപ്പാടിന്റെ ഏകപുത്രിയാണ്. സുലോചനയും മധുവും സമർത്ഥരായ വിദ്യാർത്ഥികളായിരുന്നു. ''അഞ്ചാംഫോറം പരീക്ഷയിൽ, എന്തുകാരണത്താലോ സുലോചന കുറച്ചുമാർക്കിനു തോറ്റുപോയി. ഇത് സുലോചനയെ വ്യസനിപ്പിക്കുകയല്ല, ദേഷ്യം പിടിപ്പിച്ചു. അവൾ പഠിച്ചു നിർത്തി.'' ''ഞാൻ പഠിപ്പിൽ യാതൊരശ്രദ്ധയും കാണിച്ചിട്ടില്ല; ഒന്നും പഠിക്കാതെയുമില്ല. ചോദ്യങ്ങൾക്കെല്ലാം ശരിക്കുത്തരമെഴുതുകയും ചെയ്തു. ഏതുവിധത്തിലും എന്റെ കുറ്റമല്ല പരീക്ഷയിൽ തോറ്റത്. എന്നിൽ കുറ്റമാരോപിക്കുകയാണുണ്ടായത്. അങ്ങിനെയുള്ള ഒരേർപ്പാടുമായി എനിക്കിനി യാതൊരു ബന്ധവും വേണ്ട." (അപ്ഫന്റെ മകൾ പുറം 20) തന്റേടത്തോടെ പ്രതികരിക്കുന്ന സ്ത്രീകഥാപാത്രത്തെ നമുക്കിവിടെ കാണാം. പിന്നീട് മധുവിന്റെ പ്രേരണയാൽ അടുത്തുള്ളവരെ അക്ഷരം പഠിപ്പിക്കാൻ സുലോചന സന്നദ്ധയാകുന്നുണ്ട്. അജ്ഞതയുടെ ചുവരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ട ഇട്ടിച്ചിരിക്കും സഹോദരഭാര്യ ഇട്ടിപ്പാപ്തിക്കും വിധവയായ ഇട്ടങ്ങേലിക്കുമെല്ലാം അറിവിന്റെ ഇത്തിരിവെട്ടം പകർന്നുകൊടുക്കാൻ സുലോചനയ്ക്ക് കഴിയുന്നുണ്ട്. ഈ സന്ദർഭത്തെ ഇപ്രകാരമാണ് നോവലിസ്റ്റ് വിവരിച്ചിരിക്കുന്നത്. "അങ്ങിനെ ഒരു പണത്തൂക്കം മാമൂൽപ്പാറയുടെ ഉള്ളിൽപെട്ടാൽ, അവിടെക്കിടമർന്നു തീപിടിച്ചു പൊട്ടി ആ പാറക്കെട്ടിനെ മുഴുവനും തവിടുപൊടി യായിത്തകർക്കുവാൻ മതിയായ പല ഉൽകൃഷ്ടാശയങ്ങളെയും അവർ ഉൾക്കൊണ്ടുപോന്നു." (അപ്ഫന്റെ മകൾ പുറം - 21)

പ്രണയികളുടെ പ്രതീക്ഷ നോവലിനു പുതിയ മാനം കൊടുക്കുന്നു. സ്നേഹത്തിനുവേണ്ടി ഏത് ആചാരത്തെയും വെല്ലുവിളിക്കാൻ തയ്യാറാവുന്നുണ്ട്

ഇട്ടിച്ചിരി. ''അദ്ദേഹത്തോടുകൂടി ഒരു ദാമ്പത്യം നയിക്കുവാൻ സാധിക്കുകയാണെങ്കിൽ സമുദായ ഭ്രഷ്ടല്ല, രാജ്യഭ്രഷ്ടല്ല, ലോകഭ്രഷ്ടും തന്നെ എനിക്ക് പുല്ലാണ്" എന്നാണ് ഇട്ടിച്ചിരിയുടെ ആത്മഗതം. ഒരു അന്തർജ്ജനം അവൾക്കു വിധിക്കപ്പെട്ടേക്കാവുന്ന സ്മൃതിശിക്ഷകളെവരെ വെല്ലുവിളിക്കാൻ തയ്യാറാകുന്നു. സ്ഥലകാല സാഹചര്യങ്ങളെയും സംഭവങ്ങളെയും മാനസിക വ്യാപാരങ്ങളെയും കഥാഗതിയെയും നേരിട്ടവതരിപ്പിക്കുകയും നിയന്ത്രിച്ച് മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്നത് ആഖ്യാതാവിന്റെ ഭാഷയാണ്. പരപുരുഷദർശനംപോലും പാപമായിക്കരുതിയിരുന്ന സമുദായത്തിൽ ജനിച്ച ഇട്ടിച്ചിരിയുടെ മനോവ്യാപാരങ്ങളിലൂടെ നിഷ്ക്കളങ്കമായ ഒരു നമ്പൂതിരിസ്ത്രീയുടെ ചിത്രം നോവലിസ്റ്റ് അവതരിപ്പിക്കുന്നു. ''എന്തൊരു സാഹസമാണ് ഞാനിന്നുചെയ്തത് അത് വിചാരിക്കുംതോറും തല ചുറ്റുന്നു. കയ്യും കാലും തളരുന്നു. ഞാൻ ഋതുമതിയായ ഒരു കന്യക; അദ്ദേഹമോ യൗവ്വനയുക്തനായ ഒരു പുരുഷൻ. യാതൊന്നും വിവരമില്ലാത്ത ഇവൾ - ഇതേവരെയും ഒരു തത്തയെപ്പോലെ കഴിഞ്ഞ ഈ സാധു-ലോകത്തിന്റെ കയ്പും മധുരവും അശേഷം അറിയാത്ത ഞാൻ, പിന്നെയെങ്ങനെയാണ് ഈ ഭൂമിയിൽ കഴിച്ചുകൂട്ടുക'' (അപ്ഫന്റെ മകൾ പുറം - 34) കർണ്ണാരുന്തുദമായ ഈ സ്വാഗതാഖ്യാനത്തിന് കാലഭേദങ്ങളുടെ ശാസ്ത്രഗസ്തമായ മതിൽക്കെട്ടുകളെ തകർക്കുവാനുള്ള ശേഷിയുണ്ട്.

ഓത്തില്ലാത്ത നമ്പൂതിരിയായ മധുവിനെക്കൊണ്ട് ഓത്തുള്ളവരും ആഢ്യകുലജാതയുമായ ഇട്ടിച്ചിരി എന്ന നമ്പൂതിരി പെൺകിടാവിനെ പ്രണയിപ്പിക്കുന്നതിലൂടെ നമ്പൂതിരിമാരിലെ ജാതിഭേദങ്ങളെ നിരാകരിക്കുകയാണ് മുത്തിരിങ്ങോട്. കഥാനായകനായ മധുവിദ്യാഭ്യാ

സത്തിനായി മദിരാശിയിൽ പോയി. പക്ഷെ എന്തുകണ്ടാലും കേട്ടാലും ഒരു തുള്ളി അനുകമ്പാശ്രു പൊടിയാത്ത നമ്പൂതിരിസമുദായത്തിലെ യാഥാസ്ഥിതികലോകം കണ്ണുരുട്ടി. ഒരുണ്ണി നമ്പൂതിരി മാറിൽക്കിടക്കുന്ന ബ്രഹ്മസൂത്രത്തെ പുല്ലോളം വകവെയ്ക്കാതെ ഇംഗ്ലീഷ് പഠിച്ചു. എന്നിട്ടയാൾ മദിരാശിയിൽ പോയി. ഒരു നായരുടെ കൂടെ താമസിച്ചു. ബുദ്ധി അശുദ്ധമായി, ശരീരവും അശുദ്ധമായി. ഇപ്പോഴിതാ, വല്ല പറയന്റെയോ പാണന്റെയോ ശവം കീറിയും മുറിച്ചും ഒരിക്കലും 'പുണ്യാഹശ്ശുദ്ധം' പോവാതെ ജീവിക്കുന്നു. കലികാലമായാലും, ശ്രുതിസ്മൃതീതിഹാസാദി ദിവ്യഗ്രന്ഥങ്ങളെ ഒരു ചെറുമനുഷ്യൻ കടന്ന് ഇത്രമേൽ അനാദരിക്കയോ!'' യാഥാസ്ഥിതിക നമ്പൂതിരിലോകത്തിന്റെ പ്രതികരണം ഇതായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഒരു നമ്പൂതിരി - ഓത്തില്ലാത്തവനെങ്കിലും - മദിരാശിയിൽ പോവുകയെന്നതുതന്നെ സങ്കല്പിക്കാൻ സാധ്യമല്ലായിരുന്നു. കേരളീയർക്ക് കേരളം വിട്ടുപുറത്തു പോകരുതെന്നതായിരുന്നത്രെ പഴയനിയമം, നമ്പൂതിരിമാർക്ക് വടക്കോട്ട് കോരപ്പുഴ കടക്കാനും അർഹത ഉണ്ടായിരുന്നില്ല. തന്റെ ചെറുപ്പ കാലമായപ്പോഴേക്കുതന്നെ ഈ നിബന്ധനകളിൽ കുറെയൊക്കെ അയവുവന്നിരുന്നതായി കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് രേഖപ്പെടുത്തുന്നു.[24] കപ്പൽ കയറുകയോ വിദേശത്തുപോവുകയോ ചെയ്യുന്നത് നമ്പൂതിരിമാർക്ക് മാത്രമല്ല ഇതരസവർണ്ണർക്കും നിഷിദ്ധമായിരുന്നു.

യാഥാസ്ഥിതികരോടുള്ള ഏറ്റുമുട്ടൽ ഒഴിവാക്കാൻവേണ്ടി മധു വല്ലപ്പോഴുമൊക്കെ മാത്രം നാട്ടിലേക്ക് വന്നു. അതിനിടയിൽ ഇട്ടിച്ചിരിയെ പാലപ്പറമ്പിൽ മഹൻ ഭട്ടതിരിയുടെ മൂന്നാം വേളിക്കുകൊടുക്കാനുറച്ചു. ഇട്ടിച്ചിരിയെ നാല്പത്തഞ്ചുവയസ്സായ മഹൻഭട്ടതിരിപ്പാടിന്റെ മൂന്നാം വേളിക്കും,

അദ്ദേഹത്തിന്റെ സഹോദരിയെ കുട്ടൻ നമ്പൂതിരിപ്പാടിന്റെ വേളിക്കുമായി 'മാറ്റം' കൊടുക്കാനായിരുന്നു തീരുമാനം. അപ്ഫൻ നമ്പൂതിരിപ്പാടും പാലപ്പറമ്പിൽ അച്ഛൻ നമ്പൂതിരിപ്പാടും തമ്മിൽ നടന്ന സംഭാഷണത്തിലാണ് മാറ്റം തീരുമാനിക്കപ്പെട്ടത്. നോവലിസ്റ്റ് പറയുന്നു - "അങ്ങിനെ, ആ രണ്ടു കിഴവന്മാർ, മുറിക്കിച്ചവച്ചുതുപ്പുന്ന കൂട്ടത്തിൽ, തങ്ങളുടെ അന്ത:പുരങ്ങളിലുള്ള രണ്ട് അഭിനവയൗവ്വനങ്ങളെ പരസ്പരം കൈമാറ്റം ചെയ്യുവാനുറച്ചു; ആ രണ്ടു പെൺകിടങ്ങാളെ, അവരുടെ പിറന്നേടത്തെ സ്വസ്ഥജീവിതത്തിൽ നിന്നെടുത്തു സാപത്ന്യമാകുന്ന മുൾപ്പൊന്തയിലേക്കുവലിച്ചെറിയുവാനുറച്ചു. (അപ്ഫന്റെ മകൾ പുറം - 64) നമ്പൂതിരി സമുദായത്തിലെ പെൺകിടാങ്ങൾ കേവലം കൈമാറ്റച്ചരക്കാവുന്ന ദൃശ്യം നമുക്കിതിവിടെ കാണാം. വിവാഹം സ്ത്രീ ജീവിതത്തിലെ പ്രധാനവഴിത്തിരിവായി വിശേഷിപ്പിക്കാറുണ്ടെങ്കിലും ഇരുൾക്കയങ്ങളിലേക്കുള്ള ഈ യാത്ര അഭികാമ്യമാണൊ എന്നാണ് നോവലിസ്റ്റ് ഇവിടെ അടിവരയിട്ടുചോദിക്കുന്നത്.' അബലത്വത്തെ ചൂഷണം ചെയ്യുന്ന അധികാര ശക്തിയായി എപ്പോഴും സമുദായം മാറുന്നു. സമരസപ്പെടലിന്റെ/ അനുസരണയുടെ ഒരു ലോകക്രമമാണ് അധികാരത്തിന്റെ ശക്തികൾ എന്നും വിഭാവനം ചെയ്യുന്നത്. ഇങ്ങനെ തടവറയിലെ അന്തേവാസികളായിത്തീരാൻ വിധിക്കപ്പെടുന്ന നമ്പൂതിരിസ്ത്രീകൾക്ക് മനുഷ്യത്വത്തിന്റെ ഹരിതസ്ഥലികൾ ഒന്നൊന്നായി നിഷേധിക്കപ്പെടുന്നതിലൂടെ നമ്പൂതിരി സമുദായം സ്ത്രീകൾക്കുചുറ്റും ആചാരങ്ങൾ കൊണ്ടുള്ള തടവറകൾ സൃഷ്ടിക്കുകയും പ്രതിരോധം അപ്രസക്തമാക്കുകയും ചെയ്തു.

നായകനായ മധുവിന്റെ വാക്കുകളിലൂടെ സ്ത്രീസമൂഹത്തിന്റെ ഭാഗികമായ ഒരു ചിത്രം നമുക്ക് ലഭിക്കുന്നുണ്ട്. 'ഞങ്ങളുടെ സമുദായത്തിൽ ഇങ്ങനെ ഒരിട്ടിച്ചിരിമാത്രമല്ല, എല്ലാ ഇട്ടിച്ചിരിമാരും ഈ നിലയിലുള്ള

ഏതെങ്കിലും ഒരു കഷ്ടപ്പാടിൽ ചെന്നുവീഴുകയാണ് ചെയ്യുന്നത്. പൂർണ്ണമായ ദാമ്പത്യസുഖം, നമ്പൂതിരി സമുദായത്തിലുള്ള ഒരൊറ്റ സ്ത്രീയെങ്കിലും അനുഭവിക്കുന്നില്ല. ഇന്നത്തെ നിലയ്ക്ക് ഒരൊറ്റ കന്യകയ്ക്കെങ്കിലും അതുകിട്ടുവാൻ വഴിയില്ല. ഞങ്ങളുടെ സമുദായത്തിലുള്ള ഓരോ മഹൻമൂസ്സും ഓരോ വാരിക്കുഴിയാണ്. അതിൽ മൂന്നും നാലും പിടിയാനകൾ മേൽക്കുമേലെ വന്നുവീഴുന്നു. ചിലവ വീഴ്ചയിൽത്തന്നെ ചാവുന്നു; ചിലവ ആ കുഴിയിൽ കിടന്നു വലഞ്ഞു ചാവുന്നു; ചിലവ പാവുപഠിപ്പിക്കപ്പെടുമ്പോൾ ചാവുന്നു - എല്ലാവരും കഷ്ടപ്പെടുന്നു; കണ്ണീർ പൊഴിക്കുന്നു. സമുദായത്തെ ഈ ദു:സ്ഥിതിയിൽ നിന്നുദ്ധരിക്കണമെങ്കിൽ, സമുദായത്തിലെ കനിഷ്ഠന്മാരെല്ലാം - വിവാഹം ചെയ്യാവുന്ന എല്ലാ ചെറുപ്പക്കാരും - സമുദായത്തിൽ നിന്നുതന്നെ വിവാഹം ചെയ്യുകയേ നിവൃത്തിയുള്ളൂ.' (അപ്ഫന്റെ മകൾ പുറം - 69) മധുവിന്റേതായി മുന്തിരിങ്ങോട് ചിത്രീകരിക്കുന്ന വാക്കുകൾ ഒരർത്ഥത്തിൽ അദ്ദേഹത്തിന്റെ സാമൂഹിക വീക്ഷണത്തിന്റെ ഭാഗമാണ്. നോവലിസ്റ്റിന്റെ രചനാ ലക്ഷ്യവും മുകളിൽ ഉദ്ധരിച്ച വാക്കുകളിൽ ദമിതമാണ്.

നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ജീവിതം സാധാരണ സാഹചര്യം (Ordinary situation) തീവ്രസന്ദർഭം (Extream situation) എന്നിവയിൽ ഏതെങ്കിലും ഒന്നിലൂടെയാണ് സ്വാഭാവികമായും കടന്നുപോവുക. ഇതിൽ സാധാരണ സാഹചര്യം യഥാർത്ഥത്തിൽ തീവ്രസന്ദർഭങ്ങളെ അഭിമുഖീകരിക്കാൻ മനസ്സിനെ പാകപ്പെടുത്തുകയാണ് ചെയ്യുന്നത്. നോവലിലെ ഇട്ടിച്ചിരിയുടെ ജീവിതവും ഇത്തരം പരീക്ഷണങ്ങളെ നേരിടുന്നതു കാണാം.

മധുവുമൊത്തു ജീവിക്കാൻ ജാതിഭ്രഷ്ടല്ല, ലോകഭ്രഷ്ടുതന്നെയും തനിക്ക് പുല്ലാണ് എന്നു പ്രഖ്യാപിച്ച ഇട്ടിച്ചിരിക്ക് പക്ഷെ തനിക്കുചുറ്റും സമുദായവും ജാത്യാചാരങ്ങളുമുയർത്തിയ വെല്ലുവിളികളും വിലക്കുകളും അത്

ലംഘിക്കുവാനുള്ള കെല്പില്ല. കാമുകനൊത്ത് ഇറങ്ങിപ്പോകുന്നത് അവളുടെ കുലീനതയ്ക്കും സൗശീല്യാദികൾക്കും വിരുദ്ധമാവുമെന്നതുകൊണ്ട് അവയ്ക്കൊന്നും ഇളക്കം തട്ടാത്ത വിധത്തിൽ ഇത്തരം പ്രതിസന്ധികളിൽ ഏതൊരു സ്ത്രീയും ചെയ്യേണ്ടതുപോലെ, അവൾ ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു. "അമ്മ, മുത്തശ്ശി, സഹോദരീസഹോദരന്മാർ എന്നീ ബന്ധുക്കൾ കുലാഭിമാനം, ആചാരം, സർവ്വോപരി തന്റെ അസ്വാതന്ത്ര്യം എന്നിവ ഒരു വശത്ത്; മറുവശത്ത് തന്റെ ദൃഢരൂഢമായ അനുരാഗം; പിന്നീടൊരുവശത്ത് സാപത്ന്യദു:ഖം, ഭർതൃദണ്ഡനം, വൃദ്ധഭാര്യാത്വം എന്നീ മഹാനരക വിഭാഗങ്ങൾ ഇവയെല്ലാംകൂടി അവളെയിട്ടു ഞെരുക്കിച്ചതച്ചു; എരിപൊരികൊള്ളിച്ചു; ഭ്രാന്തുപിടിപ്പിച്ചു! ഇവയൊക്കെ ഏതൊരു മന:ശാസ്ത്രജ്ഞനാണ് ശരിക്കുവിവരിക്കാൻ സാധിക്കുക?" ഇങ്ങനെ വറചട്ടിയിൽ നിന്നും എരിതീയിൽ വീണതുപോലെയുള്ള ഇട്ടിച്ചിരിയുടെ മാനസിക നിലയെ ഒരു മന:ശാസ്ത്രജ്ഞന്റെ കൈവിരുതോടെ മുത്തിരിങ്ങോട് കണ്ടെത്തുന്നുണ്ട്. (അപ്ഫന്റെ മകൾ പുറം - 77) ആത്മഹത്യയ്ക്കുശ്രമിക്കുന്ന ഇട്ടിച്ചിരി ആകസ്മികമായി കാമുകസന്നിധിയിൽ എത്തപ്പെടുന്നു. സ്ത്രീയെക്കുറിച്ചുള്ള പരമ്പരാഗത വിശ്വാസങ്ങൾക്കിവിടെ തെല്ലും മാറ്റം വരുന്നില്ല. അവൾക്ക് കുലനീതി പാലിക്കാൻ കഴിയുന്നില്ലെങ്കിൽ മരണമാണുചിതം. സ്വയം ഇല്ലത്തിനുപുറത്തുകടന്ന് ആത്മമോചനം നേടുന്ന സ്ത്രീയല്ല ഇട്ടിച്ചിരി. വിശ്വാസത്തകർച്ചയും യുക്തിവൈകല്യവുമെല്ലാം ചേർന്ന് രൂപപ്പെടുത്തിയ നിസ്സംഗത്വമാണ് ഇട്ടിച്ചിരിയെ ആത്മഹത്യയിലേക്കു നയിക്കുന്നത്.

## 3.4 അഗ്നിസാക്ഷികമായ ഉദ്ഗ്രഥനാത്മകത

നമ്പൂതിരി സമുദായത്തിലെ അന്ധകാരാവൃതമായ അന്ത:രീക്ഷത്തിൽ ജീവിച്ച്, ആ പശ്ചാത്തലത്തിൽ എഴുതിത്തുടങ്ങിയ എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം. അന്തർജ്ജനത്തിന്റെ കൃതികൾ ആത്മാവിഷ്ക്കാരത്തിനുപുറമെ സാമൂഹികലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള ഉപാധികൂടിയായിരുന്നു. യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങൾ നമ്പൂതിരി സമുദായത്തിന്റെ ഇരുണ്ടകാലഘട്ടത്തിൽ നവോത്ഥാനത്തിന്റെ ആരംഭംകുറിച്ചു. ബ്രാഹ്മണ മേധാവിത്ത തകർച്ച, ഹിന്ദു മുസ്ലീം ലഹളയായി മാറിയ 1921 ലെ മലബാർ ലഹള എന്നിവയും സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കി. അന്തർജ്ജനം എഴുതിത്തുടങ്ങിയത് ഈ പശ്ചാത്തലത്തിലാണ്.

ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ട് നമ്പൂതിരിസ്ത്രീകൾ അനുഭവിച്ചിരുന്ന ദുരിതങ്ങളാണ് തന്റെ കൃതികൾക്ക് വിഷയമായി അവർ കണ്ടെത്തിയത്. 'ഇരുപതുവർഷത്തിനുശേഷം' എന്ന സമാഹാരത്തിന്റെ ആമുഖങ്ങളിൽ ലളിതാംബിക ഇങ്ങനെ എഴുതിയിട്ടുണ്ട്:- ''രണ്ടു ദശാബ്ദങ്ങൾക്കുമുമ്പ് സാമുദായിക നവോത്ഥാനത്തിന്റെ പ്രാരംഭഘട്ടത്തിൽ കേരളത്തിലുടനീളം വീശിയ ആശയാവേശങ്ങളുടെ അലകൾ അനഭ്യസ്തയും അന്ത:പുരവാസിയുമായ ഒരബല യുവതിയുടെ ഹൃദയംപോലും എങ്ങനെ പിടിച്ചുകുലുക്കിയെന്നും തെറ്റോ ശരിയോ ആയ രീതിയിൽ തനിക്കു തോന്നിയ വികാരങ്ങൾക്ക് രൂപം കൊടുക്കുവാൻ അവൾക്കെങ്ങനെ സാധിച്ചു എന്നതും ഇന്നു നോക്കുമ്പോൾ ഒരു പുതുമയായിരിക്കുമല്ലോ. പരിവർത്തനത്തിനുള്ള വെമ്പലുണ്ടാവാമതിൽ, പരിഹാസകൗതുകമുണ്ടാവാം. നിഴലുകളോടു പോലുമേറ്റുപടവെട്ടുന്ന പമ്പരവിഡ്ഢിത്തമുണ്ടാവാം. കണ്ണീരും തീപ്പൊരി

യുമായിരുന്നു അന്ന് ഉപകരണങ്ങൾ. സമുദായ ജീവിതത്തിന്റെ ഇടുങ്ങിയതും ജീർണ്ണിച്ചതുമായ കഴുക്കോലുകൾ പൊളിച്ചുമാറ്റുന്നതോടൊപ്പം അവിടെ പരിഷ്കൃതവും ആരോഗ്യകരവുമായ പുതിയ മന്ദിരം പണിയാനുള്ള കരുക്കൾ ഇണക്കുന്നതും കലാകാരന്റെ-കലാകാരിയുടെ കടമയാണെന്ന വിശ്വാസമാണ് എല്ലാ കൃതികളുടേയും രചനയിൽ തന്നെ സഹായിച്ചതെന്നും അന്തർജ്ജനം ഓർക്കുന്നുണ്ട്.[25]"

മാമൂൽകോട്ടകളുടെ അന്ത:രാളത്തിൽ ഞെരിഞ്ഞമർന്ന് ആത്മഹൂതി ചെയ്യേണ്ടിവരുന്ന മനുഷ്യരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ കഥകളാണ് അന്തർജ്ജനത്തിന്റെ കരളലിയിച്ചതെന്ന് എൻ. കൃഷ്ണപ്പിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്.[26] ലളിതാംബികയ്ക്ക് എഴുതിത്തുടങ്ങിയ കാലത്ത് രണ്ടുവിധത്തിലുള്ള പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കണമായിരുന്നു. ഒന്ന് - താൻ പിറന്നുവളർന്ന സമുദായത്തിന്റെ യാഥാസ്ഥിതികമായ നിലപാടുകൾ, രണ്ട് - ഒരു സ്ത്രീയാണെന്ന യാഥാർത്ഥ്യം. ഒരു യുവതി, അതും ഒരു ബ്രാഹ്മണ യുവതി, എഴുത്തുകാരിയാകുക; അകത്തളങ്ങളിൽ തളയ്ക്കപ്പെട്ട അന്തർജ്ജനങ്ങളുടെ ദുരവസ്ഥ തുറന്നുകാണിക്കുക - ഇതാണ് ലളിതാംബിക നിർവ്വഹിച്ച ചരിത്ര ദൗത്യം. 'മണ്ണായിപ്പിറന്നാലും പെണ്ണായിപിറക്കരുത്' എന്ന ദുർവ്വിധിയെ അവർ പോരിനുവിളിച്ചു. എഴുപതുകളിലെ കാലുഷ്യം നിറഞ്ഞ മലയാളസാഹിത്യരംഗത്തേക്കാണ്, ഏതാണ്ട് അരശതാബ്ദം പഴക്കമുള്ള ഇതിവൃത്തവുമായി 'അഗ്നിസാക്ഷി' കടന്നുവരുന്നത്. കുടുംബത്തിലും സമൂഹത്തിലും ഒരുപോലെ ചവിട്ടിയരയ്ക്കപ്പെട്ട കേരളീയ സ്ത്രീ സ്വന്തം വ്യക്തിത്വത്തിനുവേണ്ടി നീറിപ്പിടഞ്ഞ ചരിത്രസന്ധിയുടെ രേഖയാണ് 'അഗ്നിസാക്ഷി.' നമ്പൂതിരി സമുദായത്തിലെ ആചാരങ്ങളും നോവൽ രചിച്ച

കാലഘട്ടത്തിലെ രാഷ്ട്രീയ-സാമൂഹ്യ സാഹചര്യങ്ങളും ഈ നോവലിന് പ്രാധാന്യവും പ്രസക്തിയും നൽകുന്നു. 1945-ൽ എഴുതിയ 'പ്രസാദം' എന്ന ചെറുകഥ വികസിപ്പിച്ചെടുത്തതാണ് ഈ നോവൽ. ഇത് 1970-ൽ ആകാശവാണിയിൽ പത്തുഖണ്ഡങ്ങളായി അവതരിപ്പിക്കുകയും തുടർന്ന് 1975-ൽ മാതൃഭൂമി വാരികയിൽ തേച്ചുമിനുക്കി ഖണ്ഡ:ശയായി പ്രസിദ്ധീകരിക്കുകയും ചെയ്തു. അരനൂറ്റാണ്ടിലേറെ കാലത്തെ രാഷ്ട്രീയവും സാമൂഹികവുമായ പരിവർത്തനങ്ങളുടെ ഒരു ദിങ്മാത്ര ദർശനവും ഈ കൃതി നൽകുന്നു.

മറ്റെല്ലാ ജീവജാലങ്ങളെയുംപോലെ പ്രകൃതി നിശ്ചയത്തോടെ പിറക്കുന്ന സ്ത്രീയെ പുരുഷാധിപത്യവും അവന്റെ സമൂഹവും ദുർബലയും ഭോഗോപകരണവുമാക്കി മാറ്റുന്നു. സ്ത്രീയുടെ സ്വാഭാവികത്തനിമയും ജീവിതേച്ഛകളും ഹനിക്കപ്പെടുന്നതിലൂടെ വ്യവസ്ഥയും പുരുഷാധിപത്യവും സംരക്ഷിക്കപ്പെടുന്നു. സ്വത്വ നിർണ്ണയത്തിന് ഒരുപാടുപാധികളുണ്ടെങ്കിലും അവയോരോന്ന് ചോദ്യം ചെയ്യപ്പെടുമ്പോൾ ഓരോരുത്തരും അവനവനിലേക്കുമാത്രം തിരിച്ചുവച്ച റഡാറുകളായി രൂപാന്തരം പ്രാപിക്കുകയേ മാർഗ്ഗമുള്ളൂ. അപ്പോഴും മോചനത്തിനുള്ള പഴുതുകളന്വേഷിക്കുക മനുഷ്യസ്വഭാവവും. സ്വയം നിർണയത്തിനുള്ള പഴുതുകളെല്ലാം മറഞ്ഞുപോയ വ്യക്തി ജീവിതയാത്രയിലെവിടെയെങ്കിലും വെച്ച് സ്വയം തിരിച്ചുവീക്ഷിക്കാനുള്ള ഒരു ശ്രമമെങ്കിലും നടത്തുമെന്നത് ജീവിതത്തെ ജീവിതവ്യമാക്കുന്ന പ്രധാന ബലതന്ത്രങ്ങളിലൊന്നാണ്.[26] 'അഗ്നിസാക്ഷിയിലെ ദേവകിമാനമ്പള്ളിയും ഇത്തരം തിരിച്ചറിവുകളിലൂടെ സഞ്ചരിക്കുന്ന കഥാപാത്രമാണ്.'

അഗ്നിസാക്ഷിയുടെ കാലഘട്ടം ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധമാണ്. അന്ന് നിലവിലിരുന്ന ദുഷിച്ച ഫ്യൂഡൽ വ്യവസ്ഥയും ജാതിവ്യവസ്ഥയും വിദേശാധിപത്യവും ജനജീവിതം ദുസ്സഹമാ

ക്കിത്തീർത്തിരുന്നു. വിദേശാധിപത്യത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാനുള്ള ദൃഢവ്രതത്തോടെ ഗാന്ധിജി, നെഹ്രു തുടങ്ങിയ ദേശീയ നേതാക്കളുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരം അത്യുച്ചാവസ്ഥയിൽ എത്തിയിരുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെന്നപോലെ നാട്ടുരാജ്യങ്ങളിലും അതിന്റെ അനുരണനങ്ങൾ അതിശക്തമായി അനുഭവപ്പെട്ടു. നോവലിലെ പ്രധാനകഥാപാത്രമായ തേതിക്കുട്ടിയുടെ പ്രവർത്തനമണ്ഡലത്തിന്റെ പശ്ചാത്തലം എന്ന നിലയ്ക്ക് സ്വാതന്ത്ര്യസമരത്തിന് നോവലിൽ നിഷേധിക്കാനാകാത്ത സ്ഥാനമുണ്ട്. ആദ്യഘട്ടത്തിൽ മദ്ധ്യകേരളത്തിലെ രണ്ടു നമ്പൂതിരി ഇല്ലങ്ങളിലും ഒരു നായർ കുടുംബത്തിലുമായി നോവലിലെ കഥ ഒതുങ്ങി നിൽക്കുന്നു. തുടർന്ന് തേതിക്കുട്ടി രാഷ്ട്രീയത്തിലേക്കും അവിടെ നിന്നും സന്യാസത്തിലേക്കും കടക്കുന്നതോടെ സേവാശ്രമവും, ഗംഗാതീരവും ഹിമവൽപ്രാന്തങ്ങളും ഭാഗീരഥി നദിയും നോവലിന്റെ പശ്ചാത്തലമായി മാറുന്നു.

സാധാരണ അന്തർജ്ജനങ്ങളുടെ നിലവെച്ചുനോക്കുമ്പോൾ തേതിഭാഗ്യവതിയായിരുന്നു. കാരണം മാനമ്പള്ളിപോലുള്ള വലിയ മനയ്ക്കൽ വധുവായിത്തീർന്നു. ഭർത്താവ് സുന്ദരനും സുശീലനുമായ യുവാവ്. കൂടാതെ ഉണ്ണിയുടെ ആദ്യവേളിയും. ഉള്ളിന്റെയുള്ളിൽ ഇരുവരും പരസ്പരം സ്നേഹിച്ചിരുന്നു. എങ്കിലും തേതി ദു:ഖിതയായിട്ടാണ് കാണപ്പെട്ടത്. സ്വാതന്ത്ര്യത്തെക്കുറിച്ച് കണ്ടും കേട്ടും അനുഭവിച്ചും സ്വതന്ത്രചിന്താഗ തിക്കാരിയായി വളർന്ന തേതിക്ക് ബഹുഭാര്യാത്വത്തിന്റെ ബലിയാടുകളായ ഭ്രാന്തിച്ചെറിയമ്മമാരും, ജലപ്പിശാചുമുത്തശ്ശിമാരും മരിച്ചു ജീവിക്കുന്ന ഭർത്താവിന്റെ ഇല്ലത്ത്, അസ്വാതന്ത്ര്യത്തിന്റെ വീർപ്പുമുട്ടൽ അസഹ്യമായിരുന്നു. ഭർതൃകുടുംബത്തിലെ ആഗ്രഹങ്ങൾക്ക് എതിരുനിൽക്കുന്ന അവളെ

സാമ്പ്രദായിക സമൂഹം ബഹിഷ്ക്കരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെയും പരിവർത്തനത്തിന്റെയും ബോധം ഒരു തീക്കനലായി എന്നും അണയാതെ മനസ്സിൽ സൂക്ഷിച്ചതുകൊണ്ട് തേതി പിൻമാറാതെ മുന്നോട്ടുതന്നെ നടക്കുന്നു. പ്രവർത്തനോന്മുഖരായ ഇത്തരം കഥാപാത്രങ്ങളെ പുരുഷലക്ഷണങ്ങളുള്ള സ്ത്രീകളായും അപഥസഞ്ചാരിണികളായും ധിക്കാരികളായും തന്റേടികളുമായാണ് സമൂഹം വീക്ഷിക്കുന്നത്. പകരം സ്വത്വബോധമില്ലാത്ത സ്ത്രീകളെ സുചരിത, സുഭാഷിണി എന്നീ വിശേഷണങ്ങൾ നൽകി അടിമത്തത്തിന്റെ സ്വാഭാവിക രീതിയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു. അഗ്നിസാക്ഷിയിലെ ഭ്രാന്തിച്ചെറിയമ്മയും ജലപ്പിശാചുമുത്തശ്ശിയും ഏട്ടന്റമ്മയുമെല്ലാം സ്ത്രീത്വത്തിന്റെ വിഭിന്ന മുഖങ്ങളാണ്. ജീവിതത്തോടും പരിതസ്ഥിതിയോടും പ്രതികരിക്കാതെ കീഴടങ്ങുകയാണവർ. സ്വാഭാവികമായി വളർന്നുവികസിക്കേണ്ട സ്ത്രീജീവിതത്തെ സമൂഹത്തിന്റെ മേൽക്കോയ്മകൾ കെട്ടിത്തളയ്ക്കുകയും വഴിതിരിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടുള്ള ദോഷഭാവങ്ങളാണ് ഇവരിൽ കാണുന്നത്. പുരുഷനെ പിൻപറ്റിനിൽക്കുന്ന അവസ്ഥയിൽ നിന്നും വ്യത്യസ്തയായി ചരിക്കുന്ന സ്ത്രീയെ സമൂഹം അപഭ്രംശവ്യക്തിത്വമായി ചിത്രീകരിക്കുന്നു. തന്മൂലം ജീവിതത്തിന്റെ എല്ലാ തുറകളിലും അപമാനങ്ങളും വ്യക്തിത്വനിഷേധങ്ങളുമാണ് സ്ത്രീക്ക് നേരിടേണ്ടിവരുന്നത്.

ഒരു കാലഘട്ടത്തിന്റെ വ്യത്യസ്ത മുഖങ്ങളായ പഴമയുടെയും പുതുമയുടെയും സങ്കലനമാണ് 'അഗ്നിസാക്ഷി.' വൈരുദ്ധ്യാത്മക സ്വഭാവമുള്ള നായികാനായകന്മാരുടെ ജീവിതചിത്രീകരണത്തിലൂടെ നമ്പൂതിരി സമുദായത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം വീശാൻ നോവലിസ്റ്റിന് സാധിച്ചിട്ടുണ്ട്. മതാനുഷ്ഠാനങ്ങളും ആചാരങ്ങളും സാമ്പത്തികാസമത്വങ്ങളും

സ്ത്രീയെ സാമ്പ്രദായിക രീതികളിലേക്ക് തളച്ചിടുമ്പോഴും ചിന്തയുടെയും ആത്മാവിന്റെയും ഉൾവിളികൾ ഈ നോവലിലെ സ്ത്രീകഥാപാത്രങ്ങൾ നെഞ്ചേറ്റുന്നുണ്ട്.

ഉണ്ണിയുടെ വേളികഴിഞ്ഞ് അധികം നാളാകുന്നതിനുമുമ്പാണ് ഭ്രാന്തിച്ചെറിയമ്മയുടെ മരണം. ഉണ്ണിക്ക് പിണ്ഡം വയ്ക്കുവാനുള്ള കടമയേ ഉള്ളൂ. എന്നാൽ കുലാചാരങ്ങൾ പിഴവുകൂടാതെ നോക്കണമെന്ന് നിഷ്ക്കർഷിച്ചിരുന്ന ഉണ്ണി ഭ്രാന്തിച്ചെറിയമ്മയ്ക്കു മക്കളില്ലാത്തതിനാൽ സംവത്സരദീക്ഷ ഒരുകൊല്ലം തികഞ്ഞ ബ്രഹ്മചര്യത്തോടെ ദീക്ഷിച്ചു. നാല്പത്തിയൊന്ന് ഊട്ടായാൽ മതിയെന്നുപറഞ്ഞ നേത്യാരമ്മയോട് "ശാസ്ത്രമനുസരിച്ച് അതുമതി. പക്ഷെ, എനിക്ക് ഒരു സത്യമുണ്ട്, തങ്കത്തിന്റമ്മേ, പത്തുവയസ്സിൽ വാക്കു കൊടുത്തതാണ്. പാലിക്കാതിരിക്കാമോ? ജീവിതത്തിൽ അതിന് ഒന്നും കിട്ടിയില്ല. മരണത്തിനുശേഷം ഇതെങ്കിലുമിരിക്കട്ടെ" എന്നാണ് ഉണ്ണി മറുപടി പറയുന്നത്.

ഉണ്ണിയുടെ സംവത്സരദീക്ഷ കഴിയുന്നതുവരെ ഇല്ലത്ത് ഒതുങ്ങിക്കൂടാൻ തേതിക്കും സാധിച്ചില്ല. ജലപ്പിശാചുമുത്തശ്ശിയുടെയും ഏട്ടന്റമ്മയുടെയും ശകാരങ്ങളും ശാപവചനങ്ങളും സഹിക്കാനുള്ള ശക്തി, പി.കെ.പി. നമ്പൂതിരിയെന്ന സാമൂഹ്യപ്രവർത്തകന്റെ അനിയത്തിക്ക് ഇല്ലാതെപോയി. ഭർതൃസാന്നിധ്യമോ സ്നേഹമോ ലഭിച്ചില്ലെന്നു മാത്രമല്ല, സ്വാതന്ത്ര്യം തന്നെ നിഷേധിക്കപ്പെട്ട സാഹചര്യം തേതിക്കുട്ടിയെ വല്ലാതെ തളർത്തി. ഒരു തരത്തിലും സാഹചര്യവുമായി പൊരുത്തപ്പെട്ടു പോകാൻ അവൾക്കു സാധിച്ചില്ല. തന്റെ സ്ത്രീത്വവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടുവെന്ന് ബോധ്യമായ തേതിക്കുട്ടിക്ക് വിവാഹജീവിതം മരണതുല്യമായി മാറി. വ്യക്തിത്വത്തിനുനേർക്കുള്ള അവഹേളനം

സഹിക്കാനാകാതെയാണ് തേതിവൈകാരിക വിക്ഷോഭ ത്തിനടിപ്പെട്ട് ഭർതൃഗൃഹം ഉപേക്ഷിച്ച് പിറന്നില്ലത്തേക്ക് മടങ്ങിയത്. അമ്മയുടെ രോഗവിവരം അറിഞ്ഞിട്ടും ഭ്രഷ്ടുകല്പിക്കപ്പെട്ട പി.കെ.പി.യുടെ ഇല്ലത്തേക്ക് തേതിയെ അയക്കാൻ ആഢ്യന്മാരായ മാനമ്പള്ളിക്കാർ സമ്മതിച്ചില്ല. വിലക്കുലംഘിച്ച് ജ്യേഷ്ഠന്റെയടുത്ത് മടങ്ങിയെത്തിയ തേതിക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചു.

സാമൂഹ്യസേവനത്തിലൂടെ തനിക്കുനിഷേധിക്കപ്പെട്ട സ്വാതന്ത്ര്യവും, സ്ത്രീത്വവും വീണ്ടെടുക്കാനായിരുന്നു തേതിയുടെ ശ്രമം. നമ്പൂതിരി സ്ത്രീയുടെ വസ്ത്രധാരണരീതിയായ ഘോഷബഹിഷ്ക്കരിക്കുകയും സാരിയും ബ്ലൗസും ധരിച്ച് സമുദായ സേവനത്തിനും രാഷ്ട്രീയസേവനത്തിനുമായി പൊതുവേദിയിലേക്കിറങ്ങുകയും ചെയ്തതോടെ തന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഏത് പ്രതിബന്ധത്തേയും തട്ടിത്തെറിപ്പിക്കാനുള്ള തന്റേടം തേതിക്കുട്ടി നേടിയെടുക്കുന്നു. തുടർന്ന് വ്യക്തികൾക്ക് സ്വാതന്ത്ര്യം വേണമെങ്കിൽ രാജ്യം സ്വന്തമാകണമെന്ന് മനസ്സിലാക്കി ഗാന്ധിജിക്കൊപ്പം ദേവീബഹനായി സ്വാതന്ത്ര്യസമരപങ്കാളിയായി മാറി, സ്വജീവിതത്തെ മറ്റൊരു വഴിത്തിരിവിലേക്ക് നയിക്കുന്നു. പക്ഷെ, സ്വാതന്ത്ര്യസമരരംഗവും, സേവാശ്രമവും ഒന്നും തേതിക്ക് തൃപ്തി നൽകിയില്ല. രാഷ്ട്രീയ സാമൂഹികരംഗങ്ങളിലെ മൂല്യത്തകർച്ച അവരെ സന്ന്യാസത്തിലേക്കു നയിച്ചു. സുമിത്രാനന്ദയെന്ന പേരിൽ യോഗിനിയായി മാറിയെങ്കിലും അവിടെയും ആത്മശാന്തി അവൾക്കുലഭിക്കുന്നില്ല.

അന്തർജ്ജനത്തിന്റെ പാത്രസൃഷ്ടിയിലുള്ള 'ശില്പഭദ്രത' പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ഓരോ കഥാപാത്രവും ഓരോ ആശയത്തെയോ പ്രശ്നത്തെയോ ആണ് പ്രതിനിധീകരിക്കുന്നതെന്ന്. സാമൂഹ്യമാറ്റത്തിനു പുറംതിരിഞ്ഞുനിൽക്കുന്ന ജലപ്പിശാചു മുത്തശ്ശിമാരും,

ഏട്ടന്റമ്മമാരും, മുത്തപ്ഫൻമാരും ഏതു സമൂഹത്തിലും ഏതു കാലത്തിലും ഉണ്ടായിരിക്കും. അവർ അവരുടെ വിശ്വാസങ്ങൾ കൊണ്ട് സമൂഹത്തെ വീർപ്പുമുട്ടിക്കുന്നതോടൊപ്പം ആ വിഷവായുശ്വസിച്ച് സ്വയം മണ്ണടിയുകയും ചെയ്യുന്നു. ഇതിലെ ഭ്രാന്തിച്ചെറിയമ്മമാർ പുരുഷമേധാവിത്വത്തിന്റെയും സാമൂഹിക ക്രൂരത കളുടെയും ബലിമൃഗങ്ങളാണ്.

സ്നേഹദാഹത്തിന്റെ കഥയാണ് 'അഗ്നിസാക്ഷി.' അതിലെ മുഖ്യകഥാപാത്രമായ ദേവകി അന്തർജ്ജനം ജീവിതത്തിലുടനീളം പലവഴിക്ക്, പല മട്ടിൽ, സ്നേഹം തേടുകയായിരുന്നു. സ്നേഹം ആവിഷ്ക്കരിക്കാൻ ആചാരങ്ങളുടെ അനുവാദം കിട്ടാതെപോയ ഉണ്ണിനമ്പൂതിരിയുടെ ഉള്ളിലുള്ളതും ഈ ദാഹം തന്നെ. ഉള്ള സ്നേഹംപോലും പ്രകടിപ്പിക്കുവാൻ അറിഞ്ഞുകൂടാത്ത അപ്ഫൻ, ഒരിറ്റു സ്നേഹം കിട്ടാത്തതുകൊണ്ടുമാത്രം ഭ്രാന്തെടുത്തുപോയ ചെറിയമ്മ തുടങ്ങി മറ്റു കഥാപാത്രങ്ങളും കഥയുടെ ഈയൊരു വശത്തിന് ഊന്നൽ നൽകുന്നു.

പഴമയോടും പുതുമയോടും സന്ധി ചെയ്യുന്ന ഒരു മധ്യമാർഗ്ഗ ത്തിന്റെ പ്രണേതാവ് എന്ന നിലയ്ക്കാവാം വിപ്ലവാദർശങ്ങളോടൊപ്പം സമന്വയത്തിന്റേതായൊരു പ്രതിബദ്ധതയും അന്തർജ്ജനം പ്രദർശിപ്പിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ സാമൂഹിക ചരിത്രത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണ് 'അഗ്നിസാക്ഷി.' ഈ കാലഘട്ടത്തിലും അഗ്നിസാക്ഷിയിലെ എല്ലാ മുഖങ്ങളേയും ചെറിയ ചെറിയ മാറ്റങ്ങളോടെ കാണാൻ കഴിയുന്നു എന്നതിൽ നിന്നും അഗ്നിസാക്ഷിയുടെ കാലിക പ്രസക്തി വ്യക്തമാകുന്നുണ്ട്. സ്നേഹിക്കുവാനും സഹകരിക്കുവാനും സഹതപിക്കുവാനും കഴിയുന്ന ഹൃദയങ്ങൾക്കുമാത്രമേ ഉത്തമമായ സന്തോഷം ലഭിക്കുകയുള്ളൂ എന്ന മൗലിക സന്ദേശമാണ് 'അഗ്നിസാക്ഷി' നമുക്കു പകർന്നുനൽകുന്നത്.

ലളിതാംബിക അന്തർജ്ജനം അഗ്നിസാക്ഷിയുടെ അന്ത്യത്തിൽ യോഗിനി മാതാവിനെക്കൊണ്ട് ഇങ്ങിനെ പറയിക്കുന്നുണ്ട്. പാപമൊന്നില്ല ഭദ്രേ! ആര് ആർക്കു മാപ്പുകൊടുക്കുന്നു? ആരാണ് പാപം ചെയ്യാത്തവർ? എന്താണ് പാപം? പരമാത്മാവിന്റെ സന്നിധിയിലെത്തുമ്പോൾ പുണ്യപാപങ്ങളെല്ലാം ഒന്നാകുന്നു. സുഖദു:ഖ ങ്ങളൊന്നാകുന്നു, ഭൂതഭാവികൾ പോലും ഒന്ന്. കേവലം സ്നേഹസ്വരൂപമായ സത്യം മാത്രം അവശേഷിക്കുന്നു. ഇതു മനസ്സിലാക്കൂ – ശാന്തി ലഭിക്കും. മനുഷ്യൻ ജന്മനാ നിർണ്ണയിക്കപ്പെട്ട ജനിതക വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായ സാംസ്കാരിക വ്യവസ്ഥയുടെ ഭാഗമാകുമ്പോൾ ശിഥിലമാകുന്ന ജീവിതാവസ്ഥയെ തിരിച്ചുപിടിക്കേണ്ടതുണ്ട്. ജനിതകവ്യവ സ്ഥയുടെ പരിണാമവും സാമൂഹിക സാംസ്കാരിക വ്യവസ്ഥയുടെ പരിണാമവും ഒരേപോലെ സംഭവിക്കേണ്ടതാണെന്ന എഡ്വേർഡ് വിൽസന്റെ പ്രസ്താവനയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. മനുഷ്യബോധത്തിന്റെ നിഗൂഢരഹസ്യം കണ്ടെത്താനും മാനസികാവശ്യങ്ങളുടെ ഭൗതികാടിത്തറ കണ്ടെത്താനുമാണ് ഓരോ എഴുത്തുകാരനും ശ്രമിക്കേണ്ടത്. ചുറ്റുപാടുകളോട് ബന്ധപ്പെടുത്തി മനുഷ്യനും ജീവിതവും ഇതിനായി അപഗ്രഥിക്കപ്പെടണം. രാഷ്ട്രീയവും ജനതയും ഏതുകാലത്തും ചോദിക്കേണ്ടുന്ന ചോദ്യം ഞങ്ങൾ ആരാണ്? അല്ലെങ്കിൽ നാം ആരാണ്? എന്നതായിരിക്കണമെന്ന് സാമുവൽ ഹണ്ടിംഗ്ടൺ പറഞ്ഞിട്ടുണ്ട്. 'അഗ്നിസാക്ഷി'യുടെ കർത്താവ് ഹണ്ടിംഗ്ടനെ വായിച്ചിരിക്കാൻ സാധ്യതയില്ല. എന്നാൽ വ്യത്യസ്ത ദേശകാലങ്ങളിൽ ജീവിച്ച രണ്ടുപേർ ജീവിതത്തെക്കുറിച്ചുള്ള സമഗ്രവും താത്വികവുമായ വിചാരത്തിൽ ഒരുമിക്കുന്നതായി കരുതുന്നതിൽ യുക്തിയുണ്ട്.

അഗ്നിസാക്ഷി പ്രത്യയശാസ്ത്രപരമായി പിൻമടക്കത്തിന്റെ സ്വഭാവം പുലർത്തുന്നുണ്ടെങ്കിലും സ്ത്രീപക്ഷപാതവും സ്വാതന്ത്ര്യവും ആഗ്ര

ഹിക്കുന്നുണ്ടെങ്കിലും നവോത്ഥാനാനന്തര ബ്രാഹ്മണബോധം നോവലിസ്റ്റിനുണ്ട്. ഏട്ടന്റമ്മ, ജലപ്പിശാചു മുത്തശ്ശി, ഭ്രാന്തിച്ചെറിയമ്മ, മുത്തപ്ഫൻ തുടങ്ങിയ അമാനുഷിക കഥാപാത്രങ്ങളിൽ അഗ്നിക്ക് ഏറെ പ്രാധാന്യം ഈ നോവലിൽ നൽകിയിരിക്കുന്നതുകാണാം. അഗ്നിസാക്ഷി എന്ന പേരുതന്നെ അഗ്നിയുടെ പ്രാധാന്യം വിളിച്ചറിയിക്കുന്നു. അഗ്നി എന്നത് ജീവകശക്തിയുടെയും കർമ്മ ശക്തിയുടെയും സംശുദ്ധമായ പ്രേമത്തിന്റെയും പ്രതീകമായാണ് ഉപയോഗിച്ചിരിക്കുന്നത്. യാഗാഗ്നി, വിളക്ക്, ആയിരത്തിരി, ധൂമദീപങ്ങൾ എന്നീ നിലകളിലെല്ലാം അഗ്നിയുടെ സാന്നിധ്യം നോവലിലുടനീളം കാണാം. വിവാഹവേദിയിൽ വെച്ച് അഗ്നിസാക്ഷിയായി വിശ്വാസത്തിന്റെയും വിട്ടുവീഴ്ചയുടേതുമായ ഭാവിജീവിതം കരുപിടിപ്പിക്കുമെന്ന ദൃഢപ്രതിജ്ഞയാണ് വധൂവരന്മാർ എടുക്കുന്നത്. ഇത് തുടർന്ന് നിലനിർത്താൻ കഴിഞ്ഞില്ല എന്ന സത്യമാണ് നായികാനായകന്മാർ അനുവാചകരെ ബോധ്യപ്പെടുത്തുന്നത്.

ഭാഷയുടെ ഊർജ്ജമാണ് ഈ കൃതിയുടെ മഹത്വം. സ്ത്രൈണ ഭാഷയുടെ കരുത്തും മികവും നിലകൊള്ളുന്നത് സ്വത്വസ്ഥാപനത്തിന്റെ സ്രോതസ്സായ തനത് ഭാഷാ പ്രയോഗത്തിലാണ്. നിറഞ്ഞ കൺപീലികളിൽ ഒരിറ്റു കണ്ണീരുപോലുമില്ലാതെ, നെറ്റിയിൽ നിന്ന് ചോരയൊലിപ്പിച്ച്, തലയുയർത്തി നിന്ന ആ യുവതിയുടെ കണ്ണുകളിൽ നിന്ന് അഗ്നി ജ്വലിച്ചു, ചുണ്ടുകൾ വിറച്ചു, ധീരദേശാഭിമാനത്തിന്റെ ഊർജ്ജം ഉൾക്കൊണ്ട ദേവീബഹനെ ഭാഷയുടെ മാസ്മരിക ശക്തിയാൽ അന്തർജ്ജനം വരച്ചുവച്ചിരിക്കുന്നു.

'ദു:ഖത്തിന്റെ മഞ്ഞുതുള്ളികൾ മനസ്സിൽ കിടന്ന് തപിച്ച് നാളേറെ ചെല്ലുമ്പോൾ മുത്തായിപരിണമിക്കുന്നു. വാർദ്ധക്യത്തിന്റെ ജപമാലയ്ക്ക് ഈ തിളക്കം വന്നത് അതുകൊണ്ടാകാം'. ദു:ഖത്തെ കാലത്തിന്റെ മൂശയിൽ പാകപ്പെടുത്തിയെടുക്കുമ്പോൾ അനുഭവങ്ങൾക്ക് വജ്രശോഭയായിരിക്കുമെന്ന കണ്ടെ

ത്തലിൽ അവർ എത്തിച്ചേരുന്നു. 'സ്നേഹമെന്നത് ഒരു വികാരമല്ല, തേതിക്കുട്ടീ; അത് ഒരുതരം സ്വഭാവമാണ്, അനുഭൂതിയാണ് ലയനമാണ്. അതുമനസ്സിലാക്കാത്തവർക്ക് ആർക്കും ഒരുസുഖം കിട്ടുകയില്ല.' ഈ വാക്കുകളിലൂടെ സ്നേഹത്തിന്റെ ആത്യന്തികമായ ലക്ഷ്യത്തിലേക്ക് അന്തർജ്ജനം നമ്മെ നയിക്കുന്നു. അഗ്നിസാക്ഷിയുടെ അവസാനഭാഗത്ത് മാതൃപുത്രബന്ധത്തിന്റെ മഹനീയത എടുത്തുകാണിക്കുന്നുണ്ട്. പ്രകൃതിയുടെ സർവ്വാംഗങ്ങളിൽ നിന്നും മുലപ്പാൽ ഊറിവരുംപോലെ, തപസ്സിന്റെ അന്ത്യം – പുതിയ യുഗം പിറക്കയായി, സ്വസ്തി വാചകം പോലും നിശബ്ദം സ്വസ്തി ഭവതു............... സ്വസ്തി........ സ്വസ്തി....[27] സ്ത്രൈണസത്തയുടെ ആത്മാവിഷ്ക്കാരം മുഴുവൻ ഊറിവരുന്ന മുലപ്പാലിലൂടെ അനുഭവൈകമാകുന്നുണ്ട്. മാതൃഭാവം സ്ത്രീയെ ഭൂമിക്ക് സമാനമായി മാറ്റുന്ന ഒരു അനുഭവം ഈ വാക്കുകളിൽ സ്ഫുരിക്കുന്നുണ്ട്. ആ ഭാവം നിർമ്മലവും പരിശുദ്ധവുമാണ്. ഇത്തരം ഭാവങ്ങൾ അപ്രസക്തമായിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ഭാഷയെ അചോദ്യമായ ഉപകരണമാക്കി സ്ത്രീയുടെ സാമൂഹിക വ്യക്തിത്വം സ്ഥാപിക്കുന്ന സർഗ്ഗാത്മക രചനകളുടെ ആന്തരിക ഭാവത്തെ സ്വാംശീകരിക്കുകയോ തിരിച്ചുപിടിക്കുകയോ ചെയ്യേണ്ടത് കാലികമായ അനിവാര്യതയാണ്. മേൽകൊടുത്ത ഉദ്ധരണികളിൽ അഗ്നി, ദു:ഖത്തിന്റെ മഞ്ഞുതുള്ളികൾ, വാർദ്ധക്യത്തിന്റെ ജപമാല ഇത്യാദി ശബ്ദങ്ങൾ ചാട്ടുളിപോലെ വായനക്കാരന്റെ മനസ്സിൽ ചെന്ന് പതിക്കുന്നു. ഇത്തരം പ്രയോഗങ്ങളാണ് നോവലിനെ കാലാതീതമാക്കി മാറ്റുന്നത്.

ആഗോളവത്ക്കരണകാലത്ത് ഇല്ലാതാകുന്ന സ്ത്രീ സങ്കൽപം കോർപറേറ്റ് ഭീമന്മാരുമായി സന്ധി ചെയ്യുന്ന സ്ത്രീത്വം, അമ്മ എന്ന മഹനീയ കർതൃത്വം ഒരു പുതിയ കാലത്തിന് അന്യമാകുന്നു. അമ്മ ഒരേസമയം ഒരു സൂചകവും സൂചിതവുമാണ്. ബാഹ്യമായ ആഡംബരമല്ല മറിച്ച് അകക്കാമ്പുള്ള

ആന്തരിക വ്യക്തിത്വമാണ് അമ്മയുടേത്, ഈ വ്യക്തിത്വത്തിന്റെ തകർച്ചയാണ് മലയാളസാഹിത്യത്തിന്റെ മച്ചകത്ത് ലളിതാംബിക അന്തർജ്ജനം കേൾപ്പിച്ചത്. ഭാവിയെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള പ്രവചനത്തിന്റെ ശക്തി അവരുടെ ഭാഷ യ്ക്കുണ്ടായിരുന്നു. നോവൽ ഭാഷയുടെ വ്യതിരിക്തമായ ആഖ്യാനങ്ങളിലൊ ന്നാണ് വ്യക്തിക്കെന്നപോലെ ഭാഷയ്ക്കും വ്യഷ്ടി സമഷ്ടി തലങ്ങളുണ്ടെന്ന് സർഗ്ഗാത്മക രചനകൾ നമ്മെ ബോധ്യപ്പെടുത്തുന്നു.

## 3.5 ഭ്രഷ്ടിന്റെ ദ്വന്ദ്വാത്മകവീര്യം

സമൂഹഘടന, സദാചാര സങ്കല്പം, ഉപജീവന സമ്പാദനരീതികൾ, വിശ്വാസങ്ങൾ ഇവയാണ് ഏതുസമൂഹത്തിലും സ്ത്രീപുരുഷ ബന്ധങ്ങളെ നിർണ്ണയിക്കുന്നത്. ഭാഷയിലൂടെയും ആചാരാനുഷ്ഠാനങ്ങളിലൂടെയും പെരുമാറ്റ സംഹിതകളിലൂടെയും പുരുഷൻ സഹസ്രാബ്ദങ്ങൾക്കുമുമ്പുതന്നെ സ്ത്രീയെ തരംതാഴ്ത്തിക്കൊണ്ടുവന്നു. അടിമത്തം പാരമ്പര്യമായി അനുഭവിച്ച സ്ത്രീകൾ അത് അംഗീകരിച്ച മട്ടിൽ പിന്നീട് പെരുമാറിപ്പോരുകയും ചെയ്തു. കാലാകാലങ്ങളിൽ പുരുഷൻ സ്ത്രീയെ കേന്ദ്രീകരിച്ചുണ്ടാക്കിയെടുത്ത സ്ത്രീവിരുദ്ധ ചരിത്രരൂപങ്ങളെല്ലാം ഇന്ന് പുനർവായനയ്ക്ക് വിധേയമായി ക്കൊണ്ടിരിക്കുകയാണ്.

നേതൃത്വം/സംരക്ഷണം എന്നീ ദ്വിവിധ കുടുംബഘടനയെ സംബന്ധിച്ച പാരമ്പര്യ വിചാരങ്ങൾ പൊളിച്ചെഴുത പ്പെടേണ്ടതുണ്ട്. നേതൃത്വം ആരിൽ കുടികൊള്ളുന്നു? സംരക്ഷണം ആർക്കു ലഭിക്കണം? എന്നീ ചോദ്യങ്ങൾക്ക് യഥാക്രമം പുരുഷന്, സ്ത്രീക്ക് എന്നിങ്ങനെയാണ് ഉത്തരം ലഭിക്കുക. എങ്കിൽപ്പോലും തങ്ങൾക്കനുവദിക്കപ്പെട്ട ഇടങ്ങളിൽ നിന്നുകൊണ്ട്

ചില സ്ത്രീകൾ പലതും വിളിച്ചുപറയുന്നുണ്ട്. കുറിയേടത്തു താത്രിയുടെ കഥ ഇതിനുത്തമ ഉദാഹരണമാണ്. സ്ത്രീകളുടെ ഇടങ്ങളെ നിർണ്ണയിക്കുന്ന സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ സാഹചര്യങ്ങളാണ് കീഴായ്മയുടെ വ്യാപ്തിയും രൂപവും നിർണ്ണയിക്കുന്നത്. ആദ്യകാലം മുതലേ സ്ത്രീകളെ കീഴ്പ്പെടുത്തുന്നതിൽ സ്ത്രൈണ ലൈംഗികതയ്ക്കുമേൽ നിയന്ത്രണമേർപ്പെടുത്തുക എന്ന കേന്ദ്രതത്വമാണ് ഉപയോഗിച്ചുപോന്നിരുന്നത്.[28]

നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയിലെ സ്ത്രീത്വത്തെക്കാൾ കുത്തഴിഞ്ഞ സ്ത്രീ ജീവിതചിത്രം അച്ചീ ചരിതങ്ങൾ മുതൽ നമ്പ്യാർ കൃതികൾ വരെ പരന്നുകിടക്കുന്നു. നാടൻ പാട്ടുകളിലും കലകളിലും സ്ത്രീയുടെ ബലഹീനതകളെ വേണ്ടുവോളം ചിത്രീകരിച്ചിട്ടുണ്ട്. വടക്കൻ പാട്ടുകളിലെ സ്ത്രീ ബഹുഭാര്യാത്വത്തിന്റെയും ബഹുഭർതൃത്വത്തിന്റെയും പ്രതിനിധികളായിരുന്നു. സാമൂഹിക പരിഷ്ക്കരണശ്രമങ്ങൾ സജീവമാകുകയും ഫ്യൂഡൽ അധികാരവ്യവസ്ഥയിൽ മാറ്റം വരുകയും ചെയ്തപ്പോൾ മുതലാണ് കേരളത്തിലെ സ്ത്രീകൾ മാറിത്തുടങ്ങിയത്.

ഉല്പാദനമണ്ഡലം പുരുഷനും പ്രത്യുല്പാദന മണ്ഡലം സ്ത്രീക്കുംവേണ്ടി നീക്കിവെയ്ക്കുന്ന ചൂഷകനീതിയെ സ്വാഭാവികവത്കരിച്ചും ആദർശവത്കരിച്ചുമാണ് അധികാരം വ്യത്യസ്തവിതാനങ്ങളിൽ ആധിപത്യം ഉറപ്പിച്ചത്. മറ്റെല്ലാ സമുദായങ്ങളിൽ നിന്നും വേർതിരിഞ്ഞ് കർക്കശമായ ആചാരങ്ങൾ അനുഷ്ഠിച്ച സമുദായമായിരുന്നു നമ്പൂതിരിമാരുടേത്. അനേകം സവിശേഷ ആചാരങ്ങൾ നമ്പൂതിരി സമുദായത്തിനുണ്ട്. പ്രധാനപ്പെട്ട ഒരു ചടങ്ങായിരുന്നു ഭ്രഷ്ട്. നമ്പൂതിരിജാത്യാചാരങ്ങൾ ലംഘിക്കുന്നവരെ സമുദായത്തിൽ നിന്ന് പുറത്താക്കുന്ന ഒരു ആചാരമായിരുന്നു ഇത്.

പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ കേരളത്തിലെ നമ്പൂതിരി സമുദായം കൈക്കൊണ്ടിരുന്ന പൊതുവായ ചടങ്ങാണ് ഭ്രഷ്ട്. സ്മൃതികളിലെ സൂക്തങ്ങൾക്കനുസൃതമായി നടത്തുന്ന ഒരു കുറ്റവിചാരണയ്ക്കുശേഷമാണ് ഈ സാമൂഹിക ബഹിഷ്ക്കരണം നടത്തിയിരുന്നത്. ഇത് സ്മാർത്തവിചാരം എന്ന പേരിലാണ് അറിയപ്പെട്ടത്. ഒരു സ്ത്രീ അവളുടെ കുടുംബത്തിന്റെയോ അയൽപക്ക നമ്പൂതിരി കുടുംബങ്ങളുടെയോ സംശയത്തിനിരയായാൽ അവൾ സ്മാർത്തവിചാരത്തിന് അധീനയാക്കപ്പെട്ടിരുന്നു.

മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട് സ്ത്രീകളുടെ അന്നത്തെ അവസ്ഥയെക്കുറിച്ച് തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. “അവർ അവരുടെ പരിതസ്ഥിതികളെ കാണുവാനോ അറിയുവാനോ കണ്ണും കരളുമില്ലാതെയാണ് ഇന്നും വർത്തിക്കുന്നത്. ദൈനംദിന പാചകവൃത്തി യിലല്ലാതെ അവർക്കുവിജ്ഞാനമില്ല; വിനോദമില്ല. ഇല്ലത്തിന്റെ പടിഞ്ഞാറ്റി തന്നെയാണ് അവരുടെ ഉലകിടം. അരച്ചാൺ വസ്ത്രത്തിൽ കവിഞ്ഞ ഒരലങ്കാരസാധനം അവർ അറിഞ്ഞിട്ടുകൂടെയില്ല. സഹോദരസമുദായങ്ങളിലെ സ്ത്രീരത്നങ്ങൾ ലോകത്തോടുപെരുമാറുന്ന സമ്പ്രദായം അവർക്കുസ്വപ്നം കാണുവാൻകൂടെ കഴിയുകയില്ല.[29]” ഇതുകൂടാതെ നമ്പൂതിരിസ്ത്രീകളുടെ സദാചാരപെരു മാറ്റച്ചട്ടങ്ങളിലും ധാരാളം നിയന്ത്രണങ്ങൾ ഏർപ്പെടു ത്തിയിരുന്നു. നമ്പൂതിരിയുവാക്കൾ മറ്റു ജാതികളിലെ സ്ത്രീകളുമായി വ്യാപകമായി സംബന്ധത്തിലേർപ്പെട്ടിരുന്നു. അഫ്ഫൻ നമ്പൂതിരിമാർ നാലുവേളി വരെ കഴിച്ചിരുന്നു. ഇതിന്റെ ഭാഗമായി വൃദ്ധബ്രാഹ്മണർപോലും ബാല്യം വിട്ടുമാറാത്ത നമ്പൂതിരി പെൺകുട്ടികളെ വിവാഹം ചെയ്തിരുന്നു. ഇതിനെതിരെ പ്രതികരിച്ച താത്രിക്കുട്ടി അന്തർജ്ജനത്തിന്റെ സ്മാർത്തവിചാരം നമ്പൂതിരി

സമുദായത്തിന്റെ തന്നെ അടിക്കല്ല് ഇളക്കുന്നതായിരുന്നു. 9000-9010 കാലഘട്ടത്തിലെ കുറിയേടത്തു താത്രിയുടെ സ്മാർത്തവിചാരഫലമായി അറുപത്തി നാല് ഉന്നതകുലജാതരെ സമുദായത്തിൽ നിന്ന് ഭ്രഷ്ട് കല്പിക്കപ്പെട്ടു. തങ്ങളുടെ ഉരുക്കുമുഷ്ടിയിൽ തടഞ്ഞുവച്ചിരുന്ന സ്ത്രീത്വം പ്രതികാരത്തിന്റെ സടകുടഞ്ഞെ ഴുന്നേൽക്കുന്നതുകണ്ട് സമുദായമാകെ ഞെട്ടിവിറച്ചു.

പലപ്പോഴും ചിരന്തനമായ മുറിപ്പാടുകൾ അവശേഷിപ്പിക്കുന്ന വയായിരിക്കും അനുഭവങ്ങൾ. അപരിഹാര്യമായ ഏകാന്തതയ്ക്ക് സൃഷ്ടിപരതയെ ഉത്തേജിപ്പിച്ച് ആനയിക്കാനുള്ള വിചിത്രമായ ഒരു കഴിവുണ്ട്. കാര്യങ്ങളുടെ സ്ഥിതി ഇനി ഇതിൽക്കൂടുതൽ മോശമാകാനില്ല എന്ന് നാം അംഗീകരിക്കുന്നിടത്തുനിന്ന് ഈ പ്രക്രിയ ആരംഭിക്കുന്നു. 'ഭ്രഷ്ട്' എന്ന നോവലിന്റെ പരിണതിയും ഇപ്രകാരമായിരുന്നു. പ്രതികാരയജ്ഞത്തിന്റെ തീഷ്ണജ്വാലയിൽ വാർത്തെടുത്തതാണ് മാടമ്പ് കുഞ്ഞുക്കുട്ടന്റെ 'ഭ്രഷ്ട്.' നായികയായ പാപ്തിക്കുട്ടിയുടെ ജീവിതാനുഭവങ്ങളുടെ വിശകലനം സമൂഹമന:സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. ആണിന്റെ വീക്ഷണകോണിൽ ബന്ധങ്ങളും സദാചാരസംഹിതകളും നിരീക്ഷിക്കപ്പെടുകയും നിർവ്വചിക്ക പ്പെടുകയും ചെയ്യുന്നു. ഇത്തരമൊരു വ്യവസ്ഥയിൽ സ്ത്രീയ്ക്ക് അവളുടെ ശരീരത്തിലൊ ലൈംഗികതയിലൊ യാതൊരധികാരവുമുണ്ടാവുകയില്ല. പുരുഷൻ തീരുമാനിക്കുന്നതായിരിക്കും അവളുടെ പരിധികൾ. ഈ പരിതികളെ ഉല്ലംഘിക്കുന്ന വിധ്വംസകമായ സ്ത്രൈണ സത്തയാണ് പാപ്തിക്കുട്ടിയിൽ പ്രവർത്തിക്കുന്നത്.

സമൂഹവും വ്യക്തിബന്ധങ്ങളും പുരുഷപ്രേരണാശക്തിയിലാണ് ജീവസുറ്റ വയാകുന്നത്. എല്ലാ തത്വശാസ്ത്രങ്ങളും മതപരിവേഷങ്ങളും രാഷ്ട്രമീമാംസകളും സ്ത്രീകൾക്ക് എതിരായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അതിരുകൾ ഭേദിക്കുന്ന സ്ത്രീഭ്രഷ്ടയും വേശ്യയുമായി ചിത്രീകരിക്കപ്പെടുമ്പോൾ അത്തരം പ്രവൃത്തികൾ ചെയ്യുന്ന പുരുഷൻ ധീരനും വീരനും തന്റേടിയുമായി വാഴ്ത്തപ്പെടുന്നു. ഗൃഹാന്തരീക്ഷത്തിൽ നിന്നും പുറത്തുകടക്കാൻ വെമ്പുന്ന സ്ത്രീയെ സമൂഹം കുലടയായി മുദ്രകുത്തുന്നു.

പാപ്തിക്കുട്ടിയിലൂടെ ഇതൾവിടർത്തുന്ന കഥ സമുദായത്തിന്റെ ചീഞ്ഞളിഞ്ഞ പ്രദേശത്തെക്കൂടി അനുവാചകർക്ക് അനുഭവവേദ്യമാക്കുന്നു. പവിത്രമായ മാനുഷിക ബന്ധങ്ങൾക്കുസംഭവിക്കുന്ന അപചയത്തെ തീക്ഷ്ണതയേറിയ വൈകാരിക മുഹൂർത്തങ്ങളിലൂടെ നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്. മറ്റൊരു നമ്പൂതിരി സ്ത്രീക്കും ഇതുപോലൊരു പരീക്ഷണഘട്ടത്തെ നേരിടേണ്ടിവന്നിരിക്കില്ല. വേളിശ്ശേഷം കുടിവെയ്പു വൈകി. ചോദ്യങ്ങൾക്കൊന്നും തൃപ്തികരമായ മറുപടി ലഭിക്കുന്നില്ല. ജ്യേഷ്ഠനും അനുജനും തമ്മിലുള്ള തർക്കം. “ഞാൻ വേൾക്കണ്ടായിരുന്നു” എന്ന അനുജന്റെ ആത്മഗതം. പിടയ്ക്കുന്ന നെഞ്ചുമായി പാപ്തിക്കുട്ടി നിന്നുവിയർത്തു. അവസാനം കുടിവെയ്പു നടന്നു. എല്ലാവരും ആശ്വസിച്ചു. ഭർതൃസമാഗമത്തിന്റെ നിർണ്ണായക മുഹൂർത്തം കൊതിച്ചുനിന്ന പാപ്തിക്കുട്ടിക്കുണ്ടായ അനുഭവം വളരെ വ്യത്യസ്തത നിറഞ്ഞതും അവളുടെ ജീവിതത്തിന് ഒരു ലക്ഷ്യം നേടിക്കൊടുത്തതുമായിരുന്നു. ‘‘കുട്ടിസ്രാങ്കിനെപ്പോലെ തന്റെ മുന്നിൽ നിന്നിളിച്ചുകാട്ടുന്ന ചെറ്യേടത്തു തുണ്ടന്റെ മുമ്പിൽ ചെറ്യേടത്തു പാപ്തിക്കുട്ടി നിന്നുവിയർത്തൊഴുകി’’[30] ആദ്യരാത്രിയിൽ

അവളമർന്നത് ഭർത്താവിന്റെ വിരൂപനായ ജ്യേഷ്ഠൻ നമ്പൂതിരിയുടെ ബലിഷ്ഠമായ കൈകളിലായിരുന്നു. കുടിവയ്പുവൈകിയതിന്റെ കാരണവും അതുതന്നെയായിരുന്നെന്ന് പിന്നീട് പാപ്തിക്കുട്ടി മനസ്സിലാക്കുന്നു. “വൈദികത്വം സ്വർഗ്ഗത്തിലേക്കുയർത്തിയ ബ്രാഹ്മണ്യം സഹോദരപത്നിയെ കാമശാന്തിക്കു കെണിവെച്ചു പിടിക്കുകയായിരുന്നു”[31] പാപ്തിക്കുട്ടിയുടെ മനസ്സിൽ വിടർന്നുവന്ന പ്രതീക്ഷകളെയും അവളുടെ ലൈംഗിക തൃഷ്ണകളെയും ഞെരിച്ചമർത്തിയ സംഭവമായിരുന്നു അത്. കാടത്തം നിറഞ്ഞ ഈ അനുഭവം അവളിൽ സൃഷ്ടിച്ചത് ഒരിക്കലും ഉണങ്ങാത്ത മുറിപ്പാടുകളായിരുന്നു. ഈ മുറിവുകളിൽ രക്തം കട്ടപിടിക്കുന്നതോടെ പാപ്തിക്കുട്ടിയുടെ മനസ്സിൽ പ്രതികാരചിന്തകളുടെ കനലുകളെരിയുകയായി.

‘‘അവതാരരഹസ്യമറിഞ്ഞ പാപ്തിക്കുട്ടി കട്ടിലിൽ നിവർന്നുകിടന്നു. തന്റെ കാൽക്കീഴിൽ വന്നമർന്നു സർവ്വസ്വവും ദാനം ചെയ്തു പിച്ചപ്പാളയെടുക്കാൻ പോകുന്നവരെ മനസ്സിൽ കണ്ടു തൃപ്തിയോടെ ചിരിച്ചു. ആ ആഹ്ലാദഭാവത്തിനിടയിലും സ്വഭർത്താവിന്റെ ഗതികേടിൽ പാപ്തിക്കുട്ടിയുടെ മനസ്സിടിഞ്ഞു. കണ്ണീറനായി. മുഹൂർത്തനേരം കണ്ണടച്ചു കിടന്നു. ശക്തിസ്വരൂപിണിയെ ധ്യാനിച്ചു. സ്വയം വീണ്ടെടുത്തു പ്രതികാരദുർഗ്ഗയായി മാറി.”

സഹോദരപത്നിയെ കാമശാന്തിക്കുപയോഗിച്ച ഹീനമായ ആചാരങ്ങളുടെ കടപുഴക്കുന്ന കൊടുങ്കാറ്റാകുവാൻ പാപ്തിക്കുട്ടി ശക്തി സംഭരിക്കുന്നു. സമൂഹത്തിലെ പ്രമാണിമാരായ നമ്പൂതിരിമാരെ തന്റെ തീക്ഷ്ണ സൗന്ദര്യത്തിന്റെ പ്രഭാവലയ ത്തിലൊതുക്കി വശീകരിച്ചെടുക്കാൻ അവൾക്ക് അനായാസം കഴിയുന്നു. ‘‘അവതാരരഹസ്യം തെളിഞ്ഞുകണ്ട

ചെറ്യേടത്തുപാപ്തിക്കുട്ടി സമാധിവരെയുള്ള കർമ്മങ്ങളും മനസ്സിൽകണ്ടു. അവളുടെ കണ്ണുകളിൽ സംതൃപ്തി പൂവിട്ടു." കുത്തഴിഞ്ഞ ജീവിതം നയിച്ചതിന്റെ പേരിൽ വിചാരണചെയ്യപ്പെടുമ്പോൾ തന്നോടൊപ്പം ശയിച്ച നമ്പൂതിരി ശ്രേഷ്ഠന്മാരെയും പാപ്തിക്കുട്ടി പ്രതിക്കൂട്ടിലേറ്റുന്നു. ബ്രാഹ്മണ്യത്തിന്റെ ജരബാധിച്ച ആചാരവൈകൃതങ്ങളെ കല്പാന്തകാലംവരേക്കും അലട്ടിക്കൊണ്ടിരിക്കുന്ന പേടിസ്വപ്നമായി പാപ്തിക്കുട്ടി മാറുന്നു. "കാലം കോവിലകത്തു കോച്ചിവിറച്ചു നിന്നും. പാറാവു ഭയന്നു പകൽവെളിച്ചം എത്തിനോക്കാതായി. ഒരായിരം ഓട്ടവീണ ഒരായിരം തവണ ഓട്ടയടച്ച ആചാരങ്ങളുടെ മുക്കൂട്ടിൽ വാർത്തെടുത്ത ചങ്ങലവട്ട മുനിഞ്ഞുകത്തി" അങ്ങനെ ദുരാചാരത്തിന്റെ മൂല്യശൂന്യതയിൽ 'ഭ്രഷ്ടി'ലെ പാപ്തിക്കുട്ടി പ്രതികാരജ്വാലയായി നിറഞ്ഞുപടരുന്നു.

ദിഗന്തങ്ങൾ ഒതുങ്ങി ചുറ്റും വലയം സൃഷ്ടിച്ച പാപ്തിക്കുട്ടി ആദ്യം മുതൽക്കേ സമൂഹത്തിനുമുന്നിൽ ചോദ്യചിഹ്നമായിരുന്നു. ചാമിയെ തൊട്ടാൽ കുളിക്കുന്ന തെന്തിനാണെന്ന അവളുടെ കുസൃതിചോദ്യം പോലും നാലുകെട്ടിലും പത്തായപുരകളിലും വന്നലച്ചു. വർഷങ്ങൾക്കുശേഷം ഒരു സമുദായത്തിലെ ജീർണ്ണതയ്ക്കെതിരെ സ്വന്തം ജീവിതമുയർത്തി കലാപം സൃഷ്ടിക്കുന്ന ഉജ്ജ്വലനായികയായി പാപ്തിക്കുട്ടി മാറുന്നു. "ത്രികാലങ്ങളും കൈവെള്ളയിൽ കാണുന്ന ചോമാരി ഓയ്ക്കൻ. "താഴത്തുപെറ്റൂ പെണ്ണ്" കൈക്കുമ്പിളിൽ ജലമുയർത്തിപ്പിടിച്ച് ഗായത്രി ചൊല്ലാനോങ്ങിയ ഓയ്ക്കന്റെ കാതിൽ ആ അക്ഷരങ്ങൾ ഈയമുരുക്കിവീഴ്ത്തി. കൈക്കുമ്പിളിൽ ജലം ഓളം തള്ളി. ഘോര മനസ്സിൽ കളം വരച്ചു. കവിടി ചൊരിഞ്ഞു. വരാഹമിഹിരൻ സശരീരനായി. ആവതു ശ്രമിച്ചിട്ടും തടുക്കാനായില്ല. കാലദോഷമാണ്."

നമ്പൂതിരി സമുദായത്തെയാകെ ഇടിത്തീപോലെ നടുക്കുകയും പൊള്ളിപ്പിക്കുകയും ചെയ്യുന്ന ഒരാഘാതമായി ഈ രംഗം മാറുന്നു.

നോവലിന്റെ ആദ്യഭാഗങ്ങളിൽ താഴമംഗലത്തില്ലത്തിന്റെ പ്രതാപവും പ്രൗഢിയും കത്തിജ്വലിച്ചുനിന്ന ഒരു കാലത്തെയാണ് വിവരിക്കുന്നത്. സാമ്പത്തികമായ ഉന്നതിയും പ്രഭുത്വവും ദീർഘവീക്ഷണ ത്തോടുകൂടിയ കാര്യസ്ഥതയും ഇല്ലത്തിനു സുരക്ഷിതത്വമേകി. നാലുകെട്ടിന്റെ വാസ്തുവിദ്യ ലോകത്തെ പുറത്താക്കി വാതിലടയ്ക്കുന്നു. രാജകീയ സുഖഭോഗങ്ങളിൽ മുഴുകിയ ജീവിതമായിരുന്നു ഇല്ലത്തെ നമ്പൂതിരിമാർ നയിച്ചിരുന്നത്. വ്യാവസായിക രംഗത്തേക്കുപോലും അവരുടെ ശ്രദ്ധ വ്യാപരിച്ചു തുടങ്ങിയിരുന്നു. ആനക്കമ്പവും കഥകളി ഭ്രമവും ചതുരംഗ പ്രേമവും ശീട്ടാട്ടവുമൊക്കെ ഓരോരുത്തരുടെയും ജീവിതചര്യയായിപ്പോലും പരിണമിച്ചു. പ്രതാപാഡംബരങ്ങളും വിനോദാസക്തിയും കതിർ ചൊരിഞ്ഞുനിന്നിരുന്ന ആ കാലഘട്ടത്തിന് സ്ത്രീമേധായാഗങ്ങളുടെ ഹോമപ്പുകയേറ്റു കരുവാളിച്ച മറ്റൊരു മുഖം കൂടിയുണ്ട്. നമ്പ്യാത്തൻ നമ്പൂതിരിപ്പാടിന്റെ കാലടികൾക്കിടയിൽ ചതഞ്ഞരഞ്ഞ എത്രയെത്ര സ്ത്രീ ജന്മങ്ങളുടെ ദുരന്തചിത്രങ്ങളാണ് നോവലിസ്റ്റ് അണിനിരത്തുന്നത്. “മഞ്ചലുകാരൻ രാമന്റെ മകൾ, വീർത്ത വയറ്റത്തു പതിഞ്ഞ കാലടിപ്പാടുപൊത്തി മുമ്പിൽ മറിഞ്ഞു വീണു. ചാക്യാരുടെ ഭാര്യ. പകലൊക്കെ ചതുരംഗം ഇരവിൽ നായാട്ട്. ഒരു പാതിരായ്ക്കു പാക്കുവിന്റെ വീട്ടിൽ കയറിച്ചെന്നു. പിറ്റന്നാൾ പാക്കുവിന്റെ വീട്ടിൽ ചിതയാളി.” മഞ്ചലുകാരൻ രാമൻ മകൾ, ചാക്യാരുടെ ഭാര്യ, പാക്കുവിന്റെ പെണ്ണ് ഇങ്ങനെ കൊഴിഞ്ഞുവീണ ജീവിതങ്ങളുടെയും തകർന്നടിഞ്ഞ കുടുംബങ്ങളുടെയും ചാമ്പൽക്കൂനകൾ

നമ്പ്യാത്തൻ നമ്പൂതിരിപ്പാടിന്റെ ജീവിതപ്പാതയിലുടനീളം ചിതറിക്കിടക്കുന്നു. സാക്ഷാൽ അക്കിത്തരെപ്പോലും പുച്ഛിക്കുവാനുള്ള ധാർഷ്ട്യം ഈ നമ്പൂതിരിക്കുണ്ടായിരുന്നു. കുടുംബത്തിന്റെ പ്രതാപവും തലമുറകളായി അനുഭവിച്ചുപോരുന്ന വംശാധിപത്യത്തിന്റെ പിൻബലവുമാണ് അയാൾക്ക് അമിതമായ ധൈര്യം പകരുന്നത്. തന്റെ മുന്നിൽ ഇടറിനിൽക്കുന്ന സ്ത്രീജന്മങ്ങളെ കാൽക്കീഴിലമർത്തുവാനും ചവിട്ടിയരയ്ക്കാനുമുള്ള പൈശാചികത ഈ കഥാപാത്രം ആർജ്ജിച്ചെടുക്കുന്നു. സമുദായത്തിന് ഒരു കാലത്തുണ്ടായിരുന്ന ആധിപത്യം നമ്പൂതിരിയുവാക്കളുടെ കാമപൂരണ വ്യഗ്രതയ്ക്കുനൽകിയ ഉരുക്കിന്റെ ശക്തി ഈ കഥാപാത്രത്തിന്റെ കാമകേളിയുടെ വിവരണത്തിൽ പ്രതിഫലിക്കുന്നു.

ബ്രാഹ്മണമേധാവിത്വം അന്ധമായ കാമാസക്തിയുടെയും അധികാര മദത്തിന്റെയും വിഷപ്പുകയിലമർന്നുപോയ സാമൂഹ്യപശ്ചാത്തലവും ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. ഒരു കാലഘട്ടത്തിൽ അനിയന്ത്രിതമായി കാടുകയറിപ്പോയ സന്മാർഗ്ഗ സങ്കല്പങ്ങളുടെ യഥാതഥ വിവരണവും 'ഭ്രഷ്ടി'ൽ ഉൾച്ചേർന്നിരിക്കുന്നു. നമ്പ്യാത്തൻ എന്ന കഥാപാത്രം തന്നെ പിന്നീട് പശ്ചാത്താപത്തിന്റെ ആർദ്രത പ്രകടിപ്പിക്കുന്നുണ്ട്. പാപബോധത്തിൽ മനംനൊന്ത നമ്പ്യാത്തൻ നമ്പൂതിരിയെ തന്റെ പൂർവ്വകർമ്മങ്ങൾ നിരന്തരം വേട്ടയാടുന്നു. വിറയ്ക്കുന്ന കാലടികളുമായി ഓയ്ക്കില്ലത്തിന്റെ പടികടന്നു ചെല്ലുമ്പോഴും തീർത്ഥയാത്രയ്ക്കിടയിൽ മാതുക്കുട്ടിയുടെ മുന്നിൽ പതറി നിൽക്കുമ്പോഴും, കുഞ്ഞിനെ അനുഗ്രഹിച്ച് പ്രസാദം നൽകുമ്പോഴും വാല്മീകിയായ കാട്ടാളനെ നമ്പ്യാത്തൻ ഓർമ്മിപ്പിക്കുന്നു. നാടകീയത

മുറ്റിനിൽക്കുന്ന ചില രംഗങ്ങളിലൂടെ നമ്പ്യാത്തൻ നമ്പൂതിരിയുടെ ജീവിതത്തിലെ രണ്ടവസ്ഥകൾ നോവലിൽ സമഗ്രമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. അങ്ങനെ പ്രഭുത്വത്തിന്റെ തണലിൽ കാമാസക്തിയുടെ ഉച്ഛൃംഖലതയിൽ സംഹാരതാണ്ഡവമാടി സ്വൈര്യവിഹാരം നടത്തിയ ബ്രാഹ്മണ്യത്തിന്റെ പ്രതാപദശയെയും, ദുഷ്ക്കർമ്മങ്ങളുടെ പാപഭാരം പേറുന്ന മനസ്സിനെയും, അവധൂതവേഷമാർന്നു പ്രായശ്ചിത്തം നടത്തുന്ന അപചയ ഘട്ടത്തെയും ഈ കഥാപാത്രം പ്രതിനിധീകരിക്കുന്നു.

താഴമംഗലത്ത് ഇല്ലത്തിന്റെ ചരിത്രത്തിനു സമാന്തരമായി മറ്റൊരു കുടുംബത്തിന്റെ ചരിത്രം കൂടി നോവലിൽ തെളിഞ്ഞുവരുന്നുണ്ട്. തപ:സിദ്ധിയിലൂടെയും വ്രതനിഷ്ഠയിലൂടെയും ത്രികാലജ്ഞാനികളായിത്തീർന്ന പരമസാത്വികരായ നമ്പൂതിരിമാരുടെ കുടുംബമായ ഓയ്ക്കില്ലത്തിന്റെ ചരിത്രമാണത്. ത്രികാലങ്ങളും കൈവെള്ളയിൽ കാണാൻ കഴിയുന്ന അക്കിത്തരും ചോമാരി ഓയ്ക്കനും മനുഷ്യത്വത്തിന്റെ തേജസ്സാർന്ന മൂർത്തികളാണ്. ഈഴവനായ ചാമിയെ വേദം പഠിപ്പിക്കാനും, അവനെ പ്രിയ ശിഷ്യനായി അംഗീകരിക്കാനും അക്കാലത്തുതന്നെ തയ്യാറായ ധന്യമനസ്സുകളാണവർ.

കാലവും ആചാരങ്ങളും ഭോഗതൽപ്പരതയിൽ മാത്രം മനസ്സുവ്യാപരിച്ച നമ്പൂതിരിത്തവും വ്രണപ്പെടുത്തിയ ജീവിതങ്ങൾ ഇല്ലങ്ങളുടെ അകച്ചുമരുകൾക്കുള്ളിൽ വിറങ്ങലിച്ചുകിടക്കുന്നത് പുതിയ തലമുറ ഒരുൾക്കിടിലത്തോടെ അറിയുന്നുണ്ട്. തലയ്ക്കുമുകളിലൂടെ കുതിച്ചുപായുന്ന കാലത്തിന്റെ കുളമ്പൊച്ചകൾ യുവതലമുറയെ നിദ്രയിൽ നിന്നുണർത്തി.

വൈദികത്വമടിച്ചേല്പിച്ച ക്രൂരതയുടെ പാപക്കറകൾ അവരുടെ മുന്നിലുറഞ്ഞുകിടന്നു. ഉണിക്കാളിമാരുടെ പ്രേതങ്ങൾ സമൂഹത്തെയാകെ അലട്ടിക്കൊണ്ടിരുന്ന ദയനീയാവസ്ഥയും സമുദായത്തിന്റെ വികൃത മുഖവും യുവാക്കളെ അസ്വസ്ഥചിത്തരാക്കി.

അമലക്കാട്ടെ ഉണ്ണിനമ്പൂതിരിയും രമണിത്തമ്പുരാനും തമ്മിലുള്ള വിവാഹബന്ധത്തിൽ വന്നുചേരുന്ന പരിണാമം, സമുദായത്തിൽ ശക്തിയാർജ്ജിച്ചുവന്ന നവോത്ഥാനപ്രവണതകളുടെ ഊർജ്ജമുൾക്കൊണ്ട ഒരു കാലഘട്ടത്തിന്റെ തേജസ്സാർന്ന ചരിത്രസന്ധിയിലേക്കുള്ള ചൂണ്ടുപലകയാണ്. സ്വന്തം ഇല്ലത്തേക്കു പോകുവാൻ ഉണ്ണിനമ്പൂതിരി തീരുമാനിക്കുന്നത് ഒരു കൊടുങ്കാറ്റിന്റെ സൂചനമാത്രമായിരുന്നു. രമണിക്കുട്ടിത്തമ്പുരാനോട് ''ഇഷ്ടമുണ്ടാച്ചാൽ താമസിക്കാം'' എന്നയാൾ തുറന്നുപറയുന്നു. സ്നേഹാർദ്രവും സൗമ്യവുമായ ഈ നിർദ്ദേശത്തിനുപിന്നിൽ ഒരു സ്ഫോടനത്തിന്റെ താപവും തീക്ഷ്ണതയുമുണ്ടായിരുന്നു. ആ ഉണ്ണിനമ്പൂതിരിയുടെ ധാർഷ്ട്യം പാരമ്പര്യത്തിന്റെ ആചാരങ്ങളെയും കാവൽപ്പുരകളെയും കുലുക്കിവിറപ്പിച്ചു. അബലകളുടെ കണ്ണീരുറഞ്ഞുകൂടിയ നാലുകെട്ടുകൾ യാഗശാലയുടെ പരിവേഷമാർജ്ജിച്ചു. പാപ്തിക്കുട്ടിയുടെ സ്മാർത്തവിചാരരംഗം നമ്പൂതിരി സമുദായത്തിന്റെ അടിക്കല്ല് ഇളക്കുന്നതായിരുന്നു. ഐശ്വര്യത്തിൽ ആണ്ടുകിടന്ന ബ്രാഹ്മണ്യത്തിന്റെ മുതുകിലൂടെ കാലം പോണ്ടിയൊഴുക്കി. പോണ്ടിയിൽ കുത്തിനിർത്തിയ തീപ്പന്തങ്ങൾ കാറ്റെത്തിച്ചിടത്തൊക്കെ തീപ്പടർത്തി. നിവർന്നു കൺമിഴിച്ച ബ്രാഹ്മണ്യം, ചാതുർവർണ്യം പൊരിഞ്ഞുകത്തുന്നതുകണ്ടു കണ്ണിറുക്കെ

ചീമ്പിയടച്ചു, കൈയ്യും കാലുമിട്ടുതല്ലി. നമ്പൂതിരി സമുദായം ദെണ്ണളക്കം കൊണ്ട് തുള്ളി. പഞ്ചനഭത്തിൽ നിന്നുപോന്നു. സ്വമേധാ ശക്തിയാൽ സഹസ്രാബ്ദങ്ങൾ താണ്ടിയ ഋക്കിന്റെ ഋഷിമാർ പ്രപൗത്രപുത്ര പരമ്പരയുടെ ഗോത്രനാശം കണ്ടു വിറങ്ങലിച്ചു. ഒരന്തർജ്ജനമായി പിറന്നത് എന്റെ കുറ്റമാണോ? 'സാധന'മായി മാറിയ അന്തർജ്ജനത്തിന്റെ ചോദ്യം ബ്രാഹ്മണ്യത്തിനു രുചിച്ചില്ല.

പാപ്തിക്കുട്ടി തന്റെ ദുർവ്വിധിയുടെ ആദ്യാനുഭവം സദസ്സിനു മുമ്പിൽ പറയുന്നതോടെ ബ്രാഹ്മണ്യം ഊർദ്ധശ്വാസം വലിച്ചു തുടങ്ങുന്നു. പാപ്തിക്കുട്ടി രോഷത്തോടെ ചോദിക്കുന്ന ചോദ്യങ്ങളിലൂടെ സമുദായത്തിന്റെ ജീർണ്ണത ഒന്നടങ്കം പുറത്തുവരുന്നുണ്ട്. "തിരിച്ചും മറിച്ചും ഓത്തു ചൊല്ലി രസിക്കുന്ന നിങ്ങൾക്കറീല്ല്യ. വാരോം വാരസ്ത്രീകളും മുടങ്ങാഞ്ഞാ മതി. ഞാനൊന്നു ചോദിക്കട്ടെ, പാതിവ്രത്യം നമ്പൂരാർക്കും കല്പിച്ചാൽ ഭ്രഷ്ടില്ലാത്ത എത്ര നമ്പൂരീണ്ടാവും?" പാരമ്പര്യത്തിന്റെ തായ്‌വേരിളക്കുന്ന ചോദ്യങ്ങളായിരുന്നു പാപ്തിക്കുട്ടിയിൽ നിന്നും നിർഗ്ഗമിക്കുന്നത്. പിന്നീട് ഒന്നൊന്നായി പാപ്തിക്കുട്ടി പറഞ്ഞ പേരുകൾ വംശപാരമ്പര്യത്തെ തന്നെ ചോദ്യം ചെയ്യുന്നതായിരുന്നു. വിചാരസഭയിൽ പാപ്തിക്കുട്ടി സ്വന്തം ഭൂതകാലം അനാവരണം ചെയ്യുന്ന നിർണ്ണായക മുഹൂർത്തം, പരമ്പരയായി ഒരു വംശം അനുഷ്ഠിച്ചുപോന്ന ദുരാചാരങ്ങളുടെ നിഷ്ഠൂരത വിളിച്ചറിയിച്ചു. അതോടെ മോചനം കാത്ത് അന്ത:പുരങ്ങൾക്കുള്ളിൽ വീർപ്പുമുട്ടിക്കഴിഞ്ഞിരുന്ന സ്ത്രീരൂപങ്ങൾക്കുവേണ്ടി സ്വാതന്ത്ര്യത്തിന്റെ പാതകൾ തുറക്കാനുള്ള ശ്രമത്തിനും പ്രാരംഭം കുറിച്ചു.

## 3.6 ശരത്തിന്റെ കരുത്തും ശരവ്യരുടെ പതനവും

വാസ്തവികതയെ വസ്തുനിഷ്ഠമായ സംഭവങ്ങളിലൂടെ യുക്തിഭദ്രമായി ആവിഷ്ക്കരിക്കുന്നതാണ് റിയലിസ്റ്റ് നോവൽ. ചരിത്രവും കാലവും വ്യക്തിയും സമൂഹവും യഥാതഥ നോവലിന്റെ ഉപാദാനങ്ങളാണ്. സംഭവങ്ങളിൽ നിന്ന് തുടർസംഭവങ്ങളിലേക്ക് ചലനാത്മകമായി വികസിക്കുക എന്നത് യഥാർത്ഥ നോവലിന്റെ രീതിയാണ്. വായനക്കാരിലേക്ക് അനുഭവസാന്ദ്രതയോടെ ഇറങ്ങിച്ചെല്ലുന്ന യഥാർത്ഥ നോവൽ, ക്യാമറയുടെ ഉൾക്കാഴ്ചയോടെ ജീവിതത്തെ വസ്തുനിഷ്ഠമായി പകർത്തുന്നു. സ്ത്രീ നോവലിസ്റ്റുകളുടെ രചനാതലത്തിൽ പ്രാമുഖ്യം നേടുന്നത് വീക്ഷണവ്യത്യാസവും സ്ത്രീ ജീവിത ദൈന്യത്തിന്റെ ആവിഷ്ക്കാരവുമാണ്.

പി. വത്സലയുടെ 'ആഗ്നേയ'വും ഇത്തരത്തിലുള്ള രചനാ പ്രത്യേകതകൾ ഉൾക്കൊള്ളുന്നതാണ്. സ്ഥലകാലങ്ങളുടെ നൈരന്തര്യവും ക്രമബദ്ധമായ ജീവിതത്തിന്റെ വികാസ പരിണാമവും 'ആഗ്നേയ'ത്തിന്റെ സവിശേഷതകളാണ്. നാഗരിക ജീവിതത്തിൽ നിന്നും ഗ്രാമീണാനുഭവങ്ങളിൽ നിന്നും ഉരുത്തിരിയുന്ന വത്സലയുടെ നോവൽ മണ്ഡലത്തിൽ മിതത്വവും കൈത്തഴക്കവുമുള്ള ഭാഷയും സങ്കേതവും കാണാം. അത് കാല്പനികതയുടെയും റിയലിസത്തിന്റെയും സൂക്ഷ്മഭാവങ്ങളിലേക്കും മനുഷ്യന്റെ വ്യക്തിത്വങ്ങളിലേക്കും ഇറങ്ങിച്ചെല്ലുന്നു. ഭാഷയുടെ ഇത്തരം പരിണതിയാണ് വത്സലയെ മറ്റു നോവലിസ്റ്റുകളിൽ നിന്ന് വേറിട്ടുനിർത്തുന്നത്. ജാതിയുടെ പേരിൽ പൂർണ്ണ അടിമത്തം അനുഭവിച്ച ഒരു ജനതയുടെ ഉദ്ധാരണം 'ആഗ്നേയം' ലക്ഷ്യമിടുന്നു. പ്രകൃതിയിൽ നിന്ന് അന്യവത്ക്കരിക്കപ്പെടുമ്പോൾ അടിമകളും അവഹേളിക്കപ്പെട്ടവരുമായി മാറുന്നവരാണ് വത്സലയുടെ സ്ത്രീകഥാപാത്രങ്ങൾ. വയനാടൻ പ്രദേശങ്ങളുമായുള്ള എഴുത്തുകാരിയുടെ

ആത്മബന്ധം എഴുത്തിന്റെ രാഷ്ട്രീയ പ്രതിബദ്ധതയായി കാണാം. സ്ത്രീകഥാപാത്രങ്ങൾ മിക്കവരും പുരുഷാധിപത്യ സമൂഹത്തിൽ പിടിച്ചു നിൽക്കാനുള്ള ശ്രമങ്ങൾ നടത്തുന്നവരായി പ്രത്യക്ഷപ്പെടുന്നു.[32]

മാറിയ കാലത്തിന്റെയും അവസ്ഥയുടെയും പ്രതിനിധിയാണ് പി. വത്സല. പ്രക്ഷുബ്ധമായ മനസ്സിന്റെ പ്രകോപനങ്ങളോ പ്രചോദനങ്ങളോ അല്ല വത്സലയുടെ രചനകൾ. സ്ത്രീയുടെ സ്വാതന്ത്ര്യം ഒറ്റപ്പെട്ട ഒന്നല്ലെന്നും അത് പുരുഷൻ, കാലം, രാഷ്ട്രീയം എന്നിവയുമായി അവിഭാജ്യ ബന്ധം പുലർത്തുന്നതാണെന്നും അവർ കണ്ടെത്തുന്നു. പുരുഷന്റെ ഇംഗിതങ്ങൾ സാമൂഹികനിയമാവലികളായി സ്ത്രീകളിലേക്ക് അടിച്ചേൽപ്പിക്കപ്പെടുന്നു. സ്വത്വബോധവും പരിസരബോധവും നഷ്ടപ്പെടുത്തി സ്ത്രീയെ സാമൂഹികതലത്തിൽ നിന്ന് ഗൃഹാവസ്ഥയിലേക്ക് മാറ്റി നിർത്തുമ്പോൾ വംശവർദ്ധനവിന്റെയും വച്ചുവിളമ്പലിന്റെയും പരിധിയിലേക്ക് അവളെ ചുരുക്കുകയാണ് ചെയ്യുന്നത്. ജീവിതത്തെക്കുറിച്ച് വ്യക്തമായ അവബോധമുള്ള 'ആഗ്നേയ'ത്തിലെ നങ്ങേമയുടെ പ്രവൃത്തികൾ പുരുഷാധിപത്യസമൂഹത്തിന് അംഗീകരിക്കാൻ പ്രയാസമായിരുന്നു. ചിന്തിക്കാനും പ്രവർത്തിക്കാനും സ്വന്തം കാലിൽ നിൽക്കാനും പുരുഷന്റെ നിഴലിൽ നിന്ന് രക്ഷപ്പെട്ട് ജീവിക്കാനുമുള്ള നങ്ങേമയുടെ പ്രവണത പുരുഷാധിപത്യസമൂഹം ഒരിക്കലും അംഗീകരി ക്കുന്നതല്ല.

സ്ത്രീജീവിതത്തെ മുഖ്യപ്രമേയമാക്കുന്ന വത്സലയുടെ നോവലുകളിൽ പ്രധാനസ്ഥാനമാണ് ആഗ്നേയത്തിനുള്ളത്. സഹനവും ദുരന്തവും ഏറ്റെടുക്കുന്ന ആദർശാത്മകത നോവലിലെ നങ്ങേമ എന്ന

കഥാപാത്രത്തിനുണ്ട്. ഏഴുപെൺമക്കളെ വേളികഴിച്ചുകൊടുത്ത ഇല്ലത്തെ അവസാനത്തെ പെണ്ണായിരുന്നു നങ്ങേമ. പാരമ്പര്യവും പ്രതാപവും കടംകയറി മുടിഞ്ഞപ്പോൾ ഓരോരുത്തരായി നാടുവിട്ടു. പുതിയ തലമുറയെ വളർത്താൻ പഴയ പ്രതാപങ്ങളുടെ ഓർമ്മകൾ പോരാത്തതുകൊണ്ട് നങ്ങേമയും വയനാട്ടിലെത്തി. വയനാട്ടിലേക്കുള്ള നമ്പൂതിരി കുടിയേറ്റം ഒരു ചരിത്രയാഥാർത്ഥ്യമാണ്. അവർ കാട് നാടാക്കി പൂജ വ്രതവും കൃഷി തൊഴിലുമാക്കി. കുഞ്ഞുനാളിൽതന്നെ നങ്ങേമ കുടുംബ ബാധ്യതകളിലേക്ക് എടുത്തെറിയപ്പെടുന്നുണ്ട്. അനിയൻ കുഞ്ഞപ്പുവിനെ പ്രസവിച്ചതോടെ നങ്ങേമയുടെ അമ്മ അവശയായി. അന്നുമുതൽ കുടുംബഭാരം തലയിൽ വന്നുചേർന്നു. പ്രസവത്തോടെ ഏടത്തിയും മരിച്ചപ്പോൾ മറ്റൊരു ജീവനും കൂടി അന്നംതേടേണ്ട ചുമതലയായി നങ്ങേമയ്ക്ക്. അമ്മുവും അപ്പുവും കുട്ടികളായിരിക്കുമ്പോഴാണ് ഭർത്താവ് മരിച്ചത്. ഏട്ടത്തിയുടെ ഭർത്താവിന്റെ (അച്യുതേട്ടൻ) ക്ഷണപ്രകാരമാണ് നങ്ങേമ വയനാട്ടിലെത്തുന്നത്. പടിപ്പുരയിൽ അടിയാത്തികൾക്കുവേണ്ട ഉപ്പും മുളകും പുളിയും വിറ്റ് നങ്ങേമ കച്ചവടം ചെയ്യുന്നു. കൊല്ലിമൂലയിൽ പങ്കുകൃഷി തുടങ്ങിയ അന്തർജ്ജനം അടിയാത്തികൾക്ക് ഒരു പുതുമയായി. പങ്കിനുകൃഷിഭൂമി വാങ്ങി വിളയിറക്കിയത് പലരുടെയും സഹായം കൊണ്ടായിരുന്നു. അഞ്ചുവർഷത്തിനുശേഷം ഒമ്പതേക്ര ഇരുപ്പുനിലത്തിന്റെയും ഉടമയായി. നാലേക്ര കരകൃഷിയുടെയും കടമില്ലാതെ ഒരേയൊരു ജന്മിയായി മാറി നങ്ങേമ.

ജന്മിത്തത്തിന്റെയും മാപ്പിളമാരുടെയും ഹുങ്ക് നങ്ങേമ അനുഭവിക്കുന്നുണ്ട്. ഒറ്റയ്ക്കു താമസിച്ചിരുന്ന രണ്ടന്തർജ്ജനങ്ങളെ (നങ്ങേമയേയും ഏടത്തിയേയും) മാപ്പിളമാർ ശല്യപ്പെടുത്തി. വാതിൽ

തുറക്കാതിരുന്നപ്പോൾ തെങ്ങിന്റെ കുരലുകൾ അരിഞ്ഞിട്ടു നാടിന്റെ മുഴുവൻ ജന്മിയായിരുന്ന കേയിമാപ്പിളയെ നങ്ങേമ എതിർത്തു നിന്നു. ഏടത്തിയുടെ ഭർത്താവ് മറ്റൊരു കേയിയാണെന്ന് നങ്ങേമ മനസ്സിലാക്കി. ഏടത്തിയുടെ അടുക്കളയിൽ അന്യപുരുഷന്റെ ശ്വാസത്തിനുകീഴെ നടുങ്ങിനിൽക്കേണ്ട ഗതികേട് നങ്ങേമയ്ക്കുണ്ടായിരുന്നു.

മകൻ അപ്പു വളർന്ന് രാഷ്ട്രീയക്കാരനായപ്പോൾ അവൻ കുടുംബത്തിന് നഷ്ടപ്പെടുമോ എന്ന ഭയം അവർക്കുണ്ടായി. മകൻ വഴിതെറ്റിപ്പോകുമോ എന്ന ഭയം അവന് നല്ല ബുദ്ധി കൊടുക്കാനുള്ള അവരുടെ പ്രാർത്ഥനയായി മാറി. മകന്റെ മുന്നിൽ മാത്രമാണ് അവരുടെ ഇച്ഛാശക്തി കീഴ്പ്പെട്ട് പോകുന്നത്. അപ്പുവിനെ നന്നാക്കിയെടുക്കാൻ അവർ കണ്ടുപിടിച്ച വഴി അവനെ കല്ല്യാണം കഴിപ്പിക്കലായിരുന്നു. ഒതുക്കവും അടക്കവുമുള്ള കുലീനയായ ഒരു നമ്പൂതിരിപെൺകുട്ടിയെ (പാർവ്വതി) അവർ മകനുവേണ്ടി മനസാ നിശ്ചയിക്കുകയും ചെയ്തു.

മകന്റെ രാഷ്ട്രീയ സാമൂഹിക ജീവിതത്തിൽ നിന്ന് അവനെ കുടുംബത്തിലേക്ക് വീണ്ടെടുക്കാൻ ശ്രമിക്കുന്ന അമ്മയാണ് നങ്ങേമ. ആ ശ്രമം പാഴാകുന്നു. താൻ നിശ്ചയിച്ച പെൺകുട്ടിയെ മകന്റെ വധുവാക്കി, ഭർത്താവായും ഗൃഹസ്ഥനായും അവനെ കുടുംബത്തിനുള്ളിൽ സൂക്ഷിക്കാനുള്ള ശ്രമം പാഴാകുമ്പോൾ കഠിനമായ ഇച്ഛാഭംഗം അവർ അനുഭവിക്കുന്നുണ്ട്. മകൻ തന്റെ നിയന്ത്രണത്തിലല്ല എന്നറിഞ്ഞിട്ടും അവസാന നിമിഷം മാത്രമേ അവന്റെ താല്പര്യത്തിന് അവർ വിട്ടുകൊടുക്കുന്നുള്ളൂ. അവൻ അച്ഛന്റെ മോനാണ് എന്ന ബോധം കൊണ്ടാണ് പിന്നീട് ആ സത്യത്തെ നങ്ങേമ നേരിടുന്നത്. ഭൂതകാലം നങ്ങേമയെ വേട്ടയാടുന്നില്ല. അകാലത്തിൽ വിധവയാകേണ്ടി വന്നതിന്റെ

ആത്മസംഘർഷങ്ങൾ അവരിലുണ്ട്. വർത്തമാനത്തിൽ നിന്ന് ഭാവിയിലേക്ക് അവർ ചിന്തിക്കുന്നു. സ്വപ്രത്യയ സ്ഥൈര്യവും ഇച്ഛാശക്തിയും കൊണ്ട് ജീവിതത്തെ നേരിടാൻ അവർ ശ്രമിക്കുന്നു. ജീവിതത്തെ കാല്പനികമായല്ലാതെ തിരിച്ചറിയുകയും നേരിടുകയും ചെയ്യുന്നതുകൊണ്ടാണ് നങ്ങേമ മലയാളത്തിലെ സ്ത്രീകഥാപാത്രങ്ങളിൽ ഉയർന്നുനിൽക്കുന്നത്. വത്സലയുടെ വീക്ഷണം അന്തർമുഖതയുടേതല്ല, സാമൂഹികമാണ്. നിരാശാഭരിതമല്ല. പ്രതീക്ഷാഭരിത മാണെന്ന് കെ.എം. തരകന്റെ നിരീക്ഷണം ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്.[33]

ആദർശവത്കൃതമായ മാതൃപുത്രബന്ധമാണ് ആഗ്നേയത്തിൽ ചിത്രീകരിക്കുന്നത്. മാതൃത്വത്തിന്റെ സ്ത്രൈണ യാഥാർത്ഥ്യങ്ങൾക്കപ്പുറത്താണ് നങ്ങേമയുടെ നില. "മാറിടം പുകഞ്ഞു. പുകഞ്ഞു പുകഞ്ഞു പൊട്ടി. ഉറവകൾ ഒഴുകി. റവുക്ക നനഞ്ഞു. കാട്ടുവഴിയിലെ കരിയിലകളിൽ മുലപ്പാൽ ഇറ്റുവീണു. മഴവെള്ളം അതു കഴുകിയെടുത്തു. പാഴിലായ പാൽത്തുള്ളികളെയോർത്ത് ദു:ഖിച്ചില്ല.[34]" മാതൃത്വത്തെ എരിയുന്ന കനലാക്കി മനസ്സിലടക്കുന്ന സ്ത്രീത്വത്തിന്റെ ബിംബാവിഷ്ക്കാരമാണ് നങ്ങേമയിലൂടെ നോവലിസ്റ്റ് വരച്ചുവെയ്ക്കുന്നത്. നോവലിൽ അവർ എല്ലാവരുടേയും അമ്മയാണ്. സഹനത്തിന്റെയും ത്യാഗത്തിന്റെയും മൂർത്തി. ഇച്ഛാശക്തിയും തന്റേടവും അവരുടെ വാക്കിനും പ്രവൃത്തിക്കും മൂർച്ചയേറ്റുന്നു. 'തീയിൽ വെന്തതു തീയിൽ കാച്ചണം' എന്ന യാഥാർത്ഥ്യബോധമാണ് നങ്ങേമയെ മുന്നോട്ടുനയിക്കുന്നത്. സ്ത്രീയുടെ പരമോന്നത ലക്ഷ്യവും സാഫല്യവുമായി മാതൃത്വം 'ആഗ്നേയ'ത്തിൽ പ്രത്യക്ഷപ്പെടുന്നു. വൈധവ്യം നങ്ങേമയെ തളർത്തിയില്ല. ജീവിതത്തിന്റെ കർതൃത്വം സ്വയം ഏറ്റെടുക്കുകയും ജാഗ്രതയോടെ മുന്നിട്ടിറങ്ങുകയുമാണവർ ചെയ്തത്. മറ്റൊരു വിവാഹത്തെക്കുറിച്ച് നങ്ങേമ

ചിന്തിക്കുന്നതേയില്ല. പത്മനാഭമേനോൻ നങ്ങേമയോട് അടുപ്പം സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴെല്ലാം നങ്ങേമ അത് അവഗണിക്കുന്നു. 'എന്റെ മക്കളെ നോക്കാൻ ഞാൻ മതി' എന്നവർ പറയുന്നുണ്ട്.

അമ്പലവട്ടത്തെ പുതുതായി വന്ന മാനേജരായിരുന്നു പത്മനാഭമേനോൻ. നങ്ങേമയുണ്ടാക്കുന്ന ചോറും കറികളുമെല്ലാം കുഞ്ഞപ്പു മേനോനെത്തിച്ചുപോന്നു. മേനോന്റെ പ്രശംസകളെ നങ്ങേമ ഗൗനിച്ചില്ല. മേനോന്റെ സഹായം തേടിയാണ് നങ്ങേമ കൃഷി ചെയ്യാനാരംഭിച്ചതെങ്കിലും അയാളോട് വിധേയത്വം കാണിച്ചില്ല. അവൾ മേനോന്റെ അതിരുവിട്ട പ്രവൃത്തികളെ വിമർശിക്കുകയും ചെയ്തു. 'നങ്ങേമയ്ക്ക് നങ്ങേമയുടെ വഴി. അത് ഇടുങ്ങിയതാണ്. നങ്ങേമ ഏതു മൂക്കുപാലത്തിമ്മലും നടക്കാൻ ശീലിച്ചിട്ടുണ്ട്. അതോണ്ട് വീഴില്ല.[35] പത്മനാഭമേനോനോട് പറയുന്ന വാക്കുകൾ എല്ലാവരോടുമുള്ള താക്കീതാണ്. നങ്ങേമയോട് അടുക്കാനുള്ള അയാളുടെ ശ്രമങ്ങൾ പാഴാക്കുന്നതായിരുന്നു ഈ വാക്കുകൾ. ഭർത്താവിന്റെ പ്രതിരൂപമായി മകനെ അവൻ കാണുന്നു. അപ്പുവിന്റെ താല്പര്യങ്ങൾക്കൊന്നും എതിരുനിൽക്കാനവർക്ക് കഴിഞ്ഞില്ല. അവൻ അച്ഛന്റെ മകനാണ്. പോലീസിന്റെ തല്ലുകൊണ്ട് എല്ലുവെള്ളവും മനസ്സുകല്ലുമാക്കപ്പെട്ട അച്ഛന്റെ – മറ്റുള്ളവർക്കുവേണ്ടി സ്വന്തം എല്ലുകളെ പണയപ്പെടുത്തിയ അച്ഛന്റെ – മകൻ.'[36] നാടുനന്നാക്കാൻ നടന്ന അച്ഛന്റെ പ്രതിരൂപമായാണ് മകനെ നങ്ങേമ കാണുന്നത്. ഭർത്താവിനെക്കുറിച്ചോർക്കുമ്പോഴുള്ള ആദരവുകൊണ്ട് അപ്പുവിനെ അവർക്ക് പ്രതിരോധിക്കാനാവുന്നില്ല. ചെറുപ്പക്കാരുടെ രാഷ്ട്രീയ ലക്ഷ്യത്തെക്കുറിച്ച് നങ്ങേമ അജ്ഞയാണ്. വിശക്കുന്നവർക്കു അന്നം കൊടുക്കുക എന്ന മനുഷ്യത്വപരമായ സമീപനമാണവർ സ്വീകരിച്ചത്. കലാപകാരികളാണവരെന്ന്

മറ്റെല്ലാവരും പറഞ്ഞപ്പോഴും അപ്പുവിന്റെ കൂട്ടുകാരാണ് എന്നതായിരുന്നു നങ്ങേമയുടെ ആശ്വാസം.

കുടുംബത്തിനുള്ളിൽ അടച്ചിടപ്പെട്ട ജീവിതം നോവലിസ്റ്റിനെ വെറുപ്പിക്കുന്നു. വീട് ഒരു തടവറയാണെന്ന അനുഭവപാഠം കഥാപാത്രങ്ങൾക്കുണ്ട്. പുരുഷന്റെ അഹന്തകളാൽ അവർ നിരന്തരം മുറിവേറ്റുകൊണ്ടിരിക്കുന്നു. ഏറ്റവുമൊടുവിൽ മാത്രം അവൾ പ്രതിഷേധിക്കുന്നു. സ്ത്രീ രണ്ടാംകിടയല്ലെന്ന് അവർ സ്വന്തം കഴിവുകൾകൊണ്ട് തെളിയിക്കുന്നു. സ്ത്രീജീവിതം പരിമിതപ്പെട്ടുപോകുന്നതിന്റെ സാമൂഹികവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനാൽ അവയ്ക്കെതിരെ പ്രതികരിക്കുന്ന സ്വത്വബോധമാണ് നങ്ങേമയിലൂടെ പ്രകടമാകുന്നത്. “ഏടത്തിയുടെ അടുക്കളയിൽ അന്യപുരുഷന്റെ ശ്വാസത്തിനുകീഴെ മുഖം കുനിച്ചുനിൽക്കേണ്ടിവന്നപ്പോൾ, അന്യന്റെ എച്ചിലെടുത്തപ്പോൾ എന്റെയുള്ളിൽ നീറിയെരിഞ്ഞ വൈധവ്യത്തിന്റെ പ്രാണവേദന ആരും അറിഞ്ഞില്ല.[37]” നങ്ങേമയുടെ ഈയവസ്ഥ പുരുഷാധിപത്യസമൂഹത്തിന് അന്യമാണ്. വ്യക്തമായ രാഷ്ട്രീയവീക്ഷണമുള്ള അപ്പുവിനുപോലും സ്ത്രീ ജീവിതത്തോടുള്ള സമീപനത്തിൽ ആധിപത്യസ്വഭാവമാണുള്ളത്.

സ്ത്രീ അബലയാണെന്ന പാരമ്പര്യബോധത്തെ വത്സലയുടെ കഥാപാത്രങ്ങൾ നിരാകരിക്കുന്നു. നോവലിസ്റ്റ് പറയുന്നു. അടക്കവും ഒതുക്കവുമുള്ള സ്ത്രീകളായി സമൂഹം കാണുന്നത് ഇങ്ങനെയുള്ളവരെയാണ്. ‘അച്ഛനമ്മമാർ പറഞ്ഞപ്പോൾ സ്കൂളിൽ പോയി. മുത്തശ്ശി പറഞ്ഞപ്പോൾ പഠിപ്പുനിർത്തി. കാരണവന്മാർ പറഞ്ഞപ്പോൾ താലിക്കു കഴുത്തു

കാണിച്ചുകൊടുത്തു. ഭർത്താക്കന്മാർക്ക് ആവശ്യമുള്ളപ്പോൾ അവരുടെ മണിമേടയിലുറങ്ങി. അല്ലാത്തപ്പോൾ കുഞ്ഞുങ്ങളുടെ മൂത്രപ്പായിൽ' സ്ത്രീ അബലയാണെന്ന പാരമ്പര്യബോധത്തെ വത്സലയുടെ കഥാപാത്രങ്ങൾ തിരസ്ക്കരിക്കുന്നു.[38] യാഥാസ്ഥിതികമായ സ്ത്രീഭാവങ്ങളിൽ കഥാപാത്രങ്ങളെ തളച്ചിടാതെ ത്യാഗപൂർണ്ണമായ ഭാര്യാത്വവും മാതൃത്വവും പുത്രസ്നേഹവും സ്ത്രീയുടെ സഹജഭാവമാണെന്ന കണ്ടെത്തലിലേക്കാണ് ആഗ്നേയം വിരൽചൂണ്ടുന്നത്. പുരുഷന്റെ താങ്ങോ സഹായഹസ്തമോ കൂടാതെ തന്നെ ജീവിതത്തെ നേരിടാനാവുമെന്നും തന്റെ ജീവിതം കൊണ്ട് നങ്ങേമ തെളിയിക്കുന്നു.

വത്സലയുടെ പ്രതിപാദന ശൈലി സുതാര്യമോ ലളിതമോ അല്ല. പ്രതീകങ്ങളും രൂപകങ്ങളും ഔപമ്യങ്ങളും സമൃദ്ധം. രൂപഘടനയിൽ മിക്കപ്പോഴും ഉപമേയം ഊഹത്തിനുവിടും.[39] മന:പൂർവ്വം എടുത്തണിയുന്ന മുഖംമൂടികൾ ചിലപ്പോൾ ചില സന്ദർഭങ്ങളിൽ അഴിഞ്ഞുവീണേക്കാം. അനുഭവതലങ്ങളിലേക്കും മനുഷ്യന്റെ പീഡിതാവസ്ഥകളിലേക്കും ഇറങ്ങിച്ചെന്ന് ജീവിതത്തെ ഉൾക്കാഴ്ചയോടെ സമീപിക്കാൻ നോവലിസ്റ്റിന്റെ ഭാഷ പര്യാപ്തമാണ്. വാക്കുകൾ നിർജ്ജീവവസ്തുക്കളുടെ ബിംബാവലികളിൽ നിന്നുയർന്ന് അനുഭൂതിതലങ്ങളിലേക്കും വിചാരതലങ്ങളിലേക്കും എത്തിച്ചേരുന്നു. സ്ഥലകാലങ്ങളുടെ നൈരന്തര്യവും ക്രമബദ്ധമായ ജീവിതത്തിന്റെ വികാസ പരിണാമവും നോവലിന്റെ പ്രത്യേകതയാണ്.

മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവും വാങ്മയവുമായ പരിതോവസ്ഥകളുടേയും ആർജ്ജിതബോധത്തിന്റേയും ആകെത്തുകയാണ് സംസ്കാരം. പാരമ്പര്യത്തിൽ നിന്ന് വർത്തമാനത്തിലേക്കും തദ്വാരാ

ഭാവിയിലേക്കും നീളുന്ന നൂലിഴബന്ധം ഈ സാംസ്കാരിക ഘടകങ്ങൾക്കുണ്ട്. സംസ്കാരക്രിയകൾ, വിനോദോപാധികൾ, ആചാരാനുഷ്ഠാനങ്ങൾ, ഗാർഹികാനുഷ്ഠാനങ്ങൾ, പാർപ്പിടം, വസ്ത്രം, ഭക്ഷണം, സർഗ്ഗാത്മകമായ കഴിവുകൾ ഇവയെല്ലാം ചേർന്നാണ് മനുഷ്യൻ രൂപപ്പെടുകയോ മനുഷ്യനെ രൂപപ്പെടുത്തുകയോ ചെയ്യുന്നത്. രൂപപ്പെടലിന്റേയും രൂപപ്പെടുത്തലിന്റേയും തലങ്ങൾ തമ്മിലുള്ള സമന്വയത്തിന്റെ അനിവാര്യതയാണ് ഇവിടെ പ്രസക്തമായിട്ടുള്ളത്. അതായത് വ്യക്തിക്ക് വ്യക്തിയായും വ്യക്തിക്ക് സമൂഹവുമായുള്ള അലിഖിതമായ കരാർ പാലിക്കപ്പെടുമ്പോൾ മാത്രമേ വ്യക്തിയും സമൂഹവും സാമൂഹിക-സാംസ്കാരിക നിർമ്മിതിയായി മാറുകയുള്ളൂ. അതായത് സംസ്കാരം മനുഷ്യന്റെ ഉത്കണ്ഠകളായി മാറുമ്പോൾ മാത്രമേ ഉപഭോഗപരതയുടെ തലം സാക്ഷാത്കരിക്കുവാൻ സാധിക്കുകയുള്ളൂ. സംസ്കാരം ജീവിതത്തെ തീർക്കുന്ന ഇതരഘടകങ്ങളെപ്പോലെ ഉപഭോഗിക്കപ്പെടേണ്ടതാണെന്ന ബോധം ശക്തമാകുമ്പോൾ മാത്രമേ അതിനുവിമോചനപരമായ ദൗത്യം നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് സംസ്കാരത്തിന്റെ വിമോചനാത്മക വീര്യത്തിന്റെ ഉദ്ഗാനങ്ങളായിത്തീരുന്നു എല്ലാ സർഗ്ഗാത്മക സൃഷ്ടികളും; വിശിഷ്യാസാഹിത്യം. ഈയൊരു സാംസ്കാരിക വിശകലനത്തിന്റെ തലത്തിൽ നിന്നുകൊണ്ടുവേണം മുകളിൽ അപഗ്രഥന വിധേയമാക്കിയ കൃതികളെക്കുറിച്ചുള്ള മൂല്യവിചാരത്തിലേർപ്പെടാൻ.

താനിടപെട്ടുകൊണ്ടേയിരിക്കുന്ന സാംസ്കാരിക സാഹചര്യം നിർമ്മാണാത്മകമാണോ പ്രതിലോമപരമാണോ എന്നാണ് ഒരെഴുത്തുകാരൻ അഭിമുഖീകരിക്കുന്ന ആദ്യത്തെ ചോദ്യം. സർഗ്ഗാത്മകവീര്യത്തെ ഉണർത്തുകയും നിർമ്മാണോത്സുകമാക്കിമാറ്റുകയും ചെയ്യുന്നത് ഈ ചോദ്യമാണ്. ഇതിന് ഉത്തരം കണ്ടെത്താതെ ഒരു പ്രതിഭയ്ക്കും നിലനിൽക്കുക സാധ്യമല്ല.

അനന്തമായ ആന്തരികവിക്ഷോഭത്തിൽപെട്ട് ആത്മഹൂതിയടയാൻ ഒരെഴുത്തുകാരനും തയ്യാറല്ല. നിലവിലുള്ള പ്രതിലോമപരമായ ഘടകങ്ങളെ തകർത്ത് സർഗ്ഗാത്മക വീര്യത്തിന്റെ സഹായത്തോടെ അയാൾ പുതുലോകം പടുത്തുയർത്തുന്നു. സംസ്കാരബന്ധസുവിശേഷങ്ങളുടെ അടിത്തറ പണിതുകൊണ്ടുമാത്രമേ അയാൾക്ക് മേൽപ്പുര തീർക്കാൻ സാധിക്കുകയുള്ളൂ. മേൽപറഞ്ഞ അഞ്ച് എഴുത്തുകാരും ഇന്ത്യയ്ക്ക് അവരുടെ പ്രാദേശികതലത്തിൽ ഭദ്രമായ സാംസ്കാരികാടിത്തറ തീർത്തവരാണെന്ന് നിസ്സംശയം പറയാം. വ്യത്യസ്ത കാലഘട്ടങ്ങളിൽ കേരളീയ ജീവിതത്തെ അഭിസംബോധന ചെയ്തവരാ യിരുന്നെങ്കിലും അദൃശ്യമായ ഏകമനസ്സ് ഇവരെ കാലത്തെ അപ്രത്യക്ഷമാക്കിക്കൊണ്ട് സംയോജിപ്പിച്ചിരുന്നു. സംയോജനത്തിലെ പാരസ്പര്യവും സൗന്ദര്യവുമാണ് തൽകർത്താക്കളെയും അവരുടെ ആഖ്യാനരീതിയെയും സവിശേഷമാക്കുന്നത്. സവിശേഷമായ ആത്മകാന്തിക്ക് സുവിശേഷത്തിന്റെ പ്രാധാന്യം ഭാവുകൻ നൽകിയതുകൊണ്ടായിരിക്കണം കാലത്തെ വെല്ലുന്ന ജീവിതത്തിന്റെ നേർസാക്ഷ്യങ്ങളായി അവ ഇന്നും കൊണ്ടാടപ്പെടുന്നത്.

ഞാൻകൂടി ഉൾക്കൊള്ളുന്ന ഉത്തമ പുരുഷാഖ്യാനത്തിന്റെ സമ്പ്രദായമാണ് ഈ നോവലുകളിലെല്ലാം നമുക്കു കാണാൻ സാധിക്കുന്നത്. എഴുത്തുകാരന്/എഴുത്തുകാരിക്ക് സാഹചര്യങ്ങളിൽ നിന്ന് ഒളിച്ചോടാവുന്നതേയുള്ളൂ. കഥാകഥനം സാരവത്തായി തീരണം എന്നുണ്ടെങ്കിൽ അയാളുടെ പങ്കാളിത്തം അത്യന്താ പേക്ഷിതമാണെന്ന് ഇവർ വിശ്വസിക്കുന്നതായി കരുതണം. ഞാൻ കൂടി ഉൾപ്പെടുന്ന ഒരു സാമൂഹിക സാഹചര്യത്തെ പരിഷ്ക്കരിക്കുന്നതിൽ താൻ അദൃശ്യനായിരുന്നാൽ പോരെന്നും നേരിട്ട് ഇടപെടുമ്പോഴാണ് ലക്ഷ്യസാക്ഷാത്കാരം ഉണ്ടാകുന്നതെന്നും ഇവർ കരുതുന്നു. തീവ്രവും തിക്തവുമായ അനുഭവത്തിന്റെ ചൂളയിൽ തീർക്കപ്പെടുന്ന

കഥാപാത്രങ്ങൾക്ക് മനോബലം ഏറുമെന്ന് ഇവരെല്ലാം ലോകത്തോട് വിളിച്ചുപറഞ്ഞു. ഉത്തരാധുനിക കാലഘട്ടത്തിൽ നാം പരിചയപ്പെടുന്ന ജീവിതത്തിലോ കലയിലോ മാതൃകകൾ ഉണ്ടാകുന്നില്ലെന്ന് നാം വ്യാകുലപ്പെടാറുണ്ട്. ഓരോ വ്യക്തിയും അവനവന് മാതൃകയായി രൂപാന്തരപ്പെടുന്നതുകൊണ്ടായിരിക്കാമത്. എന്നാൽ അരനൂറ്റാണ്ടിനുമുമ്പ് കേരളത്തിന്റെ ബഹുവിധമായ വികസനം മന്ദഗതിയിലായിരുന്ന കാലത്ത് ഫ്യൂഡൽ മനോഭാവം ഭൂരിപക്ഷ ജീവിതത്തെ മുരടിപ്പിച്ചിരുന്ന ജീവിതസന്ദർഭത്തിൽ ചില മാതൃകകൾ ഉണ്ടാകേണ്ടതുണ്ടെന്ന് അന്തർജനം തൊട്ടിങ്ങോട്ടുള്ള എഴുത്തുകാർ ഉപദർശിച്ചിരുന്നു. എഴുത്ത് ദർശനത്തിന്റെ ആവിഷ്ക്കാരമാണെന്നു പറയുന്നത് മറ്റൊന്നും കൊണ്ടല്ല. ദർശനം സമ്യക് വീക്ഷണമാണ്. ജീവിതത്തെ അതിന്റെ സാകല്യതയിൽ ജീവിതമാക്കി മാറ്റാൻ സമ്യക്‌വീക്ഷണങ്ങളുടെ സഹായം കൂടിയേതീരൂ. ഇത് ഒരു പ്രത്യേക കാലത്തിന്റെ തിരിച്ചറിവല്ല. എല്ലാ കാലഘട്ടങ്ങളിലും ഇതുണ്ടായിട്ടുണ്ട്. കാട്ടാളൻ നരനായി മാറുകയും ആ നരൻ യഥാർത്ഥ നാരതത്വം എങ്ങനെ കൈവരുമെന്ന് അന്വേഷിക്കുകയും ചെയ്തതിന്റെ അനന്തരഫലമാണ് നാം അനുഭവിച്ചുപോരുന്ന സാഹിത്യമാതൃകകളെല്ലാം. ആദികാവ്യത്തിന്റെ ഉദ്ദേശശുദ്ധിയുടെ പ്രഭാപ്രസരം വരുംകാല കൃതികളിലേക്ക് വ്യാപിക്കുകയുണ്ടായി. സാമൂഹ്യപരിഷ്ക്കരണ വ്യഗ്രതയോടെ രചിക്കപ്പെട്ട മേൽപറഞ്ഞ അഞ്ചുനോവലുകളും ഈ കിരണങ്ങളേറ്റ് നക്ഷത്രദീപ്തിയോടെ വർത്തിക്കുന്നു. അതുകൊണ്ടാണ് നമ്പൂതിരി സ്ത്രീജീവിതത്തിന്റെ പ്രശ്നങ്ങൾ അപഗ്രഥിക്കുമ്പോൾ ഇവ ചേർത്ത് പഠിക്കേണ്ടിവരുന്നത്.

കൂട്ടായ്മയുടെ സമഗ്രവിജ്ഞാനമാണ് ഫോക്‌ലോർ. നമ്പൂതിരി സമുദായത്തിലെ വ്യത്യസ്ത ജീവിതസാഹചര്യങ്ങളെ വിലയിരുത്തുന്ന ഈ

നോവലുകൾ ആചാരാനുഷ്ഠാനങ്ങളുടേയും മന്ത്രതന്ത്രാദികളുടേയും നാമരൂപങ്ങളുടേയും വിശ്വാസങ്ങളുടേയും വിലക്കുകളുടേയും വലിയൊരു ലോകം തുറന്നുതരുന്നുണ്ട്. അതിസങ്കീർണ്ണമായ ഈ ലോകം ഒരു കാലഘട്ടത്തിന്റേയും ഒരു ജനതയുടേയും ലോകബോധത്തെ രൂപപ്പെടുത്തിയതെങ്ങനെയെന്നും വരുംകാലത്തിന്റെ ലോകബോധം എപ്രകാരമായിരിക്കണമെന്നും വെളിപ്പെടുത്തുന്നുണ്ട്.

'എങ്കിലും അവരെല്ലാവരും വിജ്ഞാനത്തെ വാരിവാരിക്കഴിച്ചു എന്നു തന്നെ പറയാം. അങ്ങനെ ഒരു പണത്തൂക്കം മാമൂൽപാറയുടെ ഉള്ളിൽപെട്ടാൽ അവിടെക്കിടന്നമർന്ന് തീപിടിച്ചുപൊട്ടി ആ പാറക്കെട്ടിനെ മുഴുവനും തവിടുപൊടിയായി തകർക്കുമ്പോൾ മതിയായ പല ഉത്കൃഷ്ടാശയങ്ങളെയും അവർ ഉൾക്കൊണ്ടുപോന്നു' അപ്ഫന്റെ മകളിലെ ഈ വാക്യം മേൽപറഞ്ഞ വസ്തുതകളെ ആധികാരികമായി ഉറപ്പിക്കുന്നുണ്ട്. കാലത്തേയും ജനതയേയും നിർമ്മിക്കുന്ന ഉത്കൃഷ്ടമായ ആശയങ്ങളുണ്ടാവുക ആ ആശയങ്ങൾ വർത്തമാനകാലത്തിന്റെ ഹൃദയാകാശത്തെ സപ്തവർണ്ണ സുന്ദരമാക്കുക അതിന് ഭോഗപരതയുടെ ആഴങ്ങളിൽ വേരോട്ടമുണ്ടാവുക; അപ്പോഴാണ് ആശയങ്ങൾക്ക് വിമോചനാത്മകമായ വീര്യമുണ്ടാകുന്നത്. ഇന്ത്യൻ സംസ്കാരം എന്ന് വിശേഷിപ്പിക്കപ്പെടുന്ന സാംസ്കാരികധാരയുടെ കാവൽഭടന്മാരെന്ന് പ്രകീർത്തിക്കപ്പെട്ട നമ്പൂതിരി സമുദായത്തിലെ യാഥാസ്ഥിതികപക്ഷം ദർശനങ്ങളെ പാതാളത്തോളം ചവുട്ടിത്താഴ്ത്തിയപ്പോൾ അതിനെതിർ നിൽക്കുന്ന ലോകവീക്ഷണത്തെ സ്വരൂപീക്കേണ്ടത് അനിവാര്യമായിരുന്നുവെന്നും 'വിജ്ഞാനത്തെ വാരിവാരിക്കഴിച്ച' 'മാമൂൽപാറ' 'തവിടുപൊടിയാക്കിത്തകർക്കുക' ഇത്യാദി പ്രയോഗങ്ങൾ വ്യക്തമാക്കുന്നുണ്ട്.

'ആ രണ്ട് കിഴവന്മാർ, മുറുക്കിച്ചവച്ചു തുപ്പുന്ന കൂട്ടത്തിൽ തങ്ങളുടെ അന്ത:പുരങ്ങളിലുള്ള രണ്ട് അഭിനവ യൗവ്വനങ്ങളെ പരസ്പരം കൈമാറ്റം ചെയ്യുവാനുറച്ചു. ആ രണ്ട് പെൺകിടാങ്ങളെ അവരുടെ പിറന്നേടത്തെ സ്വസ്ഥജീവിതത്തിൽ നിന്നെടുത്ത് സാപത്ന്യമാകുന്ന മുൾപ്പൊന്തയിലേക്കു വലിച്ചെറിയാനുറച്ചു.' അപ്ഫന്റെ മകൾ (പുറം 64) 'നമ്പൂതിരി ഇല്ലങ്ങളിലെ പകൽവെളിച്ചം എത്തിനോക്കാത്ത മച്ചുകളിൽ കുടിയിരിക്കുന്ന പ്രേതങ്ങൾ പെൺകിടാങ്ങളെ പേടികാട്ടി. ഒറ്റ വസ്ത്രമുടുത്ത് അംഗവസ്ത്രംപോലുമില്ലാതെ, സ്ത്രീത്വത്തെ പുച്ഛിച്ച ബ്രാഹ്മണ്യത്തിന്റെ മുമ്പിൽ കന്യകമാർ ഇരുന്ന് നരച്ചു. സൂര്യകിരണം തട്ടിചാരിത്ര്യം നഷ്ടപ്പെട്ടാലോ എന്നു ഭയന്ന് നടുമുറ്റത്തിറങ്ങുമ്പോഴും ചേലപ്പുതപ്പും മറക്കുടയും ധരിച്ചു. ഒപ്പം ദാസിയെനടത്തി കഷ്ടിച്ച് രാവും പകലും തിരിയുമ്പോഴും രാസക്രീഡയാടുന്ന ദാസിമാർ പറഞ്ഞ കഥകൾ കേട്ട് അന്ത:പുരം വിട്ടിറങ്ങാത്ത പെൺകിടാങ്ങൾ കാതുപൊത്തി. പിന്നെ ജന്മമോർത്ത് ദു:ഖിച്ചു.'

ഈ വിപൽസാഹചര്യങ്ങളിൽ നിന്ന് നാവുണർന്ന് കല്പനകൾ പുറപ്പെടുവിക്കുന്ന പുരുഷവർഗ്ഗത്തെ ചൊല്പടിക്ക് നിർത്തുന്ന പ്രതികാര ദുർഗ്ഗയായിമാറുന്ന നമ്പൂതിരി സ്ത്രീ ജീവിതപരിണാമത്തിന്റെ കഥ പറയുന്ന 'ഭ്രഷ്ടി'ലെ "അവതാര രഹസ്യമറിഞ്ഞ പാപ്തിക്കുട്ടി കട്ടിലിൽ നിവർന്നു കിടന്നു. തന്റെ കാൽക്കീഴിൽ വന്നമർന്ന് സർവ്വസ്വം ദാനം ചെയ്ത് പിച്ചപ്പാളയെടുക്കാൻ പോകുന്നവരെ മനസ്സിൽ കണ്ട് തൃപ്തിയോടെ ചിരിച്ചു. ആ ആഹ്ലാദഭാവത്തിനിടയിലും സ്വഭർത്താവിന്റെ ഗതികേടിൽ പാപ്തിക്കുട്ടിയുടെ മനസ്സിടിഞ്ഞു. കണ്ണീറനായി. മുഹൂർത്തനേരം കണ്ണടച്ചുകിടന്നു. ശക്തി സ്വരൂപിണിയെ ധ്യാനിച്ചു. സ്വയം വീണ്ടെടുത്തു. പ്രതികാരദുർഗ്ഗയായി മാറി." എന്ന വരികളിലൂടെ അനാവൃതമാകുന്ന പാപ്തിക്കുട്ടിയുടെ അവസ്ഥ

മേൽപറഞ്ഞ കൃതിയിലെ വരികളോട് ചേർത്ത് വായിക്കേണ്ടത്. വിഷയങ്ങളിലേക്കും വിഷയിയിലേക്കും വെളിച്ചം വീശുന്ന ടോർച്ചാണ് സാഹിത്യമെന്ന് പറയാറുണ്ട്. ജീവിതത്തിന്റെ ഇരുളടഞ്ഞ തലങ്ങളിലേക്ക് വെളിച്ചം പരത്തി തുറസ്സായതാക്കിമാറ്റുന്ന പ്രക്രിയയാണ് ഒരർത്ഥത്തിൽ സാഹിത്യരചന. ദേശകാലങ്ങളിൽ അഭിവ്യാപനം ചെയ്യപ്പെട്ട സാംസ്കാരിക സമുച്ചയത്തെ കാലാനുയോജ്യമായി അഴിച്ചുകെട്ടാനുള്ള ശ്രമമാണ് മാടമ്പുകുഞ്ഞുക്കുട്ടനും മുത്തിരിങ്ങോടും നടത്തിയിട്ടുള്ളതെന്ന് സാമാന്യമായി പറയാം. സംസ്കാരം - സാമൂഹികമായാലും ഭൗതികമായാലും വാങ്മയമായാലും - മനുഷ്യനെ സംസ്കരിക്കുന്നതാകണം. അല്ലാതെ ഭൂതകാലത്തിന്റെ മാറാലപിടിച്ച പനയോലക്കെട്ടുകളെ ആനയിക്കാനുള്ളതാകരുത് എന്ന ഉത്തമ ബോധ്യം ഇവർക്കുണ്ടായിരുന്നു. "ബ്രാഹ്മണർ വിഡ്ഢികളല്ല. സൂക്ഷ്മഗ്രാഹികളാണ്" എന്ന നിരീക്ഷണം സാർത്ഥകമാകുന്നതും ഇത്തരം സന്ദർഭങ്ങളിലാണ്.

കുബേരൻ നമ്പൂതിരിയിലൂടെ അനാവൃതമാകുന്ന ജീവിതസാഹചര്യങ്ങളും (സരസ്വതീവിജയം) ഇതിനോട് അനുബന്ധമായി ചേർത്തു പഠിക്കുന്നതിൽ ഔചിത്യമുണ്ട്. വിധിവിഹിതങ്ങളിൽ ഊന്നാതെ കർമ്മണ്യതയുടെ പാതയിൽ സഞ്ചരിച്ച് ജീവിതായോധനത്തിൽ വിജയിക്കേണ്ടതിന്റെ ആവശ്യകത അന്യത്ര ഈ കൃതിയിലാവിഷ്ക്കരിക്കപ്പെടുന്നുണ്ട്. പ്രവൃത്തിയും കാലവും തമ്മിൽ ദൃഢബന്ധമുണ്ടെന്നും ഈ പാരസ്പര്യത്തെക്കുറിച്ചുള്ള വിവേകവും വിവേചനശീലവുമാണ് ഏതുകാലത്തും ഏതൊരാളുടെയും ജീവിതത്തെ ജീവിതവ്യമാക്കുന്നതെന്നും സരസ്വതീ വിജയത്തിന്റെ കർത്താവ് ആവർത്തിച്ചുറപ്പിക്കുന്നു. ഭാരതീയവും കേരളീയവുമായ സാംസ്കാരിക ജീവിതത്തിന്റെ അടയാളങ്ങളെന്നു

പ്രകീർത്തിക്കപ്പെട്ട കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ ഓരോ അധ്യായത്തിന്റെയും ആരംഭത്തിൽ നൽകുന്നതിലൂടെ സാംസ്കാരിക വിചാരത്തിൽ സൂക്ഷ്മഗ്രാഹിയായ ഒരെഴുത്തുകാരനെയാണ് വായനക്കാരന് പരിചയപ്പെടുവാൻ സാധിക്കുന്നത്. ഫ്യൂഡൽസമൂഹത്തിൽ നിന്ന് ജനാധിപത്യവിപ്ലവത്തിലൂടെ സാക്ഷാത്ക്കരിക്കേണ്ട സാമൂഹികവും സാംസ്കാരികവുമായ ലക്ഷ്യബോധത്തിലാണ് ഇവരെല്ലാം ഊന്നിയിട്ടുള്ളത്. സാമുദായികവും ജനാധിപത്യപരവുമായ വിപ്ലവം അടിയിൽ നിന്നും മുകളിൽ നിന്നും വളർന്ന് സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്കുള്ള ബഹുമുഖവും ദീർഘകാലികവുമായ പരിവർത്തന പ്രക്രിയയെ ത്വരിതമാക്കും. ആ പ്രക്രിയയിൽ നമ്മുടെ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും എന്തുചെയ്യാൻ സാധിക്കും? എന്ന ചോദ്യത്തിനുള്ള ഉത്തരമായി ഈ കൃതികൾ പരിഗണിക്കുന്നതിൽ യുക്തിയുണ്ടെന്ന് തോന്നുന്നു.

'പഴയപ്രതാപം തേഞ്ഞ പല്ലുകൾപോലെ ഉപയോഗശൂന്യമായി അതുപറിച്ചെറിഞ്ഞ് ഇതാ ഞങ്ങളും വന്നിരിക്കുന്നു കാട്ടിലേക്ക് - കറുത്ത മണ്ണിലേക്ക് പഴയ ദു:ഖങ്ങൾ കുഴിച്ചുമൂടി അതിനെ വീണ്ടും കറുപ്പിക്കാൻ.'

ബന്ധനങ്ങളിൽ നിന്ന് വിമുക്തി നേടി കൂടുതൽ സ്വാതന്ത്ര്യ ത്തിലേക്ക് കുതിക്കുമ്പോൾ മാത്രമേ പ്രകൃതിയെ മാനവീകരിക്കുവാനും നവീകരിക്കുവാനും സാധിക്കുകയുള്ളൂ എന്ന മാർക്സിയൻ ചിന്തയുടെ ആവിഷ്ക്കാരമായ 'ആഗ്നേയം' സങ്കീർണ്ണമായ മാനുഷിക ഭാവങ്ങളെപ്പോലും ലളിതമായ സൂത്രവാക്യങ്ങളിലൂടെ ശക്തമായി അവതരിപ്പിക്കുന്നു. പുരോഗമന സാഹിത്യം വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റെ ആത്മനിഷ്ഠ പ്രകാശനമായി മാറുന്നതും ഇങ്ങനെയാണ്.

## കുറിപ്പുകൾ

1. എ.ടി. മോഹൻരാജ്, ബ്രാഹ്മണ്യത്തിനു തീകൊളുത്തിയ നോവൽ പുറം - 55
2. Dr. Sankaran Ravindran (Ed) The Early Novels in the south Indian Languages p - 27.
3. പ്രൊഫ. എം.എൻ. വിജയൻ, നവോത്ഥാനത്തിന്റെ പാഠഭേദങ്ങൾ പുറം - 7
4. സി.എസ്. ചന്ദ്രിക, കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം പുറം - 14
5. ഡോ. എം.എം. ബഷീർ, മലയാളത്തിലെ ആദ്യകാല കഥാകാരികൾ പുറം - 7
6. ഡോ. ജോർജ് ഇരുമ്പയം - മലയാള നോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ പുറം - 57
7. കോളിൻസ് മദാമ്മ, ഘാതകവധം - വിവ: കെ.ഇ. ഈപ്പൻ പുറം - 88.
8. പി. പവിത്രൻ, വിമോചിത സ്ത്രീഭാവുകത്വത്തിലേക്ക് പുറം - 45
9. സാമുദായിക ഭൂപടങ്ങൾ, ഡോ. എം. ലിനീഷ്, വിജ്ഞാന കൈരളി, വാല്യം 29. ലക്കം 1, ജനുവരി 2008, പുറം - 5.
10. സരസ്വതീ വിജയം, പോത്തേരി കുഞ്ഞമ്പു, എഡ്വേർഡ് പ്രസ്സ് കണ്ണൂർ 1937 - പുറം 2.
11. Castes, Vol. 5, P.156
12. അതേ പുസ്തകം - P.157

13. അടിക്കണക്കിന് പ്രാദേശികമായ വ്യത്യാസങ്ങളുണ്ട്. 'സരസ്വതീ വിജയ'ത്തിലെ നമ്പൂതിരി അറുപത്തിനാല് അടി അകലെ നിർത്തിയാണ് ചെർമ്മിയെ വിസ്തരിക്കുന്നത്. തിരുവിതാംകൂറിൽ തൊണ്ണൂറ്റിയാറ് അടി അകലണമായിരുന്നു. Castes, Vol.2, P-52, Decline, P.9.

14. Castes, Vol.2, P.49, Decline P. 24.

15. ഇന്ത്യൻ പീനൽകോഡ് പ്രാബല്യത്തിൽ വന്ന 1862-നുശേഷവും അടിമത്തവും അടിമക്കച്ചവടവും നിലനിന്നതായി തഴ്സ്റ്റൺ രേഖപ്പെടുത്തുന്നു. Castes Vol.2,P.50.

16. വായനയുടെ ദലിത്പാഠം, കെ.കെ. കൊച്ച്, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, പുറം - 28.

17. സരസ്വതീവിജയം - പോത്തേരികുഞ്ഞമ്പു - പുറം 30

18. അതേ പുസ്തകം - പുറം 34

19. അതേ പുസ്തകം - പുറം 73

20. അതേ പുസ്തകം - പുറം 52

21. അതേ പുസ്തകം - പുറം 42

22. സുജ സൂസൻ ജോർജ് - അപ്ഫന്റെ മകൾ ഒരു രാഷ്ട്രീയ നോവൽ - പുറം 10.

23. Roland Barthes, s/z Praus, Richard Miller, (HILL and Wang) P-19-20

24. കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, എന്റെ സ്മരണകൾ (രണ്ടാം ഭാഗം) പുറം - 119.

25. ലളിതാംബിക അന്തർജ്ജനം, ഇരുപതുവർഷത്തിനു ശേഷം പുറം - 7,8.

26. പ്രൊഫ. എൻ. കൃഷ്ണപ്പിള്ള, കൈരളിയുടെ കഥ, പുറം - 382.

27. ലളിതാംബിക അന്തർജ്ജനം, അഗ്നിസാക്ഷി പുറം - 111

28. Gerda Lerner, The creation of patriarchy Page - 1

29. മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരിപ്പാട്, നമ്പൂതിരി സ്ത്രീകൾ, ഉണ്ണിനമ്പൂതിരി, വാല്യം 10 - ലക്കം 5 - പുറം 287.

30. മാടമ്പുകുഞ്ഞുക്കുട്ടൻ, ഭ്രഷ്ട് പുറം - 80

31. അതേ പുസ്തകം പുറം - 81

32. മാത്യു എം. വർഗ്ഗീസ്, പാരിസ്ഥിതിക സ്ത്രീദർശനത്തിന്റെ വിശ്വാത്മകത പി. വത്സലയുടെ കഥകളിൽ, മലയാളം റിസേർച്ച് ജേണൽ, വാല്യം 4 - സെപ്റ്റംബർ - ഡിസംബർ 2011, പുറം - 1263.

33. കെ.എം. തരകൻ മലയാള നോവൽ സാഹിത്യചരിത്രം, പുറം 272

34. പി. വത്സല, ആഗ്നേയം, പുറം - 44-45

35. അതേ പുസ്തകം, പുറം - 125

36. അതേ പുസ്തകം, പുറം - 167

37. അതേ പുസ്തകം, പുറം - 25

38. പി. വത്സല, കനൽ, പുറം - 106

39. നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം (വാല്യം 2) - പുറം 125

### അദ്ധ്യായം 4

# സ്ത്രീസ്വത്വം –
# താരതമ്യവിശകലന പരിപ്രേക്ഷ്യം

കലയും സാഹിത്യവും കാലത്തിന്റെ പ്രതിനിധാനവും പുന:സൃഷ്ടിയുമാണ്. ഒരു കൃതിക്ക് ജന്മം നൽകിയ കാലവും വ്യവസ്ഥയും മാറിയാലും അതിന്റെ ആസ്വാദനക്ഷമത നിലനിൽക്കും. ഇത്തരം കൃതികൾ മാത്രമേ ഉത്തമകലാസൃഷ്ടികളായി ഗണിക്കപ്പെടുന്നുള്ളൂ. തലമുറകളി ലൂടെയുള്ള ഗാഢമായ വായനയിലൂടെയാണ് സാഹിത്യകൃതികൾ സമൂഹമനസ്സിൽ ഇടം നേടുന്നത്. 'സരസ്വതീവിജയ'വും 'അപ്ഫന്റെ മകളും' 'ഭ്രഷ്ടും' 'അഗ്നിസാക്ഷി'യും 'ആഗ്നേയ'വും കാലത്തിന്റെ കുത്തൊഴു ക്കിൽപ്പെടാതെ സമൂഹമനസ്സിന്റെ അടിത്തട്ടിൽ ലബ്ധപ്രതിഷ്ഠിതമായ നോവലുകളാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ അപഗ്രഥന വിധേയമാക്കിയ സരസ്വതീവിജയംതൊട്ടുള്ള നോവലുകളെ താരതമ്യവിശകലനം നടത്തി നോവലിസ്റ്റുകളുടെയും കൃതികളുടെയും സമാനചിന്താരീതികളും നവീനസമവാക്യങ്ങളും പരിശോധിച്ച് അവയുടെ കാലാതിവർത്തിയായ ഭാവുകത്വപരിസരം നിർണയിക്കുകയാണ് ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം.

സാഹിത്യകൃതികൾ സമൂഹത്തിന്റെ ദിശാസൂചികളായി മാറുന്നതിനെക്കുറിച്ച് പരിചിന്തിച്ചതിനുശേഷം നോവലിസ്റ്റുകളും അവരുടെ കാലഘട്ടവും വിശകലനാത്മകരീതിയിൽ പഠനവിധേയമാക്കുന്നു. ഇതിവൃത്തം, കഥാപാത്ര സൃഷ്ടി, സാമൂഹികപ്രതിബദ്ധത, സ്ത്രീകഥാപാത്രങ്ങളിലൂടെ ചുരുൾ നിവരുന്ന സാമൂഹിക അസമത്വങ്ങൾ, വൈകാരിക അവസ്ഥകളുടെ ചിത്രീകരണം, നോവലിൽ അന്തർഭൂതമായി കിടക്കുന്ന ഇത്തരം ഘടകങ്ങളെ കണ്ടെത്തി താരതമ്യവിശകലനത്തിന് വിധേയമാക്കുന്നു. കൂടാതെ കൃതികളുടെയും കർത്താക്കളുടെയും ജീവിതദർശനങ്ങൾ, വിധിസങ്കല്പ

വിശ്വാസങ്ങൾ എന്നിവയും ഈ അദ്ധ്യായത്തിൽ ഗാഢപഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

## 4.1 സാഹിത്യവും സമൂഹവും

പരിത:സ്ഥിതിയും വ്യക്തിയും തമ്മിൽ ഒരുതരം ദ്വന്ദ്വാവസ്ഥ എന്നും നിലനിൽക്കുന്നുണ്ട്. വ്യക്തിയെ ചുറ്റിപ്പറ്റിയുള്ള ബാഹ്യസന്ദർഭങ്ങൾ, പദാർത്ഥങ്ങൾ, നിയന്ത്രണങ്ങൾ തുടങ്ങിയ ഘടകങ്ങൾ പ്രധാനമായും വ്യക്തിയുടെ വികാസത്തിനും വളർച്ചയ്ക്കും പ്രേരകമായിത്തീരുന്നു. അതിനാൽ സമൂഹത്തിന്റെയും വ്യക്തിയുടെയും സാംസ്കാരികവും ബൗദ്ധികവുമായ വളർച്ചയുടെ അടിത്തറയായി പരിത:സ്ഥിതി വർത്തിക്കുന്നു. ഇത്തരം ബാഹ്യഘടകങ്ങളുടെ ശക്തിയും നിയന്ത്രണവും കാരണം വ്യക്തിയുടെ മനസ്സ് പ്രക്ഷുബ്ധാവസ്ഥയിലെത്തിച്ചേരുന്നു. എന്നാൽ സർഗ്ഗശേഷിയുള്ള മാനവചേതന പ്രതിസന്ധികളെ തരണം ചെയ്യുന്നു. ഇത്തരം ഏറ്റുമുട്ടലുകൾക്ക് പ്രധാനമായും മൂന്നുതരം പരിണാമങ്ങളുണ്ടാകാം.

1. ചിലപ്പോൾ വെല്ലുവിളികളെ നേരിടാനോ അതിനോടുപ്രതികരിക്കാനോ മനുഷ്യമനസ്സിന് കഴിഞ്ഞില്ലെന്നുവരാം. സ്വയം സമർപ്പണമാണതിന്റെ ഫലം.
2. പരിത:സ്ഥിതികളേൽപ്പിക്കുന്ന പ്രതിസന്ധികൾ എത്രശക്തമായിരുന്നാൽ തന്നെയും നേരിടാനുള്ള ധൈര്യമുണ്ടായാൽ, അവയെ തരണംചെയ്യാൻ മനുഷ്യനുകഴിയും.
3. വ്യക്തിയും പരിത:സ്ഥിതിയും പരസ്പരപൂരകങ്ങളായി വർത്തിച്ച്, ഒരുതരം സമഞ്ജസത നേടുന്നു.

പുതുതായിട്ടൊന്ന് രൂപപ്പെടുത്തുന്നതിനുള്ള മാനവശേഷിയുടെ

സഹജവും സ്വാഭാവികവുമായ രീതിയിലുള്ള പ്രയോഗമാണ് സർഗ്ഗാത്മകതയ്ക്കാധാരം. ഇത് ചിന്തയുടെയും തത്വചിന്തയുടെയും തലത്തിലാകാം, സാഹിത്യത്തിലും സുന്ദരകലകളിലുമാകാം, സാമൂഹികവും രാഷ്ട്രീയവുമായ സംഘടനാതലങ്ങളിലുമാകാം. മനുഷ്യജീവിതത്തിന്റെ ഏതുതലത്തിലും സർഗ്ഗാത്മകത കണ്ടെത്താൻ കഴിയും. മനുഷ്യന്റെ ആഹ്ലാദത്തിനും വളർച്ചയ്ക്കും ശ്രേയസ്സിനും വളരെ ശക്തമായ സംഭാവനകളാണ് സർഗ്ഗാത്മകത നൽകിയിട്ടുള്ളത്. ഒരു സംഘർഷാവസ്ഥയെ, നിർണ്ണായക സാഹചര്യത്തെ നേരിടാനുതകുന്ന തരത്തിലുള്ള വൈകാരികവും ബൗദ്ധികവുമായ പുതിയ വ്യവസ്ഥകളാണ് സർഗ്ഗാത്മക ശക്തിയുള്ള മനസ്സ് സൃഷ്ടിക്കുന്നത്. ഇത്തരത്തിൽ വ്യക്തിമനസ്സിനെ സർഗ്ഗാത്മകഭാവനയി ലേക്കുയർത്തുന്നതിൽ സമൂഹം ഒരു പ്രധാനപങ്കുവഹിക്കുന്നുണ്ട്.

സമൂഹത്തിന് സുപ്രധാനമായ രണ്ട് ഘടകങ്ങളുണ്ട്. വ്യക്തികളുടെ സംഘാതവും അവരുടെ ക്രിയാപ്രതിക്രിയകളുടേതായ സംവിധാനവും. സഹജീവികളുമായുള്ള സഹകരണത്തിലൂടെ വ്യക്തിയുടെ പ്രത്യേകാഗ്ര ഹങ്ങളും താല്പര്യങ്ങളും നിറവേറ്റുന്നതിനാധാരമായി നിലനിൽക്കുന്നതാണ് സമൂഹം.[2] സാഹിത്യം ഒരു നിശ്ചിത സാമൂഹിക സാഹചര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. സമൂഹവും സാഹിത്യവുമായുള്ള ബന്ധം അപഗ്രഥിച്ചാൽ സാഹിത്യചരിത്രപരമായ പ്രശ്നങ്ങളോടൊപ്പം തന്നെ സാമൂഹിക ശാസ്ത്രപരമായ സമസ്യകളും തിരിച്ചറിയാനാകും. സമൂഹജീവിയായ എഴുത്തുകാരന് സാമൂഹിക പ്രശ്നങ്ങളുടെ സ്പർശമില്ലാതെ കൃതികൾ രചിക്കാൻ സാധ്യമല്ല. പെട്ടെന്നുണ്ടാകുന്ന ഉൾക്കാഴ്ചയോ ഉള്ളുണർവ്വോ അല്ല അത്തരം സൃഷ്ടികൾക്ക് നിദാനം. നിരന്തരമായ മാനസിക വ്യാപാരം സർഗ്ഗപ്രക്രിയയ്ക്ക് ആവശ്യമാണ്. ദീർഘദർശിത്വവും പ്രവചനാത്മകതയും ഈ

മനോവ്യാപാരത്തെ പോഷിപ്പിക്കുന്ന ഘടകങ്ങളാണ്. ദർശനവും ഭാവനയുമാണ് സർഗ്ഗാത്മകതയ്ക്ക് അടിസ്ഥാനം. ഭാഷയുടെ സവിശേഷ പ്രയോഗരീതി സ്വീകരിച്ചുകൊണ്ട് തികച്ചും വൈയക്തികമായ രീതിയിൽ തന്റെ ദർശനം സംവേദനം ചെയ്യാനാണ് സാഹിത്യകാരൻ ശ്രമിക്കുന്നത്.

## 4.2 കാലം പകർന്ന കരുത്തും സർഗ്ഗാത്മകതയും

നോവൽ എന്ന സാഹിത്യരൂപത്തിലൂടെ നമുക്ക് കിട്ടിയത് ചലനത്വത്തെപ്പറ്റിയുള്ള പുതിയൊരു സങ്കല്പമാണ്.[3] നോവലുകളധികവും വായനക്കാരെ രസിപ്പിക്കുന്നതോടൊപ്പം ചിന്തിക്കാൻകൂടി പ്രേരിപ്പിക്കുന്നുണ്ട്. ഈ പ്രബന്ധത്തിൽ പഠനവിധേയമാക്കിയ നോവലുകളെല്ലാംതന്നെ ആസ്വാദനത്തെക്കാൾ ചിന്തോദ്ദീപനമാർഗ്ഗത്തിൽ ചരിക്കുന്നവയാണ്. കൃതികളുടെ ആഴത്തിലുള്ള പഠനത്തിനുമുമ്പ് തൽകർത്താക്കളുടെ കാലഘട്ടവിചിന്തനം നടത്തേണ്ടത് അത്യാവശ്യമായിത്തീരുന്നു. കാരണം ഏതു സാമൂഹിക പ്രതിബദ്ധതയിലൂന്നിക്കൊണ്ടാണിവയുടെ രചനയെന്നും പിന്നീടവ സമൂഹം, സമുദായം, ചരിത്രം എന്നീ മേഖലകളെ ആഴത്തിൽ സ്പർശിച്ച മഹത്തായ കൃതികളായെങ്ങനെ മാറിയെന്നും അന്വേഷിക്കണമെങ്കിൽ കാലഘട്ടത്തിന്റെ പഠനം അത്യന്താപേക്ഷിതമാകുന്നു. നോവൽ ചരിത്രമാകുന്നത് അത് മനുഷ്യവർഗ്ഗത്തിന്റെ ചില ഘട്ടങ്ങളെ അടയാളപ്പെടുത്തുന്നതുകൊണ്ടാണ്. നോവലിനെ ചരിത്രമാക്കുക വഴി അതിന്റെ ബഹുകാലിക സ്വഭാവം വീണ്ടെടുത്ത് പുതിയ കാഴ്ചകളിലേക്ക് സംക്രമിപ്പിക്കുക എന്ന ദൗത്യമാണ് എഴുത്തുകാരൻ നിർവ്വഹിക്കുന്നത്.

“കാലഘട്ടം എന്നുപറയുന്നത് ക്ഷേത്രഗണിതത്തിലെ ‘ബിന്ദു’ പോലെ

കൃത്യമായി തൊട്ടുകാണിക്കാവുന്ന ഒന്നല്ല, എന്നും അതൊരു നീണ്ടഭൂത കാലത്തിന്റെ തുടർച്ചയാണ്. കാലത്തിന്റെ അപ്രതിരോധ്യമായ പ്രവാഹത്തിലൂടെ കടന്നുവന്ന അനേകതലമുറകളുടെ ചരിത്രവും അവരുടെ ആശയപ്രകാശ നരീതിയും ആ ബിന്ദുവിൽ തൊട്ടുനിൽക്കുന്നു.''[4] ഇത്തരത്തിൽ പരിചിന്തിക്കുമ്പോൾ സർഗ്ഗാത്മക രചയിലേക്ക് എഴുത്തുകാരെ നയിച്ചത് അവർ ജീവിച്ചിരുന്ന സാമൂഹ്യ-സാമുദായിക ചുറ്റുപാടുകളാണെന്ന കണ്ടെത്തലിലാണ് നാം എത്തിച്ചേരുന്നത്.

ആവിർഭാവം മുതൽ മനുഷ്യസമൂഹം വ്യത്യസ്ത തരത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. സമൂഹവുമായും മനുഷ്യനുമായും ബന്ധപ്പെട്ട സർവ്വതലങ്ങളിലും മാറ്റങ്ങൾ സൃഷ്ടിക്കുന്ന ആ സവിശേഷ പ്രതിഭാസത്തെ സാമൂഹിക പരിവർത്തനം (Social change) എന്ന സംജ്ഞകൊണ്ട് വിവക്ഷിച്ചിരിക്കുന്നു. ഒരു സാമൂഹിക വ്യവസ്ഥയുടെ (Social system) ഘടനയിലും പ്രവർത്തനത്തിലും എന്നാണ് സാമൂഹികശാസ്ത്രം നൽകുന്ന നിർവചനം[5]. സാമൂഹിപരിവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിൽ സാഹിത്യകൃതികളും പ്രധാനപങ്കുവഹിച്ചിട്ടുണ്ട്. അന്തർധാരയായിവർത്തിച്ച് സമൂഹത്തെ കാർന്നുതിന്നിരുന്ന ജാതിവ്യവസ്ഥയ്ക്കും അനാചാരങ്ങൾക്കും എതിർനിൽക്കുന്നവയായിരുന്നു അന്നുണ്ടായിട്ടുള്ള മിക്ക കൃതികളും.

സമൂഹമന:സാക്ഷിയെ വിറകൊള്ളിക്കുന്ന തരത്തിലുള്ള അനാചാരങ്ങളുടെ കേളീരംഗമായിരുന്നു ജാതിവ്യവസ്ഥയിൽ ഉന്നതസ്ഥാനം കൈക്കൊണ്ടിരുന്ന നമ്പൂതിരിസമുദായം. യാഗങ്ങൾ അനുഷ്ഠിക്കുന്നത് ജീവിതസുഖത്തിനും സ്വർഗ്ഗ പ്രാപ്തിക്കും അത്യാവശ്യമാണെന്ന മീമാംസാസിദ്ധാന്തത്തിന്റെ പ്രചാരക രായിരുന്നു കേരള ബ്രാഹ്മണർ. ക്ഷേത്രങ്ങളുമായുള്ള ബന്ധവും പൗരോഹിത്യവും അധികാരവുമെല്ലാം

അധീനതയിലായതോടെ നമ്പൂതിരിമാർ ദുരഭിമാനികളും അഹങ്കാരികളുമായി മാറി. തങ്ങളുടെ ജീവിതരീതിക്ക ടിസ്ഥാനമായുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും അവർ സ്വസമൂഹത്തിൽ നടപ്പാക്കി. മറ്റു ബ്രാഹ്മണരിൽ നിന്ന് തങ്ങൾ വ്യത്യസ്തരാണെന്നു തെളിയിക്കാൻ വേണ്ടിയാണ് നമ്പൂതിരിമാർ അറുപത്തിനാല് വിശേഷാചാരങ്ങൾ നടപ്പിൽവരുത്തിയത്. സാമൂഹിക സാമ്പത്തിക രാഷ്ട്രീയമേഖലകളിൽ ബ്രാഹ്മണരുടെ ഈ അധീശത്വം സാധാരണജനജീവിതത്തെ പ്രതികൂലമായി ബാധിച്ചു. ഇഷ്ടപ്പെട്ട തൊഴിൽ സ്വീകരിക്കാനോ നിരത്തുകളിൽ യഥേഷ്ടം സഞ്ചരിക്കാനോ, വിദ്യ അഭ്യസിക്കുന്നതിനോ താഴ്ന്ന ജാതിയിൽപ്പെട്ട ജനവിഭാഗങ്ങൾ ക്കവകാശമുണ്ടായിരുന്നില്ല. ഫ്യൂഡൽ വ്യവസ്ഥയുടെ ചട്ടക്കൂട് തകർക്കാനായി രൂപപ്പെട്ട ഭക്തിപ്രസ്ഥാനം ബ്രാഹ്മണമേധാവിത്വത്തിന്റെ സ്ഥാനത്ത് സർവ്വമേധാവിത്വം എന്ന സങ്കല്പത്തെ പ്രതിഷ്ഠിച്ചു. മതകാര്യങ്ങളി ലുണ്ടായിരുന്ന സ്വാധീനത മറ്റു രംഗങ്ങളിലും മേധാവിത്വം തുടർന്നുകൊണ്ടുപോകാൻ സവർണ്ണശക്തികൾക്ക് സഹായകമായി.

മേൽത്തട്ടിലുള്ള ബ്രാഹ്മണസമുദായത്തിലെ ചില ബുദ്ധിജീവികൾ, സമൂഹത്തെ ഉദ്ധരിക്കുന്നതിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളായിരുന്നു ഉത്തരേന്ത്യയിലെ നവോത്ഥാനപ്രസ്ഥാനത്തിന് കളമൊരുക്കിയത്. കേരളത്തി ലാകട്ടെ സമൂഹത്തിന്റെ അടിത്തട്ടിലുള്ള സമുദായങ്ങളെ ഉണർത്തി അവരെ ഉദ്ബുദ്ധരാക്കുന്നതിനുള്ള ശ്രമങ്ങളാണ് നടന്നത്. ഉത്തരേന്ത്യയിലെ നവോത്ഥാനപ്രസ്ഥാനം ബ്രഹ്മസമാജം തുടങ്ങിയ ആധുനികമതങ്ങൾക്ക് രൂപംകൊടുത്തപ്പോൾ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനം പുതിയ മതങ്ങളെ സൃഷ്ടിച്ചില്ല. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന

മതേതരസിദ്ധാന്തമാണിവിടെ പ്രചരിച്ചത്. ഇക്കാരണങ്ങളാൽ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനം ഉത്തരേന്ത്യയിലെ നവോത്ഥാന പ്രസ്ഥാനത്തേക്കാൾ ആഴവും പരപ്പും ആർജ്ജിച്ചു. ജന്മിത്തത്തിനും ജാതിവ്യവസ്ഥയ്ക്കും കോളനിവത്ക്കരണത്തിനുമെതിരെയുള്ള സാമൂഹിക മുന്നേറ്റത്തിന്റെ വെളിച്ചത്തിലാണ് കേരളീയ നവോത്ഥാന ആശയങ്ങൾ രൂപം കൊള്ളുന്നത്. കേരളത്തിൽ കോളനിവത്കരണം നിർമ്മിച്ചെടുത്ത നിയമനിർമ്മാണ വ്യവസ്ഥയും പുതുതായി ആരംഭിച്ച വാണിജ്യവ്യവസായ സംരംഭങ്ങളും വിദ്യാഭ്യാസം നേടിയ പുതിയവിഭാഗത്തിനുമുമ്പിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഇവയെ ഉപയോഗപ്പെടുത്തുന്നതിനും തങ്ങളുടേതായ അവശതകൾ പരിഹരിക്കുന്നതിനും വേണ്ടി ഓരോ ജാതിയും പ്രത്യേക സംഘടനകൾക്ക് രൂപം നൽകുകയുണ്ടായി. ഇതിന്റെ ആദ്യപ്രതികരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾ മുതൽ പ്രത്യക്ഷപ്പെട്ടു. നമ്പൂതിരി സമുദായത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി രൂപീകരിക്കപ്പെട്ട യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങൾ സാമൂഹികജീവിതത്തിന്റെ പൊതുധാരയിലേക്ക് നമ്പൂതിരിമാരെ ഉയർത്തിക്കൊണ്ടുവന്നു. ഇന്ത്യയിലെ മറ്റുചില ഭാഗങ്ങളിലുണ്ടായ ബ്രാഹ്മണപരിഷ്ക്കരണസംഘടനകൾ ശ്രമിച്ചതുപോലെ പരമ്പരാഗത സമുദായഘടനയുടെ കാലാനുസൃതമായ നവീകരണമോ, പരിഷ്ക്കരണമോ ആയിരുന്നില്ല നമ്പൂതിരിനവോത്ഥാന പ്രസ്ഥാനത്തിന്റെ ലക്ഷ്യം. മറിച്ച് പാരമ്പര്യത്തിന്റെ സ്ഥൂലതലങ്ങളിലെ സ്ഥലങ്ങളിലെ നിഷേധമായിരുന്നു.[6]

പരമ്പരാഗതസമൂഹഘടനയ്ക്ക് ആധാരമായ കുടുംബ, വിവാഹ, ദായക്രമങ്ങൾ തകരാൻ തുടങ്ങുകയും അതിനനുസൃതമായി നമ്പൂതിരിമാർക്ക്

ആധിപത്യം ഉണ്ടായിരുന്ന അറിവിന്റെ ലോകം കോളനിഭരണത്തിൽ കൂടുതൽ ജനാധിപത്യവൽക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് യോഗക്ഷേമസഭ രൂപീകരിക്കപ്പെട്ടത്. 1908ൽ (കൊല്ലവർഷം 1803, കുംഭം 18) ആലുവ ചിറമുക്ക് വൈദികൻ നമ്പൂതിരിയുടെ ഗൃഹത്തിൽവെച്ച് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. കുറൂർ ഉണ്ണിനമ്പൂതിരിപ്പാട്, ചിറ്റൂർ നാരായണൻ നമ്പൂതിരി, ഒളപ്പമണ്ണ നമ്പൂതിരിപ്പാടന്മാർ, ആഴ്വാഞ്ചേരി തമ്പ്രാക്കൾ തുടങ്ങി സമുദായത്തിലെ പ്രമുഖരെല്ലാം ആദ്യകാലപ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു.[7] നമ്പൂതിരി യുവാക്കളെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലേക്കാകർഷിക്കുക, കൂട്ടുകുടുംബ വ്യവസ്ഥ അവസാനിപ്പിച്ച് കുടുംബഭാഗം അനുവദിക്കുക, അപ്ഫൻ നമ്പൂതിരിക്കും സ്വസമുദായത്തിൽ വിവാഹം ചെയ്യാനുള്ള അനുമതി നൽകുക തുടങ്ങിയവയായിരുന്നു യോഗക്ഷേമസഭയുടെ ലക്ഷ്യങ്ങൾ.

ആദ്യകാലങ്ങളിൽ പാരമ്പര്യവാദികളായ ഉൽപതിഷ്ണുക്കളുടെ കൈകകളിലായിരുന്ന സഭാനേതൃത്വം പിന്നീട് വിപ്ലവബോധമുള്ള നേതാക്കളുടെ അധീനതയിലായി. ജാതി അടിസ്ഥാനമാക്കി നിലനിന്നിരുന്ന പരമ്പരാഗത സാമൂഹിക ഘടനയിൽ നിന്ന് വേർപെട്ട് ജാത്യേതരമായ സാമൂഹ്യഘട നയിലേക്ക് സമൂഹം മാറുന്നത് ഇക്കാലത്താണ്. വി.ടി. ഭട്ടതിരിപ്പാട്, ഇ.എം.എസ്. നമ്പൂതിരിപ്പാട്, പ്രേംജി, എം.ആർ.ബി., ഐ.സി.പി. നമ്പൂതിരി, മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരി തുടങ്ങിയ നേതാക്കൾ ഈ കാലഘട്ടത്തിൽ രംഗത്തുവന്നു. വിധവാവിവാഹം, വൃദ്ധവിവാഹപിക്കറ്റിംങ്, പരിവേദനം, കുടുമ മുറിക്കൽ, പൂണൂൽ-ഘോഷ ബഹിഷ്ക്കരണം തുടങ്ങി ഒട്ടേറെ സമരമാർഗ്ഗങ്ങൾ അവർ കൈക്കൊണ്ടു ഇതോടൊപ്പം 'ഉണ്ണി നമ്പൂതിരി' 'സഹോദരൻ' തുടങ്ങിയ പത്രങ്ങളും, മാസികകളും ആശയസംവാദങ്ങളുടെ ചൂടേറിയ വേദികളായി മാറി.

അന്തർജ്ജനങ്ങൾക്ക് യോഗക്ഷേമസഭയിൽ പ്രവേശനം ലഭിക്കുന്നത് ഈ ഘട്ടത്തിലാണ്.

കേരളത്തിൽ കലാസാഹിത്യസൃഷ്ടികളുടെ പ്രചരണപ്രക്ഷോഭ സ്വഭാവം ഫലപ്രദമായി ഉപയോഗിച്ച സാമുദായിക പരിഷ്ക്കരണപ്രസ്ഥാനം നമ്പൂതിരിമാരുടേതായിരുന്നു. കലാസൃഷ്ടികളുടെ ഈയൊരുതലത്തിന് സഫലമായ സാക്ഷാത്കാരം നൽകുക വഴി അവർ പിൽക്കാല കേരളത്തിന് വഴികാട്ടിയായി മാറി. ഇതിന്റെ ആദ്യത്തെ ഉദാഹരണം വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകമാണ്. പരമ്പരാഗത ക്ലാസ്സിക്കൽ കലാരൂപങ്ങളുമായി മാത്രം പരിചയമുള്ള നമ്പൂതിരിമാർക്കിടയിൽ സംവാദാത്മകമായ സ്വഭാവമുള്ള കലാരൂപം ഉപയോഗിച്ചുവെന്നത് ഒരു പ്രത്യേകതയാണ്. തീവ്രമായ ജീവിതമുഹൂർത്തങ്ങളിലൂടെ പ്രേക്ഷകരെ സ്വാധീനിച്ച വി.ടി. സമുദായത്തിൽ നടന്നിരുന്ന ശക്തമായ അഭിപ്രായ വ്യത്യാസത്തിന്റെയും ആശയസമരത്തിന്റെയും അന്ത:സത്ത നാടകത്തിനുള്ളിൽ ഉൾക്കൊള്ളിച്ചു.

നാടകത്തിനുപുറമെ നോവലുകളും സാമൂഹികപരിവർത്തനത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. മലയാളനോവൽ സാഹിത്യത്തിലെ ആദ്യഗ്രന്ഥമേത് എന്ന കാര്യം ഇപ്പോഴും തർക്കവിഷയമായി നിലനിൽക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ആരംഭിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിലെത്തിനിൽക്കുന്ന താരതമ്യേന ഹ്രസ്വചരിത്രമേ നോവലിനവകാശപ്പെടാനുള്ളൂ. നോവലിന്റെ രൂപഭാവങ്ങളോടുകൂടി പ്രത്യക്ഷപ്പെട്ട ആദ്യകൃതികളാണ് കോളിൻസ് മദാമ്മയുടെ 'ഘാതകവധം', ജോൺ ബനിയന്റെ 'പരദേശീമോക്ഷയാത്ര', ആർച്ച് ഡീക്കൻകോശിയുടെ 'പുല്ലേലികുഞ്ചു', കാതറൈൻ ഹന്നാമുല്ലെൻസിന്റെ 'ഫുൽമോനി ഓ കരുണ'

എന്നിവ. പരിഭാഷകളാണെങ്കിലും ഈ കൃതികളാണ് മലയാളനോവൽ പ്രസ്ഥാനത്തിലേക്കുള്ള ആദ്യകാൽവെയ്പുകൾ എന്നു പറയാമെങ്കിലും വിവർത്തനങ്ങളായതുകൊണ്ടിവയെ ആദ്യനോവലുകളായി കണക്കാക്കിയിട്ടില്ല എന്നും ജോർജ് ഇരുമ്പയം നിരീക്ഷിച്ചിട്ടുണ്ട്.[8]

ലക്ഷണമൊത്ത നോവലായി അറിയപ്പെടുന്ന ഇന്ദുലേഖയുടെ പശ്ചാത്തലം കേരളീയസമൂഹത്തിന്റെ സംക്രമണദശയെ ഉൾക്കൊള്ളുന്നു. നിലനിൽക്കുന്ന വ്യവസ്ഥിതിയും അതിന്റെ ആചാരസംഹിതയും മൂല്യബോധവും ഒരു മാറ്റത്തിനുവിധേയമാകുന്ന ഘട്ടത്തെ നോവലിൽ അടയാളപ്പെടുത്തി യിരിക്കുന്നു. സാമൂഹിക ജീർണ്ണതയ്ക്കുകാരണമായ കൂട്ടുകുടുംബം, മരുമക്കത്തായം എന്നിവയ്ക്കെതിരെ പ്രതികരിക്കുന്ന യുവതലമുറയെയാണ് ചന്തുമേനോൻ അവതരിപ്പിച്ചത്. നായർ തറവാട്ടിൽ നടക്കുന്ന സംഭവങ്ങളാണ് നോവലിന്റെ ഇതിവൃത്തമെങ്കിലും അത് അവിടെമാത്രം ഒതുക്കിനിർത്താതെ കേരളസമൂഹത്തെയും ഭാരതത്തിലെ ദേശീയപ്രസ്ഥാനത്തെയും വായനക്കാർക്ക് പരിചയപ്പെടുത്താൻ ചന്തുമേനോന് കഴിഞ്ഞു.

ദേശീയരംഗത്ത് ജാതിനിർമ്മാർജ്ജനവും സ്ത്രീസമത്വവും ഉള്ളടക്കമായിട്ടുള്ള സാമൂഹ്യപരിഷ്ക്കരണവുമായി ബന്ധപ്പെട്ട സംവാദങ്ങൾ കേരളത്തിലും സജീവമായിരുന്നു. ഈ സംവാദത്തിൽ സാമൂഹ്യപരി ഷ്ക്കരണത്തിന്റെ അനിവാര്യത ഉറപ്പിക്കാൻ വേണ്ടി രചിക്കപ്പെട്ടതാണ് പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീ വിജയം' (1892) എന്ന കൃതി. അതുകൊണ്ടുതന്നെ 'ഇന്ദുലേഖ'യുടെ അനുകരണമല്ല മറിച്ച് ഇതിവൃത്തം, കഥാപാത്രങ്ങൾ, ഭാഷാഘടന, സർവ്വോപരി സാമൂഹ്യവീക്ഷണം എന്നിവകൊണ്ട് അത് കേരളത്തിന്റെ സാമൂഹ്യനവോത്ഥാനത്തിന്റെ കീഴാളധാരയെ പ്രതിനിധാനം ചെയ്യുന്നു. സാമുദായിക പരിഷ്ക്കർത്താവും അഭിഭാഷകനും

എഴുത്തുകാരനുമായിരുന്ന പോത്തേരി കുഞ്ഞമ്പു പീഡനം അനുഭവിക്കുന്ന കീഴാളജനതയായ പുലയരുടെ ഉന്നമനോദ്ദേശ്യത്തോടെ എഴുതിയ 'സരസ്വതീവിജയ'ത്തിൽ ബ്രാഹ്മണാധിപത്യത്തിന്റെ ക്രൂരവശങ്ങളെ പൊളിച്ചുകാട്ടുന്നുണ്ട്. 1888 മുതൽ 1959 വരെയുള്ള കാലം കേരളത്തെ സംബന്ധിച്ചിടത്തോളം നാടുവാഴിത്തവുമായുള്ള വിച്ഛേദത്തിന്റെ കാലഘട്ടമാണ്. അതുകൊണ്ടാണ് വ്യത്യസ്തവർഗ്ഗങ്ങളും സാമൂഹ്യവിഭാഗങ്ങളും ഇക്കാലയളവിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളിലും സമീപനങ്ങളിലും വീറും വാശിയും തീവ്രമായി അനുഭവപ്പെടുന്നത്.

''ഒരിരുട്ട് നെറഞ്ഞ അട്ക്കളേല്ലാണ്ടെ വേറൊന്നൂംല്യാ പെങ്കിടാങ്ങൾക്ക് നഷ്ടപ്പെടാൻ കിട്ടാനാച്ചാലോ, ഒരു വെളിച്ചംനെറഞ്ഞ ലോകം. മൂഴോനൂംണ്ട് നമ്മുടെ മുമ്പില്. ഇരുട്ടത്ത് ജീവിക്കണേക്കാൾ എത്ര ഭേദാ വെളിച്ചത്ത് കെടന്ന് മരിയ്ക്കാ! പോട്ടെ, തൊലേട്ടേ ആര്യേ, വെളിച്ചതിനുവേണ്ടി നമ്മുടെയൊക്കെ ജീവിതം തൊലേട്ടേ! നമ്മുടെ അനിയത്തിമാരെങ്കിലും മനുഷ്യരായി വളർന്നു ജീവിക്കട്ടെ" (ഋതുമതികൾ പഠിച്ചാലെന്താ).

"ആരായാലും, വേണ്ടതു പറഞ്ഞാൽ ഞാൻ കേൾക്കാണ്ടിരുന്നിട്ടില്ല്യ. വേണ്ടാത്തതാച്ചാ ദേവേന്ദ്രൻ പറഞ്ഞാലും ഞാൻ കേൾക്കൂല്ല്യ (ഋതുമതി) അദ്ദേഹമൊന്നിച്ചാണെങ്കിൽ ലോകഭ്രഷ്ട് തന്നെ എനിക്ക് പുല്ലാണ്." (അപ്ഫന്റെ മകൾ)

സമരോത്സുകമായ ഇത്തരം പ്രഖ്യാപനങ്ങൾ നവോത്ഥാന സാഹിത്യത്തിന്റെ സത്തയെയാണ് പ്രതിനിധീകരിക്കുന്നത്. ഒരു കഥാപാത്രത്തിന്റെ അഭിപ്രായപ്രകടനം എന്നതിനപ്പുറം, ഒരു കാലത്തിന്റെ പിൻമടക്കമില്ലാത്ത തീരുമാനത്തെയാണത് പ്രകാശിപ്പിക്കുന്നത്. ഒഴിഞ്ഞുമാറ്റത്തിനുള്ള തന്ത്രങ്ങളല്ല, അധികാരസ്ഥാപനമായി പരിണമിക്കുന്ന

ഏതൊരു മൂല്യവ്യവസ്ഥയോടും ഏറ്റുമുട്ടാനുള്ള തന്റേടമാണ് നവോത്ഥാനസാഹിത്യം പൊതുവിൽ രൂപപ്പെടുത്തിയത്.[10] എന്തുവന്നാലും ഇപ്പോഴുള്ള ജീവിതം തുടരാൻ സാധിക്കില്ലെന്നും വരുംതലമുറയ്ക്കെങ്കിലും പുതിയൊരു ജീവിതം ഉണ്ടാകണമെന്ന വിപ്ലവവീര്യമാണ് നവോത്ഥാന കാലഘട്ടത്തിലെ എഴുത്തുകാരിലെല്ലാം കണ്ടെത്താൻ കഴിയുന്ന പൊതുസ്വഭാവം.

വയസ്സറിയിക്കുന്നതോടെ അനുവദിക്കപ്പെട്ട വെളിച്ചത്തിന്റെ ചെറിയ ലോകംപോലും തങ്ങൾക്ക് എന്നന്നേക്കുമായി നഷ്ടപ്പെടുന്നതോർത്ത് ഇല്ലത്തിന്റെ അകത്തളങ്ങളിൽ വീണ അന്തർജ്ജനങ്ങളുടെ കണ്ണുനീർത്തുള്ളികളെത്രയെന്ന് ആർക്കും തിട്ടപ്പെടുത്താനാവില്ല. അത്രമേൽ ദു:ഖഭരിതമായിരുന്ന കാലഘട്ടത്തെ ലളിതാംബിക അന്തർജ്ജനം ഇപ്രകാരം ചിത്രീകരിച്ചിരിക്കുന്നു. – "താൻ പ്രായപൂർത്തിയായി എന്ന് ആദ്യമറിഞ്ഞ ദിവസം മരിച്ചവീടുപോലെയായിരുന്നു ഭവനത്തിന്റെ അവസ്ഥ. അമ്മ കരഞ്ഞു. ബന്ധുക്കൾ കരഞ്ഞു. വേലക്കാരിപ്പെണ്ണുങ്ങൾ കരഞ്ഞു. ഇതൊക്കെകണ്ട് അമ്പരപ്പോടെ അവളും പൊട്ടിക്കരഞ്ഞുപോയി. ബാഹ്യലോകത്തെ സംബന്ധിച്ചിടത്തോളം അവൾ പൂർണ്ണമായി മരിച്ചിരിക്കുന്നു.'' (ആത്മകഥയ്ക്കൊരാമുഖം).

1905 ലെ കുറിയേടത്തു താത്രിയുടെ സ്മാർത്തവിചാരം കേരളീയ ചരിത്രത്തിലെ ചോരകിനിയുന്ന ഒരേടാണ്. താത്രീസംഭവത്തിൽ നിന്ന് പിറന്ന ലളിതാംബികയുടെ 'പ്രതികാരദേവത'യും മാടമ്പിന്റെ 'ഭ്രഷ്ടും' അത്യന്തം വികാരാർദ്രമായ രചനകളാണ്. പോത്തേരി കുഞ്ഞമ്പുവും മുന്തിരിങ്ങോടും മാടമ്പും ലളിതാംബിക അന്തർജ്ജനവുമെല്ലാം സാഹിത്യത്തിൽ സ്വന്തമായ യാത്രാപഥം കണ്ടെത്തിയവരാണ്. ആധുനികതയുടെ ആവിർഭാവത്തി

നുമുൻപുള്ള നോവലിസ്റ്റുകൾ മൂല്യബോധം, ആദർശാത്മകത, സമുദായ പുനരുദ്ധാരണം എന്നീ ചിന്താരീതികൾക്ക് പ്രാധാന്യം നൽകി. പൂർവഗതിയിൽ നിന്നും തീർത്തും വിരുദ്ധമായ വീക്ഷണവും രചനാതന്ത്രവും സ്വീകരിച്ച എഴുത്തുകാരാണ് അറുപതുകളുടെ അന്ത്യത്തിൽ സാഹിത്യലോകത്തേക്കുകടന്നുവന്നത്. മൂല്യങ്ങളുടെ തകർച്ച, സ്വപ്നങ്ങൾ സൂക്ഷിക്കാൻ കഴിയാതെ ശൂന്യമാകുന്ന മനസ്സ്, അസ്തിത്വദു:ഖം ഇവയൊക്കെയായിരുന്നു ആധുനികരെ അലട്ടിയിരുന്ന പ്രശ്നങ്ങൾ. ഇക്കാലത്തെ വനിതാനോവലിസ്റ്റുകളുടെ രചനകളിൽ പ്രതിഭയുടെ തിളക്കം ഏറ്റവും പ്രകടമാകുന്നത് പി. വത്സലയുടെ നോവലുകളിലാണ്.

## 4.3 കഥാപാത്രങ്ങളും ആത്മവീര്യത്തിന്റെ സങ്കീർത്തനവും

കഥാത്മകമായ ഒരു കലാസൃഷ്ടിയുടെ വിഷയം ഒരു സ്ഥലമോ, ഒരു കഥാപാത്രമോ, ഒരു സന്ദർഭമോ അല്ലെങ്കിൽ ജീവിതത്തിന്റെ ഒരു ഗുണമോ ആകാം. അവയെക്കുറിച്ച് ഗ്രന്ഥകാരന് എന്താണോ പറയാനുള്ളത് അതാണ് പ്രമേയം എന്ന് ഇ.എം. ഫോസ്റ്റർ അഭിപ്രായപ്പെട്ടിട്ടുണ്ട്.[11] കൃതിയിൽ ആവിഷ്കൃതമാകുന്ന കേന്ദ്രാശയമെന്ന് ഇവിടെ പ്രമേയത്തിന് അർത്ഥം സിദ്ധിക്കുന്നു. ജീവിതത്തെക്കുറിക്കുന്ന ഏതെങ്കിലുമൊരു സവിശേഷതയായിരിക്കും പ്രമേയമായി നോവലിസ്റ്റ് സ്വീകരിക്കുക.

കഥയും കഥാപാത്രങ്ങളും ഏതെങ്കിലും കാലത്തിന്റെയോ ദേശത്തിന്റെയോ പശ്ചാത്തലത്തെ സ്വീകരിക്കുന്നു. അതുകൊണ്ട് പശ്ചാത്തലവും പ്രമേയത്തിന്റെ ഭാഗമാകുന്നു. പാത്രരചനയിലും അന്തരീക്ഷസൃഷ്ടിയിലും ആഖ്യാനത്തിലുമെല്ലാം നോവലിസ്റ്റിന്റെ ബോധത്തെ നയിക്കുന്നത് പ്രമേയമാണ്. പ്രമേയവുമായി ബന്ധമില്ലാത്തവയും, അതിനെ പോഷിപ്പിക്കാത്തവയുമായ

അംശങ്ങൾ പുറംതള്ളപ്പെടുന്നു. നോവലിന്റെ കലയെക്കുറിച്ച് മനസ്സിലാക്കാനുള്ള ശ്രമത്തിന് തുടക്കംകുറിക്കേണ്ടത് ഏറ്റവും സാമാന്യഘടകമായ പ്രമേയത്തിൽനിന്നായിരിക്കണമെന്ന് വിമർശകർ ചൂണ്ടിക്കാട്ടുന്നതും അതുകൊണ്ടാണ്.[12]

സാമൂഹിക പരിവർത്തനത്തിന്റെ ശക്തമായ മാധ്യമമായി സാഹിത്യം നവോത്ഥാനകാലത്ത് മാറ്റപ്പെടുകയുണ്ടായി. അക്കാലത്തെ നോവലുകളിലെ പ്രമേയങ്ങളെല്ലാംതന്നെ സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടവയായിരുന്നു. സരസ്വതീവിജയം, അപ്ഫന്റെ മകൾ തുടങ്ങിയ നോവലുകളിലെല്ലാം തന്നെ സമകാലിക സാമൂഹ്യഘടനയെക്കുറിച്ചുള്ള സുവ്യക്തമായ കാഴ്ചപ്പാടും, പുതിയൊരു സമൂഹവ്യവസ്ഥയെക്കുറിക്കുന്ന തെളിഞ്ഞസ്വപ്നങ്ങളും പ്രമേയതലങ്ങളിൽ ഉൾച്ചേർന്നിരുന്നു. സമൂഹത്തിലെ ഉച്ചനീചത്വങ്ങളും സാമ്പത്തികാസമത്വങ്ങളും കടുത്ത ചായക്കൂട്ടിൽ അവർ ആലേഖനം ചെയ്തു. സമൂഹവ്യവസ്ഥയെ ഉടച്ചുവാർക്കാനുള്ള ഗാഢമായ തൃഷ്ണയാണ് ഇത്തരം കൃതികളുടെ അന്തർധാരയായി വർത്തിച്ചത്.

അധഃകൃതോന്നമനപ്രവർത്തനങ്ങൾകൊണ്ട് ജീവിതം സഫലമാക്കിയ പോത്തേരി കുഞ്ഞമ്പു, തന്റെ പതിതോദ്ധാരണ ശ്രമങ്ങളുടെ ഭാഗമായി രചിച്ച നോവലാണ് 'സരസ്വതീവിജയം'. ''അഗതികളായ പറയരുടെ ഇടയിൽ വിദ്യാഭ്യാസം ഉളവാക്കേണ്ടുന്നത് അത്യാവശ്യമാണെന്നും വിദ്യാഭ്യാസംകൊണ്ട് അവരുടെ സ്ഥിതി വളരെ പരിഷ്ക്കരിച്ചുവരുമെന്നും മദിരാശിയിലെ ചില വർത്തമാനപത്രങ്ങൾ ഘോഷമായെഴുതിയ ലേഖനങ്ങൾ ഈ കഴിഞ്ഞ മെയ്മാസത്തിൽ വായിച്ചപ്പോൾ മദിരാശിയിലും മറ്റുമുള്ള പറയരെക്കാൾ കഷ്ടതയിലിരിക്കുന്ന മലയാളത്തിലെ പുലയരുടെ സങ്കടാവസ്ഥയോർത്ത് ഈ പുസ്തകം എഴുതാൻ ഇടവന്നതാണ്'' എന്ന് സരസ്വതീവിജയത്തിന്റെ

ആമുഖത്തിൽ പോത്തേരികുഞ്ഞമ്പു പ്രമേയപരമായ സൂചനകൾ നൽകുന്നുണ്ട്.[13] പ്രകടമായ സാമൂഹികലക്ഷ്യമുള്ള ഈ കൃതിയിൽ ചില സമുദായങ്ങളുടെ ദയനീയാവസ്ഥ ചിത്രീകരിക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ പുരോഗതിക്കുള്ള മാർഗ്ഗമായി കണ്ടെത്തുകയും ചെയ്യുന്നു. 'ഇന്ദുലേഖ'യിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ അഭാവവും അനാചാരങ്ങളുംകൊണ്ടുള്ള ദയനീയാവസ്ഥ ചൂണ്ടിക്കാട്ടുമ്പോൾ 'സരസ്വതീവിജയ'ത്തിൽ ജാതീയവും സാമ്പത്തികവുമായ അധ:സ്ഥിതികൊണ്ടുള്ള ദയനീയത ചിത്രീകരിക്കുന്നു. 'അപ്ഫന്റെ മകൾ' പ്രമേയപരമായി 'സരസ്വതീവിജയ'ത്തിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന നോവലാണ്.

അബ്രാഹ്മണനായ പോത്തേരികുഞ്ഞമ്പുവും യാഥാസ്ഥിതിക ബ്രാഹ്മണനായ മുത്തിരിങ്ങോടും നമ്പൂതിരിസമുദായത്തെ വ്യത്യസ്ത വീക്ഷണകോണിലൂടെയാണ് സമീപിച്ചത്. 'സരസ്വതീവിജയ'ത്തിൽ നമ്പൂതിരിമാരുടെ അകത്തളങ്ങളിലെ അങ്കലാപ്പുകൾ ഒളിഞ്ഞും തെളിഞ്ഞും അവ്യക്തമായ ചിത്രങ്ങൾ കാഴ്ചവയ്ക്കുമ്പോൾ 'അപ്ഫന്റെ മകൾ' അസൂര്യംപശ്യകളായ നമ്പൂതിരിസ്ത്രീകളിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു. മലയാളിയുടെ സ്ത്രീപുരുഷബന്ധ സങ്കല്പത്തിലുണ്ടായിരുന്ന ജീർണ്ണമുഖം അഴിയുന്നത് നവോത്ഥാനകാലത്തോടെയാണ്. ദീർഘകാലം നിലനിന്നുപോന്ന കുടുംബബന്ധങ്ങളിലെ അനാശാസ്യതകൾ ചോദ്യംചെയ്യപ്പെട്ടുതുടങ്ങുന്ന ചരിത്രസന്ദർഭമാണ് 'അപ്ഫന്റെ മകൾ'ക്ക് പശ്ചാത്തലമൊരുക്കുന്നത്. 'ഇന്ദുലേഖ'യ്ക്കുശേഷം സവർണ സമൂഹത്തിലെ കുടുംബബന്ധങ്ങളിലെ സങ്കീർണ്ണപ്രശ്നങ്ങൾ ഗൗരവബോധത്തോടുകൂടി വിമർശനവിധേയമാക്കുകയും നവോത്ഥാനമൂല്യങ്ങളുടെ ചൈതന്യം സ്വാംശീകരിക്കുകയും ചെയ്ത നോവലാണ് 'അപ്ഫന്റെ മകൾ.' ബ്രിട്ടീഷുകാർ മലബാർ പിടിച്ചെടുത്ത

1972–ൽത്തന്നെ അടിമക്കച്ചവടവും 1843–ൽ അടിമത്തവും നിരോധിക്കപ്പെട്ടെങ്കിലും 'സരസ്വതീവിജയ'ത്തിന്റെ കാലത്തും അടിമവർഗ്ഗക്കാരുടെ സ്ഥിതിക്കുമാറ്റം വന്നില്ല[14]. ക്രിസ്തുമതസ്വീകരണവും പുതിയ നിയമനിർമ്മാണ വ്യവസ്ഥയും ഈ ദു:സ്ഥിതിക്ക് മാറ്റം വരുത്തി. സ്വാതന്ത്ര്യസമത്വബോധവും ആധുനിക വിദ്യാഭ്യാസവും പുതിയ അറിവുകൾ താഴ്ന്ന ജാതിക്കാർക്കു പകർന്നുകൊടുത്തു. ഇതവരുടെ സാമൂഹിക കാഴ്ചപ്പാടിൽ മാറ്റം വരുത്തിയിട്ടുണ്ടെന്ന് 'സരസ്വതീവിജയം' വ്യക്തമാക്കുന്നുണ്ട്. കൃതിയുടെ ഇതിവൃത്തം, കഥാപാത്രങ്ങൾ, പശ്ചാത്തലം എന്നിവയെല്ലാം നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥയെ വെല്ലുവിളിക്കുന്ന തരത്തിലാണുള്ളത്.

ഓരോ ജാതിയും കൃത്യമായ അതിരുകൾ തിട്ടപ്പെടുത്തിയ സാമൂഹിക ഗണമാണ്. അവിടെ സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ സ്ത്രീകളുടെ ഇടങ്ങളെ കൃത്യമായി നിർദ്ധാരണം ചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീയെ മൂല്യനിർണ്ണയം ചെയ്യാനുള്ള മാനദണ്ഡങ്ങൾ രൂപപ്പെടുത്തുകയും അവളെ അപമാനവീകരിക്കുകയുമാണ് പുരുഷാധിപത്യപരമായ ജ്ഞാനഘടന ഇന്നോളം പാലിച്ചുപോന്നിട്ടുള്ളത്. അവയെ അതിലംഘിക്കാനുള്ള ഏതുശ്രമവും ശിക്ഷാർഹമായിരുന്നു. കാലക്രമേണ സ്ത്രീയുടെ ശരീരശുദ്ധിയിലൂന്നിയുള്ള വിചാരണകൾ പ്രാധാന്യം നേടുകയും അവൾ ശരീരം മാത്രമായി ചുരുങ്ങുകയും ചെയ്തു. ഇത്തരം വ്യവസ്ഥയോട് കലഹിച്ച് സമുദായത്തിന്റെ അനാശാസ്യ പ്രവണതകൾക്കെതിരെ കൈചൂണ്ടുന്നുണ്ട് മാടമ്പ് കുഞ്ഞുക്കുട്ടന്റെ 'ഭ്രഷ്ട്.'

ഓരോ വ്യക്തിയുടെയും ഇടപെടലുകളാണ് നാടിന്റെ സാമുദായിക ഘടനയെയും സാംസ്കാരിക ഭാവനകളെയും നിർണ്ണയിക്കുന്നത്. ഈ ഇടപെടലുകളുടെ ചലനങ്ങൾ ചരിത്രപുസ്തകങ്ങളിൽ അദൃശ്യമായിരിക്കുന്നു.

ചരിത്രഗ്രന്ഥത്തിന്റെ വരൾച്ചയ്ക്കു പുറത്ത്, സാമുദായിക ജീവിതത്തിന്റെ അടിക്കാടുകളിലാണ് സാഹിത്യകൃതി ഇടമെടുക്കുന്നത്. ചരിത്രകാരന് ഭൂതകാലം പൊളിച്ചുനീക്കേണ്ട രഹസ്യങ്ങളായിരിക്കെ, എഴുത്തുകാരന് അത് ഇറങ്ങിനടന്നുഭാവനചെയ്യാനുള്ളതാണ്. ഒഴുകിപ്പോയ അദൃശ്യമായ കാലത്തെ, വീണ്ടും ജനിപ്പിക്കുകയാണ് സാഹിത്യകൃതി ചെയ്യുന്നത്[15]. ചരിത്രത്തിന്റെ അകസ്ഥലങ്ങളിലേക്ക് വിസ്മൃതമാകാൻ തുടങ്ങിയ താത്രീവിചാരണകഥയെ തന്റെ പുരോഗമനാത്മകചിന്തയുടെ പിൻബലത്തോടെ പുനരാനയിക്കുകയാണ് മാടമ്പ് കുഞ്ഞുക്കുട്ടൻ ചെയ്തത്. കാലവും ആചാരങ്ങളും ഭോഗതൽപ്പരതയിൽ മാത്രം മനസ്സുവ്യാപരിച്ച നമ്പൂതിരിത്തവുമാണ് 'ഭ്രഷ്ടി'ലെ പ്രമേയപരിസരത്തെ സുദൃഢമാക്കുന്നത്.

സ്മാർത്തവിചാരത്തെക്കുറിച്ചുള്ള അറിവുകൾ 'സരസ്വതീ വിജയ'ത്തിലും 'അഫ്ഫന്റെ മകളി'ലും നേരിയ തോതിൽ വെളിവാക്കപ്പെടുന്നുണ്ടെങ്കിലും 'ഭ്രഷ്ടി'ൽ എല്ലാ വിശദീകരണങ്ങളോടെയും മാടമ്പ് വ്യക്തമാക്കുന്നുണ്ട്. ഒരു കാലഘട്ടത്തിൽ അനിയന്ത്രിതമായി കാടുകയറിപ്പോയ സന്മാർഗ്ഗ സങ്കല്പങ്ങളുടെ യഥാതഥ വിവരണവും ഈ നോവലിൽ ഉൾച്ചേർന്നിട്ടുണ്ട്.

മകൾ, ഭാര്യ, അമ്മ, സഹോദരി എന്നിങ്ങനെ അന്യരുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് സ്ത്രീകൾ വീക്ഷിക്കപ്പെടുന്നത്. സ്വതന്ത്ര വ്യക്തിത്വത്തേക്കാൾ അവളുടെ സാമൂഹികാംഗത്വത്തിനാണിവിടെ പ്രാധാന്യം നൽകുന്നത്. വ്യക്തിബന്ധങ്ങൾ ദൃഢവും ഈടുറ്റതുമാകണമെങ്കിൽ വ്യക്തികൾ പരസ്പരവും സാഹചര്യങ്ങളുമായും പൊരുത്തപ്പെടേണ്ടതുണ്ട്. ഈ തത്വം എല്ലാത്തരം മാനുഷികബന്ധങ്ങൾക്കും ബാധകമാണെങ്കിലും സ്ത്രീ-പുരുഷ, ഭാര്യാ-ഭർതൃ ബന്ധങ്ങളിൽ ഇതേറെ പ്രസക്തമാകുന്നു. വ്യക്തിബന്ധങ്ങളോട്,

സമൂഹത്തോട് സ്ത്രീകൾക്കുകൈകൊള്ളാവുന്ന സമീപനം വിധേയത്വം (submission) ഉദാത്തീകരണം (sublimation) നി:ശബ്ദമായ കലാപം (Quietrebellion) എന്നിവയാണെന്ന് ഇന്ദിരാമഹേന്ദ്ര നിരീക്ഷിച്ചിട്ടുണ്ട്.[16]

ഇത്തരം സാമൂഹ്യനിർദ്ധാരണങ്ങളിൽ ഒതുങ്ങാതെ തന്റെ രചനകളിലൂടെ സ്ത്രൈണവ്യക്തിത്വത്തെ തുറന്നുകാട്ടാൻ ശ്രമിച്ചവരാണ് ലളിതാംബിക അന്തർജ്ജനം, പി. വത്സല എന്നീ എഴുത്തുകാരികൾ. ഒരർത്ഥത്തിൽ സ്ത്രീകളുടെ രചനാശ്രമങ്ങളെല്ലാംതന്നെ വരേണ്യവർഗ്ഗത്തോടും പുരുഷാ ധിപത്യചിന്താധാരകളോടും കലഹിക്കുന്നവയായിരുന്നു. തങ്ങളുടെ മജ്ജയിലും മാംസത്തിലും അനുഭവങ്ങളായി പതിഞ്ഞ സമൂഹത്തിന്റെ വികൃതമായ മുഖമാണ് 'അഗ്നിസാക്ഷി'യുടെയും 'ആഗ്നേയ'ത്തിന്റെയും പ്രമേയപശ്ചാത്തലം ഒരുക്കിയത്. പഞ്ചവർണ്ണക്കൂട്ടിലിട്ട കിളിയെപ്പോലെ മനമുരുകുന്ന തേതിക്കുട്ടിയും വൈധവ്യത്തിന്റെ മുൾമുനയിൽ ജീവിക്കാനുള്ള കരുത്താർജ്ജിച്ച നങ്ങേമയും സ്ത്രീയുടെ വ്യത്യസ്ത ഭാവങ്ങളെ പ്രതിനിധീകരിക്കുന്നു. പ്രമേയപരമായി വ്യത്യസ്തത പുലർത്തുന്നുണ്ടെങ്കിലും സ്ത്രൈണ സ്വഭാവപ്രത്യേകതയുടെ ഏകാത്മകത ഈ കൃതികളുടെ അന്തർധാരയായി വർത്തിക്കുന്നുണ്ട്. കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ് ആത്മാവ് കാണിച്ചുതരുന്ന വഴിത്താരയിലൂടെ സധൈര്യം കടന്നുപോകാനുള്ള തന്റേടം ഈ രണ്ടുനോവലുകളിലേയും നായികമാർക്കുണ്ട്. എന്താണ് സ്ത്രൈണസത്തയുടെ പ്രത്യേകതകൾ, സ്ത്രീയുടെ മാനസിക ഭാവങ്ങളും ചിന്താധാരകളും സമൂഹത്തിന്റെ ഏതൊക്കെ അതിരുകളെയാണ് ഭേദിക്കാനാഗ്രഹിക്കുന്നത് തുടങ്ങി സ്ത്രീ സമൂഹത്തിന്റെ നിർവ്വചനങ്ങളിൽ ഒതുങ്ങുന്നവളല്ല എന്ന കാഴ്ചപ്പാടിലേക്കും ഈ കഥാപാത്രങ്ങൾ വളരുന്നുണ്ട്.

'സരസ്വതീവിജയം' മുതൽ 'ആഗ്നേയം' വരെയുള്ള നോവലുകളുടെ പ്രമേയപരിസരത്തെ ദൃഢവും കാലികപ്രസക്തവുമാക്കിമാറ്റുന്നത് കഥാപാത്രങ്ങളാണെന്ന തിരിച്ചറിവിലേക്കാണ് നാം എത്തിച്ചേരുന്നത്. തന്റെ അനുഭവമേഖലയിൽ നിന്നാണ് നോവലിസ്റ്റുകൾ പ്രമേയപരിസരം തെരഞ്ഞെടുക്കുന്നതെങ്കിൽ സമൂഹത്തിന്റെ വ്യത്യസ്തമുഖങ്ങളാണ് കഥാപാത്രങ്ങളിലൂടെ ചുരുൾ നിവരുന്നത്. കഥാപാത്രങ്ങളുടെ ബാഹ്യാഭ്യന്തരജീവിതങ്ങൾ, പ്രത്യേകിച്ചും നിഗൂഢമായ ആന്തരികജീവിതം, പ്രകാശിപ്പിക്കുന്നതിലാണ് നോവലിന്റെ മൂല്യം. ചരിത്രത്തെക്കാൾ സാമൂഹ്യശാസ്ത്രത്തെക്കാൾ നോവൽ സത്യയുക്തമാകുന്നതും പ്രത്യക്ഷജീവിതത്തിനപ്പുറത്തുള്ള ഹൃദയവൃത്തികളെ പ്രകാശിപ്പിക്കുന്നതു കൊണ്ടാണെന്നും നോവലിലെ പാത്രസൃഷ്ടിയുടെ സർവ്വപ്രധാനതയെ വ്യക്തമാക്കുന്ന സന്ദർഭത്തിൽ ഇ.എം. ഫോസ്റ്റർ നിരീക്ഷിക്കുന്നുണ്ട്.[17]

കഥാപാത്രസ്വഭാവാവിഷ്ക്കാരത്തെക്കാൾ സംഭവപ്രധാനമായ ഇതിവൃത്തം മുഖ്യമായിട്ടുള്ളവയാണ് ഒരുവിഭാഗം നോവലുകൾ. 'സരസ്വതീവിജയം' ഈ രീതിയിൽ എഴുതപ്പെട്ട നോവലാണ്. ഇതിവൃത്തസൃഷ്ടിക്കുള്ള കരുക്കൾ മാത്രമാണിവിടെ കഥാപാത്രങ്ങൾ. അവരുടെ ക്രിയകൾ സ്വഭാവത്തിൽ നിന്ന് അനിവാര്യമായി ഉൽഭവിക്കുന്നതാകണമെന്നില്ല. നോവലിസ്റ്റ് തന്നെ ഓരോ സന്ദർഭത്തിലും നേരിട്ട് ഇടപെടുന്നുണ്ട്. സാമൂഹിക സാമുദായിക വ്യഗ്രതയാണ് പോത്തേരികുഞ്ഞമ്പുവിൽ മുന്നിട്ടുനിൽക്കുന്നത്. 'പണ്ട് പണ്ട് ഒരു രാജ്യത്ത്....' എന്നിങ്ങനെ കഥപറയുന്ന ഒരു രീതി ഈ നോവലിൽ ആദ്യന്തം നിഴലിക്കുന്നുണ്ട്. ഇത്തരം വിവരണാത്മകതയിലൂടെയാണ് സമൂഹത്തിലെ സവർണ്ണാവർണ്ണ വിഭാഗീയത ചിത്രീകരിച്ചിരിക്കുന്നത്.

“കനകശേഖരയില്ലത്ത് കുബേരൻ നമ്പൂതിരി എന്നു പേരായി ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരു വലിയ ജന്മിയും ശ്രുതി, സ്മൃതി, ഇതിഹാസം മുതലായ ഹിന്ദുക്കളുടെ ഇടയിൽ നടപ്പുള്ള ശാസ്ത്രങ്ങൾ അഭ്യസിച്ച മനുഷ്യനും ഈ കഥയിൽ ഉടനെ പ്രസ്താവിക്കുന്ന സംഭവകാലത്ത് ഏകദേശം 45 വയസ്സുചെന്ന ആളുമായിരുന്നു.”[18] ഇത്തരം കഥാകഥനരീതിയിൽ ആരംഭിച്ച് കഥാപാത്രത്തിന്റെ ബാഹ്യരൂപം നോവലിസ്റ്റ് നേരിട്ടുവർണ്ണിക്കുന്നു.

“കുബേരൻ നമ്പൂതിരി സാമാന്യം ദീർഘകായനായിരുന്നു. ഏകദേശം ചുകപ്പുഛായയോടുകൂടിയുള്ള വെളുത്ത ശരീരം. നല്ല ഒരു പാവുചുറ്റീട്ടുണ്ട്. കൈവിരൽ പത്തിന്മേലും എന്നുപറയാം, പൊന്മോതിരങ്ങളുണ്ട്. വെയിലത്തുകാണുമ്പോൾ മോതിരം ഇടാതെ വിരൽ ഒന്നും ഒഴിഞ്ഞിട്ടില്ലെന്നുതോന്നും.” ഇങ്ങനെ ആഢ്യനായ കുബേരൻ നമ്പൂതിരിയെ വർണ്ണിച്ച് അദ്ദേഹത്തിന്റെ മകളായ സുഭദ്രയെ ആപാദചൂഢം വർണ്ണിക്കുന്നു. “മുമ്പറഞ്ഞ അന്തർജ്ജനം ഒരു നല്ല വെളുത്ത പുടവ ഉടുത്തിട്ടുണ്ട്. അതു മുട്ടുമറഞ്ഞിട്ടേയുള്ളൂ. ഒരു മേൽപ്പുടവകൊണ്ട് സ്തനാച്ഛാദനവും ചെയ്തിട്ടുണ്ട്. കൈകൾക്ക് ഓരോ വെള്ളിവളയുണ്ട്. കൊത്തുപണി ഒന്നുമില്ലാത്തതും സ്വർണ്ണംകൊണ്ടുള്ളതുമായ ലഘുവായ ഒരാഭരണം കാതിൽ ഇട്ടിട്ടുണ്ട്. കഴുത്തിൽ ഒരു താലിമാത്രമേ ഉള്ളൂ. കുറെ അധികം വീതിയുള്ള ഒരു കുട കൊണ്ട് മുഖം മറച്ചുപിടിച്ചാണ് യാത്ര” (സരസ്വതീവിജയം - പുറം 28).

സമൂഹത്തിലെ ഉന്നതപദവി അലങ്കരിക്കുന്ന കുബേരൻ നമ്പൂതിരിയെയും മകളെയും അവരുടെ വേഷവിധാനപ്രത്യേകതകളോടെ ചിത്രീകരിച്ച് നമ്പൂതിരിയുടെ സ്വത്തുവിവരണത്തിലേക്ക് നോവലിസ്റ്റ് കടക്കുന്നു. ഇത്തരത്തിലുള്ള വിവരണം നോവലിന്റെ ഉദ്ദേശലക്ഷ്യത്തേയും അതിനനുയോജ്യമായ പാത്രസൃഷ്ടിയേയും വെളിവാക്കുന്നു. പാട്ടുപാടി എന്ന

കുറ്റം ചെയ്തതിനാൽ കാര്യസ്ഥനാൽ മർദ്ദിക്കപ്പെട്ട മരത്തൻ എന്ന പുലയക്കുട്ടിയുടെ ജീവിതാഖ്യാനത്തിലൂടെ പുലയരുടെ സഹതാപാർഹമായ അവസ്ഥ, അവരുടെ പുരോഗതിക്കുള്ള മാർഗ്ഗം, സവർണ്ണരുടെ ക്രൂരതകൾ എന്നിവ വളരെ വിശദമായി നോവലിൽ ചർച്ചചെയ്യുന്നുണ്ട്.

'സരസ്വതീവിജയ'ത്തിലെ കഥാപാത്രങ്ങൾ ഇതിവൃത്തത്തെ മുന്നോട്ടുകൊണ്ടുപോകാനായി സൃഷ്ടിക്കപ്പെട്ടവയാണ്. അവരുടെ ക്രിയകൾ സ്വഭാവത്തിൽ നിന്ന് അനിവാര്യമായി ഉൽഭവിക്കുന്നതല്ല. 1930 കൾക്കുശേഷമാണ് പാത്രസ്വഭാവവും ഇതിവൃത്തവും അഭിവാജ്യമായി ഇണങ്ങുന്ന നോവലുകൾ മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത്. 'അപ്ഫന്റെ മകളും' 'ഭ്രഷ്ടും' 'അഗ്നിസാക്ഷി'യും 'ആഗ്നേയ'വുമെല്ലാം കഥാപാത്രപ്രാധാന്യമുള്ള നോവലുകളാണ്. വിജാതീയ സ്ത്രീയായ സുലോചനയും അകത്തളങ്ങളിലെ തേങ്ങലുകളെ ഉള്ളിലൊതുക്കി ജീവിക്കുന്ന ഇട്ടിച്ചിരിയും ആസ്വാദകമനസ്സിൽ എന്നും മായാതെനിൽക്കുന്ന മിഴിവുറ്റ കഥാപാത്രങ്ങളാണ്. എങ്കിലും വാക്കുകളോ പ്രത്യേക ചേഷ്ടകളോ മാത്രമല്ല ഇവർ അവിസ്മരണീയരാകുന്നത്; അതിനപ്പുറത്ത് അവരെ സംബന്ധിക്കുന്ന ചില സത്യങ്ങളുടെ ബഹിസ്ഫുരണ ങ്ങളിലൂടെയാണ്. ജീവിതസാഹചര്യസമ്മർദ്ദത്താൽ തങ്ങളുടെ സ്വഭാവത്തിലെ ഒരംശം മുന്നിട്ടുനിന്നുപ്രവർത്തിക്കുമ്പോൾ മറ്റു കഥാപാത്രങ്ങളിൽ നിന്നും വേറിട്ട വ്യക്തിവൈശിഷ്ട്യം പ്രകടിപ്പിക്കുന്നവരായി അവർ മാറ്റപ്പെടുന്നു.

ജീവിതത്തിന് ആദിമദ്ധ്യാന്തങ്ങൾ ഉള്ളതുകൊണ്ട് നോവലിലെ ഇതിവൃത്തത്തിനും കഥാപാത്രങ്ങളുടെ ജീവിതത്തിനും ആദിമദ്ധ്യാന്തങ്ങൾ വേണമെന്നുള്ളവരായിരുന്നു ആദ്യകാല എഴുത്തുകാർ. പഴയകാല നോവലുകൾ പ്രായേണസംവൃതരൂപത്തിലുള്ള (Closed form) സൃഷ്ടികളാണ്. പാത്രജീവിതത്തിലെ സംഘർഷപ്രതിസന്ധികൾ പരിഹരിച്ചുനിർവ്വഹ

ണത്തിലെത്തിക്കണം. അതിനുകാലേ ആസൂത്രണം ചെയ്തു പാത്രക്രിയകളെ ക്രമാനുസാരമാക്കും. കഥ മിക്കവാറും അവസാനിക്കുക വിവാഹത്തിലോ മരണത്തിലോ ആകും. രണ്ടും രണ്ടുതരത്തിൽ ജീവിതത്തിനുപൂർണ്ണത വരുത്തുന്നു എന്ന സങ്കല്പമാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്. ഇതാണ് സംവൃതരൂപമായ നോവലുകൾ.[21] 'സരസ്വതീവിജയ'ത്തിലും 'അപ്ഫന്റെ മകളി'ലുമെല്ലാം ഇത്തരത്തിലുള്ള പരിണാമഗുപ്തി കാണാം. 'ഭ്രഷ്ട്'ൽ സ്ത്രീലൈംഗികതയ്ക്കു നേരെ കടന്നുകയറ്റം നടത്തിയ അഭിജാതവർഗത്തെ ഒന്നടങ്കം ചോദ്യംചെയ്യുന്ന സംഹാരരുദ്രയായ പാപ്തിക്കുട്ടിയുടെ വളർച്ച നോവലിന്റെ അന്തിമലക്ഷ്യമാണ്. വിദ്യാഭ്യാസത്തിന്റെ നൂതന വെളിച്ചത്തിലൂടെ സ്വാംശീകരിച്ച അറിവിന്റെ തീക്കനലുകൾ നെഞ്ചിലേറ്റിയ നായികയാണ് 'അഗ്നിസാക്ഷി'യിലെ തേതിക്കുട്ടി. മാന്തളിർപോലെ നിറമുള്ള, നിറന്നകൺപീലികളുള്ള ഒതുങ്ങിയ ഒരു യുവതിയിൽ നിന്നും, നിറഞ്ഞ കൺപീലികളിൽ ഒരിറ്റു കണ്ണീർപോലുമില്ലാതെ നെറ്റിയിൽ നിന്നു ചോരയൊലിപ്പ് നിൽക്കുന്ന ദേശസ്നേഹിയിലേക്കും പിന്നീട് ശാന്തയും ഗംഭീരവദനയും തേജസ്വിനിയുമായ സുമിത്രാനന്ദയോഗിയിലേക്കുമുള്ള പടിപ്പടിയായ വളർച്ച 'അഗ്നിസാക്ഷി'യെ കാലാതീതമായ ആസ്വാദനത്തിന്റെ പരകോടിയിലെ ത്തിക്കുന്നുണ്ട്.

യൗവ്വനത്തിൽ തന്നെ വൈധവ്യത്തിന്റെ തീരാവേദന നെഞ്ചിലൊതുക്കി സ്ത്രൈണതയുടെ ആർദ്രഭാവങ്ങളെ മാറ്റിവെച്ച് കാർക്കശ്യത്തിന്റേയും തന്റേടത്തിന്റേയും മൂടുപടമണിഞ്ഞവളാണ് 'ആഗ്നേയ'ത്തിലെ നങ്ങേമ അന്തർജ്ജനം. 'തീയിൽ വെന്തത് തീയിൽ കാച്ചണം' എന്ന മന:ക്കരുത്തോടെ വയനാടൻ ചുരം കയറിയ നങ്ങേമ കാട്ടുവഴിയിലെ കരിയിലകളിൽ മുലപ്പാൽ ഇറ്റിറ്റുവീണ് വഴിതടഞ്ഞിട്ടും ജന്മാന്തരങ്ങളിലൂടെ വളർന്ന് തന്നെ പിന്തുടരുന്ന സമുദായത്തിന്റെ കറുത്തകൈകളെ തട്ടിമാറ്റുന്നുണ്ട്. മകൻ വളർന്ന് ജീവിതനിഷേധിയായി, നക്സലൈറ്റായി പ്രതീക്ഷകൾ പാടേ

തകർന്നപ്പോൾ താൻ വീര്യത്തോടെ വെട്ടിപ്പിടിച്ച മണ്ണ് മറ്റൊരാളുടെ അധീനതയിലാകുന്നതുകാണുവാനുള്ള കരുത്തില്ലാതെ എല്ലാ സമ്പാദ്യവും ഉപേക്ഷിച്ച് നങ്ങേമ മടങ്ങുന്നു. സമൂഹത്തിന്റെ സൂക്ഷ്മനിരീക്ഷണത്തോടൊപ്പം വ്യക്തിജീവിതത്തിന്റെ സങ്കീർണ്ണതകളെയും ഇഴപിരിച്ച് പരിശോധിക്കാൻ നോവലിസ്റ്റിനു കഴിയുന്നുണ്ട്. 'അഗ്നിസാക്ഷി'ക്കും 'ആഗ്നേയ'ത്തിനും പിൻമടക്കത്തിന്റേതായ ഒരു ഭാവം ആരോപിക്കപ്പെടുന്നുണ്ടെങ്കിലും സ്ത്രൈണസത്തയുടെ ആവിഷ്ക്കാരം പൂർണ്ണമായും നിറവേറ്റാൻ സ്ത്രീകൾക്കുമാത്രമേ സാധിക്കുകയുള്ളൂ എന്ന തിരിച്ചറിവിൽ ആസ്വാദനകമനസിനെ എത്തിക്കുവാൻ ലളിതാംബികയ്ക്കും വത്സലയ്ക്കും കഴിഞ്ഞിട്ടുണ്ട്.

## 4.4 പ്രതിരോധത്തിന്റെ തോറ്റംപാട്ടുകൾ

വ്യക്തിജീവിതത്തെയും സാമൂഹ്യജീവിതത്തെയും പ്രത്യക്ഷത്തിലും ആഴത്തിലും വിഷയമാക്കുന്നതിനാൽ ഏറ്റവും ജനകീയത അവകാശപ്പെടാവുന്ന സാഹിത്യരൂപമാണ് നോവൽ. നവോത്ഥാനാശയങ്ങളെ സ്വാംശീകരിച്ച് എഴുതപ്പെട്ട നോവലുകളിലെല്ലാംതന്നെ എഴുത്തുകാരന്റെ സാമൂഹിക പ്രതിബദ്ധതയും ആദ്യന്തം നിഴലിച്ചിരുന്നു. മേൽ പ്രസ്തരിച്ച നോവലുകളിലെല്ലാംതന്നെ ചില പ്രധാനസന്ദർഭങ്ങളിൽ എഴുത്തുകാർ നേരിട്ടിടപെട്ട് കഥാഗതിയെ നിയന്ത്രിക്കുന്നുണ്ട്. ഓരോ സമുദായത്തിന്റെയും അടിത്തട്ടിലൂറിക്കിടന്നിരുന്ന അനാചാരങ്ങളുടെയും അസമത്വങ്ങളുടെയും വികൃതമുഖം അനാവരണം ചെയ്യുകവഴി എഴുത്തിലൂടെ സമൂഹത്തോടുള്ള കടമ നിർവ്വഹിക്കുകയാണിവിടെ ഓരോ എഴുത്തുകാരനും. ബ്രാഹ്മണാധി പത്യവ്യവസ്ഥയെയും ആചാരങ്ങളെയും പരിഹാസരൂപേണ കാണുന്ന എഴുത്തുകാരനാണ് സരസ്വതീവിജയത്തിലെങ്കിൽ അനുഭവസ്ഥനായ

ഗുരുസ്ഥാനീയനായിട്ടാണ് 'അപ്ഫന്റെ മകളി'ൽ മുത്തിരിങ്ങോട് കടന്നുവരുന്നത്. ഈ രണ്ടു നോവലുകളിലെയും പ്രധാനസമുദായ പ്രതിപാദിതമായ സന്ദർഭങ്ങളെ അക്കമിട്ടിവിവരിക്കാം.

1. പഠിപ്പുള്ളവർ പഠിപ്പില്ലാത്തവരുടെ സുഖ:ദു:ഖങ്ങൾ അന്വേഷിക്കാനും അവർക്കു സന്മാർഗ്ഗോപദേശം ചെയ്‌വാനും അവരെ നേർവഴിയിൽ ആക്കുവാനും ബാധ്യസ്ഥന്മാരാകുന്നു. പൂർവ്വകാലത്ത് വിദ്യയും ബുദ്ധിയും ഉള്ളവർ ഇന്ത്യയിൽ ബ്രാഹ്മണർമാത്രമായിരുന്നു. അതുകൊണ്ട് ഇത്രത്തോളം മൂഢതയിൽ ഈ സാധു ചെർമ്മക്കളെ അകപ്പെടുത്തി വളർത്തിയതിന്നു ബ്രാഹ്മണരെയല്ലാതെ മറ്റു വല്ലവരെയും ഉത്തരവാദപ്പെടുത്താനുണ്ടോ എന്നത് ആലോചിക്കാനുള്ള കാര്യമാണ്. (സരസ്വതീവിജയം - പുറം 38)

2. ഇപ്പോൾ ആ ദിക്കിൽ ആ കുരങ്ങുചാടാത്ത മലർവാടിയില്ല; ആ വണ്ടത്താൻ ചെന്നുവീഴാത്ത കുസുമമില്ല; ആ മത്തഗജം ചെന്നിറങ്ങാത്ത താമരപ്പൊയ്കയില്ല! പക്ഷെ, ഇതിൽ അയാളെ എത്രത്തോളം കുറ്റപ്പെടുത്താം? നീന്തിനടക്കുന്ന ഒരു കുട്ടി കോലായമേൽ നിന്നുമുറ്റത്തേക്ക് മറിഞ്ഞുവീണാൽ അതിൽ ആ കുട്ടിയെ എത്രത്തോളം കുറ്റപ്പെടുത്താം? അറിവുകൾക്കായി ഹൃദയം മലർക്കെ തുറന്നുവെച്ചിരിക്കുന്ന ആ കൗമാരത്തിൽ, അതിനെ ശൂന്യമായിച്ചുങ്ങുവാൻ വിട്ടുംവെച്ച്, അയാളെക്കൊണ്ട്, ഒരിക്കലും അർത്ഥമോ ആവശ്യമോ അറിയാനിടയില്ലാത്ത ചങ്ങത ഉരുവിടുവിച്ചു: സമാവർത്തനം കഴിഞ്ഞപ്പോൾ പൂർണ്ണസ്വാതന്ത്ര്യവും കൊടുത്തു. അയാൾ അക്കാലത്തു കുരുത്തവരുന്ന വിഷയസുഖേച്ഛകളെ സഫലീകരിച്ചുതുടങ്ങുകയും ചെയ്തു. (അപ്ഫന്റെ മകൾ പുറം - 51).

വിദ്യാഭ്യാസം തങ്ങളുടെ കുത്തകയാക്കിമാറ്റിയ നമ്പൂതിരി സമുദായത്തെയും പഠിക്കാൻ താല്പര്യമുള്ള താഴ്ന്ന ജാതിക്കാരന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുന്ന സാമൂഹ്യനീതിയെയും പരിഹാസരൂപേണ വിമർശനം ചെയ്യുകയാണ് പോത്തേരികുഞ്ഞമ്പു. അധ:കൃതരുടെ പ്രത്യേകിച്ച്, പുലയർ തുടങ്ങിയ താഴ്ന്ന വർഗ്ഗക്കാരുടെ മാനസികവും ശാരീരികവുമായ അടിമത്തമനോഭാവത്തിനും അവരുടെ ദുരവസ്ഥയ്ക്കും ഒരേയൊരു കാരണം സമൂഹത്തിൽ ചിര:പ്രതിഷ്ഠിതമായ ബ്രാഹ്മണീയമൂല്യങ്ങളായിരുന്നു. പദേ പദേ സംസ്കൃതശ്ലോകങ്ങളും ഉറപ്പിനായി മനുശങ്കരസ്മൃതികളുടെ ആവർത്തനത്തിലൂടെയും തങ്ങളുടെ പദവി ഊട്ടിയുറപ്പിക്കുന്ന സമുദായാംഗങ്ങളുടെ ചാപല്യത്തെ അതേപടി ഈ നോവലിൽ പകർത്തിവച്ചിട്ടുണ്ട്. "ബ്രാഹ്മണർ വിഡ്ഢികളല്ല; സൂക്ഷ്മഗ്രാഹികളാണ്. ശൂദ്രരിലും മറ്റും അജ്ഞാനം വർദ്ധിപ്പിക്കത്തക്ക കഥകളും വാക്യങ്ങളും ബ്രാഹ്മണർ പലപ്പോഴും ഉപദേശിക്കുമെങ്കിലും ആ വക കഥകളും വാക്യങ്ങളും ചിലതുപൊള്ളയായിട്ടുള്ളതാണെന്ന് അവർക്കുതന്നെ ധാരാളം അറിവുണ്ടെന്നും" നോവലിസ്റ്റ് കൂട്ടിച്ചേർക്കുന്നുണ്ട്. സമുദായത്തിലെ യുവാക്കളുടെ വിദ്യാഭ്യാസരീതിയെയാണ് മുത്തിരിങ്ങോട് ചിത്രീകരിക്കുന്നത്. ഒരിക്കലും അർത്ഥവും ആവശ്യവുമറിയാത്ത പഠനരീതിയാണ് നമ്പൂതിരിമാരുടെ ഇടയിൽ നിലനിന്നിരുന്നത്. തലമുറതലമുറയായി ആചരിച്ചുപോന്ന ഗാർഹിക, വിദ്യാഭ്യാസ ചിട്ടകളെ അതേപടി ആവർത്തിക്കുകയായിരുന്നു അവർ ചെയ്തത്. സമാവർത്തനത്തോടെ അവസാനിക്കുന്ന വിദ്യാഭ്യാസവും വിവാഹത്തിനുപുറമെയുള്ള സംബന്ധങ്ങളും ഭൗതികസുഖഭോഗങ്ങളിലേക്ക് ആണ്ടുപോകാൻ യുവാക്കളെ പ്രേരിപ്പിച്ചു. 'കുരങ്ങുചാടാത്ത മലർവാടിയില്ല....'

എന്നിങ്ങനെ ആലങ്കാരികതയോടെ വർണ്ണിക്കുന്ന മുത്തിരിങ്ങോട് സമുദായത്തിന്റെ അധാർമ്മികതയിലേക്ക് വിരൽചൂണ്ടുന്നുണ്ട്. നമ്പൂതിരി സമുദായത്തിൽ ജനിക്കുന്ന ഓരോ വ്യക്തിയും അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കിനാവള്ളികളാൽ ചുറ്റപ്പെട്ടിരിക്കുന്നു. വ്യക്തിയല്ല മറിച്ച് സമൂഹമാണ് അവനിൽ അധാർമ്മികത വളർത്തുന്നത്. ഇതിന്റെ നേരിയ ചരിത്രപശ്ചാത്തലം 'ഭ്രഷ്ടി'ലും അടയാളപ്പെടുത്തിയിട്ടുണ്ട്. "ക്ഷേത്രപരി സരങ്ങൾ ധാരാളിത്തത്തോടെ നൽകുന്ന ഉച്ഛിഷ്ടവും നൂറ്റാണ്ട് യുദ്ധം വരുത്തിവെച്ച സൗകര്യവും ഉപയോഗിച്ച് ഒരുവിഭാഗം വളർന്നുവന്നു. മേലനങ്ങാതെയുള്ള ഊണ്. ഭൂദേവപ്രീതികൊണ്ടുണ്ടായ മേന്മ." (ഭ്രഷ്ട് പുറം - 72). നൂറ്റാണ്ടുയുദ്ധത്തിനുശേഷം കേരളത്തിൽ നടമാടിയ ജാതിവ്യവസ്ഥയുടെ ക്രൂരമുഖങ്ങളെ ഈ നോവലുകൾ എടുത്തുകാട്ടുന്നുണ്ട്. കഥയ്ക്കും കഥാപാത്രങ്ങൾക്കുമല്ല മറിച്ച്, സമൂഹത്തിനാണ് ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നത്. അജ്ഞാനത്തിൽ മുഴുകി ജീവിതം ജീവിച്ചുതീർക്കുന്ന ജനതയെ നൂതനവിദ്യാഭ്യാസത്തിലൂടെയും ക്രിസ്തുമതവിശ്വാസത്താലും പുനരുജ്ജീവനം നൽകാം എന്ന കണ്ടെത്തലിലാണ് പോത്തേരികുഞ്ഞമ്പു എത്തുന്നത്.

വിദ്യാഭ്യാസത്തിലൂടെ സമുദായത്തെ ഉദ്ധരിക്കാമെന്ന ധാരണയുമായി നാടുവിട്ട മധു എന്ന നായക കഥാപാത്രത്തിലൂടെ നൂതനചിന്താധാരകളെ മുത്തിരിങ്ങോടും പരിചയപ്പെടുത്തുന്നുണ്ട്. മദിരാശിയിൽ പോയ മധുവിനെ ക്കുറിച്ചുള്ള ജനസംസാരത്തിൽ നമ്പൂതിരിസമുദായത്തിന്റെ ഒരു മുഖം ഇപ്രകാരം ചിത്രീകരിച്ചിരിക്കുന്നു.

"ഒരുണ്ണിനമ്പൂതിരി, മാറിൽ കിടക്കുന്ന ബ്രഹ്മസൂത്രത്തെ പുല്ലോളം വകവെയ്ക്കാതെ ഇംഗ്ലീഷ് പഠിച്ചു. അതാവട്ടെ, ഓത്തില്ലാത്തതുകൊണ്ടും

ആഢ്യനും ശ്രേഷ്ഠനുമായ അപ്ഫൻ നമ്പൂതിരി സമ്മതിച്ചുകളഞ്ഞതുകൊണ്ടും അതങ്ങിനെ പോകട്ടെ. എന്നിട്ടയാൾ മദിരാശിയിൽ പോയി ഒരു നായരുടെകൂടെ താമസിച്ചു - ബുദ്ധി അശുദ്ധമായി, ശരീരവും അശുദ്ധമായി. ഇപ്പോഴിതാ, വല്ല പറയന്റെയോ പാണന്റെയോ ശവം കീറിയും മുറിച്ചും ഒരിക്കലും 'പുണ്യാഹ ശുദ്ധം' പോവാതെ ജീവിക്കുന്നു. കലികാലമായാലും ശ്രുതി സ്മൃതീതിഹാസാദി ദിവ്യഗ്രന്ഥങ്ങളെ ഒരു ചെറുമനുഷ്യൻ കടന്ന് ഇത്രമേൽ അനാദരിക്കയോ! അയാൾ മദിരാശിയിൽ നിന്നുമടങ്ങിവരട്ടെ, കാണിച്ചുകൊടുക്കാം" (അപ്ഫന്റെ മകൾ, പുറം 63). ഇത്തരത്തിലുള്ള സമുദായത്തിന്റെ കാകദൃഷ്ടിയിൽ നിന്നും ഒരു വ്യക്തിക്കും അക്കാലത്ത് രക്ഷപ്പെടാനാവില്ലെന്നും അഥവാ രക്ഷനേടിയാൽത്തന്നെ ഭ്രഷ്ടുകല്പിച്ച് സമുദായത്തിൽ നിന്നും പുറന്തള്ളുമെന്നുമുള്ള ഒരു ഓർമ്മപ്പെടുത്തൽ ഈ വരികളിൽ നിഴലിക്കുന്നുണ്ട്.

"ഉച്ചയ്ക്കും വൈകുന്നേരവും ഊട്ടുപുരയുടെ മുമ്പിൽ കെട്ടിഞാത്തിയ മണിയടിക്കും. ഒരു തുണ്ടം റെയിലിൽ മറ്റൊരു ഇരുമ്പുദണ്ഡിന്റെ താഡനം. കൂട്ടമണി. ഇളയതമ്പുരാക്കന്മാരുടെ സ്വകാര്യമാളികകളിലും പൊതുബംഗ്ലാവ്, കച്ചേരി തുടങ്ങിയ ഇടങ്ങളിലും കൂട്ടംകൂടിനിന്നുവെടിപറയുന്ന നമ്പൂരാരെ മണിനാദം വിശപ്പറിയിക്കും. കുളക്കടവുകളിലേക്ക് ജാഥ പുറപ്പെടും. മൂന്നാം തമ്പുരാന്റെ പുത്തൻ ബംഗ്ലാവിനെപ്പറ്റി അദ്ദേഹത്തിന്റെ സ്വകാര്യസമ്പാദ്യ ത്തെപ്പറ്റി, രഹസ്യവൃത്തികളെപ്പറ്റി, അങ്ങനെ സ്ഥിരക്കാരായ നമ്പൂരാർ ശുഷ്ക്കാന്തിയോടെ തർക്കിക്കും. പ്രത്യേകസേവകരായ സ്ഥിരക്കാർ അവരവരുടെ മാളങ്ങളിലേക്ക് ഉച്ചയുറക്കത്തിനുവലിയും. അന്തിയുറക്കത്തിനുള്ള സാമഗ്രി മുൻകൂട്ടി നിശ്ചയിക്കും" (ഭ്രഷ്ട് പുറം 16). ഇങ്ങനെ നമ്പൂതിരിമാരുടെ ദൈനംദിന ജീവിതത്തെ പരിഹാസച്ചുവയോടെ മാടമ്പ് വർണ്ണിക്കുന്നുണ്ട്. നമ്പൂതിരി നായർ കൂട്ടുകെട്ടിന്റെ വിശദീകരണവും ഈ നോവലിന്റെ പ്രത്യേകതയാണ്. "ഒരു

ദിവസം പതിനഞ്ചുപറ അരിയുടെ ചെലവ്, നിത്യക്കാർ നമ്പൂതിരിമാർ, അമ്പതിലേറെ സേവകർ, സഹായികൾ, ചാർച്ചവഴിക്കെത്തിയവർ. അകത്തും ഏതാണ്ടത്ര അന്തർജ്ജനങ്ങൾ. തേവാരത്തിനു സഹായിക്കുവാൻ ബന്ധുത്വം പറഞ്ഞുകൂടിയവർ, ഓരോ തമ്പുരാക്കന്മാരുടേയും സിൽബന്തികൾ, കാര്യസ്ഥർ, കാടത്തത്തിനുകൂട്ടുനിൽക്കുന്ന ഇഷ്ട തോഴർ - അങ്ങനെ ഒരുപറ്റം നമ്പൂതിരിയും നായരും അമ്പലവാസിയും (ഭ്രഷ്ട് പുറം - 17) ഇവരായിരുന്നു അന്ന് സമൂഹത്തെ ഒന്നടങ്കം നിയന്ത്രിച്ചുപോന്നവർ."

സാമൂഹികപ്രതിബദ്ധതയുടെ ചില അടരുകൾ അഗ്നിസാക്ഷിയിലും ചിതറിക്കിടക്കുന്നുണ്ട്. "ഞാനും തറവാടുനന്നാക്കുമമ്മേ! പക്ഷേ അതു നമ്പൂതിരിമാരിൽ നിന്നോ തനമ്പുരാക്കന്മാരിൽ നിന്നോ ഭിക്ഷമേടിച്ചിട്ടല്ല. ഞാൻ പഠിക്കും. പഠിച്ചുപഠിച്ചു ജയിക്കും. എന്നിട്ട് മാനമായി ഒരുദ്യോഗം നോക്കി കുടുംബം നന്നാക്കും. അച്ഛനോടുപറഞ്ഞേക്കൂ, അതിനുമുമ്പ് എനിക്ക് വിവാഹമില്ലെന്ന്. ചെങ്ങനാട്ടപ്പനാണേ ഇതുസത്യം." (അഗ്നിസാക്ഷി പുറം 41). തങ്കം എന്ന കഥാപാത്രത്തിലൂടെ സ്വന്തം അന്തർഗതങ്ങളെ വ്യക്തമാക്കാനാണ് അന്തർജ്ജനം ശ്രമിക്കുന്നത്. മാടമ്പുകുഞ്ഞുക്കുട്ടനും മുത്തിരിങ്ങോടും പോത്തേരികുഞ്ഞമ്പുവുമെല്ലാം നമ്പൂതിരിസമുദായത്തിന്റെ അഹങ്കാരജടിലമായ പ്രവൃത്തികളെയും അനാശാസ്യപ്രവണതകളെയും അനാവരണം ചെയ്യുമ്പോൾ അകത്തളങ്ങളിലുറഞ്ഞുകൂടിയ വൈവശ്യതയുടെ ചിത്രങ്ങളാണ് 'അഗ്നിസാക്ഷി'യിലും 'ആഗ്നേയ'ത്തിലും കോറിയിട്ടിരിക്കുന്നത്.

"ഒരു ജാതിയുടെയോ ഒരു മതത്തിന്റെയോ സമുദായത്തിന്റെയോ ആളല്ല ഞാൻ; നൂറ്റാണ്ടുകളായി മർദ്ദനമനുഭവിക്കുന്ന സ്ത്രീവർഗ്ഗത്തിന്റെ മുഴുവൻ പ്രതിനിധിയാണ്. മൂടുപടം നീക്കി മുമ്പിൽ നിൽക്കുന്ന ഈ സത്യത്തെ നോക്കി നിങ്ങൾക്കു ശപിക്കയോ അനുഗ്രഹിക്കയോ ചെയ്യാം. പക്ഷേ

ഞങ്ങളുടേതായ ഈ ദു:ഖഭാരം നിങ്ങളുടെ സൃഷ്ടിയാണെന്ന് ഓർമ്മ വേണം." (അഗ്നിസാക്ഷി പുറം-55). 'സരസ്വതീവിജയ'ത്തിന്റെ ആദ്യഭാഗത്ത് അധ:കൃതരുടെ ദുരവസ്ഥയ്ക്കുകാരണം നമ്പൂതിരിമാരാണെന്നുചിന്തിക്കുന്നതിൽ തെറ്റില്ല എന്ന പ്രസ്താവനയിൽ നിന്നും മൂടുപടം മാറ്റി സത്യത്തെ നേർക്കുനേർകാണാനുള്ള തന്റേടത്തിലേക്ക് 'അഗ്നിസാക്ഷി' വളരുന്നുണ്ട്. തങ്ങൾ അനുഭവിച്ച ദു:ഖഭാരം വരുംതലമുറയുടെ ശിരസ്സിൽ നിന്ന് ഒഴിവാക്കണം എന്ന ലക്ഷ്യബോധം 'അഗ്നിസാക്ഷി'യെ കൂടുതൽ കരുത്താർന്ന നോവലാക്കി മാറ്റുന്നു.

വൈധവ്യത്തിന്റെ പരാധീനതകളേയും സമുദായത്തിന്റെ നഷ്ടപ്പെട്ട പ്രതാപത്തെയും ഇഴപിരിച്ച് പരിശോധിച്ച് സ്ത്രീത്വത്തിന്റെ കരുത്തിന്റെ പ്രോജ്ജ്വലിപ്പിക്കുന്ന കൃതിയാണ് ആഗ്നേയം. ''പഴയപ്രതാപം തേഞ്ഞ പല്ലുകൾപോലെ ഉപയോഗശൂന്യമായി. അതുപറിച്ചെറിഞ്ഞ് ഇതാ ഞങ്ങളും വന്നിരിക്കുന്നു കാട്ടിലേക്ക്. കറുത്ത മണ്ണിലേക്ക്. പഴയ ദു:ഖങ്ങൾ കുഴിച്ചുമൂടി അതിനെ വീണ്ടും കറുപ്പിക്കാൻ. കണ്ണീരിന്റെ നനവുകൊണ്ട് പുതിയ തലമുറയുടെ വിത്തുമുളപ്പിക്കാൻ (ആഗ്നേയം പുറം-46) ആഗ്നേയത്തിലെ നങ്ങേമയ്ക്ക് സാധിക്കുന്നുണ്ട്. ഉയർന്ന സമുദായം, സ്ത്രീ, വിധവ, സാമ്പത്തിക പരാധീനതകൾ, കുടുംബബന്ധങ്ങളുടെ തകർച്ച, മാതൃത്വത്തിന്റെ മഹനീയത ഇങ്ങനെ വിവിധ വീക്ഷണകോണുകളിലൂടെ സമൂഹത്തിന്റെ നേർക്കാഴ്ചകൾ പി. വത്സല കാണിച്ചുതരുന്നു."

## 4.5 ആത്മബോധത്തിന്റെ വസന്തവും കാമനകളുടെ പൊലിമയും

ഒരു സമൂഹത്തിന്റെ സാംസ്കാരികാവസ്ഥ, ആ സമൂഹം സ്ത്രീക്ക് അനുവദിച്ചുകൊടുക്കുന്ന സ്ഥാനത്തെയും പദവിയെയും ആസ്പദമാക്കി മനസ്സിലാക്കാവുന്നതാണ്. 1844-ൽ 'സ്വകാര്യസ്വത്തം കമ്മ്യൂണിസവും' എന്ന

ഗ്രന്ഥത്തിൽ മാർക്സ് ഇപ്രകാരം എഴുതി. "മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഏറ്റവും സ്വാഭാവികമായിട്ടുള്ളത്, സ്ത്രീ-പുരുഷ ബന്ധമാണ്. അതിനാൽ അവന്റെ സഹജഭാവം എത്രത്തോളം മനുഷ്യത്വപരമായിരിക്കുന്നു എന്നതിന്റെ സൂചനയായി സ്ത്രീ-പുരുഷബന്ധത്തിന്റെ അവസ്ഥയെ കണക്കാക്കാവുന്നതാണ്.[22]"

വർണ്ണവ്യവസ്ഥയുടെ മുൻപന്തിയിൽ എല്ലാസുഖഭോഗങ്ങളും അനുഭവിച്ച് ഊറ്റംകൊണ്ടിരുന്ന നമ്പൂതിരി സമുദായം സ്ത്രീയെ കടമ നിർവ്വഹിക്കുന്ന, ആചാരാനുഷ്ഠാനങ്ങൾ അതേപടി പാലിച്ചുപോരുന്ന ഉപകരണങ്ങളായിട്ടാണ് കണക്കാക്കിയിരുന്നത്. തേച്ചുമിനുക്കിയ ഓട്ടുവിളക്കുകൾപോലെ നാലുകെട്ടിന്റെ അകത്തളങ്ങളിൽ നിശ്ചലകാലത്തിന്റെ ദുരിതവും പേറി കാഴ്ചവസ്തുക്കളായി അന്തർജ്ജനങ്ങൾ മാറിയപ്പോൾ സമൂഹവും ജാതി-മത ഭ്രാന്തിന്റെ ഊരാക്കുടുക്കിൽപെട്ടുവലഞ്ഞു. ഈ ചങ്ങലക്കെട്ടുകളെ പൊട്ടിച്ചെറിയാനായി നവോത്ഥാന നായകന്മാർ രംഗത്തുവന്നതോടെ മാറ്റത്തിന്റെ തിരയിളക്കം തന്നെ കേരളത്തിലുണ്ടായി. എഴുത്തുകാരും സമൂഹത്തോടുള്ള തങ്ങളുടെ കടമ കൃതികളിലൂടെ നിറവേറ്റാൻ ശ്രമിച്ചുതുടങ്ങി.

'സരസ്വതീവിജയ'വും, 'അപ്ഫന്റെ മകളും' 'ഭ്രഷ്ടും' 'അഗ്നിസാക്ഷിയും' 'ആഗ്നേയ'വുമെല്ലാം സ്ത്രൈണസത്തയുടെ വ്യത്യസ്ത ഭാവങ്ങളെ വിശദമായി ചിത്രീകരിച്ചിട്ടുണ്ട്. കള്ളസാക്ഷിയുടെ വെളിച്ചത്തിൽ ഭ്രഷ്ടുകല്പിക്കപ്പെട്ട നിസ്സഹായയായ സുഭദ്ര അന്തർജ്ജനത്തെ പോത്തേരികുഞ്ഞമ്പു ഒരു ചിത്രത്തിൽ ചായക്കൂട്ടുകൾ സമർത്ഥമായുപ യോഗിക്കുംവിധം ഭാഷയെ പ്രയോഗിച്ചിട്ടുണ്ട്.

"ബ്രാഹ്മണസ്ത്രീയെ കാലവിചാരം ചെയ്തു പുറത്തുതള്ളുക എന്ന അവസ്ഥ ദിവസേനയോ കൂടെക്കൂടെയോ ഉണ്ടാകുന്നതല്ല; അനേകം കൊല്ലം

കൂടിയാൽ ഒരിക്കൽ ഉണ്ടാകുന്നതാകുന്നു. സുഭദ്ര ശ്രുതിപ്പെട്ട കുബേരൻ നമ്പൂതിരിയുടെ മകളാകകൊണ്ട് അനേകം ആളുകൾ ആ സ്ഥലത്ത് എത്തിക്കൂടീട്ടുണ്ട്. മുഖം താഴ്ത്തി കരഞ്ഞും കണ്ണുനീർ വീഴ്ത്തിയും ഒരു കുട്ടിയെ ഉക്കലിൽ തട്ടിയും മറ്റൊരു കുട്ടിയുടെ കൈപിടിച്ചും മൂത്തകുട്ടിയെ മുമ്പിൽ നടത്തിയും ഒരാളുടെ മുഖത്തുനോക്കാതെയും ചിറപ്പടമേലെക്കൂടി സുഭദ്രപതുക്കെ പതുക്കെ നടക്കയായി. സമയം ഏകദേശം പകൽ മൂന്നുമണി കഴിഞ്ഞു. ആ നിമിഷംവരെ നാടുംവീടും പരിചാരകന്മാരും ഉണ്ടായിരുന്നു. ആ നിമിഷം മുതൽ അവരൊന്നുമില്ല. കുട്ടികൾ കരഞ്ഞുകൊണ്ടിരിക്കുന്നു.'' (സരസ്വതീവിജയം പുറം-79). നിരാലംബയായി വീടും നാടും വിലക്കപ്പെട്ട് പടിയിറങ്ങേണ്ടിവന്ന സുഭദ്രയെ ഈ അവസ്ഥയിലേക്ക് തള്ളിവിട്ടത് അവൾ ജീവിച്ചുപോന്ന സമുദായം തന്നെയാണ്. വൈകാരികവും ചിന്തോദ്ദീപകവുമായ മനസ്സും ശരീരവും സ്ത്രീക്ക് ഉണ്ടാവാൻ പാടില്ല. അത്തരമൊരു സന്ദർഭം ഉണ്ടാകുന്നതിനുമുമ്പുതന്നെ സമൂഹത്തിന്റെ അനാചാരങ്ങളാൽ നിർമ്മിതമായ ചാട്ടവാർ അവളിൽ പതിച്ചിരിക്കും.

ഭ്രഷ്ടിനെ ഭയക്കുന്ന ഇട്ടിച്ചിരിയുടെ മാനസികാവസ്ഥയിലേക്കും നമുക്കൊന്നുകടന്നു നോക്കാം. "എന്തൊരു സാഹസമാണ് ഞാനിന്നുചെയ്തത്! അവൾ ചിന്തിക്കുകയാണ്. അതുവിചാരിക്കുംതോറും തല ചുറ്റുന്നു. കൈയ്യും കാലും തളരുന്നു. ഞാൻ ഋതുമതിയായ ഒരു കന്യക; അദ്ദേഹമോ, യൗവനയുക്തനായ ഒരു പുരുഷൻ. അദ്ദേഹവുമായി ഒളിവിൽ നിന്നുസംസാരിക്കുകയും സമ്മേളിക്കുകയും ചെയ്യുക- ഇതാരാനും കേട്ടാൽ! പിന്നേത്തെ എന്റെ ജീവിതം എങ്ങനെയാണ് വിചാരിക്കുക? അടുത്ത സംഭവം എനിക്ക് ഭ്രഷ്ട് കല്പിക്കലല്ലേ? എന്നെ ആട്ടിപ്പായിക്കുകയല്ലേ? അടുത്തുണ്ടാകാൻ പോകുന്നത്! യാതൊന്നും വിവരമില്ലാത്ത ഇവൾ - ഇതേവരെയും ഒരു തത്തയെപ്പോലെ കഴിഞ്ഞ ഈ സാധു-ലോകത്തിന്റെ കയ്പും

മധുരവും അശേഷം അറിയാത്ത ഞാൻ, പിന്നെയെങ്ങനെയാണ് ഈ ഭൂമിയിൽ കഴിച്ചുകൂട്ടുക?" (അപ്ഫന്റെ മകൾ പുറം-34) ഇങ്ങനെ തന്റെ അന്തർഗതങ്ങളെ വേർതിരിച്ച് വിശകലനം ചെയ്യുന്ന ഇട്ടിച്ചിരി ഇഷ്ടപുരുഷന്റെകൂടെ ജീവിക്കാൻ സാധിച്ചാൽ സമുദായ ഭ്രഷ്ടല്ല ലോകഭ്രഷ്ടുതന്നെ നേരിടാൻ തയ്യാറാണെന്ന് സ്വയം വെളിപ്പെടുത്തുന്നു. നിരാലംബയായി കണ്ണീർപൊഴിച്ചുനിൽക്കുന്ന സുഭദ്രയിൽ നിന്നും സഹനത്തിന്റെ മൂശയിൽ നിന്നുയിർകൊണ്ട അഗ്നിയുടെ നേരിയ സ്ഫുലിംഗം ഇട്ടിച്ചിരിയിൽ പ്രകടമാകുന്നുണ്ട്. 'സ്ത്രീ പനിനീർപ്പൂവാണ്. അവൾ ആരെയും ആകർഷിക്കും. ആനന്ദിപ്പിക്കും. എന്നാൽ ക്ഷണത്തിൽ വാടുകയും ചെയ്യും' എന്ന പ്രസ്താവന മുത്തിരിങ്ങോട് നടത്തുന്നുണ്ടെങ്കിലും ദുരവസ്ഥകളോട് പ്രതികരിക്കുന്ന ഒരു മനസ്സ് ഇട്ടിച്ചിരിയിൽ നോവലിസ്റ്റ് കണ്ടെത്തുന്നുണ്ട്.

നമ്പൂതിരി സ്ത്രീക്ക് സ്വന്തം അസ്തിത്വമില്ലെന്നും അവൾ സമൂഹത്തിന്റെയും കുടുംബത്തിന്റെയും സമുദായത്തിന്റെയും ആചാരങ്ങളുടെയും ഓരോ ഭാഗങ്ങളാൽ നിർമ്മിക്കപ്പെട്ടവളാണെന്നും വളരെ സങ്കീർണ്ണമായ അവളുടെ മനസ്സിനെ വിവരിക്കാൻ ഒരു മന:ശാസ്ത്രജ്ഞ നുപോലും കഴിയില്ലെന്നും മുത്തിരിങ്ങോട് സമർത്ഥിക്കുന്നു. ''അമ്മ, മുത്തശ്ശി, സഹോദരീസഹോദരന്മാർ എന്നീ ബന്ധുക്കൾ, കുലാഭിമാനം, ആചാരം, സർവോപരി തന്റെ അസ്വാതന്ത്ര്യം എന്നിവ ഒരു വശത്ത്; മറുവശത്ത് തന്റെ ദൃഢരൂഢമായ അനുരാഗം; പിന്നീടൊരുവശത്ത് സാപത്ന്യദു:ഖം, ഭർതൃദണ്ഡനം, വൃദ്ധഭാര്യാത്വം എന്നീ മഹാനരക വിഭാഗങ്ങൾ ഇവയെല്ലാംകൂടി അവളെയിട്ടു ഞെരുക്കിച്ചതച്ചു; എരിപൊരികൊള്ളിച്ചു; ഭ്രാന്തുപിടിപ്പിച്ചു! ഇവയൊക്കെ, ഏതൊരു മന:ശാസ്ത്രജ്ഞനാണ് ശരിക്കുവിവരിക്കാൻ സാധിക്കുക?" (അപ്ഫന്റെ മകൾ പുറം-77).

“നമ്മളൊക്കെ ഇങ്ങനെ കഴിഞ്ഞാ മത്യോ? ഒന്നാലോചിച്ചുനോക്കൂ. എന്താ കഥ! നമ്മുടെ തലയ്ക്കുമീതെ കാലം കുതിക്കാണ്. വാരമുണ്ടും ഓത്തുകൊട്ടിച്ചും കഴ്യേണ നമ്മൾ നമ്മടെ ഒടപ്രന്നോളമാരെ മറന്നു. നോക്കൂ, എത്ര ബാലവിധവകളാണ്! പത്തും പന്ത്രണ്ടും തികയും മുമ്പൊരു വൃദ്ധനായ അധിവേത്താവിനുകൊടുക്കും, പിന്നെ ഒരു പക്ഷേ, സാപത്നൃത്തിന്റെ മത്സരത്തിനിടയിലും ഒന്നു പെറ്റൂന്നുവരാം. അധികം കഴിയാണ്ടെ വിധവകളായി. (ഭ്രഷ്ട് പുറം-50). ഇങ്ങനെ സ്വയം വിമശർനത്തിന്റെ പ്രകാശിതരേഖയാണ് മാടമ്പിന്റെ ‘ഭ്രഷ്ട്’. എതിർപ്പിന്റെ നേരിയ ചലനങ്ങൾ മനസ്സിൽ പേറി നടക്കുന്ന സരസ്വതീവിജയത്തിലെയും അപ്ഫന്റെ മകളിലെയും സ്ത്രീകഥാപാത്രങ്ങളിൽ നിന്നും വ്യത്യസ്തയാണ് മാടമ്പിന്റെ പാപ്തിക്കുട്ടി.

ചരിത്രത്തിന്റെ അടിവേരുകളിലേക്ക് ഒരു ജിജ്ഞാസുവിന്റെ മനോവേഗതയോടെ ഇറങ്ങിച്ചെന്ന് പ്രതികാരത്തിന്റെയും പ്രതിബോധ ത്തിന്റെയും അടയാളമായ പാപ്തിക്കുട്ടിയെ കണ്ടെത്തുകവഴി അന്ധകാരാ വൃതമായ നമ്പൂതിരിസമുദായത്തെയാകെ പൊളിച്ചെഴുതുവാനാണ് മാടമ്പ് ശ്രമിച്ചത്. ഏത് തന്ത്രമുപയോഗിച്ചാണോ സ്ത്രീകളെ അടിച്ചമർത്തിയിരുന്നത് അതേ തന്ത്രമുപയോഗിച്ചാണ് പാപ്തിക്കുട്ടി സമുദായാംഗങ്ങളെ തന്റെ വിരൽത്തുമ്പിൽ കൊണ്ടുവരുന്നത്. “സംഭാരം കൂട്ടിക്കാച്ചി ശുദ്ധിചെയ്ത ഔവ്വാസനാഗ്നിയിൽ ‘അഗ്നയേ പുത്രപതയെ ഇദം ന മമ’ എന്നുദ്ദേശത്യാഗം ചെയ്ത നാലാജ്യാഹുതികൾ ചെയ്ത്, കാളത്തോലിൽ ഇരുന്നു നാലുദിവസത്തെ ദീക്ഷയഴിഞ്ഞു. വൈദിക വിധിയനുസരിച്ച് പുത്രോല്പാദനത്തിനായി പാപ്തിക്കുട്ടി ശുദ്ധീകരിക്കപ്പെട്ടു. മങ്ങിയ പ്രകാശത്തിൽ മച്ചിന്റെ വാതിൽ ഒച്ചയുണ്ടാക്കാതെ തുറന്നു. ഇത്... ഇത് അദ്ദേഹമല്ല ഏട്ടൻ (ഭ്രഷ്ട് പുറം-80) പിതൃതുല്യനായ ഭർതൃസഹോദരന് ശരീരം കാഴ്ചവയ്ക്കേണ്ടിവന്ന പാപ്തിക്കുട്ടി

പിന്നീട് പ്രതികാരദുർഗ്ഗയായി മാറി. പാപ്തിക്കുട്ടിയുടെ നാവുണർന്നു. ഇനി... ഇനി കല്പിക്കാൻ താനാണ്. അനുസരിക്കാൻ പുരുഷവർഗ്ഗം. ഇതേവരെ അനുസരിച്ചില്ലേ അതുമതി. സഹനത്തിന്റെ സമയം കഴിഞ്ഞു. ഇനി പ്രതികാരത്തിന്റെ സന്ദർഭങ്ങളാണ് കണ്ടെത്തേണ്ടതെന്ന് പാപ്തിക്കുട്ടി മനസ്സിൽ വിചാരിക്കുന്നു. അവതാര രഹസ്യം അറിഞ്ഞ പാപ്തിക്കുട്ടി കട്ടിലിൽ നിവർന്നു കിടന്നു. തന്റെ കാൽക്കീഴിൽ വന്നമർന്നു സർവ്വസ്വവും ദാനം ചെയ്തു പിച്ചപ്പാളയെടുക്കാൻ പോകുന്നവരെ മനസ്സിൽ കണ്ടുതൃപ്തിയോടെ ചിരിച്ചു (ഭ്രഷ്ട് പുറം-83). ഒളിസേവ സപ്തകർമ്മമായി കരുതി നമ്പൂതിരിമാർ പകച്ചു. സ്മാർത്തവിചാരവേളയിൽ നമ്പൂതിരിസമുദായത്തിന്റെ അടിവേരുകളിളക്കാൻ സംഹാരരുദ്രയായി മാറിയ പാപ്തിക്കുട്ടിക്ക് കഴിയുന്നുണ്ട്. 'തിരിച്ചും മറിച്ചും ഓത്തുചൊല്ലി രസിക്കുന്ന നിങ്ങൾക്കതറീല്യ. വാരോം വാരസ്ത്രീകളും മുടങ്ങാഞ്ഞാമതി. ഞാനൊന്നു ചോദിക്കട്ടെ. പാതിവ്രത്യം നമ്പൂരാർക്കും കല്പിച്ചാൽ ഭ്രഷ്ടില്ലാത്ത എത്ര നമ്പൂരീണ്ടാവും?'(ഭ്രഷ്ട് പുറം-113). പൂർവ്വജന്മങ്ങളെക്കൂടി തോണ്ടിനോവിക്കുന്ന വാക്കുകളാണ് പാപ്തിക്കുട്ടിയിൽ നിന്നും കരിങ്കൽക്കഷ്ണങ്ങൾപോലെ ചിതറിവീഴുന്നത്. ദാസീഗമനത്തിന്റെ സുഖസ്മൃതി അയവിറക്കി രസിച്ചിരുന്ന നമ്പൂതിരിമാർ കാലപുരുഷന്റെ ചാട്ടയടികൊണ്ടു പുളഞ്ഞു.

തീവ്രമായ പ്രതികാരാഭിവാഞ്ഛ പ്രകടിപ്പിക്കുന്ന പാപ്തിക്കുട്ടിയിൽ നിന്നും അനുഭവത്തിന്റെയും പക്വതയുടെയും മൂർത്തീരൂപമായ തേതിക്കുട്ടിയിലേക്കുള്ള അകലം ഏറെയാണ്. പ്രതികരിക്കാതെ സ്വയം വിമോചനത്തിന്റെ പാതയിലേക്കാണ് അന്തർജ്ജനത്തിന്റെ നായിക കാലെടുത്തുവയ്ക്കുന്നത്. ഒരളവിൽ സന്താനാർത്ഥമല്ലാത്ത ഭർതൃസമാഗമം

നിഷിദ്ധമാണെന്നു വിശ്വസിച്ചിരുന്ന, രാമായണവും ശിവപുരാണവും മാത്രം വായിക്കാൻ വിധിക്കപ്പെട്ട ആത്തേമ്മമാരുടെ ജീവിതം. അടുക്കളക്കെട്ടിലും തേവാരപ്പുരയിലും ഒതുങ്ങി സ്വയം ഉള്ളിലേക്കു നോക്കി നെടുവീർപ്പിടുന്ന സ്ത്രീ സമൂഹം. ഈ അവസ്ഥയിൽ അകപ്പെട്ട തേതിക്കുട്ടിയും സഹനത്തിന്റെ നെല്ലിപ്പലകകൾ എണ്ണിയിറങ്ങി. എങ്കിലും 'കൃശമായ ശരീരത്തിനുള്ളിൽ ഒരഗ്നിപർവ്വതം പുകഞ്ഞുനീറി. പരിവർത്തനത്തിനുവേണ്ടി കൊതിക്കുന്ന ഒരേകാന്തഹൃദയത്തിന്റെ തേങ്ങൽ. ചിലപ്പോൾ അത് ദുസ്സഹമായ നൈരാശ്യത്തിന്റെ എതിർപ്പായി രൂപാന്തരപ്പെടും; മറ്റു ചിലപ്പോൾ നെടുവീർപ്പാവും. താനൊരു പുരുഷനായാൽ ഭാര്യയ്ക്കുമാത്രമല്ല എല്ലാ സ്ത്രീകൾക്കും സ്വാതന്ത്ര്യം നൽകുമായിരുന്നുവെന്നും തേതിക്കുട്ടി പറയുന്നുണ്ട്.

ഘോഷബഹിഷ്ക്കരിച്ച് സമൂഹത്തിനുമുന്നിൽ നിന്നപ്പോഴും പ്രതികാര ത്തിന്റെയല്ല മറിച്ച് സ്വയം തിരിച്ചറിവിന്റെ പാതയാണ് സഞ്ചാരയോഗ്യമെന്ന നിഗമനത്തിലാണ് ഈ കഥാപാത്രം എത്തിച്ചേരുന്നത്. തേതിക്കുട്ടിയും ദേവീബഹനും സുമിത്രാനന്ദയും സ്ത്രീയുടെ വളർച്ചയുടെ മൂന്നുഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഭർതൃസമീപനം കാംക്ഷിക്കുന്ന സാധാരണ സ്ത്രീ, രാജ്യത്തിനുവേണ്ടി ജീവനർപ്പിക്കാൻ തുനിയുന്ന രാജ്യസ്നേഹി, മോക്ഷാർത്ഥിയായി സന്യാസം സ്വീകരിച്ചവൾ, ഈ വ്യത്യസ്തതകളുടെ അന്ത്യത്തിൽ മനസ്സിന്റെ അടിത്തട്ടിലൂറിക്കിടന്ന അമ്മയെന്ന വികാരത്തിന്റെ മൂർത്തീരൂപമായി ഈ കഥാപാത്രം മാറുന്നു. ഇവിടെ കാലത്തിന്റെ മഹനീയതയാണ് വെളിവാകുന്നത്. ജീവിതത്തിന്റെ ഓരോ സന്ദർഭവും ഓരോ പ്രത്യേക കാലത്തെ പ്രതിനിധാനം ചെയ്യുന്നു. അതിൽക്കൂടി സഞ്ചരിക്കുന്ന തേതിക്കുട്ടി അനുഭവങ്ങളുടെ മൂശയിൽക്കിടന്ന് ഊതിക്കാച്ചിയെടുത്ത

പൊന്നുപോലെ പരിശുദ്ധയാക്കപ്പെടുന്ന പ്രക്രിയയുടെ നേർക്കാഴ്ചയാണ് അഗ്നിസാക്ഷി.'

മകനുവേണ്ടി ജീവിതമുഴിഞ്ഞുവെക്കുകയും മകന്റെ മാർഗ്ഗത്തിൽ തടസ്സം സൃഷ്ടിക്കാതിരിക്കുകയും ചെയ്ത ഒരമ്മയെ 'ആഗ്നേയ'ത്തിൽ കാണാം. വൈധവ്യത്തിന്റെ ഉമിത്തീയിൽ ദഹിക്കാതെ പൊരുതി നേടിയ ജീവിതവുമായി അജയ്യയായി നങ്ങേമ നിൽക്കുന്നു. മാനത്തെ കാറൊഴിഞ്ഞ് മാമ്പൂവിടരില്ലെന്നും വഴിയൊരുക്കീട്ട് ആർക്കും മുന്നോട്ടുപോകാൻ ആവില്ലെന്നുമുള്ള ജീവിതരഹസ്യങ്ങൾ സ്വായത്തമാക്കിയവളായിരുന്നു നങ്ങേമ. 'ഏടത്തിയുടെ അടുക്കളയിൽ അന്യപുരുഷന്റെ ശ്വാസത്തിന്നു കീഴെ നടുങ്ങിനിന്നപ്പോഴും എല്ലാം തന്റെ ഉള്ളിൽത്തന്നെയുറയ്ക്കട്ടെ എന്നു ശഠിച്ചു.' ഉരുകിയുറച്ച ഇത്തരം നിരവധി ദു:ഖങ്ങളുടെ നിധികാക്കുന്ന ഭൂതമായി താൻ ജീവിക്കുമെന്നും ആത്മവിശ്വാസത്തോടെ ഈ കഥാപാത്രം പറയുന്നുണ്ട്.

"താളുകൾ മറിച്ചിട്ട കാലഗ്രന്ഥം എന്റെ മുമ്പിൽ തുറന്നുകിടന്നു. താളുകൾ കാണെക്കാണെ മറിയുന്നു. മറിഞ്ഞുകൊണ്ടേയിരിക്കുന്നു. അവയ്ക്കിടയിലെ ചതഞ്ഞ പ്രാണിയായി, വിളക്കുപാറ്റയായി ഞാനവശേഷിക്കും" - തന്റെ മുന്നോട്ടുള്ള ജീവിതത്തിന് എന്തുപ്രതിബന്ധങ്ങൾ നേരിടേണ്ടിവന്നാലും എതിർത്തുനിൽക്കുക തന്നെ ചെയ്യും എന്ന ആത്മവീര്യം കെടാതെ സൂക്ഷിക്കുന്നുണ്ട് നങ്ങേമ. തീവ്രവിപ്ലവകാരിയായി, അമ്മയുടെ മടിത്തട്ടിൽ നിന്നും എഴുന്നേറ്റുപോയപ്പോഴും മകനെ കൈവിടാൻ അമ്മ തയ്യാറാകുന്നില്ല. അവന്റെ വിപ്ലവമോഹങ്ങൾക്കും കൂട്ടുകാർക്കുമായി അടുക്കളയെ അവർ സജീവമാക്കി നിലനിർത്തി. അപ്പുവിന്റെ സുഹൃത്തിനെ സഹായിക്കേണ്ടിവന്ന സന്ദർഭത്തിൽ അമ്മ സ്വയം തിരിച്ചറിവിലേക്ക് എത്തിച്ചേരുന്നു. "അപ്പൂ നീ എന്റെ വേദന അറിയുന്നില്ല. എന്റെ മനസ്സിനെ

ഞാനൊരു ശിലയാക്കി സൂക്ഷിച്ചു. വിചാരിക്കാത്ത വേളകളിൽ അതുരുകാൻ തുടങ്ങുന്നു. അതിനാൽ ഞാൻ അവനുകാപ്പികൊടുത്തു, ഊണുകൊടുത്തു ഈ അടുക്കളയിൽ. പോലീസുകാർപോലും വിശ്വസിക്കാത്തകാര്യം. അച്യുതൻ അറിഞ്ഞാൽ പിന്നീട് ഇപ്പടികേറില്ല എന്നറിഞ്ഞിട്ടും. കാരണം ഞാൻ നിന്റെ അമ്മയാണ്!"

അഭിജാതവർഗ്ഗത്തിന്റെ പുരുഷാധിപത്യപരമായ വ്യക്തിബോധത്തെ നിരാകരിച്ച് സമൂഹത്തിലേക്ക് ഇറങ്ങിവരുന്ന സ്ത്രീത്വത്തെ പ്രകടമായി പ്രകാശിപ്പിക്കാൻ ഈ കൃതികൾക്ക് സാധിക്കുന്നുണ്ട്. സ്വന്തം ജീവിതം കരുപ്പിടിപ്പിക്കുന്നത് താൻ തന്നെയാണെന്ന മൗലികമായ സ്വാതന്ത്ര്യബോധ ത്തിലേക്ക് സ്ത്രീസമൂഹം ഉണരുന്നതിന്റെ നേർക്കാഴ്ചയ്ക്കും ഈ നോവലുകൾ സാക്ഷ്യംവഹിക്കുന്നു.

## 4.6 വിശ്വാസങ്ങളുടെ മറുപിറവിയും വിമോചനവും

ചിന്താശീലനായ മനുഷ്യനെ അത്ഭുതപ്പെടുത്തുകയും അന്ധാളിപ്പി ക്കുകയും ചെയ്യുന്ന ഒരു വിഷയമാണ് ജീവിതം. ജീവിക്കുന്നവർ ധാരാളമുണ്ടെങ്കിലും ജീവിതത്തെപ്പറ്റി ആലോചിക്കുന്നവർ വളരെ ചുരുക്കമാണ്. ഈ ജീവിതത്തിന് എന്താണ് അർത്ഥം? എന്താണ് ലക്ഷ്യം? ഇതുകൊണ്ട് എന്ത് സാധിക്കുന്നു? നേരിയ തോതിലെങ്കിലും ഇത്തരം വിചാരങ്ങൾ ഓരോ മനുഷ്യന്റെയും മനസ്സിൽ വന്നുപോകാറുണ്ട്. ഈ അന്വേഷണബുദ്ധിയെ ഉദാത്തീകരിക്കാൻ ചിലർക്കുമാത്രമേ കഴിഞ്ഞിട്ടുള്ളൂ. അങ്ങനെ കഴിഞ്ഞിട്ടുള്ളവരാണ് ഏതുകാലത്തും ഏതു രാജ്യത്തും മനുഷ്യജീവിതമെന്ന പ്രതിഭാസത്തെ നിത്യഹരിതമായി പരിപോഷിപ്പിച്ചുനിർത്തുന്നത്. മനുഷ്യൻ അറിയുവാനും അന്വേഷിക്കുവാനും തുടങ്ങിയ കാലം മുതൽ ഇന്നുവരെ ഒരു പ്രഹേളികയായി അവന്റെ കൂടെ ജീവിതവുമുണ്ട്. അറിയുന്തോറും

അറിയാനുള്ളത് അധികമായും അറിഞ്ഞതൊക്കെ അബദ്ധമായും തോന്നിക്കുന്ന ഒരു സ്വഭാവമാണ് ജീവിതത്തിനുള്ളത്. അതിന്റെ അഭിവ്യക്തി (Manifestation) യിൽ കാണുന്ന അനന്തതയും അവ്യക്തതയും അന്വേഷകന്മാരെ ക്രമത്തിലധികം വിഷമിപ്പിക്കുന്നുണ്ട്. ഇങ്ങനെ നൂലാമാലയായി കുഴഞ്ഞുപിരിഞ്ഞു കിടക്കുന്ന ജീവിതത്തിലെ തത്ത്വാന്വേഷണംപോലെ അത്ര രസപ്രദമായിട്ടുമറ്റൊന്നും ഒരു ചിന്തകന് ഉണ്ടാകുന്നതല്ല. "മനുഷ്യൻ ജീവനുള്ള ഒരു കവിതയാണ്. അത് വായിച്ചുനോക്കുക." (Read man; he is the living poem) എന്നു സ്വാമിവിവേകാനന്ദൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ജീവിതത്തിന്റെ വിവിധത്വവും വൈചിത്ര്യവും വികൃതികളും നോക്കിക്കൊണ്ടിരിക്കുന്നവർക്കേ ഈ കവിതാരസം ആസ്വദിക്കുവാൻ കഴിയുകയുള്ളൂ.[23] വികാസോന്മുഖമായ പ്രപഞ്ചം, വികാസോന്മുഖമായ മനസ്സ് ഈ പ്രക്രിയയിൽ ഇടപെടുന്ന മനുഷ്യന് അനേകം പ്രതിസന്ധികളെ തരണം ചെയ്യണം വൈരുദ്ധ്യങ്ങളെ മറികടക്കണം. കാലങ്ങളിലൂടെ പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ടുള്ള മനുഷ്യന്റെ പ്രയാണമാണ് ജീവിതം എന്ന നിർവ്വചനത്തിലേക്കാണ് ആത്യന്തികമായി നമ്മൾ എത്തിച്ചേരുന്നത്. ഇത്തരത്തിൽ വൈരുദ്ധ്യങ്ങളുടെയും പ്രതിസന്ധികളുടെയും തടവറയിൽ അകപ്പെട്ട മനുഷ്യന്റെ വിമോചന സ്വപ്നങ്ങളുടെ ആഖ്യാനരൂപങ്ങളായാണ് സാഹിത്യം ഉടലെടുക്കുന്നത്. സ്വയം മോചിതനാകുക, കൂടാതെ അനുവാചകനെകൂടി വിമോചിതനാക്കുക എന്ന വിശ്രാന്തി സങ്കല്പമാണ് ഓരോ എഴുത്തുകാരനും മുന്നോട്ടുവയ്ക്കുന്നത്.

കാമം, ദ്വേഷം തുടങ്ങിയ വികാരങ്ങളും സത്യം, സ്നേഹം തുടങ്ങിയ മൂല്യങ്ങളും ശക്തങ്ങളായ യാഥാർത്ഥ്യങ്ങളാണ്. അവ കൂടിയോ കുറഞ്ഞോ എല്ലാവരിലും എല്ലാക്കാലത്തും കാണും. കാലദേശാനുസൃതമായി പ്രകടനഭേദങ്ങളോ വ്യാഖ്യാനാന്തരങ്ങളോ ഉണ്ടാകാമെന്നല്ലാതെ

അടിസ്ഥാനപരമായി അവയ്ക്കുമാറ്റം വരുന്നില്ല. ആന്തരിക യാഥാർത്ഥ്യങ്ങളായ അവയെ ആവിഷ്ക്കരിക്കുന്നതിലായിരുന്നു ആദ്യകാലം മുതൽ സാഹിത്യകാരന്മാർക്കു താല്പര്യം.[24] ഇതുകൂടാതെ ജീവിതത്തെക്കുറിച്ചുള്ള നൂതന കാഴ്ചപ്പാടുകളും വിധി സങ്കല്പവിശ്വാസങ്ങളും ആദ്യകാലകൃതികളുടെ പ്രത്യേകതകളാണ്. പാരതന്ത്ര്യങ്ങളുടെയും പീഢനങ്ങളുടെയും ദൈന്യതകളുടെയും വലയങ്ങളിൽപെട്ട് ഉഴലുന്ന ജീവിതത്തിന്റെ പുന:സൃഷ്ടിയാണ് വിശാലമായ അർത്ഥത്തിൽ ഓരോ സാഹിത്യകൃതിയും. ജീവിതത്തെ ഈ അവസ്ഥകളിൽ നിന്ന് മോചിപ്പിച്ച് പുനർനിർമ്മിക്കുകയും ജീവിതം ജീവിതയോഗ്യമാണെന്ന് സ്ഥാപിക്കുകയും ചെയ്യുക എന്നതത്രേ ഓരോ രചനയുടെയും ധർമ്മം. നോവലിലാകുമ്പോൾ സങ്കീർണ്ണമായ ജീവിതാനുഭവ ങ്ങളെ ആവാഹിക്കുന്ന പ്രമേയങ്ങളിലൂടെയാണ് നോവലിസ്റ്റ് ഈ ധർമ്മം സാക്ഷാത്കരിക്കുന്നത്.[25]

സ്ഥലകാലസാഹചര്യങ്ങളെയും സംഭവങ്ങളെയും മാനസി കവ്യാപാരങ്ങളെയും കഥാഗതിയെയും നേരിട്ടവതരിപ്പിക്കുകയും നിയന്ത്രിച്ച് മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യുന്ന രീതിയാണ് ഇവിടെ പഠനവിധേയമാക്കിയ നോവലുകളിലെല്ലാം കാണാൻ കഴിയുന്നത്. സ്വാത്മബോധത്തിലൂന്നിക്കൊണ്ടുള്ള ജീവിതദർശനങ്ങളും വിവിധ സങ്കല്പവിശ്വാസങ്ങളും ഇവർക്കോരോരുത്തർക്കും ഉണ്ടായിരുന്നു. ചരിത്രവും ചരിത്രമായി പരിണമിക്കുന്ന സാഹിത്യവും അവയുടെ കാലാതീതമായ ദൗത്യം നിറവേറ്റാൻ പര്യാപ്തമാകുന്നത് സനാതനമായ ജീവിതത്തെ ആഴത്തിൽ സ്പർശിക്കുമ്പോഴാണ് എന്ന പ്രസ്താവനയെ മുൻനിർത്തി പരിശോധി ക്കുമ്പോൾ മേൽപ്രസ്തരിച്ച കൃതികളുടെ കർത്താക്കളെല്ലാംതന്നെ ഈ ദൗത്യനിർവ്വഹണത്തിൽ വിജയിച്ചതായി കണ്ടെത്താം.

'സരസ്വതീവിജയ'ത്തിൽ ഭവിഷ്യത്കാലത്തെക്കുറിച്ച് വിചിന്തനം നടത്തി ജീവിതത്തിന്റെ സമകാലിക അവസ്ഥയെ പോത്തേരികുഞ്ഞമ്പു വ്യക്തമാക്കുന്നുണ്ട്: - "വരാൻ പോകുന്ന ആപത്തിന്റെ വിവരം മുൻകൂട്ടി അറിയാതെ ഇരിക്കുന്നതല്ലേ നല്ലത്? അതുകൊണ്ട് ഭവിഷ്യത്കാര്യത്തെപ്പറ്റിയുള്ള അറിവ് ഇല്ലാതെ ഇരിക്കുന്നതുതന്നെയാണ് മനുഷ്യന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്കുനല്ലത് എന്നുമാത്രമല്ല മേലാൽ വരുന്ന കാര്യം മുൻകൂട്ടി അറിവാൻ മനുഷ്യൻ വളരെക്കാലം മുമ്പെ തുടങ്ങി അനേകയത്നങ്ങൾ ചെയ്യുകയും ആശ്ചര്യയോഗ്യമായ ജ്യോതിശാസ്ത്രം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ആ ശാസ്ത്രവും അന്യൂനമായിട്ടുള്ളതല്ലാത്ത സ്ഥിതിയിൽ മാത്രം ഇരിക്കുന്നതു മനുഷ്യന്റെ സുഖത്തിനും ഐശ്വര്യവർധനവിനും അത്യാവശ്യമായിട്ടുള്ളതുമാണെന്ന് ഞാൻ വിചാരിക്കുന്നു. വരാൻ പോകുന്ന കാര്യത്തെപ്പറ്റിയുള്ള അനിശ്ചയം എത്ര സുഖപ്രദമാണ്!" നശ്വരമായ ജീവിതത്തെക്കുറിച്ചും ജീവിതത്തിന്റെ അടുത്തനിമിഷം എന്തുസംഭവിക്കുമെന്നറിയാനുള്ള ത്വരയോടെ നെട്ടോട്ടമോടുന്ന ആശങ്കാകുലരായ മനുഷ്യരെക്കുറിച്ചും ഇവിടെ നോവലിസ്റ്റ് സൂക്ഷ്മമായി അപഗ്രഥിക്കുന്നു. വരാൻ പോകുന്ന ആപത്തിനെ തടുക്കാൻ ശക്തി മനുഷ്യനുണ്ടെങ്കിൽ ആ വിവരം മുൻകൂട്ടി അറിഞ്ഞാൽ നല്ലതുതന്നെ. ആ ശക്തിയില്ലാത്ത അവസ്ഥയ്ക്ക് ആപത്തിന്റെ വിവരം മുൻകൂട്ടി അറിയാതിരിക്കുന്നതാണ് നല്ലതെന്നും പോത്തേരികുഞ്ഞമ്പു അഭിപ്രായപ്പെടുന്നു. 'സരസ്വതീവിജയ'ത്തിൽ ജീവിതത്തിന്റെ അനിശ്ചിതത്വത്തെക്കുറിച്ചും അലംഘനീയമായ വിധിസങ്കല്പത്തെക്കുറിച്ചും പരാമർശിക്കുമ്പോൾ 'അപ്ഫന്റെ മകളി'ൽ നിർമ്മലമായ സ്നേഹത്തെക്കുറിച്ചും മനുഷ്യബുദ്ധിയുടെ പ്രത്യേകതകളെക്കുറിച്ചുമാണ് പറഞ്ഞിരിക്കുന്നത്.

''ഇതാണ് മനുഷ്യബുദ്ധിക്കുള്ള ഒരു ഗുണം; അതുപലപ്പോഴും മനുഷ്യനെ അവനറിയാതെ നേർവഴിക്കു നയിക്കുന്നു; അനാഥന്മാരെ വിശേഷിച്ചും അപഥത്തിൽ നിന്നും ആപത്തിൽ നിന്നും അകറ്റി കൊണ്ടുപോകുന്നു.'' പോത്തേരികുഞ്ഞമ്പു പറഞ്ഞിടത്തുനിന്നും മുത്തിരിങ്ങോട്ടിലെത്തുമ്പോൾ ആപത്തിൽ നിന്നും കരകയറാനുള്ള സാമാന്യബുദ്ധി മനുഷ്യനുണ്ടെന്ന് സ്ഥാപിക്കപ്പെടുന്നു. "സ്നേഹം എന്ന ആ ദിവ്യവും പാവനവുമായ വസ്തു പരമാർത്ഥത്തിൽ സന്നിധാനം ചെയ്യുമ്പോഴാണല്ലോ, മനുഷ്യൻ ഏറ്റവുമധികം പരവശനായിത്തീരുന്നത്." ഇങ്ങനെ മനുഷ്യനെ നന്മയിലേക്ക് വലിച്ചടുപ്പിക്കുന്നത് നിഷ്ക്കളങ്കമായ സ്നേഹമാണെന്ന കണ്ടെത്തലിലും മുത്തിരിങ്ങോട് ചെന്നെത്തുന്നുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായ ജീവിതനിരീക്ഷണങ്ങളാണ് മാടമ്പ് കാഴ്ചവെക്കുന്നത്. "ഈ മരോം മണ്ണും നമ്മളും തമ്മില് ശ്ശി വ്യത്യാസംല്യ. അങ്ങനാ ശാസ്ത്രം പറേണേ. ഒക്കെ ഒന്ന്. മണ്ണ് ഘടമായി കാണുന്നപോലെ വ്യത്യസ്തരൂപം. അത്രേള്ളൂ." - പഞ്ചഭൂതങ്ങളിലുൾച്ചേർന്ന ഊർജ്ജമാണ് മനുഷ്യസൃഷ്ടിക്കും ആധാരം എന്ന തത്ത്വചിന്തയിലൂന്നുന്ന ദർശനമാണ് മാടമ്പ് വ്യക്തമാക്കുന്നത്. മൺകുടത്തിൽ മണ്ണിന്റെ സാന്നിധ്യമുണ്ടെന്ന് പറഞ്ഞറിയിക്കേണ്ട. അതുപോലെ മനുഷ്യനും പഞ്ചഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ്. അതിനാൽ എല്ലാം ഒന്നാണ്.

"അഗ്നിര്യഥൈകോ ഭുവനം പ്രവിഷ്ടോ

രൂപം രൂപം പ്രതിരൂപോ ബഭൂവ;

ഏകസ്തഥാ സർവ്വഭൂതാന്തരാത്മാ

രൂപം രൂപം പ്രതി രൂപോബഹിശ്ച" (ഭ്രഷ്ട് പുറം-33)

വ്യത്യസ്ത ബാഹ്യരൂപങ്ങളിൽ പ്രകടമാകുന്ന ജീവചേതനയുടെ അന്തരാത്മാവിൽ കുടികൊള്ളുന്ന ചൈതന്യം ഒന്നാണെന്ന് പൂർവ്വിക ആചാര്യന്മാർ പറഞ്ഞുറപ്പിക്കുന്നുണ്ട്.

'വിധി പോകുന്ന വഴിക്കേ ബുദ്ധി പോവൂ. ബുദ്ധിയാണ് മനുഷ്യനെ നയിക്കുന്നത്. അതുകൊണ്ട് വിധിയെക്കാൾ വലുത് ഒന്നുമില്ല' എന്ന് അടിവരയിട്ടു പറയുന്ന നോവലിസ്റ്റിനെ നമുക്ക് അഗ്നിസാക്ഷിയിൽ കാണാൻ കഴിയും. വിധിയെ താൽക്കാലികമായെങ്കിലും നിർവ്വചിക്കാനുള്ള ശ്രമവും ലളിതാംബിക അന്തർജ്ജനം നടത്തുന്നുണ്ട്. "വിധി, വിധി എന്നുപറയുന്നത് എന്തൊരു വസ്തുവാണെന്ന് ആർക്കെങ്കിലുമറിയാമോ? മനുഷ്യന് ഇച്ഛയ്ക്കനുസരിച്ച് സൃഷ്ടിക്കയും നിയന്ത്രിക്കയും ചെയ്യാവുന്ന ശക്തിയാണോ ഇത്? അതോ ഗംഗയിലെ ഈ ഒഴുക്കുപോലെ, തന്നിലണയുന്നതിനെ എല്ലാം തകർത്തൊഴുക്കികൊണ്ടുപോകുന്ന അത്ഭുതപ്രവാഹമോ?" എന്ന് നോവലിസ്റ്റ് ആശ്ചര്യപ്പെടുന്നുണ്ട്. കൂടാതെ വിധിയുടെ നിർവ്വഹണമാർഗ്ഗങ്ങളെക്കുറിച്ചും നോവലിസ്റ്റ് പരിചിന്തിക്കുന്നുണ്ട്. "ഓ, വിധി! എത്ര അവിശ്വസനീയമായ മാർഗ്ഗങ്ങളിലൂടെയാണ് സ്വന്തം കർത്തവ്യങ്ങൾ ചെയ്യിച്ചുതീർക്കുന്നത്!" 'വരാനുള്ളത് വഴിയിൽ തങ്ങില്ല' എന്ന പഴമൊഴി പ്രകാരം വിധിയും അലംഘനീയമായ തന്റെ പ്രവൃത്തി പല മാർഗ്ഗങ്ങളിലൂടെ സാക്ഷാത്ക്കരിക്കുന്നുണ്ട്.

വിധിയെക്കൂടാതെ ധർമ്മത്തെക്കുറിച്ചും കർമ്മബന്ധങ്ങളെക്കുറിച്ചുമുള്ള ചിന്തകൾ അന്തർജ്ജനത്തെ അലട്ടിയിരുന്നതായി കാണാം. "ധർമ്മം, താൻ പൊട്ടിത്തെറിച്ചുപോയി, മുട്ടിന് മുട്ടിന് ഈ ധർമ്മത്തെപ്പറ്റി പറയുന്ന തെന്തിനാണേട്ടാ? കാലത്തിന് അനുസരിക്കാത്ത ധർമ്മം അതിന്റെ പാട്ടിനുപോട്ടെ. പെറ്റമ്മയെ കൊല്ലണമെന്നു പറഞ്ഞാൽ, പരശുരാമനെപ്പോലെ, ഏട്ടൻ അതും അനുസരിക്കുമോ?" തങ്കം എന്ന കഥാപാത്രത്തിലൂടെ തന്റെ മനോഗതി വ്യക്തമാക്കുന്നുണ്ട് അന്തർജ്ജനം.

"ഏതായാലും ഭാഗീരഥി ഹിമവാനിൽ നിന്നുപതിച്ചു. ഇനിയിവിടെ ഒരു പിന്മടങ്ങൽ സാധ്യമല്ല. ഒഴുക്ക്, ഒഴുക്ക്, ഒഴുക്ക് പാതാളത്തിലേയ്ക്കാണെങ്കിൽ അങ്ങോട്ടാവട്ടെ ഈ പ്രയാണം. വളരെ നാൾ അലഞ്ഞതിനുശേഷം ഒരു കാര്യം വ്യക്തമാകുന്നു - എത്ര നിഷേധിച്ചാലും മാറാതെ കർമ്മബന്ധങ്ങൾ നമ്മെ പിന്തുടരുമെന്ന്. നിറഞ്ഞൊഴുകുന്ന നദിപോലെയാണ് ജീവിതം. കർമ്മഫലങ്ങൾ നമ്മെ വിടാതെ പിൻതുടരുന്നെന്നും അവസാനമില്ലാത്ത ഒരു ചാക്രിക പ്രക്രിയയാണിതെന്നും അന്തർജ്ജനം കണ്ടെത്തുന്നു. ഈ ലോകത്തെ നിരസിക്കുന്നവർക്കു പരലോകവും ഇല്ലാതാവുന്നു. ഉൺമയെന്നത് അവിടെയും ഇവിടെയും എല്ലാം ഒന്ന്. ത്യാഗത്തിലൂടെയുള്ള നേട്ടമാണ് ജീവിതം. അതു വെറുപ്പല്ല, നൈരാശ്യമല്ല, നിഷേധമല്ല, മനുഷ്യൻ തന്നെ ഈശ്വരനാവുന്ന അവസ്ഥയാണ്." ഇങ്ങനെ ചുരുക്കം ചില വാക്കുകളിലൂടെ ജീവിതത്തെക്കുറിച്ചുള്ള ഗഹനചിന്തകളെ ഇഴപിരിച്ച് പരിശോധിക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നുണ്ട്.

സ്നേഹത്തെക്കുറിച്ചുപറയുന്ന സന്ദർഭത്തിൽ മുത്തിരിങ്ങോടിനോട് അടുത്തുനിൽക്കുന്നു അന്തർജ്ജനം. "സ്നേഹമെന്നത് ഒരു വികാരമല്ല, അത് ഒരുതരം സ്വഭാവമാണ്, അനുഭൂതിയാണ്, ലയനമാണ്. അത് മനസ്സിലാകാത്തവർക്ക് ആർക്കും സുഖം കിട്ടില്ല'' എന്ന തീർപ്പിൽ ലളിതാംബിക എത്തിച്ചേരുന്നു. മനുഷ്യന്റെ അനുകരണാത്മക സ്വഭാവത്തെക്കുറിച്ച് 'ആഗ്നേയ'ത്തിൽ പി. വത്സല ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'ബുദ്ധിമുട്ടുസഹിക്കാൻ തയ്യാറില്ലാത്ത നമ്മൾ പണ്ടുള്ളവർ നടന്നുതെളിഞ്ഞ, തേഞ്ഞ, വളഞ്ഞ വഴികളിലൂടെ സഞ്ചരിക്കുന്നു.' വഴിമാറിച്ചവിട്ടി നടക്കാൻ ആരും ശ്രമിക്കുന്നില്ല. തന്റെ ജീവിതദർശനമാണിവിടെ നോവലിസ്റ്റ് വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ ഒരിക്കലും സമയം ഒത്തുവരില്ല. സന്ദർഭങ്ങളെ കാലത്തിന്റെ

ഒഴുക്കിൽ നിന്നു നാം പിടിച്ചെടുക്കണമെന്നും അതിന് ജീവിതത്തെ വ്യത്യസ്തമായ വീക്ഷണകോണിലൂടെ കാണേണ്ടതുണ്ടെന്നു വത്സല അടിവരയിട്ടുറപ്പിക്കുന്നുണ്ട്.

അന്ത്യവിധിയായി പലപ്പോഴും മരണം മനുഷ്യന്റെ മുന്നിൽ പ്രത്യക്ഷപ്പെടാറുണ്ട്. താൻ ആരാണ്? ജീവിതമെന്താണ്? എന്നിങ്ങനെ കഠിനതരങ്ങളായ ചോദ്യങ്ങൾ ഈ സന്ദർഭത്തിൽ അവന്റെ മനസ്സിൽ വന്ന് അലയടിക്കുന്നു. 'മിഴിക്കോണുകളിൽ, ശ്വാസത്തിൽ, ഒച്ചയുടെ അടഞ്ഞ പഴുതുകളിൽ, ശങ്കയുടെ നിഴൽ വിടർന്നു, ഒരു കൂറ്റൻ കഴുകന്റെ വിടർത്തിയ ചിറകുകളുടെ നിഴൽ. അജ്ഞാതമായ, അപരിമേയമായ, അരൂപിയായ അപ്രതീക്ഷിതമായി ഏതുകോണിലൂടെയും ഇറങ്ങിവരാവുന്ന, മരണത്തിന്റെ നിഴൽ' പ്രലോഭനീയമായ ജീവിതത്തിന്റെ അന്ത്യം. ഭരണഭയം മനുഷ്യന്റെ സ്വാഭാവികമായ ജീവിതസ്നേഹത്തെയാണ് വെളിപ്പെടുത്തുന്നത്. മരണഭീതിക്കും ജീവിതസ്നേഹത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്തെന്നാൽ ഒന്ന് മറ്റൊന്നിനോട് അഭേദ്യമായ വിധം ചേർന്നിരിക്കുന്നു. സാമാന്യനിയമമനുസരിച്ച് ജീവിച്ചുപഴകുംതോറും ജീവിതസ്നേഹം കുറഞ്ഞുവരികയാണ് വേണ്ടത്. അതുവഴി മരണഭീതിയും കുറയേണ്ടതാണ്. എന്നാൽ വാർദ്ധക്യം കൂടിവരുന്തോറും ജീവിതസ്നേഹവും മരണഭീതിയും കൂടിവരുമെന്ന അവസ്ഥയാണ് മനുഷ്യനിൽ പ്രകടമാകുന്നത്. നമ്മുടെ ജീവിതത്തിൽ ഈ ഭീരുത്വം സർവത്ര വ്യാപിച്ചുകാണുന്നു. അത് അനേകം അന്ധവിശ്വാസങ്ങൾക്കു വഴിനൽകുന്നു.

നല്ല ജീവിതത്തെക്കുറിച്ച് പാശ്ചാത്യചിന്തകനായ ബെർട്ടന്റ് റസ്സൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. സ്നേഹംകൊണ്ടു പ്രബുദ്ധവും ജ്ഞാനം കൊണ്ട് നിയന്ത്രിതവുമായ ഒന്നാകുന്നു നല്ല ജീവിതം (A good life is one inspired by love and guided bu knowledge) സന്മാർഗ്ഗിക നിയമങ്ങളും മതബോധവും മറ്റും ഒരു

ഉത്തമജീവിതത്തിന് ഒരിക്കലും സഹായിക്കുന്നില്ലെന്ന് അദ്ദേഹം യുക്തിപൂർവ്വം തെളിയിക്കുന്നു. ജീവിതത്തിൽ മനുഷ്യൻ ആദരിക്കേണ്ടതായി രണ്ട് സംഗതികൾ മാത്രമേ റസ്സൽ കാണുന്നുള്ളൂ. അവ ആദ്യം പറഞ്ഞ അറിവും സ്നേഹവും തന്നെ. ഈ രണ്ടും ഏകോപിച്ചു പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന പ്രകാശം ജീവിതാന്ധകാരത്തിൽ മനുഷ്യന് മാർഗദർശകമേകും.[26]

## കുറിപ്പുകൾ

1. ഡോ. കെ.എ. കോശി, സാഹിത്യവിജ്ഞാന പ്രവേശിക - പുറം 25
2. Sanker Sen Guptha (Ed.), Women in Indian Folklore, Introduction page - XXXVIII.
3. ഇ.വി. രാമകൃഷ്ണൻ, ദേശീയതകളും, സാഹിത്യവും - പുറം 107
4. ശിവരാമൻ ചെറിയനാട്, പാറപ്പുറത്ത് ഓണാട്ടുകരയുടെ കഥാകാരൻ - പുറം 22
5. B. Kupuswamy, Social change in India - Page 43
6. ഐ.വി. ബാബു, കേരളീയ നവോത്ഥാനവും നമ്പൂതിരിമാരും - പുറം 162
7. അതേ പുസ്തകം - പുറം 102
8. ഡോ. ജോർജ് ഇരുമ്പയം, മലയാള നോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ - പുറം 57.
9. അതേ പുസ്തകം - പുറം 56

10. നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം - 1901-2000 - പുറം 51

11. E.M. Foster, Aspects of the Novel - Page 41

12. പ്രൊഫ. എം. അച്യുതൻ, നോവൽ പ്രശ്നങ്ങളും പഠനങ്ങളും പുറം - 42

13. പോത്തേരികുഞ്ഞമ്പു, സരസ്വതീവിജയം - പുറം ii

14. Edwerd therstone, castes Vol-2, P-50

15. അജയ് പി. മങ്ങാട്, രക്തത്തിന്റെ ആഴങ്ങളിൽ പുറം - 77

16. Indira Mahendra, The Rebellious Home makers - Page 125

17. E.M. Foster, Aspects of the Novel - Page 44

18. സരസ്വതീവിജയം, പോത്തേരികുഞ്ഞമ്പു - പുറം 27

19. അതേ പുസ്തകം - പുറം 27

20. അതേ പുസ്തകം - പുറം 27

21. എം. അച്യുതൻ, നോവൽ പ്രശ്നങ്ങളും പഠനങ്ങളും - പുറം 24

22. കാറൽ മാക്സ്, സ്വകാര്യസ്വത്തും കമ്മ്യൂണിസവും - പുറം 45

23. കുറ്റിപ്പുഴ കൃഷ്ണപ്പിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ - തത്ത്വചിന്ത, പുറം - 209

24. ഡോ. ജോർജ് ഇരുമ്പയം, മലയാള നോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ - പുറം 22

25. ഡോ. എ.എം. ശ്രീധരൻ, വരിയുടയ്ക്കപ്പെട്ട ജന്മങ്ങൾ - പുറം 138.

26. കുറ്റിപ്പുഴ കൃഷ്ണപ്പിള്ള, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ - പുറം 218

# ഉപസംഹാരം

മലയാളനോവലിന്റെ വ്യത്യസ്ത ഘട്ടങ്ങളേയും പ്രവണതകളെയും സമഗ്രമായും ഭാഗികമായും പഠിക്കുന്നതിനുള്ള നിരവധി ശ്രമങ്ങൾ ഉണ്ടായിട്ടു ണ്ട്. എന്നാൽ അവയിൽ പ്രതിപാദിതമായ സ്ത്രീ ജീവിതത്തെ വിശിഷ്യാ നമ്പൂ തിരി സ്ത്രീജീവിതത്തെ ആസ്പദമാക്കിയിട്ടുള്ള പഠനങ്ങൾ വിരളമാണ്. ഇന്നും പ്രാന്തവത്കൃതരായിക്കഴിയാൻ വിധിക്കപ്പെട്ട നമ്പൂതിരി സ്ത്രീയെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ടെന്ന ലക്ഷ്യബോധമാണ് നമ്പൂതിരി സ്ത്രീജീവിതപരാമർശകങ്ങളായ നോവലുകളുടെ പ്രത്യേകത വ്യത്യസ്ത കാല ങ്ങളിൽ കാലദേശസംബന്ധമായ കാഴ്ചപ്പാടുകളോടുകൂടി നമ്പൂതിരി സ്ത്രീ ജീവി തത്തെ അപഗ്രഥിക്കുവാൻ നമ്മുടെ എഴുത്തുകാർ മുതിരുകയുണ്ടായി. കാലദേ ശപരിഗണനയോടൊപ്പം തന്നെ സ്വത്വവിചാരത്തിന്റെ സമഗ്രമായ ആവിഷ്ക്കാര ങ്ങൾ കൂടിയാകണം തങ്ങളുടെ രചനകളെന്ന നിർബന്ധവും ഇവർക്കുണ്ടായിരു ന്നു. ആ നിലയ്ക്കാണ് സരസ്വതീവിജയം, അപ്ഫന്റെ മകൾ, അഗ്നിസാക്ഷി, ഭ്രഷ്ട്, ആഗ്നേയം എന്നീ നോവലുകളെ ഈ ഗവേഷണ പ്രബന്ധത്തിൽ അപഗ്രഥിക്കാൻ ശ്രമിച്ചത്. നമ്പൂതിരി സ്ത്രീജീവിതത്തിൽ വ്യത്യസ്ത

കാലങ്ങളിൽ ഉണ്ടായ പരിണാമങ്ങളെ അടയാളപ്പെടുത്തുന്നതോടൊപ്പം സ്ത്രീസ്വത്വ നിർദ്ധാരണത്തിന്റേതായ സവിശേഷതലങ്ങൾ ഈ നോവലുകൾ ഉൾക്കൊള്ളുന്നുണ്ട്. ഒരു യാഥാർത്ഥ്യം, നിർമ്മിതി, വിമോചനത്തിന്റെ സൂചകം, പ്രതിരോധത്തിന്റെയും പ്രതിബോധത്തിന്റെയും അടയാളം, ഗൃഹാതുരമായ പാരിസ്ഥിതിക അവബോധത്തിന്റെ ചിഹ്നം എന്നിങ്ങനെ വ്യത്യസ്തമായ നിർദ്ധാരണങ്ങൾക്ക് ഈ നോവലുകൾ അവസരം നൽകുന്നുണ്ട്.

മലയാളനോവൽ സാഹിത്യത്തിലെ 'നമ്പൂതിരി സ്ത്രീജീവിതപ്രതിഫലന'ത്തെക്കുറിച്ചാണ് അന്വേഷണപഠനം നടത്തിയതെങ്കിലും അന്വേഷണ വഴിയിൽ ഏറെ സങ്കീർണ്ണമായ അനുഭവങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. 'സ്ത്രീജീവിതപ്രതിഫലനം' എന്നതിനെക്കാൾ 'സ്ത്രീജീവിത പ്രതിനിധാന'മെന്നോ പ്രതിനിധാനത്തിന്റെ രാഷ്ട്രീയമെന്നോ പറയുന്നതാവും ശരിയെന്ന തിരിച്ചറിവ് ഉണ്ടായിട്ടുണ്ട്. ഇതരജാതി സമൂഹങ്ങളിലെ സ്ത്രീസ്വത്വ നിർമ്മിതിയും സാഹിത്യത്തിലെ പ്രതിനിധാനവും അടയാളപ്പെടുത്തിയതിനെക്കാൾ ശക്തമായ സാന്നിധ്യമറിയിക്കുന്നുണ്ട് നമ്പൂതിരി സ്ത്രീജീവിതം. കേരളത്തിലെ നവോത്ഥാനപരമായ മുന്നേറ്റങ്ങൾക്ക് ആക്കംവർധിപ്പിക്കുന്നതിൽ നമ്പൂതിരി സ്ത്രീജീവിതവും വിമോചനാത്മക വീര്യവും വഹിച്ച പങ്ക് ഒരു പ്രത്യേക ഗവേഷണവിഷയമായി വികസിപ്പിച്ചെടുക്കേണ്ടതുണ്ടെന്നാണ് മറ്റൊരു നിരീക്ഷണം. പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ സ്ത്രീപക്ഷ ചിന്തയുടെ

ആവിർഭാവം മലയാള നോവലിലുണ്ടായിട്ടുണ്ടെങ്കിലും ലോകസാഹിത്യ ത്തിലുണ്ടായ പരിണാമങ്ങൾക്കൊപ്പം ഇവിടെയും ശക്തമായ മാറ്റങ്ങളുണ്ടായി. സ്ത്രീപക്ഷ ചിന്തയുടെ വിവിധ സൈദ്ധാന്തിക സമീപനങ്ങളെ ആസ്പദമാക്കി പഠനവിധേയമാക്കിയ നോവലുകൾ സൂക്ഷ്മമായി വിശകലനം ചെയ്യാനുള്ള സാധ്യത ഏറെയാണ്. ഒരർത്ഥത്തിൽ ഈ ഗവേഷണ പ്രബന്ധത്തിന്റെ പരിമിതിയായി മേൽപറഞ്ഞ വസ്തുതകൾ പരിഗണി ക്കപ്പെട്ടേക്കാം. എന്നാൽ ശാഖാചംക്രമണ സ്വഭാവം ഗവേഷണരീതിക്ക് ചേർന്നതല്ലെന്ന തിരിച്ചറിവാണ് വിഷയനിഷ്ഠമായി പ്രബന്ധരചന നടത്തുവാനുണ്ടായ കാരണം. ആ നിലയ്ക്ക് നാല് അദ്ധ്യായങ്ങളിലൂടെ വിശദമാക്കാൻ ശ്രമിച്ച വസ്തുതകൾ താഴെ ക്രോഡീകരിക്കുന്നതിൽ യുക്തിയുണ്ടെന്നു തോന്നുന്നു.

1. സ്ത്രീയും പുരുഷനും ചേർന്ന് അനുഷ്ഠിക്കുന്ന ധർമ്മപരമ്പര കളാണ് യഥാർത്ഥത്തിൽ ജീവിതത്തെ രൂപപ്പെടുത്തുന്നത്. ഈ തിരിച്ചറിവ് നഷ്ടപ്പെടുമ്പോൾ ഇവർ രണ്ടും വിഭിന്നകർതൃത്വങ്ങളായി മാറുന്നു. ഏകകർതൃകമായ ലോകം സാക്ഷാത്ക്കരിക്കേണ്ട പ്രാപഞ്ചിക സംവിധാനത്തിന് സ്ത്രീപുരുഷ ഐക്യം പ്രധാനമാണ്.

2. മനുഷ്യന്റെ അനുഭവങ്ങളുടെ മൗലിക ഘടകമാണ് കാലം. കാലബോധവും സ്ഥലബോധവും പരസ്പരപൂരകങ്ങളാണ്. പ്രാദേശിക ചുറ്റുപാടുകളാണ് ഈ ബോധത്തെ ബലപ്പെടുത്തുന്നത്.

3. ഏതൊരു ഘടനയെക്കുറിച്ചും ഏതുവിധേനയുള്ള അന്വേഷണവും പ്രസക്തമാകുന്നത് അതിന് പ്രായോഗികമായ അടിത്തറയുണ്ടാകുമ്പോഴാണ്. കഥാസന്ദർഭങ്ങളും കഥാപാത്രങ്ങളും വായനക്കാരനിലുണ്ടാക്കുന്ന കാലാനുഭവത്തിലൂടെ മാത്രമേ സാഹിത്യകൃതിക്ക് സാഹിത്യചരിത്രത്തിലുള്ള സ്ഥാനം അങ്കനം ചെയ്യാൻ സാധിക്കുകയുള്ളൂ..

4. ജീവിതത്തെ സ്നേഹിക്കുക, പൊരുൾ തേടുക, അനഭിലഷണീയമായ വസ്തുതകൾക്കെതിരെ പോരാടുക, ഒരേസമയം വിമോചനത്തിന്റെ വക്താവും വിമോചിതനുമായിത്തീരുക എന്നിത്യാദി ധർമ്മങ്ങളാണ് എഴുത്തുകാർ നിർവ്വഹിക്കുന്നത്.

5. താനിടപെട്ടുകൊണ്ടേയിരിക്കുന്ന സാംസ്കാരിക സാഹചര്യം നിർമ്മാണാത്മ കമാണോ പ്രതിലോമപരമാണോ എന്നാണ് ഒരെഴുത്തുകാരൻ അഭിമുഖീകരിക്കുന്ന ആദ്യത്തെ ചോദ്യം. സർഗ്ഗാത്മക വീര്യത്തെ ഉണർത്തുകയും നിർമ്മാണോത്സുകമാക്കി മാറ്റുകയും ചെയ്യുന്നത് ഈ ചോദ്യമാണ്. ഇതിന് ഉത്തരം കണ്ടെത്താതെ ഒരു പ്രതിഭയ്ക്കും നിലനില്ക്കുക സാധ്യമല്ല.

6. സമരസപ്പെടലിന്റെ/അനുസരണയുടെ ഒരു ലോകക്രമമാണ് അധികാരത്തിന്റെ ശക്തികൾ എന്നും വിഭാവനം ചെയ്യുന്നത്. ഇങ്ങനെ തടവറയിലെ അന്തേവാസികളായിത്തീരാൻ വിധിക്കപ്പെടുന്ന നമ്പൂതിരി

സ്ത്രീകൾക്ക് മനുഷ്യത്വത്തിന്റെ ഹരിതസ്ഥലികൾ ഒന്നൊന്നായി നിഷേധിക്കപ്പെടുന്നതിലൂടെ, നമ്പൂതിരിസമുദായം സ്ത്രീകൾക്കുചുറ്റും ആചാരങ്ങൾകൊണ്ടുള്ള തടവറകൾ സൃഷ്ടിക്കുകയും പ്രതിരോധം അപ്രസക്തമാക്കുകയും ചെയ്തു.

7. പത്തൊമ്പതാം നൂറ്റാണ്ടോടെ ഭാരതത്തിലുടനീളം പ്രസാദാത്മകവും ആശയദീപ്തവുമായ ഒരു സാംസ്കാരിക അന്തരീക്ഷം രൂപപ്പെടുന്നുണ്ട്. ജാതിഘടനയിൽ അടിയുറച്ച ജഡപ്രായമായ സമൂഹത്തെ ജീവിതവൈമുഖ്യത്തിൽ നിന്ന് തട്ടിയുണർത്തി കർമ്മോന്മുഖമായ വർത്തമാനത്തിലേക്ക് നയിക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു അന്നത്തെ സാംസ്കാരിക അന്തരീക്ഷത്തിന്റെ പ്രത്യേകത.

8. പിറകോട്ടുള്ള ഗതി കാലത്തിനു സാധ്യമല്ലാത്തതുപോലെ കാലത്തെ കൈകാര്യം ചെയ്യുന്ന സാഹിത്യവും ഭാവിയെ സംബന്ധിച്ച ഉത്കൃഷ്ട വിചാരങ്ങളുടെ അടയാളമാകുന്നു. കാലത്തിൽ ഋതുക്കൾ ആവർത്തിക്കപ്പെടുമ്പോൾ പ്രകൃതി ചർവ്വണയുടെ സാംഗത്യത്തിലാണ് അടിവരയിടുന്നത്. സരസ്വതീവിജയവും, അപ്ഫന്റെ മകളും, ഭ്രഷ്ടും, ആഗ്നേയവും, അഗ്നിസാക്ഷിയും ചർവ്വണയിലൂടെ കാലാതിവർത്തിയായി മാറിയ കൃതികളാണ്. ഇവയെക്കുറിച്ചുള്ള പഠനം കാലികമാകുന്നതും മറ്റൊന്നുംകൊണ്ടല്ല.

9. ജീവിതത്തെ ആഴത്തിലും പരപ്പിലും ആവിഷ്ക്കരിക്കുന്ന ആഖ്യാനകലയാണ് നോവൽ. പ്രതിജനഭിന്ന വിചിത്രമായ ജീവിതത്തിന്റെ സങ്കീർണ്ണഭാവങ്ങൾ ഏകീകരിച്ച് അവതരിപ്പിക്കുമ്പോൾ അത് സാഹിത്യകാരന്റെ സർഗ്ഗാത്മക വ്യക്തിത്വത്തിന്റെ അടയാളമാകുന്നു. ഈ വ്യക്തിത്വം സുവികസിതമാകുന്നത് കാലദേശങ്ങളുടെയും സമൂഹത്തിന്റെയും ജീവസ്പന്ദം ഏറ്റുവാങ്ങി ക്കൊണ്ടാണ്.

10. ഇതര നോവലുകളിൽ നിന്നും വേറിട്ട സാമൂഹ്യാവസ്ഥയുടെ ചിത്രീകരണമാണ് 'സരസ്വതീവിജയ'ത്തെ ചരിത്രോന്മുഖമാക്കുന്നത്. കുബേരൻ നമ്പൂതിരിയുടെ സാമ്പത്തിക മേധാവിത്വം, ബ്രിട്ടീഷ് സർക്കാറിന്റെ അധീശത്വം, മുസ്ലീങ്ങളുടെ ദളിതരോടുള്ള സഹഭാവവും ബ്രാഹ്മണ വിരോധവും, നമ്പൂതിരി സ്ത്രീകൾക്കെതിരായ ജാതീയ പീഢനങ്ങൾ എന്നിങ്ങനെ ഒരു നൂറ്റാണ്ടിന് മുമ്പുള്ള കേരളീയ കാലമാണ് നോവലിൽ നിറഞ്ഞുനിൽക്കുന്നത്.

11. ഒരേ കാലഘട്ടത്തിൽ ഒരേ ലക്ഷ്യത്തിനുവേണ്ടി സാഹിത്യരചനയിൽ മുഴുകിയവരാണ് വി.ടി.യും എം.ആർ.ബിയും മുത്തിരിങ്ങോടും. ഇവരിൽ കാല്പനികവും ലളിതവും മനോഹരവുമായ ശൈലി സ്വീകരിച്ചുകൊണ്ട് മുത്തിരിങ്ങോട് വേറിട്ടുനിൽക്കുന്നു. ദീർഘകാലം നിലനിന്നുപോന്ന കുടുംബബന്ധങ്ങളിലെ അനാശാസ്യതകൾ ചോദ്യംചെയ്യ പ്പെട്ടുതുടങ്ങുന്ന ചരിത്രസന്ദർഭമാണ് 'അപ്ഫന്റെ മകൾ'ക്ക്

പശ്ചാത്തലമൊരുക്കുന്നത്.

12. കാലാകാലങ്ങളിൽ പുരുഷൻ സ്ത്രീയെ കേന്ദ്രീകരിച്ചുണ്ടാക്കിയ സ്ത്രീവിരുദ്ധ ചരിത്ര രൂപങ്ങളെല്ലാം ഇന്ന് പുനർവായനയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഈ ഗവേഷണപ്രബന്ധം നിർവ്വഹിക്കുന്ന സാംസ്കാരിക ദൗത്യവും മറ്റൊന്നല്ല.

13. ദേശകാലങ്ങളിൽ അഭിവ്യാപനം ചെയ്യപ്പെട്ട സാംസ്കാരിക സമുച്ചയത്തെ കാലാനുയോജ്യമായി അഴിച്ചുകെട്ടാനുള്ള ശ്രമമാണ് മാടമ്പുകുഞ്ഞുക്കുട്ടനും മുത്തിരിങ്ങോടും നടത്തിയിട്ടുള്ളത്. സംസ്കാരം - സാമൂഹികമായാലും ഭൗതികമായാലും വാങ്മയമായാലും മനുഷ്യനെ സംസ്കരിക്കുന്ന തായിരിക്കണം. അല്ലാതെ ഭൂതകാലത്തിന്റെ മാറാലപിടിച്ച പനയോലക്കെട്ടുകളെ ആനയിക്കാനുള്ളതാകരുത് എന്ന ഉത്തമബോധ്യം ഇവർക്കുണ്ടായിരുന്നു.

14. നേതൃത്വം ആരിൽ കുടികൊള്ളുന്നു? സംരക്ഷണം ആർക്ക് ലഭിക്കണം? എന്നീ ചോദ്യങ്ങൾക്ക് യഥാക്രമം പുരുഷന്, സ്ത്രീക്ക് എന്നിങ്ങനെയാണ് ഉത്തരം ലഭിക്കുക. എങ്കിൽപ്പോലും തങ്ങൾക്കനുവദിക്കപ്പെട്ട ഇടങ്ങളിൽ നിന്നുകൊണ്ട് ചില സ്ത്രീകൾ പലതും വിളിച്ചുപറഞ്ഞിട്ടുണ്ട്. കുറിയേടത്തു താത്രി ഇതിനുദാഹരണമാണ്. താത്രിയുടെ വിപ്ലവാത്മകമായ പ്രതികരണങ്ങൾ ഉണ്ടാക്കിയ പ്രതിധ്വനി ഭാവിയെ രൂപപ്പെടുത്തുകയും

സ്ത്രീപക്ഷവിചാരത്തിന്റെ അടിത്തറയായി മാറിയതെ ങ്ങനെയെന്നും ഈ ഗവേഷണപ്രബന്ധം ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്.

15. ആണിന്റെ വീക്ഷണകോണിൽ ബന്ധങ്ങളും സദാചാര സംഹിതകളും നിരീക്ഷിക്കപ്പെടുകയും നിർവ്വചിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരമൊരു വ്യവസ്ഥയിൽ സ്ത്രീയ്ക്ക് അവളുടെ ശരീരത്തിലൊ ലൈംഗിക തയിലോ യാതൊരധികാരവുമില്ല. പുരുഷൻ തീരുമാനിക്കുന്നതായിരിക്കും അവളുടെ പരിതികൾ. ഈ പരിമിതികൾ ഉല്ലംഘിക്കുന്ന വിധ്വംസകമായ സ്ത്രൈണ സത്തയാണ് 'ഭ്രഷ്ടി'ലെ പാപ്തിക്കുട്ടിയിൽ പ്രവർത്തിക്കുന്നത്.

16. അതിരുകൾ ഭേദിക്കുന്ന സ്ത്രീ ഭ്രഷ്ടയും വേശ്യയുമായി ചിത്രീകരിക്കപ്പെടുമ്പോൾ അത്തരം പ്രവൃത്തികൾ ചെയ്യുന്ന പുരുഷൻ ധീരനും വീരനും തന്റേടിയുമായി വാഴ്ത്തപ്പെടുന്നു. ഗൃഹാന്തരീക്ഷത്തിൽ നിന്നും പുറത്തുകടക്കാൻ വെമ്പുന്ന സ്ത്രീയെ സമൂഹം കുലടയായി മുദ്രകുത്തുന്നു.

17. ലളിതാംബിക അന്തർജ്ജനത്തിന്റെ ഓരോ കഥാപാത്രവും ഓരോ ആശയത്തെയോ പ്രശ്നത്തെയോ ആണ് പ്രതിനിധീകരിക്കുന്നത്. സാമൂഹ്യമാറ്റത്തിന് പുറംതിരിഞ്ഞുനിൽക്കുന്ന ജലപ്പിശാചുമുത്തശ്ശിമാരും, എട്ടന്റമ്മമാരും, മുത്തപ്ഫന്മാരും ഏതു സമൂഹത്തിലും ഏതുകാലത്തിലും ഉണ്ടായിരിക്കും. അവർ അവരുടെ വിശ്വാസങ്ങൾകൊണ്ട് സമൂഹത്തെ

വീർപ്പുമുട്ടിക്കുന്നതോടൊപ്പം ആ വിഷവായു ശ്വസിച്ച് സ്വയം മണ്ണടിയുകയും ചെയ്തു.

18. മാറിയ കാലത്തിന്റെയും അവസ്ഥയുടെയും പ്രതിനിധിയാണ് പി. വത്സല. സ്ത്രീയുടെ സ്വാതന്ത്ര്യം ഒറ്റപ്പെട്ട ഒന്നല്ലെന്നും അത് പുരുഷൻ, കാലം, രാഷ്ട്രീയം എന്നിവയുമായി അവിഭാജ്യബന്ധമുള്ളതാണെന്നും തന്റെ രചനകളിലൂടെ അടയാളപ്പെടുത്താൻ അവർക്ക് സാധിച്ചിട്ടുണ്ട്.

19. ബന്ധനങ്ങളിൽ നിന്ന് മുക്തി നേടി കൂടുതൽ സ്വാതന്ത്ര്യത്തിലേക്ക് കുതിക്കുമ്പോൾ മാത്രമേ പ്രകൃതിയെ മാനവീകരിക്കുവാനും നവീകരിക്കുവാനും സാധിക്കുകയുള്ളൂ എന്ന മാർക്സിയൻ ചിന്തയുടെ ആവിഷ്ക്കാരമായ 'ആഗ്നേയം' സങ്കീർണ്ണമായ മാനുഷിക ഭാവങ്ങളെപ്പോലും ലളിതമായ സൂത്രവാക്യങ്ങളിലൂടെ ശക്തമായി അവതരിപ്പിക്കുന്നു.

20. സ്ത്രീ ജീവിതം പരിമിതപ്പെട്ടുപോകുന്നതിന്റെ സാമൂഹികവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനാൽ അവയ്ക്കെതിരെ പ്രതികരിക്കുന്ന സ്വത്വബോധമാണ് ആഗ്നേയത്തിലെ നങ്ങേമയിലൂടെ പ്രകടമാകുന്നത്.

21. സ്നേഹമെന്നത് ഒരു വൈകാരിക അവസ്ഥയല്ല. ഭാവസ്പന്ദിതമായ അനുഭൂതിയാണ്, ലയനമാണ് ലയമാണ്. ഇത്തരം ഭാവങ്ങൾ അപ്രസക്തമായിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ഭാഷയെ അചോദ്യമായ

ഉപകരണമാക്കി, സ്ത്രീയുടെ സാമൂഹികവ്യക്തിത്വം സ്ഥാപിക്കുന്ന സർഗ്ഗാത്മകരചനകളുടെ ആന്തരികഭാവത്തെ സ്വാംശീക രിക്കുകയോ തിരിച്ചുപിടിക്കുകയോ ചെയ്യേണ്ടത് കാലികമായ അനിവാര്യതയാണ്.

22. ആത്മീയസംസ്കാരത്തെക്കുറിച്ച് വാചാലരാകുകയും കാലത്തെ വർത്തമാനത്തിൽ പിടിച്ചുകെട്ടി ഭൗതികതയെ ആഘോഷിക്കുകയും ചെയ്ത കേരളത്തിന്റെ ജാതിസംസ്കാരപാരമ്പര്യത്തെയാണ് ഇവിടെ പഠനവിധേയ മാക്കിയ നോവലുകളിൽ വിചാരണ ചെയ്തത്. സാഹിത്യം സർഗ്ഗാത്മക വിചാരം എന്നതിലുപരി കാലത്തിന്റെ തിരുത്തൽ ശക്തിയായി മാറുന്നത് എങ്ങനെയെന്ന് ഈ അന്വേഷണപഠനത്തിൽ സ്ഥാപിക്കുവാൻ ശ്രമിച്ചിരിക്കുന്നു.

# ഗ്രന്ഥസൂചി


1. അച്യുതൻ എം : സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ 1994.

   : നോവൽ പ്രശ്നങ്ങളും പഠനങ്ങളും, സാഹിത്യ പ്രവർത്തകസഹകരണ സംഘം കോട്ടയം 1983.

2. അനിൽകുമാർ എ.വി. : ഇന്ദുലേഖയുടെ അനുജത്തിമാർ, മാതൃഭൂമി ബുക്സ്, കോഴിക്കോട് 2007.

3. അപ്പൻ കെ.പി. : സമയപ്രവാഹവും സാഹിത്യകലയും, ഡി.സി. ബുക്സ് കോട്ടയം 1997.

4. അപ്പുക്കുട്ടൻ വള്ളിക്കുന്ന് : അറിയപ്പെടാത്ത ഇ.എം.എസ്, ശക്തി പബ്ലിക്കേഷൻസ്, പെരിന്തൽമണ്ണ 1990.

5. ആര്യൻ നമ്പൂതിരി പി.കെ. : നാലുകെട്ടിൽ നിന്ന് നാട്ടിലേക്ക്, മംഗളോദയം, തൃശ്ശൂർ 1969.

6. ആലങ്കോട് ലീലാകൃഷ്ണൻ : താത്രിക്കുട്ടിയുടെ സ്മാർത്തവിചാരം (പഠനം) മാതൃഭൂമി ബുക്സ്, കോഴിക്കോട് 2004.

7. ഉണ്ണി എൻ.പി. ഡോ. : ഉപനിഷത് പ്രപഞ്ചം, പ്രശാന്തി പബ്ലിക്കേഷൻസ്, തിരുവനന്തപുരം 2005.

8. ഉമചക്രവർത്തി : ജാതിയെ ലിംഗവത്ക്കരിക്കുമ്പോൾ, (വിവ:പി.എസ്. മനോജ്കുമാർ) മാതൃഭൂമി ബുക്സ്, കോഴിക്കോട് 2008.

9. ഋഷികുമാർ എം.ടി. : മനുസ്മൃതിയും ബ്രാഹ്മണ മതവും, ഒരു വിമർശന പഠനം, മൈത്രി ബുക്സ് തിരുവനന്തപുരം 2008.

10. കുഞ്ഞിക്കണ്ണൻ കെ.ടി. : കേരളം സമൂഹവും രാഷ്ട്രീയവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2008.

11. കുഞ്ഞുക്കുട്ടൻ മാടമ്പ് : ഭ്രഷ്ട്, ഡി.സി. ബുക്സ് കോട്ടയം, 1973

12. കൃഷ്ണചൈതന്യ : സംസ്കൃത സാഹിത്യ ചരിത്രം, നാഷണൽ ബുക്സ് സ്റ്റാൾ കോട്ടയം 1968.

13. കൃഷ്ണപിള്ള എൻ : കൈരളിയുടെ കഥ, എസ്.പി.സി.എസ്. കോട്ടയം 1965.

14. കൊച്ചുത്രേസ്യതോമസ് പ്രൊഫ. : സ്ത്രീ ശക്തിയുടെ മന:ശാസ്ത്രം ഡി. സി. ബുക്സ്, കോട്ടയം 2003.

15. കോളിൻസ് മദാമ്മ : ഘാതകവധം (വിവ:കെ.ഇ. ഈപ്പൻ) ഡി.സി. ബുക്സ് കോട്ടയം 1976.

16. ഗണേഷ് കെ.എൻ : കേരളത്തിന്റെ ഇന്നലെകൾ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, കേരള സർക്കാർ 1997.

17. ഗീത പി. : കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്, കറന്റ് ബുക്സ്, തൃശ്ശൂർ 1997.

: ദേവഭൂതികൾ മാഞ്ഞുപോവത്, കറന്റ് ബുക്സ് തൃശ്ശൂർ 1999.

: അതിർത്തികളിലെ അശരീരികൾ (നോവൽ പഠനങ്ങൾ) സമയം പബ്ലി ക്കേഷൻസ്, കണ്ണൂർ 2010.

18. ഗുപ്തൻ നായർ എസ്. : സമാലോചന, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം 1957.

19. ഗോവിന്ദപ്പിള്ള പി. : കേരള നവോത്ഥാനം ഒരു മാർകിസിസ്റ്റ്, വീക്ഷണം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം 2003.

20. ഗോപാലകൃഷ്ണൻ പി.കെ. : കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

21 ചന്തുമേനോൻ. ഒ. : ഇന്ദുലേഖ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം 1971

22. ചന്ദ്രിക സി.എസ്. : കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 1998.

23. ചാക്യാർ എ.എം.എൻ. : അവസാനത്തെ സ്മാർത്തവിചാരം, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ് കേരള സർക്കാർ, തിരുവനന്തപുരം 2001.

24. ജയചന്ദ്രൻ ടി.എൻ. : കഥയ്ക്കുപിന്നിലെ കഥ, എസ്.പി.എസ്. കോട്ടയം 1975.

25. ജോർജ് കെ.എം. : ഭാരതീയ സാഹിത്യസമീക്ഷ, ഡി.സി. ബുക്സ്, കോട്ടയം 1994.

26. ജോർജ് ഇരുമ്പയം : മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ, എസ്.പി.എസ്. കോട്ടയം 1984.

27. തോമസ് ഇ.ജെ. : കേരളത്തിന്റെ സമൂഹഘടനയും രൂപാന്തരവും, ഡി.സി. ബുക്സ് കോട്ടയം 1997.

28. ദാമോദരൻ കെ. : ഇന്ത്യയുടെ ആത്മാവ്, കറന്റ് ബുക്സ് തൃശ്ശൂർ 1987.

29. നമ്പൂതിരിപ്പാട് ഒ.എം.സി. : ഋഗ്വേദ വിവർത്തനം, വടക്കേ ബ്രഹ്മസ്വമഠം തൃശ്ശൂർ 1982.

30. പത്മനാഭമേനോൻ കെ.പി. : കൊച്ചി രാജ്യചരിത്രം, മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിങ് കമ്പനി, കോഴിക്കോട് 1989.

31. പരമേശ്വരൻപിള്ള കെ. : ഹിന്ദുധർമ്മ പരിചയം, ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ 1969.

32. പോത്തേരി കുഞ്ഞമ്പു : സരസ്വതി വിജയം 1892

33. ബാബു ഐ.വി. : കേരളീയ നവോത്ഥാനവും നമ്പൂതിരിമാരും, നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം 2001.

34. ബാലകൃഷ്ണൻ പി.കെ. : ജാതിവ്യവസ്ഥിതിയും കേരള ചരിത്രവും, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം 1983.

35. ഭട്ടതിരിപ്പാട് വി.ടി. : വി.ടി. യുടെ സമ്പൂർണ്ണകൃതികൾ, കണ്ണീരും കിനാവും (ആത്മകഥ) ഡി.സി. ബുക്സ് കോട്ടയം 1997.

36. ഭട്ടതിരിപ്പാട് എം.പി. : ഋതുമതി, കറന്റ് ബുക്സ്, തൃശ്ശൂർ 1991.

37. ഭവത്രാതൻ നമ്പൂതിരിപ്പാട് മുത്തിരിങ്ങോട് : അപ്ഫന്റെ മകൾ, 1930

38. ഭാസ്ക്കരൻ നായർ കെ. : കലയും കാലവും, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംങ് കമ്പനി കോഴിക്കോട് 1956.

39. ഭാസ്കരനുണ്ണി പി. : പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമിക തൃശ്ശൂർ 1988.

40. മാത്യു ഡാനിയൽ ഡോ. : പാറപ്പുറത്തിന്റെ നോവലുകൾ, ശില്പവും ദർശനവും, കറന്റ് ബുക്സ് കോട്ടയം. 1999.

41. മാധവൻ ഇ : സ്വതന്ത്ര്യസമുദായം, പ്രഭാത് പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്ത പുരം 1979.

42. രാജൻ ഗുരുക്കൾ രാഘവവാര്യർ : കേരളചരിത്രം, വള്ളത്തോൾ വിദ്യാ പീഠം, ശുകപുരം 1992.

43. രാജൻ എൻ. ഡോ. : പ്രക്ഷോഭത്തിന്റെ ജ്വാലകൾ, നാഷ ണൽ ബുക്സ് സ്റ്റാൾ, കോട്ടയം 1999

44. രാജഗോപാലൻ ഇ.പി. (എഡി:) : ഇന്ദുലേഖ-വായനയുടെ ദിശകൾ, കേരള സാഹിത്യഅക്കാദമി തൃശ്ശൂർ 2001.

45. രാജലക്ഷ്മി വി.എം. : സ്ത്രീനീതി, കേരള ഭാഷാ ഇൻ സ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം 1996.

46. രാധാകൃഷ്ണൻ നായർ ഡി. : ആഖ്യാന വിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2000.

47.. രാമൻ നമ്പൂതിരി, പാറയിൽ (എഡി): ഭവദാസൻ നമ്പൂതിരിപ്പാടിന്റെ 'നമ്പൂതിരിമാരുടെ ജീവിതസമ്പ്രദായം' എന്ന പ്രബന്ധം മംഗളോദയം തൃശ്ശൂർ 1918.

48. രേണുക എൻ. : സൂചകങ്ങളുടെ താരാപഥം, കൈരളി ബുക്സ് കണ്ണൂർ 2005.

49. ലതിക നായർ പറവൂർ ബി. ഡോ. : ഭാരത സ്ത്രീകൾ നൂറ്റാണ്ടുകളിലൂടെ, മാതൃഭൂമി ബുക്സ് കോഴിക്കോട്.

50. ലളിതാംബിക അന്തർജ്ജനം : അഗ്നിസാക്ഷി, കറന്റ് ബുക്സ് തൃശ്ശൂർ 2009.

: ഇരുപതു വർഷത്തിനുശേഷം, സാഹിത്യപ്രവർത്തക സഹകരണ സംഘം കോട്ടയം 1956.

51. ലീലാകുമാരി എം. ഡോ. : സ്ത്രീസങ്കല്പം മലയാള നോവലിൽ, ഡി.സി. ബുക്സ് കോട്ടയം 2000.

52. വത്സല പി. : ആഗ്നേയം, എച്ച്. & സി. പബ്ലിഷിംഗ് ഹൗസ്, തൃശ്ശൂർ 1974,

53. വസന്തൻ എസ്.കെ. : കേരള സംസ്കാരചരിത്ര നിഘണ്ടു (വാല്യം 2) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2005.

54. വാസുദേവൻ ഉണ്ണി കെ. : വിവ. യാജ്ഞവൽക്യസ്മൃതി, അർജ്ജുൻ ബുക്സ്, കോഴിക്കോട് 1996.

55. വിജയൻ എം.എൻ. (ജനറൽ എഡി:): നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം (വാള്യം 2) (1901-2000), കേരള സാഹിത്യ അക്കാദമി തൃശ്ശൂർ 2000.

56. വിഷ്ണുനമ്പൂതിരി എം.വി. : നാടോടി വിജ്ഞാനീയം, ഡി.സി. ബുക്സ്, കോട്ടയം 2007.

57. വേദബന്ധു : ഋഗ്വേദ പ്രവേശിക, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ 1988.

58. ശങ്കരൻ നമ്പൂതിരിപ്പാട് ഇ.എം. : കേരളം:സമൂഹവും രാഷ്ട്രീയവും, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം 1988.

59. ശാരദാമണി കെ. : സ്ത്രീ സ്ത്രീവാദം സ്ത്രീവിമോചനം ഡി.സി. ബുക്സ് കോട്ടയം 1999.

60. ശ്രീജൻ വി.സി. : നോവൽ വായനകൾ, ഡി.സി. ബുക്സ് കോട്ടയം 2003.

61. ശ്രീജ കെ.വി. : ഓരോരോ കാലത്തിലും (നാടകം) ഡി.സി. ബുക്സ്, കോട്ടയം 2004.

62. ശ്രീദേവി കെ.പി. : വേദവിചാരം, സ്ത്രീകൾ വേദ കാലത്തിൽ, കടവല്ലൂർ അന്യോന്യ പരിഷത്ത്, കറന്റ് ബുക്സ് 2008.

63. ശ്രീധരമേനോൻ എ. : ഇന്ത്യാചരിത്രം, ഡി.സി. ബുക്സ് കോട്ടയം 2008

64. സച്ചിദാനന്ദൻ (എഡി:) : സ്ത്രീപഠനങ്ങൾ, ബോധിപബ്ലിഷിംഗ് ഹൗസ്, കോഴിക്കോട് 1990.

65. സരസ്വതിയമ്മ കെ. : കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ, രവികുമാർ കെ.എസ്. (സമാഹരണം) ഡി.സി. ബുക്സ്, കോട്ടയം 2000.

# ആനുകാലികങ്ങൾ


| | | | |
|---|---|---|---|
| 1. | കാർത്തികേയൻ നായർ വി. | : | കേരളത്തിലെ നവോത്ഥാനത്തിന്റെ ധൈഷണിക പശ്ചാത്തലം, സംസ്കാരകേരളം. ഏപ്രിൽ, ജൂൺ നവോത്ഥാനപതിപ്പ് 1997. |
| 2. | ചന്ദ്രിക സി.എസ്. | : | കേരളത്തിന്റെ സ്ത്രീചരിത്രം, സമകാലിക മലയാളം വാരിക, ജനുവരി 2000. |
| 3. | തേലപ്പുറത്ത് നാരായണൻ നമ്പി | : | സ്ത്രീപുരുഷന്മാർ തമ്മിലുള്ള ആന്തരഭേദങ്ങൾ. ലക്ഷ്മീഭായി പുസ്തകം 10, നമ്പർ 4, 1029. |
| 4. | ദാസ് കെ.കെ.എസ്. | : | ചരിത്രത്തിന്റെ സംഘട്ടനം, ഭക്തിപ്രസ്ഥാനം മുതൽ ദലിത് മോചന സാഹിത്യംവരെ, സാഹിത്യലോകം, കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരണം ജൂലൈ, ഒക്ടോബർ 2010. |
| 5. | ദേവകി നിലയങ്ങോട് | : | അന്തർജ്ജനത്തിന്റെ അകം പുറം ലോകത്തെ ജനം, മാതൃഭൂമി ആഴ്ചപ്പതിപ്പ് ആഗസ്റ്റ് 2006 |

6. പവിത്രൻ പി. : വിമോചിത സ്ത്രീ ഭാവുകത്വത്തിലേക്കുള്ള ചുവട്, സാഹിത്യലോകം, സാഹിത്യ അക്കാദമി തൃശ്ശൂർ 1994

7. മാത്യു എം. വർഗ്ഗീസ് : പാരിസ്ഥിതിക സ്ത്രീദർശനത്തിന്റെ വിശ്വാത്മകത പി. വത്സലയുടെ കഥകളിൽ, മലയാളം റിസർച്ച് ജേണൽ വാല്യം 4, ലക്കം 3, 2011

8. മോഹൻരാജ് എ.ടി. : ബ്രാഹ്മണ്യത്തിനു തീകൊളുത്തിയ നോവൽ, സമകാലിക മലയാളം വാരിക മാർച്ച് 2010.

9. ശ്രീധരൻ എ.എം. ഡോ. : ജ്വരൽക്കാല കവിതകൾ, മലയാളം റിസർച്ച് ജേണൽ, വാല്യം 4, ലക്കം 3, 2011.

10. വിജയകൃഷ്ണൻ എൻ.പി. : മടക്കയാത്രാക്കാലത്തെ 'അപ്ഫനും മകളും', മാതൃഭൂമി ആഴ്ചപ്പതിപ്പ് നവംബർ 2008.

# English

1. Anne Cudd And Robino Andreasen : Feminist Theory A Philosophical Anthology, Blackwell publishing, Australia 2005.

2. Asha V., Namboothiries of Kerala, A study. Dept. of Politics, Kariavattam University of Kerala 1985.

3. Bharat Jhunjhunwala, Madhur Jhunjhunwala, Indian Approach to Womens Empowerment, Rawat Publications Jaipur & New Delhi.

4. Catherine Belsey and Jane Morrel (Eds.) : The Feminist Reader : Essay in Gender And the politics of Literary criticism, Black well Publishers, ISA 1997.

5. Devika J. : En Gendering Individuals, The language of Re-forming in Early Twentieth Century Keralam, Orient Longman Private limited, New Delhi 2007.

6. Dileep M. Menon : The Blindness of Insight, Published by Ravikumar & Anand, Navayan Publishing Pondichery 2006.

7. Gowri Viswanathan : Masks of conquest, Oxford University Press, NewDelhi 2002.

8. Hutton J.H. : Caste in India - Its nature, function and origin - London Cambridge 1946.

9. Jha.D.N. : Early India, A Concise History, Manohar Publishers, NewDelhi 2004.

10. Kupuswamy. B : Social Change in India, Vikas Publishing house, New Delhi 1975.

11. Malley O. L.S.S : Modern India and the West, Oxford University press 1968.

12. Majori Boutton, The Anatomy of the Novel, Routledge and Kegam Paul London 1985.

13. Macdongal William, An Introduction to Social Sychology, London 1950.

14. Nicholas B.DIRKS : Castes of mind colonialism and the Making of Modern India, Permanent Black, Oxford Apartments, New Delhi 2002.

15. Owen M. Lynch: The politics of Untouchability National Publishers, NewDelhi 1974.

അനുബന്ധം

# ആതുരമായ മാനവികതയും മാനവികമായ ആതുരതയും

## മഹാകവി അക്കിത്തവുമായുള്ള അഭിമുഖം

1. പുരോഗമന പ്രസ്ഥാനങ്ങൾ ധാരാളം ഉണ്ടായിട്ടും നമ്പൂതിരി സ്ത്രീ ജീവിതം പുതിയ കാലഘട്ടത്തിൽ മാറിയിട്ടുണ്ടോ?

വളരെ സ്വതന്ത്രരായാണ് നമ്പൂതിരി സ്ത്രീകൾ ഇന്നു ജീവിക്കുന്നത്. അമേരിക്കയിലെ നൂറിലധികം കുടുംബങ്ങളെ എനിക്കു നേരിട്ടറിയാം. പല കുടുംബങ്ങളും അവിടെത്തന്നെ ലയിച്ചു ചേർന്നിരിക്കുന്നു. 'പാഴൂർപടിപ്പുര' തുടങ്ങിയ പുരാതന ജ്യോത്സ്യകുടുംബങ്ങൾ ഇന്ന് നാമമാത്ര പ്രസക്തങ്ങളായി മാറിയിട്ടുണ്ട്. നവീകരണ പ്രസ്ഥാനങ്ങൾ ശക്തമായിരുന്ന കാലഘട്ടത്തിൽ നമ്പൂതിരി സ്ത്രീകളുടെ ജീവിതം പരിതാപകരമായിരുന്നു. ഞാനും വി.ടി.യും ആഗ്രഹിച്ചിരുന്ന പുരോഗതിക്കപ്പുറം ഇന്ന് സ്ത്രീ ജീവിതം മാറിയിട്ടുള്ളതായി കാണാം.

2. നമ്പൂതിരി സമുദായത്തിന്റെ പുരോഗമന പ്രസ്ഥാനപ്രവർത്തനങ്ങളിൽ അങ്ങ് സംതൃപ്തനാണോ?

ചരിത്രം സമൂഹത്തിന്റെ കഥയാണ്. വ്യക്തി സംതൃപ്തനോ അസംതൃപ്തനോ എന്നത് പ്രശ്നമല്ല. ഞാനതിൽ ഭാഗഭാക്കായിരുന്നു. എന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചതിൽ ചാരിതാർത്ഥനുമാണ്.

3. പോകുന്ന ജാതീയതയെ തിരിച്ചുപിടിക്കാൻ അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?

വേണമെന്നില്ല. പ്രകൃതിയുടെ ഗതിയിൽ നമുക്കൊന്നും ചെയ്യാൻ

പറ്റില്ല. പ്രകൃതിയുടെ അടിമകളാണു നമ്മൾ. നമുക്ക് ബോധമുണ്ടായി ബോധമില്ലാതാകുന്ന ഒരു ഘട്ടം അതാണ് ജീവിതം. അതുമായി ബന്ധിപ്പിക്കുന്ന ഒരു താക്കോലാണ് ബോധം. "വിശ്വദർപ്പണലക്ഷ്യമാന നഗരീതുല്യം" എന്ന് ശങ്കരാചാര്യർ പറഞ്ഞിട്ടുണ്ട്. കണ്ണാടിയിൽ ദൃശ്യമാകുന്ന നഗരത്തിന്റെ ചിത്രം പോലെയാണ് ജീവിതവും. അത് സത്യമാണെന്നു പറയാൻ കഴിയില്ല. ഒന്നിന്റെയും നിയന്ത്രണം നമ്മുടെ കയ്യിലല്ല. ഐൻസ്റ്റിന്റെ Relativity theory തെറ്റാണ് എന്ന് ഇപ്പോൾ കണ്ടുപിടിച്ചിട്ടുണ്ട്. നമ്മുടെ സയൻസും ഭാരതീയമായ അദ്വൈതത്തിലേക്കാണ് വരുന്നത്. നമ്പൂതിരിമാർ എത്രയോ ചെറിയ സമൂഹമാണ്. പക്ഷെ ആ ജാതിയും മാറ്റത്തിന് വിധേയമാണ്. സനാതന ധർമ്മം അഥവാ സത്യം നിലനിന്നാൽ നന്നായിരുന്നു.

4. രാമൻ ആണ് ഇന്ത്യയുടെ ഏറ്റവും വലിയ പ്രതീകം. ഗാന്ധിജി മാതൃകയാക്കിയത് രാമന്റെ ജീവിതമായിരുന്നു. പക്ഷെ ഇന്ന് രാമന്റെ പേരിലാണ് കൂടുതൽ സംഘട്ടനങ്ങൾ നടക്കുന്നത്. അങ്ങയുടെ അഭിപ്രായം വ്യക്തമാക്കാമോ?

ഹിന്ദു ഒരു ബോധം മാത്രമാണ്. ഹിന്ദു ഉണ്ടാകുന്നത് തന്നെ എപ്പോഴാണ്? എന്റെയും വി.ടിയുടെയും അഭിപ്രായം പറയുകയാണെങ്കിൽ വി.ടി. അഹമ്മദാബാദ് കോൺഗ്രസിൽ പോയതിന്റെ ഫലമായാണ് യോഗക്ഷേമസഭ രൂപീകൃതമാകുന്നത്. ബ്രാഹ്മണ മന്ത്രങ്ങളുടെ സംസ്കാരം നശിക്കാനിടയുണ്ട്. അതു നഷ്ടപ്പെടാതെ സൂക്ഷിക്കുക എന്നതായിരുന്നു യോഗക്ഷേമസഭയുടെ അടിസ്ഥാന തത്വം. ഭൂമിയെ സംബന്ധിച്ച ജൈവികമായ പ്രശ്നങ്ങളിൽ വിദേശഭാഷയും കോടതി വ്യവഹാരങ്ങളിൽ ഉന്നയിക്കേണ്ടി വന്നപ്പോൾ സ്വത്വസംബന്ധമായ ഒരു പ്രതിസന്ധി ഞങ്ങൾക്ക് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. വ്യവഹാരങ്ങളിൽ നിന്ന് മാതൃഭാഷയെ അകറ്റുക എന്നാൽ സാംസ്കാരിക സ്വത്വത്തെ അടിയറവു വയ്ക്കുക എന്നാണല്ലോ അർത്ഥം. ഇംഗ്ലീഷിനോടു ഞങ്ങൾക്ക് എതിർപ്പില്ല. അതുകൊണ്ടാണ് കുദൂർ ഉണ്ണിനമ്പൂതിരിപ്പാട് ഇംഗ്ലീഷ് പഠിച്ചേ കഴിയൂ എന്ന് പ്രഖ്യാപിച്ചത്. വിവേകാനന്ദന്റെ വാക്കുകൾ അദ്ദേ

ഹത്തെ സ്വാധീനിച്ചിരുന്നു. "ഉത്തിഷ്ഠതാ ജാഗ്രത പ്രാപ്യവരാൻ നിബോധത:" ഉണ്ണി നമ്പൂതിരി മാസികയിലെ പ്രധാന ഉദ്ധരണികളായിരുന്നു ഇവ.

5. ഇന്ത്യയ്ക്ക് രക്ഷ ഗാന്ധിസം തന്നെയാണോ?

ലോകത്തിനു തന്നെ രക്ഷ ഗാന്ധിസമാണ്. ഐക്യരാഷ്ട്രസഭപോലും ഗാന്ധിജിയെ അംഗീകരിച്ചുവല്ലോ. ന്യൂക്ലിയർ ബോംബുമായി തമസ്ക്കരണ മനോഭാവത്തോടെ നടക്കുന്ന പുതിയ മാനവരാശിയെ രക്ഷിക്കാൻ ഗാന്ധിസത്തിനു മാത്രമേ സാധിക്കുകയുള്ളൂ. ഭൂതവർത്തമാനഭാവികാലങ്ങളിലൂന്നിയ മാനവസങ്കല്പമാണ് ഗാന്ധിജി മുന്നോട്ടുവച്ചത്. ഉൺമയുടെ പ്രത്യയശാസ്ത്രമാണത്. സൗത്ത് കൊറിയ, നോർത്ത് കൊറിയ തുടങ്ങിയ പന്ത്രണ്ടിലധികം രാജ്യങ്ങളിൽ ആറ്റംബോംബുകൾ നിർമ്മിക്കുന്നുണ്ട്. ഇവയൊക്കെ ഇല്ലാതാക്കാനുള്ള ഐക്യരാഷ്ട്രസഭയുടെ ശ്രമങ്ങളൊന്നും ഇതുവരെ വിജയിച്ചിട്ടില്ല. സ്പർദ്ധകളും സംഘട്ടനങ്ങളും എപ്പോഴും ഉണ്ടാകും. മുസ്ലീം രാഷ്ട്രങ്ങളിൽ പോലും സ്ത്രീകൾ സ്വന്തം അവകാശങ്ങൾക്കായി പോരാടാൻ തുടങ്ങിയിട്ടുണ്ട്. അടുത്ത കാലത്ത് പ്രഖ്യാപിക്കപ്പെട്ട നോബൽ സമ്മാനത്തിനർഹയായ തവക്കുൽ കർമാൻ എന്ന മുപ്പത്തിരണ്ടുകാരിയായ അറബ് വനിത സ്ത്രീ ശാക്തീകരണത്തിനുദാഹരണമാണ്. മനുഷ്യന്റെ ശാരീരികമായ പരിണാമങ്ങൾ നടന്നുകഴിഞ്ഞു. അരവിന്ദന്റെ ദർശനത്തിന്റെ വെളിച്ചത്തിൽ പറയുകയാണെങ്കിൽ ഇനി മാനസികമായ വളർച്ചയാണ് ഉണ്ടാവേണ്ടത്. സത്വരജതമോ ഗുണങ്ങളാണ് നമ്മുടെ നിലനിൽപ്പിന്റെ അടിസ്ഥാനം. സത്വ തമോ ഗുണങ്ങളുടെ അംശങ്ങൾ കൂടിച്ചേർന്നാണ് രജോഗുണം ഉണ്ടാകുന്നത്. തമോഗുണത്തെ മുഴുവനായും ഒഴിവാക്കാനാകില്ല. ബോധം നിലനിർത്താൻ തമോഗുണം ആവശ്യമാണ്. ചിന്തിക്കാനുള്ള അവസ്ഥയിലേക്കു എത്തിച്ചേരുക അതിലേക്ക് സാധാരണ മനുഷ്യരെ എത്തിക്കുക എന്ന ഉദ്ദേശ്യമായിരുന്നു വി.ടിയ്ക്കും ഉണ്ണിനമ്പൂതിരിപ്പാടിനുമെല്ലാം ഉണ്ടായിരുന്നത്.

6. എഴുത്തിൽ വിപ്ലവം സൃഷ്ടിച്ച അങ്ങ് എന്തുകൊണ്ടാണ് ഇപ്പോഴും പൂണൂൽ ധരിക്കുന്നത്?

വി.ടിയുടെ ജീവചരിത്രത്തിൽ ഞാൻ പൂണൂലുപേക്ഷിച്ച സമയത്ത് എടുത്ത ഫോട്ടോ ഉണ്ട്. പിന്നീട് ഓരോ സാഹചര്യങ്ങൾ ഇവിടെ അടുത്ത് ഒരു ഡോക്ടർ കുടുമവച്ചിട്ടുണ്ട്. വിപ്ലവം പോയിട്ടില്ല, ആക്രമണവാസന വേണ്ട.

"നിരുപാധികമാം സ്നേഹം
ബലമായ് വരും ക്രമാൽ
ഇതാണഴകി, തേ സത്യം
ഇതു ശീലിക്കൽ ധർമ്മവും
തോക്കിനും വാളിനും വേണ്ടി-
ച്ചെലവിട്ടോരിരുമ്പുകൾ
ഉരുക്കി വാർത്തെടുക്കാവൂ
ബലമുള്ള കലപ്പകൾ"

– ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇതുതന്നെയാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

7. പാരമ്പര്യം കവിതയെ ഏതുരീതിയിലൊക്കെ സ്വാധീനിച്ചിട്ടുണ്ട്?

ഇന്നലെ ഇല്ലെങ്കിൽ ഇന്നില്ല. ഇന്നത്തെ നിമിഷത്തിലാണ് കവിത എഴുതുന്നത്. ഇന്നലത്തെ ചിന്തകളാണ് അതിൽ പ്രതിഫലിക്കുന്നത്. ഇന്നലെ ഇന്ന് നാളെ ഇവയുടെ ബന്ധത്തിലൂടെ ഉടലെടുക്കുന്നതാണ് കവിത. അതിന്റെ ഊർജ്ജം നീളുന്നത് ഭാവിയിലേക്കാണ്. നമുക്ക് ഇന്ന് ഒരുപാട് മൂല്യങ്ങൾ മാത്രമേ ഉള്ളൂ. സത്യം, സൗന്ദര്യം, സമത്വം, സ്വാതന്ത്ര്യം എന്നിവയെ ഒരു പ്രിസത്തോട് ഉപമിക്കാം. ഒരു ഭാഗത്തുനിന്ന് നോക്കുമ്പോൾ അത് ശരിയെന്നു തോന്നും. മറുപുറം അതു തെറ്റാകാം.

“ഏകം സത് വിപ്രാ ബഹുദാ വദന്തി” - സത്തായിട്ട് ഒന്നേയുള്ളൂ. ‘സത്’ ഒരു സങ്കല്പം മാത്രമാണ്. പണ്ഡിതന്മാർ പലതായി പറയുന്നു. വാസ്തവത്തിൽ ഒന്നേയുള്ളൂ. വേദത്തിന്റെ പൊരുളും അതാണ്. റഫറൻസ് ഗ്രന്ഥങ്ങളായി പലതും വായിച്ചിട്ടുണ്ടെങ്കിലും ഭാഗവതം മാത്രമേ ഞാൻ പൂർണ്ണമായി വായിച്ചിട്ടുള്ളൂ.

8. ഭാഗവതം സ്വാധീനിച്ചതുകൊണ്ടാണോ കവിയായി തുടർന്നത്?

ഗുരുവായൂർ ശാന്തിക്കാരനായ എന്റെ അമ്മാവന്റെ മകനാണ് ഭാഗവത പാരായണത്തിന് എന്നെ നിർബന്ധിച്ചത്. “അച്ചുവേട്ടൻ റിട്ടയർ ചെയ്തില്ലേ എന്നാൽ ഇനിയെങ്കിലും ഭാഗവതം കയ്യിലെടുത്തു കൂടെ” എന്നു ഗുരുവായൂർ നടയിൽ വച്ചുതന്നെ ചോദിക്കുകയുണ്ടായി. എനിക്കു സംസ്കൃതമറിയില്ലല്ലോ എന്നു പറഞ്ഞപ്പോൾ “ഭക്തിയുണ്ടല്ലോ അതുമതി”യെന്നു പറഞ്ഞു. സാക്ഷാൽ ഗുരുവായൂരപ്പൻ തന്നെയാണതു പറഞ്ഞതെന്നു എനിക്കു തോന്നി. ശ്രീധരാചാര്യരുടെ ഭാഗവതവ്യാഖ്യാനമാണ് ഏറ്റവും നല്ലത്. അതിന്റെ ഒരു തർജ്ജമപോലെയായിരുന്നു വൈശ്രവണത്ത് നമ്പൂതിരിയുടെ വ്യാഖ്യാനം. അത് ആഞ്ഞം മാധവൻ നമ്പൂതിരി മലയാളത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഞാനതിന് ഒരു റിവ്യൂ തയ്യാറാക്കുകയുണ്ടായി. അത് മാതൃഭൂമിയിൽ വരുകയും ചെയ്തു. ആ ഒരു ഫീലിങ് ഭഗവാൻ എന്റെ മനസ്സിൽ ഇടുകയുണ്ടായി. ആദ്യത്തെ ശ്ലോകം ഇരുപത്തിയേഴുദിവസം വ്യാഖ്യാനിക്കാനായി എടുത്തു. രണ്ടാമത്തെ ശ്ലോകം അഞ്ചുദിവസവും പിന്നീട് വിഷയവുമായി ഒരു ആത്മബന്ധം വന്നു. അങ്ങനെ ഏഴരക്കൊല്ലം എടുത്തു. ആറരക്കൊല്ലം ആയപ്പോൾ പതിനൊന്നാം അദ്ധ്യായത്തിൽ വേദം ബ്രാഹ്മത്തിനോടുപറയുന്ന ഒരു ഭാഗം ഉണ്ട്. ഏതു വൃത്തമുപയോഗിച്ചിട്ടും ശരിയാകുന്നില്ല. വല്ലാത്ത ബുദ്ധിമുട്ടനുഭവിച്ച സമയത്ത് ഒരു നിയോഗംപോലെ തിരുമുമ്പിന്റെ ഭാഗവത വ്യാഖ്യാനത്തിന്റെ ഒരു റീപ്രിന്റ് ലഭിച്ചു.

9. രണ്ടും ഒരു കൈകൊണ്ടാണ് നടക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസവും ഭാഗവതം വ്യാഖ്യാനവും. വൈരുദ്ധ്യം തോന്നുന്നുണ്ടോ?

വൈരുദ്ധ്യമൊന്നുമില്ല. സത്യം സൗന്ദര്യം തുടങ്ങിയ ശാശ്വത മൂല്യങ്ങൾ രണ്ടിലും ഒന്നാണ്. ഈശ്വരൻ അഥവാ ഒരു ചൈതന്യം ഉണ്ട്. അത് ശാശ്വതമാണ്. ഭാഗവതം പറയുന്നു അഹങ്കാരമാണ് ഏറ്റവും വലിയ പാപം. ദൈവം മരമോ കല്ലോ അല്ല, മറിച്ച് കാലമാണ്. എല്ലാം മാറും. ഭാഗവതത്തിലെ കണ്ണ് എന്ന് എനിക്കു തോന്നിയിട്ടുള്ളത് -

"യാവാനഹം യഥാഭാവോ
യദ്രൂപ ഗുണകർമ:
തഥൈവ തത്വവിജ്ഞാന-
മസ്തുതേ മദനുഗ്രഹാത്" - എന്ന ശ്ലോകമാണ്.

ഞാനാരാണ്? ഭാവരൂപഗുണകർമ്മങ്ങൾ ഉള്ളതുപോലെ അറിയാൻ നീ ശക്തനാകും. ഞാൻ അനുഗ്രഹിച്ചാൽ. അതിനു നീ ഭക്തനാകണം. നമ്മളല്ല എന്ന ബോധം അഥവാ ജ്ഞാനത്തിന്റെ അവസാനം എന്നു വേണമെങ്കിൽ പറയാം. അദ്വൈതം പോലും ഈ ഒരു കണ്ടെത്തലിലാണ് അവസാനം എത്തിച്ചേരുന്നതെന്ന് എനിക്കു തോന്നുന്നു.

10. ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും തിരസ്കാരം സ്വാതന്ത്ര്യാൽ പൂർവ്വ ഭാരതത്തിൽ ഉണ്ടായി. സ്വാതന്ത്ര്യാനന്തരം ഇവയെ തിരിച്ചുപിടിക്കാനുള്ള ശ്രമം നടക്കുന്നതായി കാണുന്നു. ഈ വിലയിരുത്തലിനോടു യോജിക്കുന്നുണ്ടോ?

യോജിക്കുന്നുണ്ട്. പക്ഷെ ചരിത്രഗതിയെപ്പറ്റി വ്യക്തികൾ ആനുകൂല്യമോ പ്രാതികൂല്യമോ പ്രകടിപ്പിക്കുന്നതിനർത്ഥമില്ല. ചരിത്രത്തിന് ആവർത്തന സ്വഭാവമുണ്ട്. അതു പിരിയൻ കോണിപോലെയാണ് എന്നു കാറൽ മാർക്സ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

11. നമ്പൂതിരി സമുദായം നിലനിന്നുപോന്ന ആചാരങ്ങളെയും വിശ്വാസങ്ങളെയും ഒരു പരിധിവരെ പുനർനിർണ്ണയിക്കുക തന്നെയല്ലെ ചെയ്തിട്ടുള്ളത്. സാമുദായികമായി സംഘടിക്കുന്നത് ശരിയാണോ? തെറ്റാണോ?

നമ്പൂതിരി സമുദായമെന്നല്ല, എല്ലാ സമുദായങ്ങളും കാലാനുസൃതമായി പരിവർത്തനം പ്രാപിച്ചുകൊണ്ടിരിക്കുന്നു. Expanding Universe എന്നൊരു ശാസ്ത്രതത്വം തന്നെ ഉണ്ടല്ലോ. ഇന്നു നമ്പൂതിരി സമുദായത്തിൽ വിവാഹം നടക്കുന്നത് കല്ല്യാണമണ്പത്തിൽ വെച്ചാണ്. ചിലപ്പോൾ ഷർട്ടണിഞ്ഞ വരന്മാരാണ് പഴയരീതിയിൽ ഹോമം നടത്തുന്നത്. ചിലപ്പോൾ ഹോമം നടത്തുന്നുമില്ല. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുതന്നെ നമ്പൂതിരി സ്ത്രീകൾ മാറുമറയ്ക്കാൻ തുടങ്ങിയിരിക്കുന്നു. പുരുഷന്മാർ പലപ്പോഴും പൂജാദികൾ നടത്തുന്നുണ്ട്. അതേസമയത്ത് നമ്പൂതിരിമാരുടെ തന്ത്രവിധി പ്രകാരമുള്ള പൂജകൾ ഈഴവരും ഇപ്പോൾ നടത്തിവരുന്നു. നമ്പൂതിരിമാരുടേതുപോലെ വിവാഹക്രിയകളും ഈഴവരും നടത്തുന്നുണ്ട്. എന്നാൽ നമ്പൂതിരിമാർക്കിടയിൽ പൂജാരികളായ വരന്മാരെ സ്വീകരിക്കാൻ അഭ്യസ്തവിദ്യരായ വധുക്കൾ വിസമ്മതിക്കുന്നതായും കാണുന്നു. "സ്വാതന്ത്ര്യം തന്നെ അമൃതം, സ്വാതന്ത്ര്യം തന്നെ ജീവിതം."

12. ബ്രാഹ്മണ പാരമ്പര്യവും ഉൽപതിഷ്ണുത്വചിന്തയും അങ്ങയുടെ കവിത്വത്തെ വാർത്തെടുക്കന്നതിൽ എത്രമാത്രം സംഭാവന ചെയ്തിട്ടുണ്ട്. വിശദമാക്കാമോ.

ആരുടെ കവിതയും പാരമ്പര്യത്തിൽ നിന്നുടലെടുക്കുന്നതാണ് എന്നു പറയാം. ബ്രാഹ്മണ പാരമ്പര്യം എന്ന പദത്തെക്കാൾ ശരി ഭാരതീയമായ സനാതനധർമ്മം എന്ന പദമാണ്. ബ്രാഹ്മണ പാരമ്പര്യം ഉണ്ടാക്കിയത് ബ്രാഹ്മണേതരാണ്. നാടുഭരിക്കുന്നതും കൃഷിയും കച്ചവടവും ചെയ്യുന്നതും എല്ലാം തൊഴിലാണ്. അതുപോലെ സമൂഹത്തിനുവേണ്ടിയുള്ള ഒരു തൊഴി

ലായിരുന്നു ബ്രാഹ്മണ്യം. സ്ഥലകാലങ്ങളിൽ നിന്നും ചൈതന്യം വലിച്ചെടുക്കാത്ത രചനകൾ അനുവാചക ഹൃദയത്തിലേക്ക് ആണ്ടിറങ്ങുകയില്ല.

13. പഴയ തറവാടുവ്യവസ്ഥയെയും പുതിയ അണുകുടുംബവ്യവസ്ഥയെയും കുറിച്ച് അങ്ങയുടെ കാഴ്ചപ്പാട് വ്യക്തമാക്കാമോ?

രണ്ടിലേയും വ്യക്തികൾക്ക് ലഭിക്കുന്ന അനുഭൂതികൾ വ്യത്യസ്തങ്ങളാണ്. രണ്ടിനും ദോഷങ്ങളുമുണ്ട്. ഗുണങ്ങളുമുണ്ട്. ക്ലോക്കു പിന്നോട്ടുതിരിക്കാം ചരിത്രം തിരിയുകയില്ല.

14. ലളിതാംബിക അന്തർജ്ജനത്തെക്കുറിച്ച് പറയാമോ?

വി.ടിയുടെ വീക്ഷണത്തിന് അനുകൂലമായിരുന്നു ലളിതാംബിക അന്തർജനത്തിന്റെ നിലപാടുകളും. അതിനനുസരിച്ചുള്ള കഥകളാണവർ എഴുതിയത്. ലളിതാംബികയുടെ സ്ത്രീ കഥാപാത്രങ്ങൾക്ക് പ്രത്യേക കരുത്തുണ്ട്. ഭാവിയിലേക്ക് കുതിക്കാനുള്ള വെമ്പലുമുണ്ട്. ഇന്നത്തെ സ്ത്രീ മുന്നേറ്റത്തിന് അടിത്തറപാകാൻ കഴിഞ്ഞു എന്നതാണ് അവരുടെ വിജയം. നീലി അന്തർജ്ജനം, ആര്യാപള്ളം എന്നിവരുടെ കമ്മ്യൂണിസ്റ്റ് ചായ്‌വും പ്രത്യേകം സ്മരിക്കേണ്ടതുണ്ട്.

15. ഫെമിനിസത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

സ്ത്രീകൾക്ക് തുല്യത ലഭിക്കാനാണ് വി.ടി. പ്രവർത്തിച്ചത്. ആദ്യകാലത്ത് പുരുഷന്മാരുടെ അടിമകളായിരുന്നു സ്ത്രീകൾ. വി.ടി. തുടങ്ങിവെച്ച പഴയകാലത്തെ ആ വാദങ്ങളാണ് പിന്നീട് ഫെമിനിസം എന്ന രീതിയിലേക്കു വളർന്നത്.